


ജനകീയാസൂത്രണം

# ചെറുതാഴം

## പഞ്ചായത്ത് വികസന റിപ്പോർട്ട്

# ചെറുതാഴം ഗ്രാമപഞ്ചായത്ത്




| | | |
|---|---|---|
| 1 | കല്ലമ്പള്ളി കേളന്തട്ടവയൽ റോഡ് | I |
| 2 | കമ്പനിപറമ്പ് റോഡ് - പുറച്ചേരി | I |
| 3 | കുഞ്ഞിമംഗലം റോഡ് - ഏഴിലോട് | I |
| 4 | ഹരിജൻ കോളനി റോഡ് | I |
| 5 | പുറച്ചേരി നരീക്കാമ്പള്ളി റോഡ് | II, III |
| 6 | അറത്തിൽ പറമ്പ് നരീക്കാമ്പള്ളി മൃഗാശുപത്രി റോഡ് | II, III |
| 7 | പഴിച്ചി റോഡ് | III |
| 8 | സി. എം നഗർ റോഡ് | IV |
| 9 | പയ്യന്നൂർ തളിപ്പറമ്പ് നേഷണൽ ഹൈവേ | I, X, IV, V |
| 10 | പഴയങ്ങാടി കുറ്റൂർ റോഡ് | III, IV, VI, VII |
| 11 | ചുമട്താങ്ങി നാഷണൽ ഹൈവേ കണക്ഷൻ | IV |
| 12 | നാഷണൽ ഹൈവെ- പെരിയാട്ട് റോഡ് | IV, V |
| 13 | പെരിയാട്ട് അമ്പലം റോഡ് | IV |
| 14 | ഒന്നിടത്ത്ചാൽ റോഡ് | IV, V |
| 15 | കളപ്പുറംകാവ് റോഡ് | V |
| 16 | ശ്രീസ്ഥ മെഡിക്കൽ കോളേജ് റോഡ് | VI, V |
| 17 | വിളയാങ്കോട്-കൊളപ്പം പടന്നപ്രം റോഡ് | V, VI |
| 18 | പടന്നപ്രം സാംസ്കാരിക നിലയം- ശ്രീസ്ഥ റോഡ് | VI |
| 19 | ഭാസ്കരൻ പീടിക-പടന്നപ്രം ശ്രീസ്ഥ M L A റോഡ് | VI |
| 20 | ശ്രീസ്ഥ മേലതിയടം-കാപ്പുങ്കൽ റോഡ് | VI |
| 21 | ശ്രീസ്ഥ-ഹൈസ്കൂൾ-കുറുവ റോഡ് | VI |
| 22 | ശ്രീസ്ഥ നെരുവമ്പ്രം റോഡ് | VI, VII |
| 23 | വീരഞ്ചിറ കാപ്പുങ്കൽ റോഡ് | VII |
| 24 | തെരുടിച്ചാൽ റോഡ് | VII |
| 25 | വയലപ്ര റോഡ് ചെമ്പല്ലിക്കുണ്ട് | VIII, IX |
| 26 | ഓക്സ കോളനി റോഡ് | VIII |
| 27 | ചെമ്പല്ലിക്കുണ്ട് കൊവ്വപ്രം M L A റോഡ് | IX |
| 28 | ഓക്സ കൊവ്വപ്രം റോഡ്-MLA റോഡ് | VIII, IX |
| 29 | കൊവ്വൽ-പാണച്ചിറ-കൊടിത്തായൽ റോഡ് | VIII, IX |
| 30 | കുന്നുമ്പ്രം റോഡ് | VIII |
| 31 | കോക്കാട് റോഡ് | VIII, IX |
| 32 | ചുമട്താങ്ങി പാണവയൽ റോഡ് | IX |
| 33 | പുത്തൂർ റോഡ് | IX |
| 34 | കക്കോണി റോഡ് | IX, X |
| 35 | ചക്കിയ കോളനി റോഡ് ഏഴിലോട് | X |
| 36 | ഒറത്തെ റോഡ് | X |
| 37 | കളപ്പുറം കുറുവ റോഡ് | V |
| 38 | അംബേദ്കർ കോളനി റോഡ് പാലയാട് | V |
| 39 | ചെന്നക്കഴി മേലതിയടം വായനശാല റോഡ് | V, VI |
| 40 | N. H. അറത്തിൽ അമ്പലം റോഡ് | II |
| 41 | പീരക്കാംതടം അറത്തിൽ റോഡ് | II |
| 42 | മണ്ടൂർ തലക്കോടത്ത് റോഡ് | IV |
| 43 | രാമപുരം കുണ്ടം റോഡ് | VII |
| 44 | വീരഞ്ചിറ AKG വായനശാല- ആനപ്പള്ളി ഇടതെരുവമ്പ്രം റോഡ് | VII |
| 45 | ഏഴിലോട്-കാരാട്ട്വയൽ കക്കോത്തി റോഡ് | I |

140-1




# ചെറുതാഴം ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം
## വികസന റിപ്പോർട്ട്-96

# ചെറുതാഴം ഗ്രാമപഞ്ചായത്ത് ഭരണ സമിതി - 1995-2000


1. പി.വി. അപ്പക്കുട്ടി (പ്രസിഡണ്ട്)
2. എം. സരോജിനി ടീച്ചർ (വൈ. പ്രസിഡണ്ട്)
3. പി.പി. രോഹിണി (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
4. പി. പ്രഭാവതി
5. എം.വി. ശകുന്തള
6. എൻ. ഭാസ്കരൻ
7. ബാലകൃഷ്ണൻ മുതുവടത്ത്
8. വെള്ളാച്ചേരി കൃഷ്ണൻ
9. ടി.പി. വിഷ്ണുനമ്പീശൻ
10. കെ. നാരായണൻ

# റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

1. ടി.വി. ചന്തുക്കുട്ടി
2. പി.എം. നാരായണൻ നമ്പീശൻ
3. എ.വി. ആനന്ദൻ
4. ടി.വി. ഉണ്ണികൃഷ്ണൻ
5. വി. രമേശൻ
6. വി.വി. പ്രേമരാജൻ
7. ബാലകൃഷ്ണൻ മുതുവടത്ത്
8. ഇ. ദാമോദരൻ നമ്പ്യാർ
9. ടി.പി. വിഷ്ണു നമ്പീശൻ
10. ജയൻ ചാലിൽ
11. എം.കെ. രമേഷ്കുമാർ
12. പി. ദാമോദരൻ മാസ്റ്റർ

# വിഷയവിവരം

ആമുഖം
ചരിത്രം
പൊതുവിവരങ്ങളും ഭരണചരിത്രവും
1. കൃഷി - ജലസേചനം
2. മൃഗസംരക്ഷണം - മത്സ്യബന്ധനം
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം
8. സംസ്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി-പട്ടികവർഗ്ഗം
12. വിഭവസമാഹരണം




ചെറുതാഴം ഗ്രാമപഞ്ചായത്ത്
റോഡുകൾ, തോടുകൾ

# ആമുഖം

ജവഹറിന്റെ കാലംമുതൽക്ക് തന്നെ സജീവ പരിഗണനയിലുണ്ടായിരുന്ന പഞ്ചായത്തീരാജ് സങ്കല്പം സാക്ഷാത്ക്കരിക്കുന്നതിന് പതിറ്റാണ്ടുകൾ തന്നെ കാത്തിരിക്കേണ്ടിവന്നു. ഇന്നും പൂർണ്ണ അർത്ഥത്തിൽ എല്ലാ സംസ്ഥാനങ്ങളിലും പഞ്ചായത്ത് തല സംവിധാനം നിലവിൽ വന്നിട്ടില്ല. എന്ന് മാത്രവുമല്ല നിലവിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനത്തിന് പൂർണ്ണമായ അധികാരങ്ങൾ ഇനിയും കൈവന്നിട്ടുമില്ല.

നമ്മുടെ കഴിഞ്ഞതും നിലവിലുള്ളതുമായ പഞ്ചവത്സര പദ്ധതികളൊക്കെ മുകളിൽ നിന്നും തയ്യാറാക്കി താഴേക്ക് എത്തുകയായിരുന്നല്ലോ. എന്നാൽ ഒമ്പതാം പദ്ധതി പ്രവർത്തനം കേരളം ഒരു പുതിയ സമീപനത്തോടെ ഏറ്റെടുക്കുകയാണ്. നമ്മുടെ നാടിന്റെ ഹൃദയത്തുടിപ്പുകൾ-ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും സാധ്യതകളും കോർത്തിണക്കി-ഒമ്പതാം പദ്ധതിയിലൂടെ 40%ഉം ഗ്രാമതലത്തിൽത്തന്നെ തയ്യാറാക്കപ്പെടുന്നു.


വ്യവസായ രംഗത്തെ മുരടിപ്പും കാർഷിക മേഖലയിലെ തളർച്ചയും വൈദ്യുതി ക്ഷാമം ചെറുകിട വ്യവസായങ്ങളുടെ നിശ്ചലാവസ്ഥ തുടങ്ങിയവ നമ്മുടെ ശാപമായി മാറിയ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കാൻ പുതിയൊരു ആസൂത്രണ പദ്ധതി അനിവാര്യമാണെന്ന കണ്ടെത്തലാണ് കേരളത്തിലെ ജനകീയ ആസൂത്രണത്തിന്റെ ഉന്നൽ.

1997 മാർച്ചിൽ അവസാനിക്കുന്ന എട്ട് പഞ്ചവത്സര പദ്ധതികളിലുമായി 14,800 കോടി രൂപയുടെ പദ്ധതിച്ചിലവുകളാണ് ഉണ്ടാകുന്നത്. എന്നാൽ ഒമ്പതാം പദ്ധതിയിൽ 15,000 കോടി രൂപ ചെലവിടാൻ സംസ്ഥാനത്തിന്ന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചുരുക്കത്തിൽ കഴിഞ്ഞ 8 പദ്ധതിക്കാലത്തിനിടക്ക് ചിലവഴിച്ച തുകയേക്കാൾ ഒമ്പതാം പദ്ധതിക്കാലത്ത് ചിലവഴിക്കും ഇതിൽ 35-40% ഗ്രാമപഞ്ചായത്ത്-ബ്ലോക്ക്-ജില്ല പഞ്ചായത്ത് വഴിയാണെന്നതും ഈ പദ്ധതിയുടെ മാറ്റുകൂട്ടുന്നു. പദ്ധതിയുടെ പരിസമാപ്തിയോടെ കേരളത്തിന്റെ - നമ്മുടെ ഗ്രാമത്തിന്റെ മുഖച്ചായ മാറുമെന്ന കാര്യത്തിൽ രണ്ട്പക്ഷമില്ല.

ഈ പശ്ചാത്തലത്തിലാണ് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാനുദ്ദേശിച്ച്കൊണ്ടുള്ള ജനകീയ ആസൂത്രണപ്രസ്ഥനം രൂപം കൊള്ളുന്നത് ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, വിദഗ്ദ്ധർ ഉദ്യോഗസ്ഥർ എന്നിവരെ പ്രാദേശികമായി കൂട്ടിയോജിപ്പിച്ച്കൊണ്ടുള്ള ഒരു കർമ്മശൈലിയാണ് നമ്മുടെ സമീപനം. പഴയ മാമൂൽ രീതികളിൽ നിന്നും മാറിച്ചിന്തിച്ചാലേ ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അധികാരവികേന്ദ്രീകരണത്തിന്ന് തടസ്സം നില്ക്കുന്ന ശക്തികളെ തകർക്കുന്നതിന് ജനകീയ ആസൂത്രണപ്രസ്ഥാനം ജനകീയപ്രസ്ഥാനമായി മാറ്റിയെടുക്കുക എന്നതാണ് നമ്മുടെ മാർഗ്ഗം.

ജനകീയ ആസൂത്രപ്രസ്ഥാനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിന്നകത്ത് നടന്ന പ്രവർത്തനങ്ങൾ ആവേശകരമാണ് സപ്തംബർ 15 മുതൽ ഒക്ടോബർ 2 വരെ നടന്ന ഗ്രാമ സഭകൾ ഇതിന്ന് ദൃഷ്ഠാന്തമാണ്. ഒറ്റപ്പെട്ട ആലസ്യങ്ങൾ ഉണ്ടായിട്ടില്ല എന്നല്ല. മൊത്തം 1500 ആളുകൾ നമ്മുടെ ഗ്രാമസഭകളിൽ പങ്കെടുത്ത് ചർച്ചകൾക്ക് ശക്തി പകർന്നു. ഗ്രാമസഭകളിലെ ചർച്ചകളിൽ 12 വിഷയങ്ങളിലും നിരവധി പ്രശ്നങ്ങളും നിർദ്ദേശങ്ങളുമാണ് ഉയർന്ന് വന്നത്. തുടർന്ന് നടന്ന പഞ്ചായത്ത് തല പഠന പര്യടനം, ചരിത്ര അന്വേഷണം, സർക്കാർ ഓഫീസുകളിലെ വിവര ശേഖരണം എന്നിവയൊക്കെ പുതിയ അനുഭവവും ആവേശജനകവുമായിരുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും ക്രോഡീകരണം പഠനപര്യടനം, ദ്വിദീയ വിവരശേഖരണം, വാമൊഴിശേഖരണം എന്നിവയിൽ നിന്നും ലഭിച്ച വസ്തുക്കളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ വികസന റിപ്പോർട്ടാണ് നിങ്ങളുടെ വിചിന്തനത്തിന്നായി സമർപ്പിക്കുന്നത്. ●



# ചരിത്രം

അറബിക്കടലിൽ നിന്നും ഏകദേശം എട്ട് കിലോമീറ്റർ കിഴക്കുമാറി നിരവധി കുന്നുകളും താഴ്വരകളും പ്രകൃതിദത്ത ജലസ്രോതസ്സുകളുംകൊണ്ട് അനുഗ്രഹീതമായ ഗ്രാമമാണ് ചെറുതാഴം. ഇല്ലത്തിൻ താഴെ പരന്നു കിടക്കുന്ന നെൽ വയലുകളും നീരുമറി പറമ്പുകളും തൊട്ടടുത്ത അമ്പലവും സർപ്പക്കാവും കുളവും ചേർന്ന ഭൂപ്രകൃതിയുടെ സവിശേഷതകൾ കൊണ്ടായിരിക്കാം അങ്ങ് വടക്കുനിന്ന് നിരവധി ബ്രാഹ്മണ കുടുംബങ്ങളുടെ ആഗമനത്തിന് കാരണം.

ഒരുപക്ഷേ കുന്നിൻ ചരിവുകളും താഴ്വരകളും ഉൾക്കൊള്ളുന്ന പ്രദേശമായതുകൊണ്ടാകാം "ചെറു-താ യം" അഥവാ ചെറുതാഴം എന്ന പേര് നമ്മുടെ ഗ്രാമത്തിന് കൈവന്നത് എന്നു പറയപ്പെടുന്നു. കേരളത്തിൽ തന്നെ നാലു തിടമ്പുകൾ ഒരേ സമയം നൃത്തം ചവിട്ടുന്ന ക്ഷേത്രവും (ഹനുമാരമ്പലം) നമ്മുടെ ഗ്രാമത്തിലാ ണ്. ശ്രീ രാഘവപുരക്ഷേത്രം എന്നുകൂടി അറിയപ്പെടുന്ന ക്ഷേത്രത്തിൽ സീതാലക്ഷ്മണസമേതനായ ശ്രീരാ മൻ, ഹനുമാൻ, ദുർഗ്ഗാദേവി, ശ്രീ പരമശിവൻ എന്നീ പ്രതിഷ്ഠകളാണ് ഉള്ളത്. ഈ ക്ഷേത്രം ഇപ്പോൾ ഒരു പ്രസിദ്ധതീർത്ഥാടന കേന്ദ്രമായി മാറിയിട്ടുണ്ട്. അറത്തിൽ ഭഗവതിക്ഷേത്രം, വിളയാംങ്കോട് ശിവക്ഷേത്രം, പെരി യാട്ട് ഇരുഭാഗങ്ങളിലായി മഹാവിഷ്ണുവും ശ്രീകൃഷ്ണനും, കുളപ്പുറത്ത് ശ്രീധർമ്മശാസ്താവും കുടികൊള്ളു ന്നു. പുത്തിരിക്കാവിൽ ഭദ്രകാളിയും അതിയടം കൃഷ്ണമ്മതിലകവും കുന്നിൻമതിലകത്ത് ശിവനും ഉദയപൂര ത്ത് ശ്രീകൃഷ്ണനും രാമപുരത്ത് മഹാവിഷ്ണുവും, നാടുവാണിരുന്ന വാരണക്കോട്ടില്ലം വക അയ്യപ്പക്ഷേത്ര വും പുത്തൂർ അപ്പനും മേലതിയടം അയ്യപ്പക്ഷേത്രവും നമ്മുടെ വിശ്വാസങ്ങളുടെ ചരിത്ര സംഭവങ്ങളാണ്. ഇവിടങ്ങളിൽ പൂജകളും, ഉത്സവങ്ങളും ജനങ്ങളെ ആകർഷിക്കുന്നവയായിരുന്നു. കൂടാതെ ചില ഇല്ലങ്ങളു ടെ കൊട്ടിലകങ്ങളിലും ചില തറവാടുകളുടെ തിരുമുറ്റങ്ങളിലും ദേവ പ്രതിഷ്ഠകളുടെ കേന്ദ്രങ്ങളായിരുന്നു. നായന്മാരുടെ ഉളിയത്ത് വേട്ടക്കൊരുമകൻ കോട്ടം, ഈഴവ സമുദായത്തിന്റെ പാലോട്ട് കാവ്, അണിയക്കര പൂമാലക്കാവ്, വാണിയ സമുദായക്കാരുടെ മുച്ചിലോട്ട് കാവുകൾ, യാദവ വിഭാഗത്തിന്റെ വൈരജാതൻ ക്ഷേത്രം, കുലാലന്മാരുടെ നീലിയാർ കോട്ടം, മൂവാരി സമുദായക്കാരുടെ പ്ലാത്തോട്ടം എന്നിവയും ചെറുതാഴ ത്തിന്റെ പ്രത്യേകതകളാണ്.

ഈ നൂറ്റാണ്ട് തുടങ്ങുന്നതിനുമുമ്പ് ഹിന്ദുക്കളല്ലാതെ മറ്റേതെങ്കിലും മതവിഭാഗം സംഘടിതമായി ചെറു താഴത്ത് താമസ്സിച്ചതായി കാണുന്നില്ല. പിൽക്കാലത്ത് മുസ്ലിം മതവിഭാഗം കുടിയേറിപ്പാർക്കുകയും ആരാധ നാലയം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ മണ്ടൂർ പള്ളിയാണ് ആദ്യം ഉണ്ടായത്. ഇപ്പോൾ ഏഴോളം മുസ്ലിം പള്ളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്.

ക്രിസ്ത്യാനികൾ വളരെ വൈകിയാണ് ഇവിടെ എത്തിയത്. കളപ്പുറത്ത് സ്ഥാപിച്ച ദേവാലയമാണ് ഈ വിഭാഗത്തിന്റെ ആദ്യത്തെ പള്ളി. പിലാത്തറ ചർച്ചും പിന്നീട് ഉണ്ടായി.

അമ്പലങ്ങളും നാഗപ്രതിഷ്ഠയും ഒക്കെ കർഷകരെയും തൊഴിലാളികളെയും തങ്ങളുടെ ചൊൽപ്പടിക്ക് നിർത്തുന്നതിന് മേലാളന്മാർ ഉപയോഗിച്ചിരുന്നു. അന്നത്തെ ഭൂമിയുടെ വലിയ ഭാഗം ചിറക്കൽ കോവിലകം വകയായിരുന്നു. വാരണക്കോട്ടില്ലം തുടങ്ങിയ ബ്രാഹ്മണരുടെ ജന്മാവകാശത്തിൻ കീഴിൽ കുടിയാന്മാരായിരുന്നു ചെറുതാഴത്തെ കൃഷിക്കാർ. ഇവിടുത്തെ ഫലഭൂയിഷ്ടമായ കൃഷിയിടങ്ങളുടെ ഗുണം മനസ്സിലാക്കിയ ജന്മികൾ ഇവിടെ വന്ന് കൃഷി ഭൂമികൾ ഏറ്റെടുക്കുകയും ഉയർന്ന മേൽപ്പാട്ട വ്യവസ്ഥയിൽ ഇവിടുത്തെ കൃഷിക്കാർക്കുതന്നെ കൃഷിചെയ്യാൻ കൊടുക്കുകയും ചെയ്തുവന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുമ്പോൾ ഉണ്ടാകുന്ന കൃഷിനഷ്ടം അംഗീകരിക്കാൻ ജന്മിമാർ തയ്യാറായിരുന്നില്ല. അതുകൊണ്ടുതന്നെ കൃഷിക്കാരുടെ കടബാദ്ധ്യത കൊല്ലംതോറും കൂടി വരുമായിരുന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ ഒഴിപ്പിക്കുവാനും മേൽപ്പാട്ടത്തിന് മറ്റൊരാൾക്ക് കൊടുക്കുവാനും ജന്മിമാർക്ക് മടിയുണ്ടായിരുന്നില്ല.

മുമ്പ് ചെറുതാഴത്ത് കൃഷിക്കാവശ്യമായ ജൈവവളം സുലഭമായിരുന്നു. കൃഷിക്കാർക്ക് കാളകളും പോത്തുകളും പശുക്കളും ധാരാളമായി ഉണ്ടായിരുന്നു. ആവശ്യമായ മേച്ചിൽ പറമ്പുകളും ഇവിടെ വേണ്ടുവോളം ഉണ്ടായിരുന്നു. നോക്കെത്താത്ത അറത്തിപ്പറമ്പും വില്ലേജിന്റെ പകുതിയോളം വരുന്ന കിഴക്കൻ ഭാഗങ്ങളിൽ കൊടും കാടും പുൽമേടുകളുമായിരുന്നു. പിൽക്കാലത്ത് എസ്റ്റേറ്റും വ്യവസായ കേന്ദ്രവുമായി മാറിയ കുളപ്രം പ്രദേശമൊക്കെ വന്യമൃഗങ്ങളുടെ സങ്കേതമായിരുന്നു. ചിറക്കൽ താലൂക്കിന്റെ പലഭാഗത്തും പുരമേയാൻ ആവശ്യമായ പുരപ്പുൽ കൊണ്ടുപോയത് നമ്മുടെ പഞ്ചായത്തിൽ നിന്നാണ്.

സാമൂഹ്യ മാറ്റത്തിനും സാംസ്കാരി ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച പലരും പോയ നൂറ്റാണ്ടിൽ ചെറുതാഴത്തുണ്ടായിരുന്നു. അതിൽ പ്രധാനികളാണ് വാരണക്കോട്ടില്ലത്തിന്റെ ഭരണാധികാരികൾ. ചെറുതാഴം പഞ്ചായത്തിൽ ഏതാണ്ട് ആയിരം ഏക്കറോളം ഭൂമി ഇവരുടെതായിരുന്നു. ഇതിൽ നിന്നും കിട്ടുന്ന പതിനായിരക്കണക്കിന് പറ നെല്ല് തങ്ങളുടെ ആവശ്യങ്ങൾക്കൊപ്പം പാവങ്ങൾക്ക് ഊട്ടു നടത്തുന്നതിനും ഉത്സവങ്ങൾക്കും ചെലവഴിക്കുമായിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് ചെറുതാഴം ഗ്രാമ അധികാരിയുടെയും ഗ്രാമകോടതിയുടെയും ചുമതലകൾ വാരണക്കോട്ടില്ലത്തേക്കായിരുന്നു. വാരണക്കോട്ടില്ലം സാംസ്കാരിക പ്രവർത്തനത്തിൽ മുൻകൈ എടുത്തതിന്റെ ഉദാഹരണങ്ങളാണ് കഥകളിയോഗവും കഥകളി അരങ്ങുകളും. ലോക പ്രശസ്തരായ ഗുരുചന്തുപ്പണിക്കരും, കലാമണ്ഡലം കൃഷ്ണൻനായരും വാരണക്കോട്ടില്ലം കഥകളിയോഗത്തിന്റെ സൃഷ്ടികളാണ്. മാറിമാറിവന്ന ഇല്ലം മേധാവികളുടെ ഭരണവൈകല്യം വാരണക്കോട്ടില്ലത്തിന്റെ പതനത്തിന് കാരണമായി.

ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ലോകത്തുണ്ടായ പല മാറ്റങ്ങളും ഇവിടെ ഉണ്ടായിരുന്നു – ഉല്പതിഷ്ണുക്കളെ കർമ്മനിരതരാക്കി എന്നു കാണാവുന്നതാണ് 1921ലെ ഖിലാഫത്തു പ്രസ്ഥാനവും മലബാർ ലഹളയുമൊക്കെ ഇവരിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. കൃഷിക്കാരെ സഹായിക്കുന്നതിന് വാരണക്കോട്ടില്ലത്തെ സുബ്രഹ്മണ്യൻ നമ്പൂതിരി മുൻകൈ എടുത്ത് ചെറുതാഴത്ത് ഐക്യനാണയ സംഘം ഉണ്ടാക്കിയത്. ശ്രദ്ധേയമാണ്. അന്ന് കോൺഗ്രസ്സിന് നേതൃത്വം കൊടുത്തുകൊണ്ട് വാരണക്കോട്ടില്ലത്തെ മകനായ ശ്രീ. ടി.വി. ചാത്തുകുട്ടിനായരുടെ നേതൃത്വത്തിൽ വിദ്യാസമ്പന്നരായിരുന്നവർ മുന്നിട്ടിറങ്ങിയിരുന്നു. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും നേതൃത്വം ഇവർക്ക് ആവേശം പകർന്നിരുന്നു. 28-5-1932ന് നെഹ്റു ചെറുതാഴം സന്ദർശിച്ചിട്ടുണ്ട്. അന്ന് പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങിയ നെഹറുവിനെ വാരണക്കോട്ടില്ലം വക കാളവണ്ടിയിലായിരുന്നു വിളയാങ്കോട്ട് എത്തിച്ചതും ശ്രീ. ചാത്തുകുട്ടിനായരുടെ വീട്ടിൽ താമസിപ്പിച്ചതും. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന മദ്യവർജ്ജനത്തിലും വിദേശ വസ്ത്ര ബഹിഷ്കരണത്തിലുമൊക്കെ ചെറുതാഴത്തെ കോൺഗ്രസ്സ് പ്രവർത്തകരുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.

1934 ശ്രീ വടക്കില്ലം ഗോവിന്ദൻ നമ്പൂതിരി പ്രസിഡണ്ടായ ചെറുതാഴം വില്ലേജ് കോൺഗ്രസ്സ് കമ്മിറ്റിയാണ് അന്നുണ്ടായിരുന്നത്.

പകലന്തിയോളം പണിയെടുത്താലും ജീവിക്കാൻ പറ്റാത്ത സാഹചര്യത്തിൽ കൃഷിക്കാരുടെ സംഘടിക്കാനുള്ള ത്വരയും ഉണ്ടായിട്ടുണ്ടെന്ന് കാണാം. ഒരു ഭാഗത്ത് ജാതി മേധാവിത്വത്തിന്റെയും, മറ്റൊരുഭാഗത്ത് ജന്മിമാരുടെ ഉയർന്ന പാട്ടത്തിനു പുറമേ വാശി, കൂലി, നുരി, മുക്കാൽ വെച്ചുകാണൽ തുടങ്ങിയ അക്രമ പിരിവുകളും കൃഷിക്കാരെ ഞെക്കിഞെരിച്ചിരുന്നു. ഇതിനെതിരെ പ്രതികരിക്കാൻ കൃഷിക്കാർ മുന്നോട്ടു വന്നതായും കാണാം.

മലബാർ കുടിയായ്മ നിയമത്തിനു വരുത്തേണ്ട ഭേദഗതികളെപ്പറ്റി പഠിക്കാൻ മദിരാശി ഗവർമ്മേണ്ട് നിയമിച്ച കുട്ടികൃഷ്ണമേനോൻ കമ്മിറ്റി – ഇ.എം.എസ്. അടക്കമുള്ള മലബാറിലെ എം.എൽ.എ. മാർ അംഗങ്ങളായിരുന്നു – തളിപ്പറമ്പിൽ വെച്ച് തെളിവെടുപ്പ് നടത്താൻ വന്നപ്പോൾ ചെറുതാഴത്തെ കൃഷിക്കാർ കാട്ടുപ്പുറം ഗോവിന്ദൻ നമ്പൂതിരി, പാറമ്മൽ കൃഷ്ണൻ ചിറമ്മൽ രാമൻ കെ. ചന്തൻകുട്ടി വൈദ്യർ, വടക്കില്ലം

ഗോവിന്ദൻ നമ്പൂതിരി, പയ്യരട്ട രാമൻ പി.വി. അപ്പക്കുട്ടി തുടങ്ങിയവരുടെ നേതൃത്വത്തിൽ കമ്മറ്റിക്ക് മുൻപാകെ നിവേദനവുമായിപ്പോയി.

വ്യവസായിയും കോൺഗ്രസ്സ് നേതാവുമായിരുന്ന സാമുവൽ ആറോൺ പീരിക്കാം തടത്തിൽ അഞ്ചു കൈത്തറി മഗ്ഗങ്ങൾ സ്ഥാപിക്കുകയും നെയ്യുന്നതിനായി ഇന്നത്തെ കോഴിക്കോട് ജില്ലയിലെ ചോമ്പാലിൽ നിന്ന് നെയ്ത്ത് തൊഴിലാളികളെ കൊണ്ടുവരികയും ചെയ്തു. അവർ നെയ്യുന്ന വസ്ത്രങ്ങൾ ഉൾപ്രദേശങ്ങളിൽ വില്പന നടത്തുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് വ്യവസായ വികസനം ഉന്നമാക്കി കുളപ്രത്ത് വടക്കിനകം ഹോരക്കാട്ട് നമ്പൂതിരിയിൽ നിന്ന് നൂറ് കണക്കിന് ഏക്കർ ഭൂമി വാങ്ങുകയും കാട്വെട്ടിതെളിച്ച് തെങ്ങ്, കരിമ്പ് കൃഷിക്കൊപ്പം പുതിയ കൈത്തറി വ്യവസായത്തിന് അടിത്തറ പാകുകയും ഉണ്ടായി. ഈ പ്രവർത്തനം ചെറുതാഴത്തിന്റെ അതുവരെ ഉണ്ടായ സാമൂഹ്യപശ്ചാത്തലം മാറ്റുന്നതിന് സഹായകരമായി. കൃഷി ചെയ്തിരുന്ന കരിമ്പ് ഇവിടെ വെച്ച് തന്നെ ആട്ടി വെല്ലം ഉല്പാദിപ്പിച്ച് വിറ്റതായും കാണാം. ചെറുതാഴം കുഞ്ഞിമംഗലം, ഏഴോം, പാപ്പിനിശ്ശേരി, കല്ല്യാശ്ശേരി എന്നിവിടങ്ങളിൽ നിന്നും തൊഴിലാളികളെ ഇവിടെ കൊണ്ടുവരികയും ചെയ്തു. കൂട്ടായ തൊഴിലാളികളുടെ പ്രവർത്തനം മുൻകാലത്തെ സംമ്പ്രദായത്തിൽനിന്നും പല മാറ്റങ്ങളും വരുത്തി. പണി മേൽനോട്ടം നടത്താൻ മേസ്ത്രിമാരുണ്ടായി. കൃത്യസമയത്ത് ജോലിക്ക് ഹാജരാകണമെന്ന് നിർബന്ധം വന്നു. ഇതൊക്കെ വലിയ സാമൂഹ്യ മാറ്റത്തിന് സഹായിച്ചു. കമ്പിനിയുടെ വികസന ഫലമായി കൂടുതൽ മഗ്ഗങ്ങൾ സ്ഥാപിക്കുകയും ചോമ്പാൽ വടകര പ്രദേശങ്ങളിൽ നിന്നും ക്രിസ്ത്യാനികളായ തൊഴിലാളികളെ തേടികൊണ്ടുവരികയും കമ്പനിപ്പരിസരത്ത് താമസിപ്പിക്കുകയും ഉണ്ടായി. ഇവരാണ് ആദ്യമായി ചെറുതാഴത്ത് ഒരു ക്രിസ്ത്യൻ ദേവാലയം ഉണ്ടാക്കിയത്.

വിവിധപ്രദേശങ്ങളിൽനിന്നും എത്തുന്ന തൊഴിലാളികൾ വിശ്രമസമയത്ത് ഒത്തുകൂടകയും ദേശീയവും രാഷ്ട്രീയവുമായ നാട്ടിൽ നടക്കുന്ന കാര്യങ്ങൾ ചർച്ചയ്യുമായിരുന്നു. സാമൂഹ്യ, സാമ്പത്തീക കാര്യങ്ങൾ ചർച്ച ചെയ്യുന്ന ഈ കേന്ദ്രം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടക്കുന്ന സത്യാഗ്രഹ സമരങ്ങളിലും പ്രകടനങ്ങളിലും പൊതുയോഗങ്ങളിലും പങ്കെടുക്കാൻ തൊഴിലാളികളെ പ്രേരിപ്പിക്കുകയുണ്ടായി. 1937 കാലത്ത് കോൺഗ്രസ്സിലെ ഒരു വിഭാഗം ഇടതുപക്ഷ ചിന്താഗതിയോടുകൂടി തൊഴിലാളികളെയും കൃഷിക്കാരെയും സംഘടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. കുളപ്രം കമ്പനിയിലും ഈ സമയത്ത് തൊഴിലാളി സംഘടനയ്ക്ക് രൂപം നല്കി. നാട്ടിൽ കർഷകപ്രസ്ഥാനവും ഈ കാലത്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. 1937ൽ അതിയടം വയലിൽ വെച്ച് ഒരു തീച്ചാമുണ്ഡി നടക്കുന്ന സ്ഥലത്തുണ്ടായിരുന്ന കർഷകരെ വിളിച്ച്ചേർത്ത് ചെറുതാഴത്തെ കർഷക സംഘത്തിന് രൂപം നല്കി. ശ്രീ ഹോരക്കാട് ശംഭു നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാട്ടുപ്പുറം ഗോവിന്ദൻ നമ്പൂതിരി, ഏ.വി. കരുണാകരൻ നായർ എന്നിവർ പ്രസംഗിച്ചു. കാട്ടുപ്പുറം ഗോവിന്ദൻ നമ്പൂതിരി പ്രസിഡണ്ടും അദ്ധ്യാപകനായി എൻ. നാരായണൻ ഉണിത്തിരി സെക്രട്ടറിയുമായി ചെറുതാഴം കർഷക സംഘം കമ്മിറ്റി രൂപീകരിച്ചു. തുടർന്ന് ചെറുതാഴത്തെ എല്ലാ പ്രദേശങ്ങളിലും കർഷക സംഘത്തിൽ കൃഷിക്കാരെ അണിനിരത്താൻ ആരംഭിച്ചു. കൃഷിക്കാരുടെ ആവശ്യങ്ങളുമായി ചിറക്കൽ കോവിലകത്തേക്ക് കരിവെള്ളൂരിൽ നിന്നും പുറപ്പെട്ട കർഷക മാർച്ചിന് ചെറുതാഴത്തെ കർഷക സംഘം സ്വീകരണം നല്കുകയുണ്ടായി. 1939ൽ നടന്ന ബക്കളം രാഷ്ട്രീയ സമ്മേളനത്തിലും 1940 സപ്തംബറിൽ കീച്ചേരിയിൽ നടന്ന സമ്മേളനത്തിലും ചെറുതാഴത്തെ കർഷകരുടെ പങ്കാളിത്തമുണ്ടായിരുന്നു. കെ.പി.സി.സി.യുടെ നിർദ്ദേശം അനുസരിച്ച്, പടന്നപ്രം നരിക്കാം വള്ളി എന്നീ കേന്ദ്രങ്ങളിൽ വളണ്ടിയർമാർക്ക് പരിശീലനം നല്കിയിരുന്നു. 1940ൽ നരിക്കാം വള്ളിയിൽ നടന്ന ചെറുതാഴം കർഷകസമ്മേളനം വലിയ ചരിത്ര സംഭവമായിരുന്നു. കുഞ്ഞിമംഗലം, കോറോം, കടന്നപ്പള്ളി എന്നിവിടങ്ങളിൽ നിന്നും ജാഥയായി സമ്മേളനത്തിന് എത്തിയവർക്ക് ഭക്ഷണം നല്കിയതും എടുത്തു പറയത്തക്കതാണ്. 1945ൽ കുളപ്രം കൈത്തറിക്കമ്പനിക്കടുത്ത് തന്നെ യന്ത്രത്തറിമില്ലും ആറോന്റെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. ഇവിടെ പണി എടുക്കുന്ന തൊഴിലാളികളെ സംഘടിപ്പിക്കുന്നതിന് കെ.പി. ഗോപാലൻ, സി. കണ്ണൻ, വില്യം സ്നെലക്സ്, എൻ.സി. ശേഖർ, എന്നീ നേതാക്കന്മാരുടെ നേതൃത്വം ഉണ്ടായിരുന്നു.

ഇതേ ഘട്ടത്തിൽതന്നെ കേരളീയൻ, വിഷ്ണു ഭാരതീയൻ, വടക്കില്ലം ഗോവിന്ദൻ നമ്പൂതിരി, പാറമ്മൽ കൃഷ്ണൻ വൈദ്യർ, ചിറമ്മൽ രാമൻ, പി.വി. അപ്പക്കുട്ടി എന്നിവരുടെ നേതൃത്വത്തിൽ കർഷകസംഘം ശക്തമായി പ്രവർത്തിച്ചിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്ന് ജാപ്പ് വിരുദ്ധ പ്രവർത്തനങ്ങളിൽ ജനങ്ങളെ അണിനിരത്തിവൻപിച്ച പ്രസ്ഥാനം നാട്ടിൽ വളർന്നു വന്നിരുന്നു. ഈ കാലത്ത് ഭക്ഷണക്ഷാമം കൊടുമ്പിരികൊള്ളുകയും കോളറപ്പടർന്ന് പിടിച്ച് നിരവധി മനുഷ്യജീവിതം നശിക്കുകയും ചെയ്തിരുന്നു. മരിച്ചവരെ സംസ്കരിക്കാനും രോഗം മൂലം കഷ്ടപ്പെടുന്നവരെ സഹായിക്കാനും കമ്മ്യൂണിസ്റ്റ് വളണ്ടിയർമാർ കഠിനപ്രയത്നം ചെയ്തിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം നാട്ടിലാകെ സ്വാതന്ത്ര്യപ്രസ്ഥാനം അലയടിക്കുകയും തൊഴിലാളി കർഷക വിഭാഗം സമരരംഗത്തേക്ക് ഇറങ്ങുകയും ചെയ്തിരുന്നു. ഇതേ കാലത്താണ് ചരിത്ര പ്രസിദ്ധമായ ആർ. ഐ. എൻ. കലാപം എന്നറിയപ്പെടുന്ന ബോംബെയിലെ നാവിക സേനയുടെ ബ്രിട്ടീഷ് വിരുദ്ധ ആയുധമേന്തിയ സമരവും നടന്നത്. ജന്മിമാരുടെ കൈയ്യേറ്റത്തിനെതിരെയും ഭക്ഷണസാധനം പൂഴ്ത്തിവെച്ച് നാട്ടുകാരെ പട്ടിണിക്കിടുന്നതിന് എതിരെയും കർഷകർ സമരരംഗത്ത് ഇറങ്ങുകയുണ്ടായി. ചിറക്കൽ തമ്പുരാൻ നെല്ല് കൊണ്ടുപോവുന്നത് തടഞ്ഞ ഏ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിലുള്ള കരിവെള്ളൂരിലെ കർഷകർക്കെതിരെ എം.എസ്.പി. വെടിവെക്കുകയും രണ്ടുപേർ മരിക്കുകയും നിരവധിപേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ഈ കേസ്സിൽ ചെറുതാഴത്തെ കർഷകനേതാക്കളായ ശ്രീ. പി.വി. അപ്പക്കുട്ടി, പയ്യരട്ട രാമൻ, ചിറമ്മൽ കോരൻ എന്നിവർ പ്രതികളായിരുന്നു.

ഈ കാലഘട്ടത്തിൽ ചെറുതാഴത്തെ അധികാരിയായിരുന്ന കാശിമാങ്കുളം പോലീസിനെ ഉപയോഗിച്ച് കൃഷിക്കാർക്കെതിരെ ഭീകര മർദ്ദനം അഴിച്ചുവിടുകണ്ടുായി. ജനങ്ങളെ ആകെ അണിനിരത്തി അധികാരിക്കെതിരെ പ്രക്ഷോഭത്തിന്റെ പാതയിലായിരുന്നു കർഷകസംഘം. അഴിമതിവീരനായ കാശിമാങ്കുളം അധികാരിയെ കുറിച്ച് കേരളീയൻ എഴുതിയ "പടപ്പാട്ടുകൾ" നമ്മുടെ വയലേലകളിൽ മുഖരിതമായിരുന്നു. ഈ പ്രവർത്തനങ്ങൾ മുന്നോട്ടു പോവുമ്പോൾ ദേശീയ നേതാക്കളുടെ ഒളിപ്രവർത്തനകേന്ദ്രമായിരുന്നു ചെറുതാഴം. അന്നത്തെ സാമൂഹ്യ തിന്മക്കെതിരെയുള്ള "അനാഥ" എന്ന നാടകം കുളപ്രം വയലിൽ നടക്കുമ്പോൾ കാശിമാങ്കുളം അധികാരിയുടെ നേതൃത്വത്തിൽ എം.എസ്.പിക്കാരെ കൊണ്ടു ജനങ്ങളെ മൃഗീയമായി മർദ്ദിക്കുയുണ്ടായി. നിരവധി ആളുകൾക്ക് മർദ്ദനത്തിൽ പരിക്കേറ്റു.

1946 മെയ്യ് ഒന്നിന് കുളപ്രം കമ്പനിക്ക് മുമ്പിൽ തൊഴിലാളികൾ ചുവപ്പ് പതാക ഉയർത്തുകയും ബാഡ്ജ് ധരിക്കുയും ചെയ്തു. ഇതിൽ വിറളിപിടിച്ച കോൺഗ്രസ്സുകാരനായ ആറോൻ യൂണിയൻ നേതാക്കളെ പിരിച്ചുവിട്ടു. 1948ൽ ആറോന്റെ നേതൃത്വത്തിൽ കുറുവടിയും, യൂണിഫോമും, തൊപ്പിയും നല്കി റൗഡികളെ ജനകീയ പ്രസ്ഥാനം തകർക്കുന്നതിനു നിയോഗിക്കുകയുണ്ടായി.

1946ൽ മദിരാശി അസംബ്ലിയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കെ.പി. ഗോപാലൻ കമ്മ്യൂണിസ്റ്റ് സ്ഥാർത്ഥിയായി മത്സരിച്ച് പരാജയപ്പെട്ടു. 1948ൽ നടന്ന ഡിസ്ട്രിക്റ്റ് ബോർഡ് തെരഞ്ഞെടുപ്പിലും ഇവിടെ പാർട്ടി സ്ഥാനാർത്ഥി പരാജയപ്പെടുകയായിരുന്നു. 1951 ഓടുകൂടി സ്ഥിതിയിൽ വമ്പിച്ച മാറ്റമുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി വിജയിച്ചു. കൃഷിക്കാരുടെ പാട്ടം ഗണ്യമായി കുറച്ചുകിട്ടുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭം നാട്ടിലെങ്ങും അലയടിച്ചു. 1954ൽ മലബാർ കുടിയാൻ നിയമത്തിന് ഭേദഗതി പാസ്സാക്കുകയും പാട്ടകോടതി നിലവിൽ വരികയും ചെയ്തു. മൊത്തം വിളവിൽ നിന്നും വിത്തും കൃഷി ചിലവും കഴിച്ച് ബാക്കിയിൽ പകുതി വാരം എന്ന നിയമം പാസ്സാക്കിയതോടുകൂടി കൃഷിക്കാരന്റെ കഷ്ടപ്പാടിൽ അല്പം ആശ്വാസമായി. പാട്ടകോടതിയിൽ കൂടിയുള്ള കേസ് നടത്തുന്നതിന് കർഷക സംഘം മുന്നിൽ നിന്ന് പ്രവർത്തിച്ചതിനാൽ കൃഷിക്കാർക്ക് വ്യാപകമായി ആനുകൂല്യം നേടി എടുക്കാൻ കഴിഞ്ഞു.

ഐക്യ കേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭത്തിന്റെ ഫലമായി 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽ വന്നു. തുടർന്ന് നടന്ന കേരളത്തിലെ തെരഞ്ഞെടുപ്പിൽ ശ്രീ. ഇ.എം.എസിന്റെ നേതൃത്വത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നു. 1957 ഏപ്രിൽ 5-ാം തിയ്യതി അധികാരം ഏറ്റ മന്ത്രിസഭ 11-ാം തിയ്യതി ഒഴിപ്പിക്കൽ തടഞ്ഞുകൊണ്ടുള്ള ഓർഡിനൻസ് പാസ്സാക്കി. തുടർന്ന് കാർഷിക ബന്ധ നിയമം പാസ്സാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കാർഷികമേഖലയിൽ സമഗ്രമായ ജലസേചനത്തിനാവശ്യമായ മാസ്റ്റർ പ്ലാൻ അന്നംഗീകരിക്കുയുണ്ടായി. 1963ലെ സർക്കാർ കാർഷികബന്ധനിയമത്തിൽ കൃഷിക്കാർക്ക് ദോഷകരമായ ചില ഭേദഗതികൾ വരുത്തി. വീണ്ടും 1967ൽ കേരള ഭരണത്തിൽ വന്ന ഇടതുപക്ഷ സർക്കാർ 1969 ഒക്ടോബർ 17ന് കാർഷിക പരിഷ്ക്കരണനിയമം പാസ്സാക്കി. 1970 ജനുവരി 1ന് അതിപ്രധാനമായ ഒരു സംഭവത്തിന് കേരളം സാക്ഷ്യം വഹിച്ചു. ലക്ഷക്കണക്കിന് കുടികിടപ്പുകാർ 10 സെൻറ് ഭൂമി വളച്ച് കെട്ടി സ്വന്തമാക്കി-ജന്മിത്വം അവസാനിപ്പിച്ചതായി പ്രഖ്യാപിച്ചു.

കടന്നുവന്ന വഴികൾ സംഭവബഹുലമാണ്. ഇന്നിപ്പോൾ കർഷകർക്കും തൊഴിലാളികൾക്കും ഒട്ടനവധി ക്ഷേമപദ്ധതികൾ നിലവിലുണ്ട്, സമസ്ത മേഖലകളിലും മാറ്റങ്ങൾ ഉണ്ടായിട്ടുമുണ്ട്. പക്ഷെ നമ്മുടെ സാമ്പത്തീക പുരോഗതിയെ ത്വരിതപ്പെടുത്തേണ്ട കാർഷികവ്യവസായികരംഗത്തെ മുരടിപ്പ് ഒരു ചോദ്യചിഹ്നമായി നില്ക്കുന്നു. കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികൾ പൂർത്തിയാവുമ്പോഴും നമ്മുടെ കാർഷിക വ്യാവസായിക മേഖല വേണ്ടത്ര വികസിച്ചിട്ടില്ല. ഇതു പരിഹരിക്കാൻ - നമ്മുടെ നാട്ടിന്റെ മുഖച്ഛായ മാറ്റി എടുക്കാൻ - സമഗ്രമായ വികസനത്തിനുള്ള ആസൂത്രണപദ്ധതിക്കേ കഴിയൂ. അത് വിജയിപ്പിക്കുകയാകട്ടെ നമ്മുടെ ലക്ഷ്യം. ●

# ചെറുതാഴം ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : ചെറുതാഴം |
| 2. | റവന്യൂ വില്ലേജ് | : ചെറുതാഴം |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : ചെറുതാഴം |
| 4. | ബ്ലോക്ക് പഞ്ചായത്ത് | : പയ്യന്നൂർ |
| 5. | താലൂക്ക് | : കണ്ണൂർ |
| 6. | അസംബ്ലി മണ്ഡലം | : പയ്യന്നൂർ |
| 7. | ജില്ലാ പഞ്ചായത്ത് | : കണ്ണൂർ |
| 8. | വിസ്തീർണ്ണം | : 19.8 ച. കി.മീ |
| 9. | ജനസംഖ്യ | : 25,600 |
| 10. | വാർഡുകൾ | : 10 |
| 11. | സ്ത്രീ സംവരണ വാർഡുകൾ | : 1, 3,6,7 |
| 12. | പട്ടികജാതി, പട്ടികവർഗ്ഗ സംവരണ വാർഡ് | : 8 |
| 13. | പ്രസിഡണ്ട് | : ശ്രീ. പി.വി. അപ്പക്കുട്ടി |
| 14. | വൈസ് പ്രസിഡണ്ട് | : ശ്രീമതി. എം സരോജിനി ടീച്ചർ |
| 15. | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : ശ്രീമതി. പി.പി. രോഹിണി |
| 16. | ജില്ലാ പഞ്ചായത്ത് മെമ്പർ | : ശ്രീമതി. പി. ദാക്ഷായണി |
| 17. | ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : ശ്രീമതി. സി.വി. ജാനകി |
| 18. | പഞ്ചായത്ത് സിക്രട്ടറി | : ശ്രീമതി. ടി. സരോജിനി |

| | |
|---|---|
| ആദ്യത്തെ ഭരണസമിതി (ചെറുതാഴം-കുഞ്ഞിമംഗലം) | : 1948 ആഗസ്ത് 31 |
| ആദ്യത്തെ പ്രസിഡണ്ട് | : ശ്രീ. കാപ്പാട് കുഞ്ഞിക്കണ്ണൻ നമ്പ്യാർ |
| രണ്ടാമത്തെ ഭരണസമിതി | : 1953 ജൂൺ 5 |
| പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ | : ശ്രീ. കെ.പി. നാരായണൻ നമ്പ്യാർ |
| പ്രസിഡണ്ട് | : ശ്രീ. ടി.വി. നാരായണൻ നായർ |

| | | |
|---|---|---|
| വൈസ്. പ്രസിഡണ്ട് | : | ശ്രീ. പി. തമ്പാൻ വൈദ്യർ |
| ചെറുതാഴം പഞ്ചായത്ത് | : | 1-4-1962 |
| പ്രസിഡണ്ട് 1963 | : | ശ്രീ. പി. ഈശ്വരൻ നമ്പൂതിരി |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. പയ്യരട്ട രാമൻ |
| രണ്ടാമത്തെ പ്രസിഡണ്ട് (1964) | : | ശ്രീ. പയ്യരട്ട രമാൻ |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. അബ്ദുൾ റഹ്മാൻ |
| മൂന്നാമത്തെ പ്രസിഡണ്ട് (1979) | : | ശ്രീ. ഇ. നാരായണൻ നമ്പ്യാർ |
| വൈസ്. പ്രസിഡണ്ട് | : | ശ്രീ. പി. ചോയി മാസ്റ്റർ |
| നാലാമത്തെ പ്രസിഡണ്ട് (1988) | : | ശ്രീ. ഇ. നാരായണൻ നമ്പ്യാർ |
| വൈസ്. പ്രസിഡണ്ട് | : | ശ്രീ. പട്ടക്കാരൻ കുഞ്ഞിക്കണ്ണൻ |
| ഇപ്പോഴത്തെ പ്രസിഡണ്ട് (1995) | : | ശ്രീ. പി.വി. അപ്പക്കുട്ടി |
| വൈസ് പ്രസിഡണ്ട് | : | ശ്രീമതി. എം. സരോജിനി ടീച്ചർ |

**നിലവിലുള്ള അതിർത്തികൾ**

| | | |
|---|---|---|
| തെക്ക് | : | ഏഴോം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | മാടായി, രാമന്തളി, കുഞ്ഞിമംഗലം പഞ്ചായത്തുകൾ |
| വടക്ക് | : | പയ്യന്നൂർ മുൻസിപ്പാലിറ്റി |
| കിഴക്ക് | : | കടന്നപ്പള്ളി - പാണപ്പുഴ, പരിയാരം പഞ്ചായത്തുകൾ |

**പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ:**

**കേന്ദ്ര സർക്കാർ ഓഫീസുകൾ** :

1. ടെലഫോൺ എക്സ്ചേഞ്ച്-പിലാത്തറ
2. പോസ്റ്റാഫീസുകൾ
   മണ്ടൂർ, ഏഴിലോട്, നരിക്കാംവള്ളി പിലാത്തറ, ശ്രീസ്ഥ, വിളയാങ്കോട്, കൊവ്വപ്പുറം

**സംസ്ഥാന സർക്കാർ ഓഫീസുകൾ :**

1. കൃഷിഭവൻ
2. വില്ലേജ് ഓഫീസ്
3. പ്രാഥമിക ആരോഗ്യ കേന്ദ്രം
4. മൃഗാശുപത്രി
5. ഗ്രാമ പഞ്ചായത്ത് ഓഫീസ്
6. ഗ്രാമ വികസന ഓഫീസ്
7. ഗോവർദ്ധന ഉപകേന്ദ്രം
8. കുടുംബക്ഷേമ കേന്ദ്രം

ബേങ്കുകൾ

1. ചെറുതാഴം സർവ്വീസ് സഹകരണ ബേങ്ക്
2. മാടായി കോ-ഓപ്. റൂറൽ ബേങ്ക്, പിലാത്തറ ബ്രാഞ്ച്

3. നോർത്ത് മലബാർ ഗ്രാമീണ ബേങ്ക് - പിലാത്തറ
4. പ്രാഥമിക കാർഷിക വികസന ബേങ്ക് സബ് ഓഫീസ് - പിലാത്തറ

## പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും.

1948 ആഗസ്ത് 31ന് ചെറുതാഴം-കുഞ്ഞിമംഗലം എന്നീ രണ്ട് റവന്യൂ വില്ലേജുകൾ ചേർത്ത് പഞ്ചായത്ത് രൂപീകൃതമായി. അന്ന് ഒരു മൈനർ പഞ്ചായത്തായിരുന്നു. പഞ്ചായത്ത് ഭരണസമിതി നിലവിൽ വരുന്നതിന് മുമ്പ് തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കോടതി നിലവിലുണ്ടായിരുന്നു. പത്ത് വർഷക്കാലത്തിലധികം ഇതിന്റെ പ്രവർത്തനം നിലവിലുണ്ടായിരുന്നു. ഇതിനെറ അവസാനത്തെ തിരഞ്ഞെടുപ്പ് 1948 ആദ്യമായിരുന്നു അധ്യക്ഷൻ വാരണക്കോട്ടലത്ത് ശ്രീ. വിഷ്ണു നമ്പൂതിരിയായിരുന്നു. ഇന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.വി. അപ്പക്കുട്ടി അതിൽ അംഗമായിരുന്നു.

പഞ്ചായത്തിന്റെ പ്രാഥമിക പ്രസിഡൻറ് ശ്രീ. കെ. കുഞ്ഞികൃഷ്ണൻ നമ്പ്യരായിരുന്നു. അന്നത്തെ ജനസംഖ്യ 18,000 ആയിരുന്നു. 1951 ഏപ്രിൽ 1ന് ഒന്നാം ക്ലാസ് പഞ്ചായത്തായി ഉയർത്തപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ 1953 ജൂൺ 15ന് നടന്ന തെരെഞ്ഞെടുപ്പിൽ 15 അംഗ ഭരണസമിതി നിലവിൽ വന്നു. അന്ന് പ്രസിഡണ്ടിനെ നേരിട്ട് തെരെഞ്ഞെടുക്കുകയായിരുന്നു പതിവ്. സാമൂഹ്യ രാഷ്ട്രീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരും പ്രഗത്ഭരായ നാട്ടുവൈദ്യന്മാരും അടങ്ങുന്ന ഭരണസമിതിയായിരുന്ന അന്ന്. ആ ഭരണസമിതിയിൽ ശ്രീ. ടി.വി. നാരാണൻ നായർ പ്രസിഡണ്ടും ശ്രീ. പി. തമ്പാൻ വൈദ്യർ വൈസ് പ്രസിഡണ്ടുമായിരുന്നു.

ഭരണസമിതി അധികാരത്തിൽ വരുന്നതിനു മുമ്പായി ഗവൺമെൻറ് ഏകപക്ഷീയമായി എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചു. പുതിയ ഭരണസമിതി ഈ തീരുമാനത്തെ ശക്തിയായി ആപലപിച്ചു.

പഞ്ചായത്തിന്റെ ആസ്ഥാനം ആദ്യം ഏഴിലോടും പിന്നീട് മണ്ടൂരിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. അന്നത്തെ വാർഷിക വരുമാനം 12,000 ക. ആയിരുന്നു, പുതിയ ഭരണസമിതി ഏറ്റെടുത്ത ആദ്യത്തെ പ്രവർത്തി പൊതുജനങ്ങൾക്ക് ഗതാഗത സൗകര്യത്തിന്നായി റോഡുകളും ഇടവഴികളും നിർമ്മിക്കുകയെന്നതായിരുന്നു. രണ്ട് റോഡുകളും പതിനഞ്ച് ഇടവഴികളും നിർമ്മിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. നിർധനരായ വിദ്യാർത്ഥികൾക്ക് സ്ലേറ്റും പെൻസിലും വാങ്ങുവാൻ 14 സ്കൂളുകൾക്ക് 20 ക പ്രകാരം അന്ന് അനുവദിക്കുയുണ്ടായി. വായനശാലകൾക്ക് പത്രങ്ങളും പെട്രോൾ മാക്സുകളും തെരുവോരങ്ങളിൽ തെരുവുവിളക്കുകളും അനുവദിക്കുകയുണ്ടായി.

റൂറൽ ഡിസ്പൻസറികളും വിഷ ചികിത്സാ കേന്ദ്രവും പ്രസവരക്ഷാകേന്ദ്രവും സ്ഥാപിക്കുന്നതിനായി സർക്കാറിനോട് ആവശ്യപ്പെട്ടുകൊണ്ട് പ്രമേയങ്ങൾ പാസ്സാക്കി. മദിരാശി ഗവൺമെൻറ് മധുരയിൽ വിളിച്ചു ചേർത്ത പഞ്ചായത്ത് പ്രതിനിധികളുടെ യോഗത്തിൽ ചെറുതാഴത്തെ പ്രതിനിധീകരിച്ചുകൊണ്ട് അന്നത്തെ വൈസ് പ്രസിഡൻറ് ശ്രീ തമ്പാൻ വൈദ്യർ പങ്കെടുക്കുയുണ്ടായി. 1954-ൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മണ്ടൂരിൽ ഒരു മൃഗാശുപത്രി സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചുവെങ്കിലും പിന്നീടത് തുടർന്നുപോകുകയുണ്ടായില്ല. മദിരാശി അസംബ്ലി സ്പീക്കർ ശ്രീ. ശിവഷൺമുഖംപിള്ള 1954 സപ്തംബർ 13ന് ചെറുതാഴം പഞ്ചായത്ത് സന്ദർശിച്ചപ്പോൾ പഞ്ചായത്തിന്റെ വക ഒരു മംഗളപത്രം നല്കുകയുണ്ടായി. ഇന്ത്യൻ പാർലമെൻറിലെ പ്രതിപക്ഷ നേതാവായിരുന്ന എ.കെ.ജി. 1954 ഒക്ടോബർ 30ന് ചെറുതാഴം പഞ്ചായത്താഫീസ് സന്ദർശിക്കുകയുണ്ടായി. ഇന്നും ചുവപ്പ് നാടയിൽ കുരുങ്ങിക്കിടക്കുന്ന പയ്യന്നൂർ താലൂക്കിന് വേണ്ടിയുള്ള ആവശ്യം മുൻനിർത്തി അന്നത്തെ പഞ്ചായത്ത് ഭരണസമിതി പ്രമേയം പാസ്സാക്കുകയുണ്ടായി.


അക്കാലത്ത് പഞ്ചായത്ത് കോടതിയായും പ്രവർത്തിച്ചിരുന്നു. ആദ്യം എല്ലാ ശനിയാഴ്ചയും പിന്നീട് ബുധനാഴ്ചയും പഞ്ചായത്ത് കോടതി കൂടാറുണ്ടായിരുന്നു. ചെറിയ സിവിൽ ക്രിമിനൽ കേസ്സുകൾ ഈ കോടതിയിൽ കൈകാര്യം ചെയ്യപ്പെട്ടിരുന്നു.

3-7-1957-ന് മണ്ടൂർ ചുമടുതാങ്ങിയിൽ ഇന്ന് നിലവിലുള്ള സ്വന്തം കെട്ടിടത്തിൽ പഞ്ചായത്ത് പ്രവർത്തനമാരംഭിച്ചും. ഭരണപരമായ സൗകര്യത്തിന് 1962-ഏപ്രിൽ മാസം 1-ാം തിയതി കുഞ്ഞിമംഗലം റവന്യൂ വില്ലേജ് നമ്മുടെ പഞ്ചായത്തിൽ നിന്നും വേർപെടുത്തി പുതിയ ഒരു പഞ്ചായത്തായി രൂപം കൊണ്ടു. തുടർന്ന് 1963-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി. ഈശ്വരൻ നമ്പൂതിരി പ്രസിഡൻറായികൊണ്ടുള്ള ഭരണസമിതി നിലവിൽ വരികയും ഒരുവർഷം കഴിഞ്ഞശേഷം ശ്രീ. ഈശ്വരൻ നമ്പൂതിരി രാജിവെച്ചതിനെ തുടർന്ന്

അന്നത്തെ ഭരണസമിതിയുടെ വൈസ് പ്രസിഡൻറായിരുന്നു. ശ്രീ. പയ്യരട്ടരാമൻ പുതിയ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ ഭരണസമിതി 16 വർഷം തുടരുകയുണ്ടായി.

1979-ൽ ശ്രീ. ഇ. നാരായണൻ നമ്പ്യാർ പ്രസിഡൻറായി ഭരണസമിതി നിലവിൽ വന്നു. പ്രസ്തുത ഭരണസമിതി 1984-വരെ തുടർന്നു. കാലാവധിക്കുശേഷം ഭരണസമിതിയെ പിരിച്ചുവിട്ടെങ്കിലും തെരഞ്ഞെടുപ്പ് നടത്തിയില്ല. പകരം ഭരണപരമായ കാര്യങ്ങൾക്ക് ഗവ. സ്പെഷ്യൽ ഓഫീസറായി ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തുകയായിരുന്നു. 1988ൽ രൂപീകരിച്ച ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. ഇ. നാരായണൻ നമ്പ്യാരായിരുന്നു.

73-ാം ഭരണഘടനാ ഭേദഗതിയോടെ നിലവിൽവന്ന പഞ്ചായത്തീരാജ് നിയമത്തിൻെറ വെളിച്ചത്തിൽ 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി.വി. അപ്പക്കുട്ടി പ്രസിഡൻറും ശ്രീമതി എം. സരോജിനിടീച്ചർ വൈസ്. പ്രസിഡൻറുമായുള്ള ഭരണസമിതി അധികാരമേറ്റു. പരിമിതമാണെങ്കിലും സർക്കാർ മേഖലയിൽ നിന്നു കിട്ടുന്ന സഹായത്തോടെ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഇതിൽ ഉയർന്നുനില്ക്കുന്നതാണ് പിലാത്തറ ബസ്സ്റ്റാൻറും, ഷോപ്പിംഗ് കോംപ്ലക്സും. നിരവധി റോഡുകൾ നിർമ്മിക്കുന്നതിനും പരിഷ്കരിക്കുന്നതിനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. എന്നാൽ വളരെ പിന്നോക്കം നില്ക്കുന്ന വികസനം എത്തിനോക്കാത്ത ഉൾപ്രദേശങ്ങൾ ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഇത് മാറ്റിയെടുക്കുവാൻ സമഗ്രവികസനപദ്ധതികൾ നമുക്ക് ആവിഷ്കരിക്കേണ്ടതുണ്ട്. ●



# കൃഷിയും ജലസേചനവും

**പുഴകളും തോടുകളും കുന്നുകളും താഴ്വാരപ്രദേശങ്ങളും വയലുകളും നിറഞ്ഞ സസ്യശ്യാമളമായ ഒരു ഇടനില ഭൂപ്രദേശമാണ് ചെറുതാഴം പഞ്ചായത്ത്. വർഷങ്ങൾക്കുമുമ്പ് നാടുവാഴിത്തത്തിന്റെയും ജന്മിത്തത്തിന്റെയും ചൂഷണത്തിന് വിധേയരായവരായിരുന്നു ഇവിടത്തെ കൃഷിക്കാർ. ഇവിടുത്തെ ജന്മിമാർ അധികവും നമ്പൂതിരിമാരായിരുന്നു. വാരണക്കോട്, കുറുവക്കാട്, ഇളയടം, മൂത്തേടം, കല്ലമ്പള്ളി എന്നീ ഇല്ലക്കാരായിരുന്നു ഇവിടുത്തെ പ്രധാന ഭൂവുടമകൾ. ക്ഷേത്രംവക (ദേവസ്വം) ഭൂമിയും ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുത്ത് കൃഷി നടത്തുന്നവരെ "കുടിയാൻ" എന്നാണ് വിളിച്ചിരുന്നത്. ജന്മിമാർ കുടിയാന്മാർക്ക് ഭൂമി പാട്ടത്തിന് കൊടുക്കാറാണ് പതിവ്. കാണം-കുഴിക്കാണം, കുഴിക്കാണം, ഒറ്റി, വാക്കാൽചാർത്ത്, മറുപാട്ടം എന്നീ പ്രമാണങ്ങൾ വഴിയാണ് ഭൂവുടമകൾ കുടിയാന്മാർക്ക് ഭൂമി കൊടുത്തിരുന്നത്.**

**ഭൂമിയിലെ അനുവേങ്ങൾക്കനുസരിച്ച് പുഞ്ചപ്പാടം, നിലങ്ങളുടെ ഗുണമേന്മക്കനുസരിച്ച് 'വാരവും' നിശ്ചയിച്ചിരുന്നു. ഒരേക്ര നിലത്തിന് വർഷത്തിൽ 40 പറമുതൽ 100 പറവരെ നെല്ല് വാരം നിശ്ചയിച്ചിരുന്നു. ഇരുവിളയാണെങ്കിൽ തുലാവം കുംഭം മാസങ്ങളിൽ രണ്ട് തവണകളായാണ് വാരം അളക്കുക. പ്രകൃതിക്ഷോഭംമൂലമോ മറ്റോ കൃഷി നശിച്ചാലും കുടിയാന്മാർ കൃത്യമായും വാരം അളക്കണം. കൃത്യമായി വാരം അളന്നാലും കൂടുതൽ വാരം അളക്കാൻതയ്യാറുള്ളവർക്ക് മേൽപാട്ടത്തിന് കൊടുക്കുന്ന സ്ഥിതിയും ഉണ്ടായിരുന്നു.**


**ഭൂമിയിൽ കർഷകന് സ്ഥിരാവകാശം ഉണ്ടായിരുന്നില്ല. വാശി, നൂരി, മുക്കാൽ, വെച്ച്കാണൽ തുടങ്ങിയ അക്രമപിരിവുകളും അന്ന് നിലനിന്നിരുന്നു. ദേശീയപ്രസ്ഥാനത്തോടൊപ്പം കർഷകർ സംഘടിക്കുകയും അക്രമപ്പിരിവുകൾക്കെതിരായി ശബ്ദം ഉയർത്തുകയും ചെയ്തു. ഇതിന്റെ ഫലമായി 1929 ൽ അന്നത്തെ മദ്രാസ് ഗവ. മലബാർ കുടിയായ്മനിയമം പാസ്സാക്കുകയും കുടിയാന്മാർക്ക് സ്ഥിരാവകാശം ലഭിക്കുകയും ചെയ്തു.**

സംഘടിത കർഷക പ്രക്ഷോഭസമരങ്ങളുടെ ഫലമായി സ്വാതന്ത്ര്യലബ്ധിക്ക്ശേഷം 1953 ൽ മദ്രാസ് ഗവ. മേൽപ്പറഞ്ഞ കുടിയാൻനിയമം ഭേദഗതി ചെയ്തു. ഇതനുസരിച്ച് മൊത്തവിളവിൽ വിത്തും കൃഷിച്ചെലവും കഴിച്ച് ബാക്കി നെല്ലിൽ പകുതി വാരം എന്ന് നിശ്ചയിച്ചു. ഈ നിബന്ധന മുൻകാലത്തെ അപേക്ഷിച്ച് കുടിയാന്മാർക്ക് തെല്ലൊരു ആശ്വാസമായിരുന്നു.

1957 അധികാരത്തിൽവന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ കേരള സർക്കാർ കൃഷിക്കാരെ കൈവശഭൂമിയിൽനിന്നും ഒഴിപ്പിക്കുന്നത് നിരോധിച്ചുകൊണ്ട് ഓർഡിനൻസ് പാസ്സാക്കി. 57, 67 കാലത്തെ ഗവ.കൾ സമൂലമായ കാർഷിക പരിഷ്കരണനിയമം പാസ്സാക്കിയതിന്റെ ഫലമായി 1970 ൽ പ്രതിഫലം കൊടുത്താണെങ്കിലും കൃഷിക്കാർക്ക് ഭൂമിയുടെ അവകാശം ലഭിച്ചു. ജന്മിത്വം അവസാനിച്ചു. കുടികിടപ്പുകാരായ പാവപ്പെട്ടവർക്ക് 10 സെൻറ്ഭൂമി സൗജന്യമായി സ്വന്തമാക്കാനും ഇതുവഴി സാധിച്ചു.

1987 ൽ നിലവിൽവന്ന സർക്കാർ രണ്ട് ഏക്കർവരെയുള്ള കൃഷിക്കാരെ ജന്മപ്രതിഫലം കൊടുക്കുന്നതിൽനിന്നും ഒഴിവാക്കി. മുൻകാലങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് $\frac{3}{4}$ സേർ നെല്ല് ആയിരുന്നു കൂലി.

ചെറുതാഴം പഞ്ചായത്ത് - നെൽകൃഷി




പാടശേഖരങ്ങൾ

| | | | |
|---|---|---|---|
| 1. പൂറച്ചേരിവയൽ | I | 30 ഹെക്ടർ | 6. ആതിയടംവയൽ |
| 2. നാറങ്ങിൻ വയൽ | II, III | 40 " " | 7. മേലതിയടംവയൽ |
| 3. കോക്കാട് പാണവയൽ | IX, X | 50 " | 8 ക്രിസ്റ്റ വയൽ |
| 4. കൂളത്തുംവയൽ | V, VI | 35 " " | 9. ഓക്കവയൽ |
| 5 പെരിയാട്ട്വയൽ | IV | 40 " " | 10. രാമപുരം വയൽ. |

നൂറ് സേർ നെല്ലിന് നാലോ അഞ്ചോ രൂപയായിരുന്നു വില. കർഷകതൊഴിലാളികൾ പ്രഭാതംമുതൽ പ്രദോഷം വരെ ജോലിചെയ്തിരുന്നു. മഴയെമാത്രം ആശ്രയിച്ചാണ് അന്ന് കൃഷിചെയ്തിരുന്നത്.

പഞ്ചായത്തിലെ കൃഷിഭൂമി മിക്കവയും ഇരു വിളനിലങ്ങളാണ്. കൃഷിക്കാർക്ക് സ്വന്തമായി കന്നുകാലികൾ ഉള്ളതുകൊണ്ടും പച്ചിലവളം ധാരാളം ലഭിച്ചതുകൊണ്ടും കൃഷിയിൽ വളംചേർക്കാൻ പ്രയാസം ഉണ്ടായിരുന്നില്ല. കീടശല്യം താരതമ്യേന കുറവായിരുന്നു. കീടശല്യം ഉണ്ടായാൽതന്നെ വെണ്ണീർ വിതറുകയായിരുന്നു പതിവ്. കുളം നന്നാക്കൽ, വയൽ ഉഴുതൽ, വെള്ളം കയറ്റൽ, ഉപ്പ്വെള്ളം തടയൽ ഇതെല്ലാം കൂട്ടായപ്രവർത്തനം മൂലമാണ് സാധിച്ചിരുന്നത്.

കരിഞ്ചൻ, കുറുവായ്, മാല, കരിമാല, കഴമ, കുഞ്ഞിക്കഴമ, തവളക്കണ്ണൻ, കുഞ്ഞിനെല്ല്, നവര, വെള്ളരിയൻ മുതലായ വിത്തുകൾ ഒന്നാംവിളക്കും പുഞ്ച (അരിക്കിനായി), ചിറ്റേനി എന്നിവ രണ്ടാംവിളക്കും കൈപ്പാട് നിലങ്ങളിൽ, കുതിര്, ഓർക്കഴമ, ഓർത്തടിയൻ എന്നീ വിത്തുകളുമാണ് ഉപയോഗിച്ചിരുന്നത്. കരപ്രദേശങ്ങളിൽ ഉഴുന്ന് കൃഷിയും പറമ്പുകളിൽ വർഷകാലങ്ങളിൽ പൂത്താടകൃഷിയും എള്ളും, മുതിരയും കൃഷിചെയ്തിരുന്നു. വേനൽവർഷകാലങ്ങളിൽ വ്യാപകമായി പച്ചക്കറികൃഷിയും ചെയ്തിരുന്നു. പറങ്കി(മുളക്), നേന്ത്രവാഴ എന്നിവ വ്യാപാരാടിസ്ഥാനത്തിൽ കൃഷിചെയ്തിരുന്നു. പുരയിടങ്ങളിൽ കുരുമുളക് കൃഷി വ്യാപകമായിരുന്നു. തരിശുഭൂമി പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നതിനാൽ കാലിതീറ്റപ്പുൽ ധാരാളം ലഭിച്ചിരുന്നു.

കാർഷിക പരിഷ്കാരം നടപ്പിലാവുകയും കൃഷിഭൂമി കൃഷിക്കാരന് ലഭിക്കുകയും ചെയ്തുവെങ്കിലും ഉൽപാദനമേഖലയിൽ കാര്യമായ മെച്ചം ഉണ്ടാക്കിയില്ല. സ്വാതന്ത്ര്യലബ്ധിക്ക്മുമ്പും പിമ്പും ഒരു പതിനഞ്ച് വർഷങ്ങൾക്ക്മുമ്പ്വരെയും വയലേലകളിൽ ജോലിചെയ്യാൻ ആവശ്യംപോലെ തൊഴിലാളികളെ ലഭിച്ചിരുന്നു. ദാരിദ്ര്യം തൊഴിലാളികളെ കാർന്നുതിന്നിരുന്നു. കഞ്ഞിവെള്ളവും ചക്കയുമായിരുന്നു തൊഴിലാളികളുടെ ആഹാരം. ഇല കുമ്പിളിലായിരുന്നു ഭക്ഷണം കൊടുത്തിരുന്നത്.

ഗൾഫ്പണത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിലെ കൺസ്ട്രക്ഷൻ മേഖല സജീവമാക്കി. കർഷകതൊഴിലാളികൾ ആ മേഖലയിലേക്കാണ് തിരിഞ്ഞത്.

കർഷകതൊഴിലാളികൾക്ക് എല്ലാകാലത്തും പ്രവൃത്തി കിട്ടുന്നില്ല. വർഷത്തിൽ നൂറോ നൂറ്റമ്പതോ പ്രവൃത്തി ദിവസമേ ശരാശരി ഒരു തൊഴിലാളിക്ക് ലഭിക്കു. മറ്റ് രംഗത്തെ അപേക്ഷിച്ച് കാർഷികമേഖലയിൽ കൂലി കുറവാണ്. തൊഴിലാളികൾക്ക് ഏകീകരിച്ച കൂലിയില്ല. കൂടുതൽ കൂലി കൊടുക്കുവാനുള്ള കഴിവ് കൃഷിക്കാർക്കും ഇല്ല.

## പട്ടിക

## കർഷകതൊഴിലാളികളുടെ കൂലിനിരക്ക്

| തൊഴിൽ | സമയം | കൂലി |
|---|---|---|
| കന്നടക്കം-ഉഴുതുന്നതിന് | 4-5 മണിക്കൂർ | 150-160 ക |
| പുരുഷതൊഴിലാളി | 8 മണിക്കൂർ | 90-100 ക |
| " " | 5 മണിക്കൂർ | 60-70 ക |
| സ്ത്രീ തൊഴിലാളി | 7-8 മണിക്കൂർ | 30-40 ക |
| " " | 4-5 മണിക്കൂർ | 25-30 ക (നെല്ലും കൂലിയായി കൊടുക്കാറുണ്ട്) |

പഴയരീതിയും പുതിയരീതിയും സമ്മിശ്രമാണ് ഇപ്പോഴത്തെ കൃഷിരീതി. ട്രാക്ടർ, ട്രില്ലർ എന്നിവ ഉപയോഗിക്കുന്നുണ്ട്. കാളവളർത്തൽ ഭാരിച്ച ചെലവ് വരുന്നതുകൊണ്ട് കാളപൂട്ടൽ അപ്രത്യക്ഷമാവുകയാണ്.

ഐ.ആർ.എട്ട്, ജയ, മസൂരി, ത്രിവേണി, ജ്യോതി എന്നീ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്നുണ്ട്. മണ്ണ് പരിശോധിച്ച് ആവശ്യമായ വളപ്രയോഗരീതിയും ഇല്ല. തൽഫലമായി ഉൽപാദനം കുറഞ്ഞ് കരുന്നു. അതിവർഷംകൊണ്ട് വെള്ളംകയറിയും വരൾച്ച, പ്രകൃതിക്ഷോഭം എന്നിവകൊണ്ടും കൃഷിനശിച്ച്പോവുക സർവ്വസാധാരണമാണ്.

കോട്ട, കൊവ്വപ്പുറം, തുറ, പാണ, കുണ്ടം, അതിയടം, പെരിയാട്ട് എന്നിവിടങ്ങളിൽ വർഷകാലത്ത് വെള്ളം കെട്ടിനിൽക്കുന്നതിനാൽ കൃഷി നശിച്ചുപോകുന്നു.

നെൽകൃഷി ലാഭകരമല്ലാത്തതിനാൽ നെൽപ്പാടങ്ങൾ നികത്തി വീട്വെക്കുകയും തെങ്ങും മറ്റ് നാണ്യവിളകളും കൃഷിചെയ്തുവരുന്നു. മുമ്പുണ്ടായിരുന്ന നെൽപ്പാടങ്ങൾ മൂന്നിൽ രണ്ടായി ചുരുങ്ങി.

## പട്ടിക - 1

## കൈവശഭൂമിയുടെ സ്വഭാവം

| സെൻറ് | കൈവശക്കാരുടെ എണ്ണം |
|---|---|
| 1 മുതൽ 10 വരെ | 1650 |
| 10 മുതൽ 25 " | 1000 |
| 25 " 50 " | 2000 |
| 50 " 100 " | 1000 |
| 100 " 200 " | 500 |
| 200 " 500 " | 100 |
| 5 ഏക്കറിന് മേലെയുള്ളവർ | 50 |

(1928 ലെ സെറ്റിൽമെൻറിലെ രേഖ - അവലംബം)


## പട്ടിക - 2

## ഭൂപ്രകൃതി

| ഭൂപ്രകൃതി | വിസ്തീർണ്ണം | മൺതരം |
|---|---|---|
| കുന്നിൻപ്രദേശം | 1349.87 ഏക്കർ | പാറ-ചെമ്മണ്ണ് |
| ചരിവ്പ്രദേശം | 2500.00 " | ചെമ്മണ്ണ്-ചരൽ |
| താഴ്വാരപ്രദേശം (പുരയിടങ്ങൾ) | 1660.27 " | ചെമ്മണ്ണ്-ചേടി |
| വയൽപ്രദേശം | 2174.70 " | ഏക്കൽമണ്ണ്, കളിമണ്ണ്, പൂഴിമണ്ണ് |
| ജലാശയങ്ങൾ | 244.42 "- | |

(അവലംബം - കൃഷിഭവൻ രേഖകൾ)

# ചെറുതാഴം പഞ്ചായത്ത്




## മണ്ണിനങ്ങൾ

| | | |
|---|---|---|
| 1. ചുറ്റേരിവയൽ | I | – മണൽകലർന്ന പശിമരാശിമണ്ണ് |
| 2. ഞവരനെല്ല് വയൽ | II, III | – പശിമരാശിമണ്ണ് |
| 3. കോരകാട് പണവയൽ | IX, X | – മണൽ മണ്ണ് |
| 4. കുളപ്രം വയൽ | V, VI | – പശിമരാശിമണ്ണ് |
| 5. പെരിയാട്ട് വയൽ | IV | – മണൽ കലർന്ന പശിമരാശിമണ്ണ് |
| 6. ഞണിയടം വയൽ | VII | – പശിമരാശിമണ്ണ് |
| 7. മേലഞണിയടം വയൽ | VI, VII | – പശിമരാശിമണ്ണ് |
| 8. നീസ്ഥ വയൽ | VI | – പശിമരാശിമണ്ണ് (8) |
| 9. ഓരി വയൽ | VIII (8A) | – മണൽ കലർന്ന പശിമരാശിമണ്ണ് |
| 10. രാമച്ചൂരം വയൽ | VIII | – മണൽ മണ്ണ് |
| | VIII | – കളിമണ്ണ് കലർന്ന പശിമരാശി മണൽ മണ്ണ് കലർന്ന പശിമരാശി |

## മറ്റുള്ള പ്രദേശങ്ങളിലെ മണ്ണിനങ്ങൾ

| | |
|---|---|
| I, II, III, IV, V, VI, VII, IX | – ചരൽ മണ്ണ് |
| VIII തൊഴുത്ത്, പുഞ്ചയും നടക്കൽ, വയലുകൾ, | – മണൽ മണ്ണ് |
| VIII കുന്നുകൾ | – ചരൽ മണ്ണ് |
| IX തൈക്കടപ്പുറം | – മണൽ മണ്ണ് |
| III, I തൃക്കുടയിൽ, | – കളിമണ്ണ് |
| VIII ചെമ്പല്ലിക്കുണ്ടിന്റെ കിഴക്കൻ ഭാഗം | – " " |
| IX ചെമ്പല്ലിക്കുണ്ടിന്റെ പടിഞ്ഞാറ്റുഭാഗം | – " " |
| IX തുരുത്തിൽവട | – കുണ്ടും കുഴിയുമുള്ള കരഭൂമി |
| VIII പാടശേഖരം | – " " |
| I തെൻവയൽ | |

## പട്ടിക - 3

## പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ

| പേര് | വിസ്തീർണ്ണം | സ്ഥലത്തിന്റെ സ്വഭാവം |
|---|---|---|
| 1. വയലപ്രപരപ്പ് | 50 ഏക്കർ | പുറമ്പോക്ക് |
| 2. കുരളുവായവട്ട | 13 ഏക്കർ | " |

ചെറുതാഴം, കൊവ്വൽ, കൊവ്വപ്പുറം, കോടിത്താഴെ, പെരുവയൽ, കോട്ട മുതലായ പ്രദേശങ്ങളിൽ വയൽനികത്തി തെങ്ങ്കൃഷി ചെയ്തുവരുന്നു. കുന്നിൻപ്രദേശങ്ങളിൽ കശുമാവും റബ്ബറും കൃഷിചെയ്തുവരുന്നുണ്ട്.

കൃഷി ഇന്ന് ഒരു ഉപതൊഴിൽ മാത്രാണ്. ഒരുകാലത്ത് 70% ജനങ്ങളും കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചിരുന്നിടത്ത് ഇപ്പോൾ കേവലം 30% ൽ താഴെ മാത്രമെ കൃഷിയെ ആശ്രയിക്കുന്നുള്ളു.

നെൽവയൽ തുണ്ടംതുണ്ടമായി കിടക്കുന്നു. ഒരേക്കറിൽ കുറവുള്ള കർഷകരാണ് അധികവും. മണ്ണിന്റെ ഫലഭൂയിഷ്ഠത വ്യത്യസ്തമാണ്. അതിനാൽ കൂട്ടുകൃഷി സമ്പ്രദായത്തിന് കൃഷിക്കാർ ഇഷ്ടപ്പെടുന്നില്ല. യന്ത്രവൽക്കരണത്തിന് പറ്റിയ ഭൂതലമല്ല നമ്മുടേത്.

പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ല. കൃഷിഭവൻ മുഖേന കർഷകർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ വില്ലേജിന്റെ എല്ലാഭാഗത്തും അറിയുന്നില്ല. പഞ്ചായത്തിൽ താഴെപറയുന്ന പത്ത് പാടശേഖരങ്ങൾ ഉണ്ട്.

1. പുറച്ചേരി
2. അറത്തിൽ
3. നരിക്കാംവള്ളി
4. പെരിയാട്ട്-മണ്ടൂർ
5. കുളപ്രം
6. ശ്രീസ്ഥ
7. മേലെ അതിയടം
8. അതിയടം
9. രാമപുരം-ചെറുതാഴം
10. കോക്കാട്-പാണവയൽ

പുറച്ചേരി, കുളപ്രം, ശ്രീസ്ഥ പാടശേഖരങ്ങളിൽ ട്രില്ലർ ഉണ്ട്. പാടശേഖരകമ്മിറ്റികളുടെ പ്രവർത്തനം സജീവമല്ല. കൃഷിഭവൻ ഡമോൺസ്ട്രേറ്റർമാരും പാടശേഖരകമ്മിറ്റികളുമായുള്ള ബന്ധം തൃപ്തികരമല്ല.

കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റ് സംവിധാനം പഞ്ചായത്തിനകത്തില്ല. നെല്ല് പുഴുങ്ങിക്കുത്തുന്ന മില്ല് അടുത്തെങ്ങുമില്ല. രണ്ട് അവിൽമിൽ പ്രവർത്തിക്കുന്നുണ്ട്.

## കാർഷികരംഗത്ത് പരിഗണിക്കേണ്ടുന്ന പ്രധാനപ്രശ്നങ്ങൾ

1. കൃഷിക്കാർക്ക് വേണ്ടത്ര ജലസേചനസൗകര്യം ഇല്ല.
2. കാട് നഷ്ടപ്പെടുന്നതിനാൽ പച്ചിലയുടെ ദൗർലഭ്യം കാരണം ജൈവവളപ്രയോഗം കുറയുന്നു.
3. ഉൽപാദനച്ചിലവ് വർദ്ധിച്ച്വരുന്നതിനാൽ നെൽകൃഷി ലാഭകരമല്ല.
4. നെൽവയൽ തുണ്ടംതുണ്ടമായി കിടക്കുന്നതിനാൽ യന്ത്രവൽക്കരണം സാധ്യമാകുന്നില്ല.
5. അതിവർഷം പെട്ടെന്ന് കൃഷിനാശത്തിന് കാരണമാകുന്നു.
6. ഉൽപാദനച്ചെലവിനനുസരിച്ച് നെല്ലിന് വിലകിട്ടുന്നില്ല.
7. തെങ്ങ്, കവുങ്ങ, വാഴ എന്നിവക്ക് പ്രായേണ വളപ്രയോഗം കുറവാണ്.
8. കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം പഞ്ചായത്തിലില്ല.
9. ചെന്നീരൊലിപ്പ് പോലുള്ള രോഗങ്ങൾ കാരണം തേങ്ങ ഉൽപ്പാദനം കുറയുന്നതിനും തെങ്ങുകളുടെ നാശത്തിനും കാരണമാകുന്നു.
10. കർഷകതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
11. കാർഷികമേഖലയിലെ കീടബാധ ഉൽപാദനം ഗണ്യമായി കുറക്കുന്നു.
12. കശുമാവിന് തേയില കൊതുക് ശല്യം, കുരുമുളകിന് ദ്രുതവാട്ടവും, കവുങ്ങിന് മഹാളിരോഗവും വ്യാപകമാണ്.
13. കാർഷികനഴ്സറി പഞ്ചായത്തിലില്ല.

14. പച്ചക്കറി വിത്തുകൾ നല്ലയിനം കിട്ടാനില്ല. കീടബാധയും പ്രശ്നങ്ങളാണ്.
15. ട്രില്ലർ, ട്രാക്ടർ എന്നിവ വയലിലിറക്കുന്നതിനാവശ്യമായ ഗതാഗതസൗകര്യം ഇല്ല.
16. ജലസേചനത്തിനാവശ്യമായ ആണിതോടുകൾ ഇല്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ ഏറ്റവും നീളംകൂടിയതും ഏകദേശം 200, 300 ഹെക്ടർ സ്ഥലത്ത് കൃഷിക്ക് ഉപയോഗപ്രദവുമായ കാപ്പുങ്ങൽ-അതിയടം-കുണ്ടംതോട് ആവശ്യമുള്ളിടത്ത് ആഴവും വീതിയുംകൂട്ടി സൈഡ് ബണ്ട് കെട്ടി സംരക്ഷിക്കുക.
2. മേൽ തോടിൽ നിലവിലുള്ള ക്രോസ്ബാറുകൾ റിപ്പയർ ചെയ്ത് പലകളിടുക.
3. മേൽതോടിന് കാപ്പുങ്ങൽ, പൂന്തോട്ടം, കുറ്റ്യാടി, കരുവൻവയൽ, കുണ്ടൻതോടും വലിയതോടും ചേരുന്ന സ്ഥലം എന്നിവിടങ്ങളിൽ പുതിയ ക്രോസ്ബാറും മേലെ അതിയടം, പൂവ്വത്തിൻതാഴെ, ചെറുതാനം, ഒണ്ടറ, ആയക്കിൽ, കുണ്ടം എന്നിവിടങ്ങളിൽ ചെക്ക്ഡാമുകളും നിർമ്മിക്കണം.
4. ഏതാണ്ട് 100-150 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ഉപകരിക്കുന്ന പിലാത്തറ-പെരിയാട്ട്-തുറ വയൽ തോട് ആഴവും വീതിയുംകൂട്ടി സൈഡ് ബണ്ട് കെട്ടി സ്ഥാപിക്കുക. മേൽതോടിന് പെരിയാട്ട്, ഒറന്നിടത്ത്ചാൽ, തുറ എന്നിവിടങ്ങളിൽ ക്രോസ്ബാറുകളും അവക്കിടയിൽ 5 ഇടത്ത് ചെക്ക്ഡാമുകളും നിർമ്മിക്കുക.
5. ഹനുമാരമ്പലം-നടക്കൽതാഴെ-ഓക്ര-തുറത്തോട് ആഴവും വീതിയും കൂട്ടി സൈഡ് ബണ്ട് കെട്ടി സംരക്ഷിക്കുക. മേൽതോടിന് മൂലയിൽ, നടക്കൽതാഴെ, ചെറുതാഴം ഓക്ര, തുറ എന്നിവിടങ്ങളിൽ ചെക്ക്ഡാം/ക്രോസ്ബാർ നിർമ്മിക്കുക.
6. അറത്തിൽ വയൽതോടിന് ആഴവും വീതിയും കൂട്ടി സൈഡ് ബണ്ട്കെട്ടി ഇന്ന് നിലവിലുള്ള ക്രോസ്ബാറുകൾ റിപ്പയർ ചെയ്യുകയും പഴശ്ശി, ക്ഷീരവള്ളിതാഴെ, പട്ടേരികല്ല്നടക്ക്താഴെ എന്നിവിടങ്ങളിൽ ചെക്ക്ഡാം/ക്രോസ്ബാറുകൾ സ്ഥാപിക്കുക.
7. അറത്തിലമ്പലംമുതൽ തോട്വരെ പുതുതായി ആണിതോട് നിർമ്മിക്കുക. ഇതുമൂലം അറത്തിൽവയലിൽ 2 വിളകൃഷിയിറക്കാം.
8. പുറച്ചേരിവയൽതോട് ആഴവും വീതിയുംകൂട്ടി സൈസ്ബണ്ട് കെട്ടണം. ആറിടത്ത് ചെക്ക് ബണ്ടുകൾ നിർമ്മിക്കണം.
9. കാരാട് -പുത്തൂർ-കക്കോണി വയൽതോട് ആഴവും വീതിയുംകൂട്ടി ആവശ്യമായ ചെക്ക് ബണ്ടുകൾ സ്ഥാപിച്ചാൽ തോടിന്റെ വശങ്ങളിലുള്ള പാടങ്ങളിൽ രണ്ട് വിളയെടുക്കാം.
10. പാണതോടിന് ബാക്കി ഭാഗങ്ങൾ ആഴവും വീതിയുംകൂട്ടി ആവശ്യമുള്ളിടത്ത് ചെക്ക് ബണ്ടുകൾ നിർമ്മിക്കണം.
11. നമ്പൂതിരികുളം-കുളപ്രംവയൽതോട് ആഴംകൂട്ടി ഇരുവശവും ആണിത്തോട് നിർമ്മിച്ച് ആവശ്യമുള്ളിടത്ത് ചെക്ക്ഡാമുകളും സ്ഥാപിക്കണം.
12. അതിയടത്തെ എല്ലാകാലവും വെള്ളംകിട്ടുന്ന വിരഞ്ഞിറതോട് ആഴംകൂട്ടി സൈഡ്കെട്ടി സംരക്ഷിക്കണം.
13. നടുവാടി-ചെറുതാനം ഭാഗത്തേക്ക് വെള്ളംകൊണ്ടുപോകാൻ ചെക്ക് ഡാമുകളും ഓവുകളും ഉണ്ടാക്കണം.
14. കുളപ്രം വലിയതോട് ആഴംകൂട്ടി രണ്ടിടത്ത് ക്രോസ്ബാറുകൾ നിർമ്മിക്കണം.
15. രാമപുരം പുഴയിൽ-വയലപ്ര ചെമ്പല്ലിക്കുണ്ട് അണക്കെട്ടിനുമുകളിൽ അണക്കെട്ട് നിർമ്മിക്കുക.
16. കുരൾവായവട്ടക്ക് സമീപം റഗുലേറ്റർ പണിത് ശുദ്ധജലം സംഭരിക്കണം.
17. കൊവ്വൽ പാണച്ചിററോഡ് കൾവർട്ട് മുതൽ പാണച്ചിറതോട്വരെ ആണിതോട് നിർമ്മിക്കണം.
18. പടിഞ്ഞാറെ പുറച്ചേരിവയൽ തോട് ആഴവുംവീതിയും കൂട്ടി ആവശ്യമായിടത്ത് ബണ്ടുകൾ നിർമ്മിക്കണം.
19. പെരുവയൽതോട് ആഴവും വീതിയുംകൂട്ടി നാലിടത്ത് ചെക്ക് ബണ്ടുകൾ സ്ഥാപിക്കുക.
20. മഠത്തിലെ വയലിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ നടപടിയുണ്ടാകണം.
21. പട്ടമ്മാർതാഴെ ഒരു ക്രോസ്ബാർ സ്ഥാപിക്കണം.
22. ചാലിൽ തോട്ടുങ്കരതോട് ആഴവും വീതിയുംകൂട്ടുക. ആവശ്യമായിടത്ത് ചെക്ക് ബണ്ട് നിർമ്മിക്കുക.
23. താഴെ പറയുന്നിടങ്ങളിൽ കോൺക്രീറ്റ് കിണറുകൾ സ്ഥാപിച്ച് ജലസേചനസൗകര്യം ഉണ്ടാക്കുക.

| സ്ഥലം | കിണറിന്റെ വിസ്തീർണ്ണം | ഉപയോഗപ്രദമാകുന്ന കൃഷിസ്ഥലം |
|---|---|---|
| 1. പടന്നപ്പുറം | 7 മീ×ഡയമീറ്റർ | 10 ഏക്ര |
| 2. ചോലവളപ്പിൽനാണിയുടെ വീട്ടിന്താഴെ | " | 15 ഏക്ര |
| 3. തേണങ്കോട്ട് താഴെ | " | 15 ഏക്ര |
| 4. കോക്കാട് വായനശാലക്ക് സമീപം | " | 15 ഏക്ര |

24. പെരിയാട്ട് മൂലത്തോട്, കിഴക്കെ പാണറയൽ, കണ്ടോക്കാരന്റെ വീട്ടിന്താഴെ, പടിഞ്ഞാറെ പുറച്ചേരിറവയൽ എന്നിവിടങ്ങളിൽ പുതിയതായി കുളങ്ങൾ കുഴിക്കണം.
25. നിലവിലുള്ള പഞ്ചായത്ത് കുളങ്ങൾ ആവശ്യമായ അറ്റകുറ്റപണികൾ ചെയ്ത് ജലലഭ്യത ഉറപ്പ് വരുത്താവുന്നതാണ്.
26. പഞ്ചായത്തിനകത്തെ സ്വകാര്യകുളങ്ങൾ പരിഷ്കരിച്ച് ജലം ഉപയോഗപ്രദമാക്കാവുന്നതാണ്.
27. നെൽകൃഷി പ്രോൽസാഹിപ്പിക്കുവാൻ സൗജന്യവിദ്യുച്ഛക്തി മുതൽ സഹായപദ്ധതികൾ ആവിഷ്കരിക്കണം.
28. തെങ്ങുകൃഷി സംരക്ഷണപദ്ധതി വിപുലപ്പെടുത്തണം.
29. നശിച്ചുപോകുന്ന തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയകൃഷി പുനരുദ്ധരിക്കാൻ പദ്ധതിയാവശ്യമാണ്.
30. പച്ചിലവളച്ചെടിയുടെ പ്രാധാന്യം കർഷകരെ ബോധ്യപ്പെടുത്തുകയും വളർത്താനാവശ്യമായ പദ്ധതികളും ഉണ്ടാകണം.
31. വിത്ത്-കീടനാശിനി-കാർഷിക ഉപകരണങ്ങൾ എന്നിവ യഥാസമയം കുറഞ്ഞനിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് കഴിയണം.
32. കൃഷിഭവൻ പ്രവർത്തനം കാര്യക്ഷമമാക്കുക. മാസത്തിൽ ഒരു തവണയെങ്കിലും പാടശേഖരത്തിൽ കൃഷിക്കാരെ വിളിച്ചുചേർത്ത് ബോധവൽക്കരണം നടത്താം. പാടശേഖര കമ്മിറ്റികൾ സജീവമാക്കണം.
33. നിർമറി പ്രദേശത്തെ ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.
34. തരിശുഭൂമി കശുവണ്ടികൃഷിക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്.
35. വിത്തുകളും നടീൽവസ്തുക്കളും യഥാസമയത്ത് തന്നെ വിതരണം ചെയ്യുമെന്ന് ഉറപ്പുവരുത്തണം.
36. എല്ലാവിളകൾക്കും സൗജന്യ ഇൻഷൂറൻസ് ഏർപ്പെടുത്തണം.
37. രാസവള സബ്സിഡി നിലനിർത്തണം.
38. പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കാൻ നല്ലയിനം വിത്ത് വിതരണം ഉൾപ്പെടെയുള്ള പ്രോൽസാഹന പരിപാടി വേണം.
39. ഉൽപന്നങ്ങൾ വിറ്റഴിക്കാൻ പഞ്ചായത്തിനകത്ത് സംവിധാനം വേണം.
40. വാഴ, കൈത, കൂൺ, പട്ടുനൂൽകൃഷി, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, മരച്ചീനി തുടങ്ങിയവ ഇടവിളകളുടെ വ്യാപനം ഉണ്ടാക്കാൻ പദ്ധതികൾ വേണം.
41. മണ്ണൊലിപ്പ്, മഴവെള്ളത്തിന്റെ കുത്തിയൊഴുക്ക് എന്നിവ തടയുന്നതിന് പരിപാടി വേണം.
42. സംഘടിതമായി കൃഷിപ്പണികൾ ചെയ്യുന്ന സമ്പ്രദായം പ്രോൽസാഹിപ്പിക്കണം.
43. ചെറുതാഴം പഞ്ചായത്തിൽ അഞ്ഞൂറിലധികം അംഗങ്ങളുള്ള കേരകർഷകസമിതി രജിസ്റ്റർചെയ്ത പ്രവർത്തനം ആരംഭിച്ചുവെങ്കിലും കേരകർഷകർക്ക് ഗുണപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.
44. 2-3 വാർഡുകൾ കേന്ദ്രീകരിച്ചു നടക്കുന്ന നിർമറി പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കണം.
45. 1 - 2 വാർഡുകൾ ചേർന്ന് പുറച്ചേരി നിർമറി പദ്ധതി
    1 - 10 വാർഡുകൾ ചേർന്ന് ഏഴിലോട് നിർമറി പദ്ധതി
    7 വാർഡുകൾ ചേർന്ന് അതിയടം-ശ്രീസ്ഥ-പടന്നപ്രം നിർമറി പദ്ധതി
    4 - 5 വാർഡുകൾ ചേർന്ന് പെരിയാട്ട് - കുളപ്രം നിർമറി പദ്ധതി
    8 - 9 വാർഡുകൾ ചേർന്ന് ചെറുതാഴം നിർമറി പദ്ധതി എന്നീ പദ്ധതികൾ കൂടി തയ്യാറാക്കാവുന്നതാണ്.

46. വിത്തുൽപാദനശേഖരണവും വിതരണവും പഞ്ചായത്ത്തലത്തിൽ നടത്താൻ പദ്ധതിവേണം.
47. കൃഷിഭവൻ ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം ഫീൽഡിൽ ഉറപ്പുവരുത്തണം.

## പട്ടിക - 4

## പഞ്ചായത്തിലെ തോടുകൾ

| നമ്പർ | പേര് | നീളം |
|---|---|---|
| 1. | പുറച്ചേരിവയൽതോട് | 3 കി.മീ. |
| 2. | പടിഞ്ഞാറെ പുറച്ചേരിവയൽതോട് | 3 കി.മീ |
| 3. | ചാലിൽതോട്ടുങ്കരതോട് | 2 കി.മീ. |
| 4. | പിലാത്തറ - അറത്തിൽ - കോട്ടക്കുന്ന് കുരൾവായതോട് | 6 കി.മീ. |
| 5. | പെരിയാട്ട് - ഓത്തിടത്ത്ചാൽ തുറതോട് | 4 കി.മീ. |
| 6. | കുളപ്രംകമ്പനി-നമ്പൂതിരികുളം-കുളപ്രം-ചാലാകൈതോട് | 4 കി.മീ. |
| 7. | ചെന്നക്കുഴി-പാലയാട്-അലക്യംതോട് | 3 കി.മീ. |
| 8. | കാപ്പുങ്ങൽ-അതിയടം-കുണ്ടംതോട് | 12 കി.മീ. |
| 9. | പുത്തരിക്കാവ് തോട് | $1\frac{1}{2}$ കി.മീ. |
| 10. | വിരഞ്ഞിറതോട് | 2 കി.മീ. |
| 11. | ഹനുമാരമ്പലം-നടക്കാൽതാഴെ-ഓക്കറ-തുറതോട് | 5 കി.മീ. |
| 12. | പെരുവയൽ-ചെറുതാഴം-മണ്ടൂർ വയൽതോട് | 3 കി.മീ. |
| 13. | കാരാട്ട്-കക്കോത്തി-പുത്തൂർ-തോന്തോട് | 9 കി.മീ. |
| 14. | ആമണക്കെ-ചൈനാക്ലേ-ചെമ്പല്ലിക്കുണ്ട്തോട് | 2 കി.മീ. |

## പട്ടിക - 5

## ഇന്ന് കൃഷിക്ക് ഉപയോഗിക്കുന്ന വളങ്ങളും കീടനാശിനികളും

| ഇനം | ജൈവവളം | രാസവളം | രോഗങ്ങൾ | കീടനാശിനി |
|---|---|---|---|---|
| നെല്ല് | പച്ചില-ചാണകം, പിണ്ണാക്ക്-കുമ്മായം | കൂട്ടുവളം ഫാക്ടംഫോസ്, യൂറിയ-പൊട്ടാഷ് | മുഞ്ഞ, ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, പോളരോഗം | ഡയമക്രോൺ, എക്കാലക്സ്, BHC പൗഡർ, ഫ്യൂറഡാൻ |
| പയർവർഗ്ഗങ്ങൾ | കമ്പോസ്റ്റ്,കുമ്മായം | കൂട്ടുവളം | മുരടിപ്പ് | മലാത്തിയോൺ |
| തെങ്ങ് | പച്ചില-ചാണകം, പിണ്ണാക്ക്, കുമ്മായം, മറ്റ് ജൈവവളങ്ങൾ | കൂട്ടുവളം | കരചാട്ടം, കൂമ്പുചിയൽ, വേരുചീയൽ | ബോഡോകുഴമ്പ്, താറ്, കാലക്സ് |
| കവുങ്ങ് | " | " | മഹാളി | ബോഡോമിശ്രിതം |
| കശുമാവ് | " | " | തണ്ടുതുരപ്പൻ, തേയിലകൊതുക് | എൻഡോസൾഫാൻ എക്കാലക്സ് |
| റബ്ബർ | പച്ചിലവളം | " | മഞ്ഞളിപ്പ് | സെവിൻ |
| വാഴ | കമ്പോസ്റ്റ്,പിണ്ണാക്ക് | " | കുറുനാമ്പ്രോഗം | - |
| പച്ചക്കറി | കമ്പോസ്റ്റ് | അമോണിയംസൾഫേറ്റ് | കുമിൾരോഗം, വേരുചീയൽ | - |

# പട്ടിക - 6

## ഭൂവിനിയോഗം

| ഇനം | മേനി | വിസ്തീർണ്ണം |
|---|---|---|
| നെല്ല്-ഒന്നാംവിള | 15-25 | 1000 ഏക്കർ |
| നെല്ല്-രണ്ടാംവിള | 20-25 | 1000 " |
| തെങ്ങ് | 20-25 | 3062 " |
| കവുങ്ങ് | 70-80 എണ്ണം | 125 " |
| കശുമാവ് | 2 കിലോ | 2322 " |
| പയർവർഗ്ഗങ്ങൾ | 10-20 | 187 " |
| വാഴ | 5-10 കി. | 75 " |
| കുരുമുളക് | 1-2 കി. | 125 " |
| റബ്ബർ | --- | 80 " |
| മാവ് | --- | 30 " |
| പ്ലാവ് | --- | 10 " |
| മരച്ചീനി | --- | 62 " |
| പച്ചക്കറി | --- | 50 " |

അവലംബം - കൃഷിഭവൻ രേഖകൾ


## പഞ്ചായത്ത്വക കുളങ്ങൾ

| നമ്പർ | കുളങ്ങളുടെ പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | കൊമ്പൻകുളം | 10 സെൻറ് |
| 2 | പഴശ്ശികുളം | 15 " |
| 3 | മൊടോൻകുളം | 10 " |
| 4 | വീരാണ്ടികുളം | 10 " |
| 5 | മംഗലത്തില്ലംകുളം | 15 " |
| 6 | നമ്പൂതിരികുളം | 15 " |
| 7 | കരിയാമ്പ്തിടിൽ | 10 " |
| 8 | വിരഞ്ചിറകുളം | 10 " |
| 9 | നടക്കൽകുളം | 10 " |
| 10 | പെരുവയൽകുളം | 10 " |
| 11 | വാരണക്കോട്ടില്ലം | 30 " |

## പട്ടിക - കൃഷി

| നമ്പർ | പ്രവൃത്തിയുടെ പേര് | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | ചെമ്പല്ലിക്കുണ്ട് ഉപ്പുവെള്ള പ്രതിരോധ അണക്കെട്ട് | 1968 | 10,00,000/- | 148.34 |
| | | | | |
| 2 | റി.സ. നമ്പർ 204ൽ ഒരുകുളം ജലസേചനത്തിന് | 1972 | 16,800/- | 10.97 |
| 3 | അറത്തിൽ വയൽ തോടിന് കുറുകെ ക്രോസ് ബാർ | 1972 | 95,800/- | 42.92 |
| 4. | കുണ്ടുതോടിന് കുറുകെ ഒരു ക്രോസ്ബാർ | 1973 | 64,800/- | 16.39 |
| 5. | അടിമാം മനതാഴെ ജലസേചനകുളം | 1976 | 9,000/- | 2.63 |
| 6. | നക്കുഴിതാഴെ ജലസേചനകുളം പുന:രുദ്ധാരണം | 1976 | 6,000/- | 5.13 |
| 7. | മാലത്തില്ലം കുളം പുന:രുദ്ധാരണം | 1973 | 2,000/- | 7.67 |
| 8. | വീരചാമുണ്ടികുളം പുന:രുദ്ധാരണം | 1968 | 17,600/- | 34.91 |
| 9. | തോമക്കുളം പുന:രുദ്ധാരണം | 1973 | 10,000/- | 10.54 |
| 10. | എരിഞ്ഞിവയൽകുളം പുന:രുദ്ധാരണം | 1976 | 4,500/- | 6.56 |
| 11. | കൊരൾവായിചിറ ഉപ്പുവെള്ള പ്രതിരോധ ക്രോസ്ബാർ | 1960 | 25,900/- | 51.22 |
| 12. | അതിയടം വയൽതോടിൽ നടപ്പുറത്ത് ക്രോസ്ബാർ | 1968 | 12,100/- | 19.98 |
| 13. | അതിയടം വയൽതോടിൽ പടന്നപ്രത്ത് ക്രോസ്ബാർ | 1968 | 12,600/- | 24.37 |
| 14. | അതിയടം വയൽതോടിൽ ചെറിക്കൽ ചിറഅണക്കെട്ട് (റി.സ.ന:635/9) | 1969 | 8,200/- | 15.64 |
| 15. | സർവ്വേനമ്പർ 302ൽ കായക്കേൽകുളം പുന:രുദ്ധാരണം | 1979 | 9,500/- | 4.35 |
| 16. | കക്കൻചിറ ആഴവും വീതിയും കൂട്ടൽ | 1979 | 4,000/- | 2.12 |
| 17. | റി.സ.ന: 635/9ൽ നമ്പൂതിരികുളം പുന:രുദ്ധാരണം | 1980 | 5,200/- | 4.88 |
| 18. | മേലെഅതിയടം വയൽതോടിൽ ഒരു ക്രോസ്ബാർ നിർമ്മാണവും കാപ്പുങ്ങൽ മുക്കൽ ശ്രീ അയ്യപ്പൻ ക്ഷേത്രം വരെ തോടിന്റെ സൈഡ് കെട്ടലും | 1990 | 1,78,000/- | 50.00 |

അവലംബം - പഞ്ചായത്ത് രേഖകൾ




1. ചുറച്ചേനിവയൽ തോട് I
2. പടിഞ്ഞാറെ ചുറച്ചേനിവയൽ തോട് I
3. ചാലിൽ തോട്ടുകര തോട് I
4. ണറത്തിൻ വയൽ തോട് II, III
5. പെരിയാട്ട്-ഇറ-കുന്നംതോട് IV V VI VII
6. കൂളിച്ചംനനൂതിനികുളം ചാലിൻകൈ തോട് V VI
7. കുഞ്ഞനങ്ങഴി-കുറുവ-ചാലയാട് അലമ്പം തോട് V
8. കാപ്പുകൽ ണതിയടം വയൽ കുണ്ടം തോട് VI VII
9. വടക്കിനകം തോട് VI
10. വീരഞ്ചിറ തോട് VII
11. ഹനുമാരമ്പലം നടക്കൽ ണമ്പ്രം കുളത്തിങ്കൽ തോട് VIII
12. പൊങ്ങവയൽ-കിണർകുൽ-ഇറ തോട് VIII VII
13. കാരാട്ട് കുണ്ടാണ്ണി-പുന്നൂർ-ചാണവയൽ തോംതോട് ചെമ്പല്ലിക്കുണ്ട് തോട് V IX
14. ണവണക്കൈ-തൈനാക്കര ചെമ്പല്ലിക്കുണ്ട് തോട് VIII

## പട്ടിക - കൃഷി
## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| പുരയിടം | 400 ഹെക്ടർ |
| പുറമ്പോക്ക് | 39.8 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | 75 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 128 ഹെക്ടർ |
| ആകെ | 3219.8 ഹെക്ടർ |

## പട്ടിക കൃഷി
## കഴിഞ്ഞ 3 വർഷത്തെ നടിൽ വസ്തു വിതരണം

| | 1993-94 എണ്ണം | 1994-95 എണ്ണം | 1995-96 എണ്ണം |
|---|---|---|---|
| തെങ്ങ് നാടൻ സങ്കരയിനം | WCT-1800<br>T X D - 80 | WCT-2100<br>T X D - 606 | WCT 1100<br>T X D - 125<br>D X T - 30 |
| കശുമാവ് | 5693 | - | 1580 |
| കുരുമുളക് | 5000 + 6250<br>1500 | 5500+<br>4000 | 9000 കരിമുണ്ട<br>2000 പന്നിയൂർ |
| കവുങ്ങ് | മംഗള 150 | - | - |
| ഒട്ട് മാവ് | 60+40 | - | 100 |
| സപോട്ട | - | - | 44 |
| ജാതിക്ക | 100 | 150 | 50 |
| ബുഷ്പെപ്പർ | - | - | 50 |
| കറുവപ്പട്ട | - | - | 50 |
| പ്ലാവ് | 5 | - | - |
| പേര | 5 | - | - |

അവലംബം - കൃഷിഭവൻ രേഖകൾ

## പട്ടിക കൃഷി
## ചെറുതാഴം പഞ്ചായത്തിൽ വാർഡ്തലത്തിൽ ഉള്ള കാർഷികോപകരണങ്ങൾ

| വാർഡ് | ടില്ലർ | നാടൻ കലപ്പ കലപ്പ | റോക്ക് സ്പ്രെയർ | നാപ് സ്റ്റാക്ക് സ്പ്രെയർ | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം |
|---|---|---|---|---|---|---|
| I | 1 | 2 | | | | |
| II | 3 | | | | | |
| III | 3 | 3 | 3 | 5 | | |
| IV | - | 3 | | | | |
| V | - | 1 | | | | |
| VI | 1 | 2 | | | | |
| VII | 1 | 2 | | | | |
| VIII | - | 3 | | | | |
| IX | 1 | 2 | | | | |
| X | - | 4 | | | | |

അവലംബം - കൃഷിഭവൻ രേഖകൾ

കാലാവസ്ഥ സംബന്ധിച്ച് വർഷപാതത്തിന്റെ ... വർഷത്തെ കലണ്ടർ താഴെകൊടുക്കുന്നു


അവലംബം - കാലാവസ്ഥ നിരീക്ഷണ കേന്ദ്രം, പിലിക്കോട്

Year : 1993

| | JAN. | FEB. | MARCH | APRL. | MAY | JUNE | JULY | AUG. | SEPT. | OCT | NOV. | DECE. |
|---|---|---|---|---|---|---|---|---|---|---|---|---|
| Rainfall (mm) | 0.0 | 0.0 | 9.2 | 0.0 | 62.8 | 1003.4 | 1074.5 | 472.0 | 46.9 | 303.6 | 66.2 | 77.9 |
| Temperature (max) C° | 31.9 | 32.7 | 33.2 | 33.4 | 30.6 | 31.0 | 29.3 | 30.4 | 30.4 | 31.4 | 31.5 | |
| Minimum | 18.7 | 20.4 | 23.3 | 24.4 | 25.7 | 24.0 | 23.3 | 23.0 | 23.6 | 23.8 | 23.0 | 21.0 |
| Relative Humidity % (Morning) | 95.8 | 92.8 | 86.8 | 87.0 | 87.2 | 95.8 | 95.6 | 98.4 | 94.7 | 96.5 | 90.7 | 93.4 |
| Evening | 57.7 | 56.5 | 63.3 | 65.2 | 65.8 | 83.8 | 89.7 | 83.9 | 74.7 | 79.0 | 72.3 | 64.7 |
| Evaporation : mm/da | 4.6 | 4.9 | 5.6 | 6.2 | 5.4 | 2.8 | 2.3 | 3.4 | 4.4 | 3.5 | 3.9 | 3.7 |
| Sun Shine hrs. : hrs parday | 9.6 | 10.6 | 9.8 | 10.4 | 9.1 | 4.7 | 2.8 | 5.1 | 7.1 | 6.1 | 7.5 | 8.1 |
| Avarage Wind Spuds (Km Ph) | - | - | - | - | - | - | - | - | - | - | - | - |

Year : 1993

| | JAN. | FEB. | MARCH | APRL. | MAY | JUNE | JULY | AUG. | SEPT. | OCT | NOV. | DECE. |
|---|---|---|---|---|---|---|---|---|---|---|---|---|
| Rainfall (mm) | 0.0 | 0.0 | 9.2 | 154.5 | 109.2 | 1445.5 | 1609.7 | 793.2 | 139.8 | 469.7 | 73.6 | 0.0 |
| Temperature (max) C° | 31.9 | 32.1 | 32.1 | 32.0 | 30.9 | 28.1 | 27.6 | 28.7 | 29.1 | 30.2 | 31.8 | 31.8 |
| Minimum | 18.7 | 20.2 | 23.6 | 23.8 | 25.6 | 23.8 | 23.2 | 23.5 | 23.1 | 23.5 | 23.2 | 21.0 |
| Relative Humidity % (Morning) | 95.8 | 94.8 | 89.8 | 90.0 | 92.9 | 98.6 | 98.6 | 97.0 | 94.6 | 96.2 | 96.5 | 93.4 |
| Evening | 57.7 | 57.1 | 63.3 | 68.1 | 71.4 | 89.0 | 89.2 | 79.9 | 73.1 | 79.1 | 82.7 | 64.7 |
| Evaporation : mm/da | 4.6 | 4.9 | 5.6 | 6.2 | 5.4 | 2.8 | 2.3 | 3.7 | 4.4 | 3.5 | 3.9 | 3.7 |
| Sun Shine hrs. : hrs parday | 9.6 | 10.6 | 9.8 | 10.4 | 9.1 | 4.7 | 2.8 | 4.1 | 7.1 | 6.1 | 7.5 | 8.1 |
| Avarage Wind Spuds (Km Ph) | - | - | - | - | - | - | - | 2.2 | - | - | - | - |



# മൃഗസംരക്ഷണവും [illegible] പുനഃസ്ഥാപനവും

## മൃഗപരിപാലനം

**ചെ**റുതാഴം ഗ്രാമപഞ്ചായത്തിന്റെ [illegible] ഇവിടുത്തെ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയുമായി [illegible] തുടങ്ങിയതിന്റെ പുരോഗതിക്കുവേണ്ടി പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമ്മിശ്രകൃഷിരീതി അവലംബിച്ചാണ് [illegible] കാണുന്നത്.

ഒരുകാലത്ത് കന്നുകാലികളെ [illegible] ചാൽ, കൊട്ടത്തലച്ചിക്കുന്ന്, [illegible] കാട്, പുത്തൂർമൊട്ട, ഉച്ചൂളിക്കുന്ന് [illegible] ചാൽ, കുളപ്രം [illegible] ഉണ്ടായിരുന്നു.

കന്നുപൂട്ടുന്നതിന് നാടൻപശുക്കളെ [illegible] ഉപയോഗിച്ചിരുന്നു. പിന്നീട് സങ്കരയിനം കാളകളെ (ഫ്രീസ്വാൾ) യാണ് [illegible] ഇവയുടെ അമിതമായ കാലിത്തീറ്റ, പിണ്ണാക്ക് എന്നിവയുടെ ക്രമവിരുദ്ധമായ വിലക്കയറ്റവും [illegible] കാളകളെയും വളർത്തുന്നവർ വിരളമാണ്.

നാടൻ പശുക്കളുടെ സ്ഥാനത്ത് സങ്കരവിഭാഗത്തിൽപ്പെട്ട [illegible] ഉപകരമായി വളർത്തുന്നുണ്ട്. ആട്, എരുമ, പന്നി, മുയൽ എന്നിവയെയും [illegible] വളർത്തുന്നുണ്ട്. ചെറിയതോതിൽ നാടൻ പശുക്കളും ഉണ്ട്.

പഞ്ചായത്തിലുള്ള [illegible] കണക്കുകൾ

| പശു | എരുമ | ആട് | [illegible] | [illegible] | കോഴി |
|---|---|---|---|---|---|
| 1542 | 20 | 309 | 74 | 365 | 3413 |

അവലംബം – [illegible]

കന്നുകാലികളിൽ കാണുന്ന അകിടുവീക്കം, പനി എന്നീ രോഗങ്ങൾ കൃഷിക്കാർക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. പഞ്ചായത്തിന്റെ വടക്കെ അതിർത്തിയായ നരീക്കാംവള്ളിയിൽ ഒരു മൃഗാശുപത്രിയും പിലാത്തറയിൽ ഒരു ഊർജ്ജിത കന്നുകാലി വികസനസെന്ററുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ ഉള്ളവർ അടുത്തില, പയ്യന്നൂർ, ഏമ്പേറ്റ് കേന്ദ്രങ്ങളിൽ ഉള്ള മൃഗാശുപത്രിയെയാണ് ആശ്രയിക്കുന്നത്. കന്നുകാലികളെ ഇണചേർക്കുന്നതിന് പഞ്ചായത്തിലെ വിവിധഭാഗങ്ങളിലും സൗകര്യമില്ല.

പാൽ വിൽക്കാൻ പ്രധാനമായും ആശ്രയിക്കുന്നത് ചെറുതാഴം ക്ഷീരവ്യവസായ സംഘത്തെയും പരിയാരം, ഏഴോം ക്ഷീരവ്യവസായസംഘങ്ങളെയും അൽപം ചിലർ ജനതാ ചാരിറ്റബിൾ സൊസൈറ്റിയെയും ചില സ്വകാര്യവ്യക്തികൾ നടത്തുന്ന സ്ഥാപനത്തെയും ആശ്രയിക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി നമ്മുടെ പഞ്ചായത്തിൽ തീരെയില്ല. കാലിത്തീറ്റയുടെയും പിണ്ണാക്കിന്റെയും അമിതമായ വിലവർധന കന്നുകാലിവളർത്തൽ പ്രയാസകരമാക്കിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഇറച്ചിക്കോഴിയുടെയും, മുട്ടയുടെയും ഉൽപാദനം ആവശ്യവുമായി ബന്ധപ്പെടുത്തി നോക്കിയാൽ വളരെ കുറവാണ്. എല്ലാ വാർഡിലും സാധ്യതയുള്ള ഉപതൊഴിലുകളാണ് കോഴി, പന്നി, ആട്, മുയൽ വളർത്തലുകൾ. കോഴിക്കുഞ്ഞുങ്ങളെ കൃത്യമായി നൽകുകയും ആവശ്യമായ സാമ്പത്തിക സഹായവും പരിശീലനവും നൽകുകയും ചെയ്താൽ ഈ രംഗങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ നേടാൻ സാധിക്കും.


നിയമവിധേയമായി വളർത്തുന്ന പട്ടികളുടെ എണ്ണം വളരെകുറവാണ്. എന്നാൽ എല്ലാ വാർഡിലും അലഞ്ഞുതിരിയുന്ന പട്ടികളുടെ എണ്ണം പെരുകിവരികയാണ്. ഇത്തരം പട്ടികളെ നശിപ്പിക്കുന്നതിന് ഇന്നുള്ള സംവിധാനം പര്യാപ്തമല്ല. പട്ടികളെ വളർത്തുന്നവർ പട്ടികൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കുകയും പ്രതിരോധകുത്തിവെപ്പ് നടത്തിക്കുകയും വേണം.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെയും പിണ്ണാക്കിന്റെയും അമിതമായ വില.
2. വൈക്കോൽക്ഷാമം.
3. മേച്ചിൽപുറങ്ങളുടെ അഭാവം.
4. മൃഗാശുപത്രിയുടെയു ബീജസങ്കലന കേന്ദ്രങ്ങളുടെയും പരിമിതി.
5. പ്രാദേശികമായി കോഴിക്കുഞ്ഞുങ്ങളെ കൃത്യമായി ലഭിക്കായ്മ.
6. മൃഗപരിപാലനത്തിന്റെ സാധ്യതകളെ സംബന്ധിച്ച് ബോധവൽക്കരണം ലഭിക്കുന്നില്ല.
7. പാൽ ഡിപ്പോകളുടെ പരിമിതി.
8. അലഞ്ഞുതിരിയുന്ന പട്ടികളുടെ ശല്യം.

## നിർദ്ദേശങ്ങൾ

1. മേന്മയേറിയ ബീജം കുത്തിവെപ്പിന് ലഭ്യമാക്കുക.
2. മെച്ചപ്പെട്ട തീറ്റകൾ ന്യായമായ വിലക്ക് ലഭ്യമാക്കണം.
3. ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ്, ക്ഷേമനിധി, പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകുക.
4. ഇറച്ചിക്കോഴി, മുട്ടകോഴി യൂണിറ്റുകൾ തുടങ്ങാൻ പ്രോൽസാഹിപ്പിക്കണം.
5. ആടുവളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിൽ വ്യാപകമായി തുടങ്ങണം.
6. താറാവ്, പന്നി, മുയൽവളർത്തൽ പ്രോൽസാഹിപ്പിക്കണം.
7. രണ്ട് ടൺ കാലിത്തീറ്റ ദിനംപ്രതി ഉൽപാദിപ്പിക്കുന്ന ഫീഡ്മിക്സിങ്ങ് യൂണിറ്റ് സ്ഥാപിക്കണം.
8. പുൽകൃഷി വ്യാപിപ്പിക്കാനും സംസ്കരിക്കാനുമുള്ള പദ്ധതി നടപ്പിലാക്കണം.
9. കന്നുകാലികൾക്ക് പ്രാഥമിക ചികിൽസ/കുത്തിവെപ്പ്, പട്ടിപിടുത്തം സാർവത്രികമാക്കൽ, സ്വയംതൊഴിൽ പരിപാടിമുഖേന ആളുകളെ നിയമിക്കണം.
10. ക്ഷീരവികസന ഓഫീസ് സ്ഥാപിക്കണം.
11. പാൽസംഭരണകേന്ദ്രങ്ങളുടെ എണ്ണം വർധിപ്പിക്കണം.
12. യുവതീയുവാക്കൾക്ക് തൊഴിൽ മാഹാത്മ്യത്തെക്കുറിച്ചും സമ്പത്ത് ഉൽപാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവത്ക്കരണം നടത്തണം.
13. ചെറുകിട ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകണം.
14. പിലാത്തറ, ഏഴിലോട്, വിളയാങ്കോട്, മെഡിക്കൽകോളേജ് എന്നിവിടങ്ങളിൽ മിൽക്ക്ബാർ ബൂത്ത് തുടങ്ങണം.


ചെറുതാഴംഗ്രാമപഞ്ചായത്ത്
മൃഗപരിപാലനം
N
W
E
S
I
II
III
IV
V
VI
VII
VIII
IX
X
മൃഗാശുപത്രി
നരീക്കാമ്പുമ്മൽ
കൃത്രിമബീജ
സങ്കലന കേന്ദ്രം
പിലാത്തറ
CHANDRAN

# മൽസ്യബന്ധനം

ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ തെക്ക് രാമപുരം പുഴയും, വടക്ക് പെരുമ്പപുഴയുടെ നട്ടിക്കടവ്, മൂലക്കടവ്, വള്ളുവൻകടവ് എന്നിവ പുഴയോരവും അതിർരേഖകളാണ്. രാമപുരം പഴയും, പെരുമ്പപുഴയുടെ ഭാഗവും ചെമ്പല്ലിക്കുണ്ട്, കുരൾവായ്വട്ട, വയലപ്ര പരപ്പ്, കുണ്ടംമുതൽ മണ്ടൂരിന് കിഴക്ക്വരെനീണ്ടുകിടക്കുന്ന തുറയും നമ്മുടെ പഞ്ചായത്തിന്റെ മൽസ്യസ്രോതസുകളാണ്.

പഞ്ചായത്തിൽ പരന്നുകിടക്കുന്ന നിരവധി കുളങ്ങളും, വയലുകൾക്കിടയിലൂടെ ഒഴുകുന്ന തോടുകളും നമ്മുടെ ഉൾനാടൻ മൽസ്യസമ്പത്തിന്റെ കേദാരങ്ങളാണ്.

ഒമ്പതാം വാർഡിലെ കൊവ്വപ്പുറം കോടിത്തായൽ ഭാഗത്ത്മാത്രം ചെമ്പല്ലിക്കുണ്ട് പുഴയെ ആശ്രയിച്ച് 100 ൽ ഏറെപേർ മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നു. ഇവരിലേറെപേരും പരമ്പരാഗത മൽസ്യതൊഴിലാളികളാണ്.

പഞ്ചായത്തിൽ മൊത്തം 37പേർ മൽസ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണ്. (സമഗ്ര സർവ്വേ).

കോടിത്തായൽ, കൊവ്വപ്പുറം പ്രദേശങ്ങളിലെ പരമ്പരാഗത മൽസ്യതൊഴിലാളികളിൽ സ്ത്രീകൾ ചെമ്മീൻ കൈകൊണ്ട് തപ്പിപ്പിടിക്കുന്നതിൽ വിദഗ്ധരാണ്. വിദേശമാർക്കറ്റിൽ പ്രിയങ്കരമായ കാര, എറ്റി, വെള്ളനാരൻ എന്നിതരം ചെമ്മീനുകളും പച്ചനിറമുള്ള ഞണ്ട് എന്നിവയും നല്ലതോതിൽ ചെമ്പല്ലിക്കുണ്ട് പുഴയിൽനിന്നും ലഭിക്കുന്നു. ഇവ മിക്കവാറും പൂർണ്ണമായിത്തന്നെ ഏജൻറുമാർ മുഖേന വിദേശമാർക്കറ്റുകളിൽ എത്തിച്ചേരുന്നു.

കോട്ട കുരൾവായ്ചിറ ഏതാനും വർഷങ്ങളായി പഞ്ചായത്ത് ലേലം ചെയ്തുവരികയാണ്. കുരൾവായ്വട്ടയിൽ പരപ്പ് എന്നിവിടങ്ങളിൽ ശാസ്ത്രീയമായി മൽസ്യം വളർത്തൽ നടത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനത്തിന് ഗണ്യമായ സംഭാവന നൽകാൻ കഴിയുമെന്നതിൽ സംശയമില്ല.

അന്യസംസ്ഥാനങ്ങളിൽനിന്നും വന്ന നാടോടികൾ രാമപുരം, ചെമ്പല്ലിക്കുണ്ട് പുഴയിൽനിന്നും മൽസ്യം പിടിച്ച് പിലാത്തറ, ഏഴിലോട് മാർക്കറ്റുകളിലും മറ്റും വിൽപന നടത്തുന്നു. ഉൾപ്രദേശങ്ങളിലെ കുളങ്ങളിലുള്ള മൽസ്യങ്ങളിൽ കൈച്ചൽ, മുശു എന്നിവ പ്രധാനമാണ്. കുളങ്ങളിൽ ആധുനിക മൽസ്യബന്ധനത്തിന്റെ സാധ്യതകൾ സംബന്ധിച്ച് ബോധവത്കരണം നടത്തിയാൽ മൽസ്യസമ്പത്തിന്റെ ലഭ്യതയിൽ വർധനവുണ്ടാക്കാൻ കഴിയും.

വയലപ്ര പരപ്പ് ഏറെ സാധ്യതകളുള്ള ഒരു കേന്ദ്രമാണ്. ഇതിന്റെ സാധ്യതകൾ സംബന്ധിച്ച് പഞ്ചായത്തിന്റെ മുൻകയ്യോടെ പഠനം നടത്തേണ്ടതാണ്.

കടൽമൽസ്യവിപണനത്തിൽ ഏർപ്പെട്ട 41 തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൽസ്യവിപണനത്തിന് പിലാത്തറ, ഏഴിലോട് എന്നിവിടങ്ങളിൽ മാർക്കറ്റുകൾ സ്ഥാപിക്കണം. പഴകിയ മൽസ്യങ്ങൾ വിൽപന നടത്തുന്നതിനെതിരെ ആരോഗ്യവകുപ്പിന്റെ പരിശോധന കർശനമാക്കേണ്ടതാണ്.

## പ്രശ്നപരിഹാരങ്ങളും സാധ്യതകളും

1. വയലപ്രപരപ്പ് മൽസ്യം വളർത്ത് കേന്ദ്രമാക്കുക.
2. കുരൾവായ്വട്ടയിൽ ശാസ്ത്രീയ ചെമ്മീൻകൃഷി നടപ്പിലാക്കുക.
3. ചെമ്പല്ലിക്കുണ്ട് പുഴയിൽ മൽസ്യബന്ധനത്തിന് സൗകര്യമുണ്ടാക്കുക.
4. പരമ്പരാഗത മൽസ്യതൊഴിലാളികൾക്ക് സൗജന്യനിരക്കിൽ മൽസ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുക.
5. മൽസ്യതൊഴിലാളി ക്ഷേമപ്രവർത്തനത്തിന്റെ ഭാഗമായി സർക്കാർ അനുവദിക്കുന്ന റേഷൻ സൗജന്യവും മറ്റും തൊഴിലാളികൾക്ക് ലഭിക്കുമെന്നുറപ്പ് വരുത്തുക.
6. ആവശ്യമുള്ള സ്ഥലത്ത് മൽസ്യമാർക്കറ്റുകൾ സ്ഥാപിക്കുക.
7. മൽസ്യതൊഴിലാളി ക്ഷേമനിധിയിലെ വിഹിതം തുക പ്രാദേശികമായി അടക്കുന്നതിന് സൗകര്യമുണ്ടാക്കുക.
8. പഴകിയ മൽസ്യങ്ങൾ വിൽപന നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക.

## പട്ടിക

## വളർത്തുമൃഗങ്ങൾ - പക്ഷികൾ

| വാർഡ് | പശു | എരുമ | ആട് | കാള | പോത്ത് | നായ | കോഴി | പന്നി | മുയൽ |
|---|---|---|---|---|---|---|---|---|---|
| 1 | 166 | 1 | 18 | 2 | --- | 30 | 86 | -- | -- |
| 2 | 115 | -- | 40 | -- | 1 | 42 | 476 | -- | -- |
| 3 | 219 | -- | 24 | 8 | 22 | 38 | 358 | -- | -- |
| 4 | 120 | -- | 31 | -- | -- | 26 | 453 | -- | -- |
| 5 | 196 | 3 | 12 | 4 | -- | 43 | 426 | -- | -- |
| 6 | 245 | 4 | 54 | 6 | -- | 21 | 399 | -- | -- |
| 7 | 153 | 2 | 30 | 34 | 6 | 19 | 520 | -- | -- |
| 8 | 227 | 26 | 42 | 12 | 10 | 58 | 281 | -- | -- |
| 9 | 270 | 10 | 80 | 20 | -- | 216 | 480 | -- | -- |
| 10 | 58 | -- | 20 | -- | -- | 20 | 215 | -- | -- |

അവലംബം - സാമ്പത്തിക കുടുംബസർവ്വേ

## പട്ടിക

## കൃത്രിമബീജസങ്കലനവിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1686 | 239 | 69 |
| കിടാരി | 1871 | 88 | 48 |
| എരുമ | 114 | 95 | 4 |

അവലംബം - മൃഗസംരക്ഷണവകുപ്പ്



# വ്യവസായം

1920 കളിൽ പാപ്പിനിശ്ശേരിയിൽ നിന്നുംവന്ന ആറോൺ കുടുംബമാണ് ചെറുതാഴം പഞ്ചായത്തിൽവ്യവസായത്തിന് വിത്തുപാകിയത്.

പിരക്കാംതടത്തിൽ 5 വീടുകളിൽ മഗ്ഗങ്ങളും പാവും കൊടുത്ത് പണിചെയ്യിക്കുകയായിരുന്നു ആദ്യകാലത്ത്. പിന്നീട് കുളപ്പുറത്ത് വിശാലമായ ഭൂപ്രദേശം വിലക്കുവാങ്ങി അതിലൊരുഭാഗത്ത് നെയ്ത്ത് കമ്പനി സ്ഥാപിച്ചു. വിശാലമായ എസ്റ്റേറ്റിൽ കരിമ്പുകൃഷിചെയ്തു. വെല്ലം ഉൽപാദിപ്പിക്കുന്ന ചക്കുകൾ സ്ഥാപിച്ചു. കുളപ്പുറത്ത് കമ്പനി വികസിച്ചതോടെ ക്രമത്തിൽ വെല്ലം ഉൽപാദനം നിർത്തുകയും കൈത്തറിമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.

കുളപ്പുറം കമ്പനി എന്ന പേരിലറിയപ്പെട്ട ഫാക്ടറി 1945 ൽ കുളപ്പുറം സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽസ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പവർലൂം നെയ്ത്ത് ആരംഭിച്ചു. 1970 വരെ പവർലൂം നിലവിലുണ്ടായിരുന്നു. ഏഴോം, കുഞ്ഞിമംഗലം, കടന്നപ്പള്ളി, പരിയാരം തുടങ്ങിയ അയൽവില്ലേജുകളിൽ നിന്നും പാപ്പിനിശ്ശേരി, അഴീക്കോട്, കോഴിക്കോട്, കൊടക്കൽ, ചോമ്പാൽ തുടങ്ങിയ പ്രദേശങ്ങളിൽനിന്നും ധാരാളം തൊഴിലാളികളും ഉദ്യോഗസ്ഥരും ഇവിടെ ജോലിക്കെത്തി. ഇതിൽ പല കുടുംബങ്ങളും പിന്നീട് നമ്മുടെ പ്രദേശത്ത്തന്നെ സ്ഥിരതാമസമാക്കുകയും ചെയ്തു. 800 ഓളം തൊഴിലാളികൾ അക്കാലത്ത് ഇവിടെ ജോലി ചെചയ്തിരുന്നു. സാമുവൽ ആറോൺ സ്ഥാപിച്ച ഈ സ്ഥാപനം ദേശീയപ്രസ്ഥാനത്തിൽ ജനങ്ങളുടെ ശ്രദ്ധ തൊഴിലാളികളുടെ കൂട്ടായ്മ വളർത്തിയെടുക്കുന്നതിൽ സഹായിച്ചു.

## കൈത്തറി:-

ഫാക്ടറി അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽപേർ ജോലിചെയ്യുന്നത് കൈത്തറിമേഖലയിലാണ്. സ്ത്രീകൾ നല്ലതോതിൽ നെയ്ത്ത് രംഗത്തേക്ക് കടന്നുവരുന്നുവെന്നത് ഈ രംഗത്തെ പുരിയ പ്രവണതയാണ്. പവർലൂം ഫാക്ടറികൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴില്ല. ഒറ്റക്കാലിൽ ജക്കാഡ് നെയ്ത്ത് കുളപ്പുറം മാസ്കോട്ട് കമ്പനിയിൽമാത്രമെ ഉള്ളൂ. 20 തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട്. ജക്കാഡ് ഉൽപന്നങ്ങൾ മുഴുവൻ വിദേശത്തേക്ക് കയറ്റുമതി ചെയ്യുകയാണ്. കുളപ്പുറം മാസ്കോട്ട്, വി.വി.കെ. ടെക്സ്റ്റയിൽസ് എന്നിവയിൽ ഡൈ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കുളപ്പുറത്ത് 30 തൊഴിലാളികളും വി.വി.കെ.യിൽ 7 തൊഴിലാളികളും ഡൈ യൂണിറ്റിൽ ജോലിചെയ്യുന്നു. വി.വി.കെ ടെസ്റ്റൈൽ കയറ്റുമതി രംഗത്തെ ഒരു പ്രധാനസ്ഥാപനമാണ്. ഇവയ്ക്ക് പുറമെ കുളപ്പുറം ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റിയും നിലവിലുണ്ട്. 1 ഉം 2ഉം മഗ്ഗങ്ങളായി പണിയെടുക്കുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഏഴിലോട്, കുറുവ, വിളയാങ്കോട്, കുളപ്രം എന്നിവിടങ്ങളിൽ ഇത്തരം ചെറിയ കമ്പനികൾ കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം.

1950 കളിൽ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ അസംഘടിതമായ കല്ലുകൊത്ത് നടന്നിരുന്നു. 70കളിൽ ഇതൊരു പ്രധാന വ്യവസായമായി വളർന്നുവന്നു. സംഘടിത പ്രസ്ഥാനത്തിന്റെ കടന്നുവരവും, തൊഴിലാളികളിൽ വളർന്നുവന്ന അവകാശബോധവും കണ്ണൂർ ജില്ലയിലെതന്നെ ചെങ്കൽവ്യവസായത്തിന്റെ ശക്തികേന്ദ്രമായി ചെറുതാഴത്തെ മാറ്റിയെടുക്കുകയുണ്ടായി. 2000 ൽ ഏറെ തൊഴിലാളികൾ ഇക്കാലത്ത് ഇവിടെ ജോലി ചെയ്തിരുന്നു. കല്ലുകൊത്തുന്നതിന് പര്യാപ്തമായ ഭൂമിയുടെ അളവും ലഭ്യതയും കുറഞ്ഞുവന്നുവെന്നത് നമ്മുടെ പഞ്ചായത്തിലെ കല്ലുകൊത്തുമേഖലയുടെ തകർച്ചക്ക് കാരണമായി. ഇപ്പോൾ 110 തൊഴിലാളികൾ മാത്രമെ നമ്മുടെ പഞ്ചായത്തിൽ ജോലി ചെയ്യുന്നുള്ളു. സാമാന്യം ഭേദപ്പെട്ട വേതനനിരക്ക് ഈ മേഖലയിൽ നിലവിലുണ്ട്.

## കളിമൺ വ്യവസായം

നമ്മുടെ ഗ്രാമങ്ങൾ പണ്ടുമുതലേ മൺപാത്രങ്ങൾ ഉപയോഗിച്ചുവന്നിരുന്നു. ഗുണത്തിലും ഭംഗിയിലും മുൻനിന്ന മൺപാത്രങ്ങൾ നമ്മുടെ ഗ്രാമൈശ്വര്യത്തിന്റെ ചിഹ്നങ്ങളിൽ പ്രധാനമായിരുന്നു. തൃച്ചമ്പരം, പട്ടുവം, കൊട്ടില, അരിക്കളം തുടങ്ങിയ സ്ഥലപ്പേരുകളിൽ അറിയപ്പെട്ട മൺപാത്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ സുലഭമായി ഉപയോഗിച്ചുവന്നു. അവയോടൊപ്പം ഗുണനിലവാരമുള്ള മൺപാത്രങ്ങൾ നമ്മുടെ പ്രദേശത്തും ഉൽപാദിപ്പിച്ചിരുന്നു. കാരാട്ട്, പുത്തൂർ ഭാഗത്തെ നിരവധി കുടുംബങ്ങൾഈ വ്യവസായത്തിൽ പരമ്പരാഗതമായിതൊഴിലിലേർപ്പെട്ടിരുന്നു. അലൂമിനിയം, സ്റ്റീൽപാത്രങ്ങളുടെ കടന്നുവരവ് ഈ വ്യവസായത്തെ തകർത്തു. മൺപാത്രങ്ങളുടെ ഉപയോഗത്തിൽ ഗണ്യമായ കുറവുണ്ടായി. കന്യാകുമാരിയിൽനിന്നും മറ്റുംവരുന്ന മൺപാത്രങ്ങൾ അവശേഷിച്ച മാർക്കറ്റിൽ ആധിപത്യം പുലർത്തി.

പായനെയ്ത്ത്, പൂക്കൊട്ട നിർമ്മാണം, ഓലക്കുടകൾ എന്നിവയും കാലാന്തരത്തിൽ കൈവിട്ടുപോയ പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽപെടുന്നു.

## ഖാദി:-

പയ്യന്നൂർ ഖാദിയുടെ കീഴിലുള്ള നൂൽനൂൽപ് കേന്ദ്രങ്ങൾ പിലാത്തറ, ചെറുതാഴം, പാണ്ഡവൻചാൽ എന്നിവിടങ്ങളിലുണ്ട്. വനിതാതൊഴിൽ മേഖലയിൽ ഇവ കാര്യമായ സംഭാവന ചെയ്യുന്നുണ്ട്. ശരാശരിവേതനം 16 രൂപയാണ്. കുറഞ്ഞവേതനനിരക്ക് ഈ മേഖലയിലെ കൊഴിഞ്ഞുപോക്കിന് കാരണമാവുന്നു. ആവശ്യമായ മുൻകരുതലില്ലെന്നത് ദീർഘകാലാടിസ്ഥാനത്തിൽ ആരോഗ്യപരമായ പ്രശ്നങ്ങൾക്കും കാരണമാവുന്നു. പാണ്ഡവൻചാലൊഴികെ രണ്ട് കേന്ദ്രങ്ങളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾപോലുംപരിമിതമാണ്. ഖാദിനെയ്ത്ത് കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല.

## തടിവ്യവസായം:-

അടുത്തകാലത്തായി വ്യവസായികൾ മുതൽമുടക്കാൻ താൽപര്യപ്പെടുന്ന ആദായകരമായ മേഖലയാണിത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ 9 ഇടത്തരം സ്ഥാപനങ്ങൾ ഈ മേഖലയിൽ ആരംഭിക്കുകയുണ്ടായി. ഇതിൽ 3 എണ്ണം ഈർച്ചമില്ലുകളും 6 എണ്ണം പ്ലൈവുഡ് ബോർഡ്സ് യൂണിറ്റുകളുമാണ്. കെട്ടിടനിർമ്മാണരംഗത്തെ വൻതോതിലുള്ള മുതൽമുടക്കും ആധുനികവൽക്കരണവുമാണ് ഈ മേഖലയുടെ വളർച്ചക്കാധാരം. ബോംബെ മാർക്കറ്റിലും വിദേശങ്ങളിലുമാണ് പ്ലൈവുഡ് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നത്.

തൊഴിലാളികളുടെ കമ്പനിരേഖകളിലെ എണ്ണം യഥാർത്ഥ തൊഴിലാളികളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.


## തീപ്പെട്ടി :-

വിളയാങ്കോട് 2 തീപ്പെട്ടി കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. തീപ്പെട്ടിക്കാവശ്യമായ പോളയുംകോലും ഉണ്ടാക്കി ശിവകാശിയിലേക്കും മറ്റും വാഹനങ്ങളിൽ കൊണ്ടുപോവുകയാണ് ചെയ്യുന്നത്. പെൺകുട്ടികളാണ് കൂടുതലായും ഇവിടെ ജോലിചെയ്യുന്നത്. വേതനനിരക്ക് തൃപ്തികരമല്ല. മരത്തിന്റെ ദൗർലഭ്യമാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം.

## കള്ള്ചെത്ത്:

പരമ്പരാഗത വ്യവസായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി ആഴത്തിൽ ബാധിക്കാത്ത ഒരു

# വ്യവസായം




1. കളമശ്ശേരി വ്യവസായം - കാരാട്ട് പുന്നൂർ I X
2. പ്രൊസിഷൻ മെറ്റൽ ക്രാഫ്റ്റ് ഏഴിയ്യാട് I
3. സി.കെ. വുഡ് ഇൻഡസ്ട്രീസ് ഏഴിലോട് I
4. കൂച്ചൻ പോള കമ്പനി, ഏഴിലോട് I
5. ഫ്ലോർമിൻ ഫുഡ്സ്റ്റേണി I
6. മോട്ടോർ വർക്ഷോപ്പ് (ഗവൺമെന്റ്) I
7. ഗിൽഡ ടൈൽസ് ഏഴിലോട് I
8. ഫ്ലോർമിൻ, പിലാത്തറ II
9. ബോർഡ് ഫാക്ടറി (ഗവൺമെന്റ്) ഫുഡ്സ്റ്റേണി II
10. ബി.ബി വുഡ്സ് ഫുഡ്സ്റ്റേണി II
11. സ്റ്റീഫൻ വുഡ്സ്, ഏഴിലോട് II
12. നന്നിക്കാബാദ് ഫ്ലോർമിൻ III
13. പിലാത്തറ പ്ലൈവുഡ് കേന്ദ്രം II
14. കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ കോർപ്പറേഷൻ പഴയങ്ങാടി III
15. മിസ്കോർ വീവിങ് കമ്പനി, നെരുവമ്പ്രം III
16. കൊളത്തേരി ഇൻഡസ്ട്രീസ് (ഗവൺമെന്റ് കമ്പനി) V
17. കണ്ണൂർ ഗ്ലാസ് & പ്ലൈവുഡ്സ് കമ്പനി, മുണ്ടേരി V
18. നെല്ലിസിയ ഇൻഡസ്ട്രീസ് കമ്പനി, വിളയാങ്കോട് V
19. നിറപ്പകിട്ട് സബ്സി വിളയാങ്കോട് V
20. അലൈഡ് എഞ്ചിനീയറിങ് പിലാത്തറ V
21. ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനം V
22. നോട്ടിഫിക്കേഷൻ നമ്പർ 1000 - വിജ്ഞാപനം: ചെറുകിട വ്യവസായങ്ങൾ VI
23. വിവി. കെ. ടെക്സ്റ്റൈൽസ് VII
24. പാണ്ഡവൻപാറ വാട്ടർ വിൻഡ്മിൽ VII
25. ഫ്ലോർമിൻ തളിപ്പറമ്പ് VII
26. പുതുതായി ഉൾപ്പെടുത്തിയ മേഖലകൾ VIII
27. ഫ്ലോർമിൻ, ഏഴിലോട് VIII
28. ഫ്ലോർമിൻ മണ്ണൂർ VIII
29. കിങ് വുഡ്സ്, പിലാത്തറ VIII
30. സുകിനി ഇൻഡസ്ട്രീസ്, " VIII
31. ഗുഡ്വിൻ ബോർഡ്സ് " VIII
32. സംഗം തിക്കലൈറ്റ്സ് " VIII
33. സുബ്രഹ്മണ്യൻ ഇൻഡസ്ട്രീസ് ചൊക്ലി IX
34. ഫ്ലോർമിൻ അലക്കോട് IX
35. നവീൻ മിൽ മണ്ണൂർ IX
36. ദാമിൻ മിൽ വിളയാങ്കോട് ദാമിൻ മിൽ നവീകരണം IX

മേഖലയാണിത്. ഏഴിലോട്, പുറച്ചേരി, വിളയാങ്കോട്, ശ്രീസ്ഥ, ചെറുതാഴം, നരീക്കാംവള്ളി, പിലാത്തറ എന്നീ ഷാപ്പുകളിലായി 62 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. സേവനവേതന വ്യവസ്ഥ താരതമ്യേന മെച്ചപ്പെട്ടതാണ്.

## ഓട്ടോമൊബൈൽ :-

മോട്ടോർ വ്യവസായവുമായി ബന്ധപ്പെട്ട് നിരവധി വർക്ക്ഷോപ്പുകളും അനുബന്ധസ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉയർന്നുവരുന്നുണ്ട്. (ടയർ റീസോളിംഗ്, ഷീറ്റ്മെറ്റൽ വർക്ക്, ബാറ്ററി ചാർജിംഗ്, മോട്ടോർ എഞ്ചിനിയറിംഗ് തുടങ്ങിയവ). ഹൈവെ കേന്ദ്രീകരിച്ച് പിലാത്തറമുതൽ ഏഴിലോടുവരെയാണ് ഈ സ്ഥാപനങ്ങളധികവും. 85 തൊഴിലാളികൾ ഈ രംഗത്ത് ജോലിചെയ്യുന്നു.

## കണ്ണൂർ ബ്രിക്സ് ആൻറ് ബ്ലോക്ക്:-

1995 ൽ വിളയാങ്കോട് കേന്ദ്രമായി 1½ കോടിയോളം രൂപമുതൽമുടക്കിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ 45 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഭവനനിർമ്മാണരംഗത്ത് ഹോളോ ബ്രിക്സ്, ചുടുകട്ട മുതലായവയുടെ ഉപയോഗം വർധിച്ചുവരികയാണ്. വിപണനമേഖലയിൽ കാര്യമായ പ്രശ്നങ്ങൾ നേരിടുന്നില്ല. ഉൽപാദനം വൻതോതിൽ വർധിപ്പിക്കാനുള്ള സൗകര്യങ്ങൾ ഈ കമ്പനിയിലുണ്ട്. തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല എന്ന പ്രശ്നം നിലവിലുണ്ട്. സ്ഥാപനംമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

## തുകൽവ്യവസായം:-

ഏഴിലോട് ചക്ലിയ കോളനിയിൽ പരമ്പരാഗതമേഖലയായ തുകൽവ്യവസായവുമായി ബന്ധപ്പെട്ട് 50ഓളം തൊഴിലാളികൾ ഉപജീവനം നടത്തിവരുന്നു. ഇവിടെ ഏഴിലോട് ലെതർവർക്കേഴ്സ് കോട്ടേജ് ഇൻറസ്ട്രീസ് കോ-ഓപ്. സൊസൈറ്റി എന്ന പേരിൽ ഒരു സഹകരണ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തികാടിത്തറയുള്ളതാണെങ്കിലും മാനേജ്മെൻറിൻെറ പ്രാപ്തിക്കുറവുമൂലം ഈ സ്ഥാപനം പരിതാപകരമായ അവസ്ഥയിലാണ്. പയ്യന്നൂരിൽ വാടകക്കെട്ടിടത്തിൽ ഒരു Sales & repair യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇത് ഒരു നല്ല show-room ആക്കി മാറ്റാവുന്നതാണ്. ഏഴിലോട് ചക്ലിയാ കോളനിയിൽ സർക്കാർ ചെലവിൽ സൗകര്യപ്രദമായ ഒരു ലെതർവർക്ക്ഷാപ്പ് കെട്ടിടം നിലവിലുണ്ട്. മുൻപ് ഇവിടെ നിർമ്മാണജോലികൾ നടന്നിരുന്നുവെങ്കിലും ഇപ്പോൾ ഒന്നും ചെയ്യുന്നില്ല. സംഘത്തിൽ 136 മെമ്പർമാരുണ്ട്.

## ഗ്രിൽസ് ആൻറ് വെൽഡിംഗ് യൂണിറ്റ്

അമ്പലംറോഡ്, മണ്ടൂർ, പിലാത്തറ, പഴിച്ചചിൽ, ഏഴിലോട്, നെരുവമ്പ്രം എന്നിവിടങ്ങളിലായി 6 വെൽഡിംഗ് യൂണിറ്റുകളും ഏതാനും ഫാബ്രിക്കേഷൻ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഏകീകൃത വേതനനിരക്കില്ല.

## വസ്ത്രനിർമ്മാണം:-

വസ്ത്രനിർമ്മാണ മേഖല നേരിടുന്ന പ്രധാനപ്രശ്നം മാർക്കറ്റിംഗിൻേറതാണ്. വൻപ്രചാരണത്തിൻെറ പിൻബലത്തോടെ മാർക്കറ്റ് കയ്യടക്കിയ കമ്പനികളുമായി ഇവയ്ക്ക് മൽസരിക്കേണ്ടിവരുന്നു. ഗ്രാമങ്ങളിൽ വീടുകൾതോറും കയറി വസ്ത്രങ്ങൾ വിൽപന നടത്തുന്ന രീതി ഇപ്പോൾ വ്യാപകമായി വരുന്നുണ്ട്. നമ്മുടെ ഗ്രാമങ്ങൾ വസ്ത്രവ്യാപാരത്തിന് നല്ല മാർക്കറ്റുകളാണ്.

പിലാത്തറയിൽ ഒരു വനിതാ സൊസൈറ്റിയും ചുമടുതാങ്ങിയിൽ സ്വകാര്യമേഖലയിൽ ഓരോ ഗാർമെൻറ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

DWCRA മുഖേന താൽപര്യമുള്ള മേഖലയിൽ പരിമിതമായ വായ്പാ സൗകര്യങ്ങൾ നിലവിലുണ്ട്. ഗ്രാമീണ വനിതകൾക്ക് സർക്കാർ ഏജൻസികൾ മുഖേന തൊഴിൽ പരിശീലനം നൽകുന്നതിന് സൗകര്യങ്ങളുണ്ടാക്കണം. ഏഴിലോട്, പിലാത്തറ എന്നിവിടങ്ങളിൽ സ്വകാര്യമേഖലയിലും ഏഴിലോട് നെരുവമ്പ്രം ജെ.ടി.എസിൻെറ കീഴിലുള്ള ഒരു സർക്കാർ സ്ഥാപനവും മണ്ടൂരിൽ വിമൻസ് മൾട്ടി സൊസൈറ്റിയും തയ്യൽപരിശീലനം നൽകിവരുന്നു.

പിലാത്തറയിലെ അലൈഡ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ മോട്ടോറുകളും

സ്റ്റെപ്പ്-അപ്പ്കളും നിർമ്മിക്കുന്നു. ഏഴിലോട് ഒരു ചെറുകിട പ്ലാസ്റ്റിക് കമ്പനിയും, അലൂമിനിയം പാത്രങ്ങൾ നിർമ്മിക്കുന്ന സ്ഥാപനവും പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീസ്ഥയിലും മേലതിയടത്തും തൊഴിൽരഹിതയുവാക്കൾ സ്വയംതൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി step-up നിർമ്മാണയൂണിറ്റുകൾ നടത്തുന്നുണ്ട്. ഗുണനിലവാരമുള്ളതാണെങ്കിലും പരസ്യത്തിന്റെ പിൻബല ത്തോടെ മാർക്കറ്റ് കയ്യടക്കിയ വൻകിടക്കാരോട് മൽസരിക്കാൻ ഇവയ്ക്ക് കഴിയുന്നില്ല.

step-up ന് iron-core നിർമ്മിക്കുന്ന പോപ്പുലർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പിലാത്തറയിൽ പ്രവർത്തി ക്കുന്നു. നല്ല സാധ്യതയുള്ള മേഖലയാണിത്.

1970 ൽ ആരംഭിച്ചു. ഈയടുത്തകാലംവരെ പിരക്കാംതടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഭാരത് ടൂൾസ് ആൻറ് മെഷീൻസ് എന്ന സ്ഥാപനം വ്യവസായങ്ങൾക്കാവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്ന കാട്ടാമ്പ ള്ളിയിലെ കമ്പനിയുടെ നിർമ്മാണ യൂണിറ്റായിരുന്നു. ഇപ്പോൾ ഇത് അടച്ചുപൂട്ടിയിരിക്കുകയാണ്.

നരീക്കാംവള്ളിയിൽ പ്രവർത്തിച്ചുവന്നിരുന്ന സോഡിയം സിലിക്കേറ്റ് കമ്പനി അടച്ചുപൂട്ടുകയും യന്ത്രങ്ങ ളും കെട്ടിടങ്ങളും പൊളിച്ചുനീക്കുകയും ചെയ്തിരിക്കുന്നു.

ശ്രീസ്ഥയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന സോപ്പ്നിർമ്മാണ യൂണിറ്റ് വനിതാചാരിറ്റ ബിൾ സൊസൈറ്റിയുടെ കീഴിലുള്ളതാണ്. കഴിഞ്ഞ രണ്ട് വർഷത്തോളമായി ഇവിടെ ഉൽപാദനം നടക്കുന്നി ല്ല. മാർക്കറ്റിലുള്ള മൽസരവും അപ്പെക്സ് സംഘത്തിൽ നിന്ന് അസംസ്കൃതവസ്തുക്കൾ ലഭിക്കുന്നില്ലെന്നതു മാണ് കാരണം. മണ്ടൂരിലെ മൾട്ടി വിമൻസ് സൊസൈറ്റിയുടെ പ്രവർത്തനവും മന്ദഗതിയിലാണ്.

കുളപ്പുറം, അമ്പലംറോഡ്, മണ്ടൂർ, പിലാത്തറ, നരീക്കാംവള്ളി, ഏഴിലോട്, അതിയടം, ചെറുതാഴം, കോ ക്കാട്, പുറച്ചേരി എന്നിവിടങ്ങളിലായി 10 ഫ്ളോർ മില്ലുകളും ചെറുതാഴം, മണ്ടൂർ എന്നിവിടങ്ങളിൽ 2 അവിൽ മില്ലുകളും വിളയാങ്കോടും നരീക്കാംവള്ളിയിലും ഓരോ ഓയിൽമില്ലുകളും പ്രവർത്തിക്കുന്നു. പിലാ ത്തറ ഏഴിലോട് എന്നിവിടങ്ങളിലായി 4 പ്രിൻറിംഗ് പ്രസ്സുകളും പ്രവർത്തിച്ചുവരുന്നു. ഇവയിലൊന്ന് പിലാത്തറ യിൽ സഹകരണമേഖലയിലാണ്.

അതിവേഗം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ഇടത്തരം വൻകിട വ്യവസായ സ്ഥാപനങ്ങളില്ലെന്നത് തൊഴിലില്ലായ്മയുടെ രൂക്ഷതയ്ക്ക് കാരണമാണ്. ചെറുകിട വ്യവസായ ശൃംഖലയോ പരമ്പരാഗത വ്യവസായങ്ങളുടെ കേന്ദ്രീകരണമോ ചെറുതാഴം പഞ്ചായത്തിലില്ല. അതിവിശാലമായ അറത്തിപറ മ്പ് ഏറ്റെടുത്ത് വൻകിടവ്യവസായങ്ങൾ സ്ഥാപിക്കണമെന്ന് ഒരുകാലത്ത് സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങ ളും സ്ഥാപനങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. എന്നാൽ ഇന്ന് അറത്തിപറമ്പ് ഭവനകോളനികളും കൊ ത്തിയൊഴിഞ്ഞ കൽപണകളും നിറഞ്ഞ ഭൂപ്രദേശമായി മാറിയിരിക്കുന്നു. വൈദ്യുതിപ്രശ്നം ചെറുകിട യൂണിറ്റു കളുടെ പോലും സാധ്യതക്ക് മങ്ങലേൽപിച്ചിരിക്കുന്നു. വോൾട്ടേജ് കമ്മിയും ലോഡ്ഷെഡ്ഡിംഗും ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന മലബാറിന്റെ ദൈന്യത നേരിട്ടു പ്രതിഫലിക്കുന്ന പഞ്ചായത്താണിത്. കാങ്കോൽ സബ്സ്റ്റേഷനിൽപെടുന്ന നമ്മുടെ പഞ്ചായത്തിൽ അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും വോൾട്ടേജ് കമ്മി യും സാധാരണമാണ്.

വൈദ്യുതി കമ്മി പരിഹരിക്കുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ തന്നെയാണ് നമ്മുടേതും. വ്യവസായവൽ ക്കരണത്തിന് അടിയന്തിരവും ബോധപൂർവ്വവുമായ ശ്രമം സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുൻകൈ യോടെ നടന്നാൽ മാത്രമെ പഞ്ചായത്തിന്റെ സാമ്പത്തിക സമാഹരണത്തിലും തൊഴിൽമേഖലയിലും നമു ക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയു.

## പ്രശ്നങ്ങൾ

### കൈത്തറി :-

1. നൂലിന്റേയും ചായത്തിന്റേയും അമിതമായ വിലക്കയറ്റം പൊതുവിൽ കൈത്തറിമേഖലയെ ദോഷകരമാ യി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ നൂല്-ചായം എന്നിവക്ക് $2\frac{1}{2}$ ഇരട്ടിയോളം വിലവർധനവ് ഉണ്ടായിട്ടുണ്ട്.
2. കൈത്തറി മേഖലയിലെ തുണിത്തരങ്ങൾ പവർലൂമിൽ ഉൽപാദിപ്പിക്കുകയും കൈത്തറി എന്നപേരിൽ മാർക്കറ്റിൽ വിൽപന നടത്തുകയും ചെയ്യുന്നു.
3. ആഗോളവൽക്കരണത്തിന്റെ ഫലമായി ഈ ബഹുരാഷ്ട്രകുത്തകകളുടെ അത്യാവശ്യ നിബന്ധനകളും നിയന്ത്രണങ്ങളും ഇന്ത്യൻ കൈത്തറിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

4. സർക്കാർ പ്രഖ്യാപിക്കുന്ന റിബേറ്റ് തുക കൈത്തറി സംഘങ്ങൾക്ക് അനുവദിച്ചു കിട്ടുന്നതിൽ കാലതാമസമുണ്ടാകുന്നു.
5. ആകർഷകമായ കൂലിനിരക്ക് ലഭിക്കുന്നില്ല.

### ചെങ്കല്ല് :-

1. കല്ലുകൊത്തുന്നതിന് പര്യാപ്തമായ ഭൂമിയുടെ അളവും ലഭ്യതയും കുറഞ്ഞു.
2. പുരുഷതൊഴിലാളികൾ തൊഴിൽതേടി മറ്റ് പ്രദേശങ്ങളിലേക്ക് പോകുമ്പോൾ ഈ മേഖലയിലെ സ്ത്രീകൾക്ക് അത് സാധിക്കാതെ വരികയും അവർ തൊഴിൽരഹിതരായി മാറുകയും ചെയ്യുന്നു.
3. പുതുതായി ചെറുപ്പക്കാർ കല്ലുകൊത്ത് മേഖലയിലേക്ക് കടന്നവരാൻ താൽപര്യം കാണിക്കുന്നില്ല.
4. മെഷീൻകല്ലിന്റെ വൻതോതിലുള്ള ഇറക്കുമതി.

### കളിമൺ

1. പരിഷ്കാരത്തിന്റെയും സൗകര്യത്തിന്റെയും പേരിൽ അലൂമിനിയം, സ്റ്റീൽപാത്രങ്ങൾ എന്നിവ മൺപാത്രത്തിന്റെ സ്ഥാനം കയ്യടക്കിയതോടെ മൺപാത്രത്തിന്റെ പ്രാധാന്യം കുറഞ്ഞു. മാർക്കറ്റ് ദുർബ്ബലമായി.
2. പുതുതായി യുവതീയുവാക്കൾ ഈ രംഗത്തേക്ക് കടന്നുവരാൻ താൽപര്യം കാണിക്കുന്നില്ല.
3. ആധുനികവൽക്കരണത്തെക്കുറിച്ചുള്ള ബോധത്തിന്റെ അഭാവം.

### ഖാദി:-

1. ഖാദി മേഖലയിൽ കാലോചിതമാറ്റം വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നില്ല.
2. കുറഞ്ഞ വേതനനിരക്ക് കാരണം തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നുവരാൻ താൽപര്യപ്പെടുന്നില്ല.

### കള്ളുചെത്ത് :-

1. ആവശ്യാനുസരണം തെങ്ങ് ലഭ്യമല്ല.
2. ഏപ്രിൽ മെയ് മാസങ്ങളിലെ വരൾച്ച ഉൽപാദനമാന്ദ്യത്തിന് കാരണമാകുന്നു.

### തുകൽവ്യവസായം:-

1. ആധുനിക ഉൽപാദനവും മാർക്കറ്റിംഗും സംബന്ധിച്ച് പരമ്പരാഗത തൊഴിലാളികൾ ബോധവാന്മാരല്ല.
2 നേതൃത്വപരമായ കഴിവിന്റെ അഭാവം.

## പരിഹാരങ്ങൾ

### കൈത്തറി :-

1. നെയ്ത്ത് സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
2. റിബേറ്റ്തുക കൃത്യസമയത്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
3. സർക്കാർ തലത്തിൽ നൂൽബേങ്കുകൾ സ്ഥാപിക്കുകയും, നൂൽ-ചായം എന്നിവയുടെ വിലക്കയറ്റം നിയന്ത്രിക്കുകയും ചെയ്യുക.
4. വിദേശമാർക്കറ്റിൽ പ്രിയങ്കരമാണ് കൈത്തറിയെങ്കിലും ഉൽപാദകരംഗത്തെ വേതനനിരക്ക് ആകർഷകമല്ല. ഈ പൊരുത്തക്കേട് പരിഹരിക്കേണ്ടതുണ്ട്.
5. കൈത്തറിയിലെ വിദഗ്ധമേഖലയെ സംരക്ഷിക്കുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടാവണം.
6. ആഭ്യന്തര-വിദേശ മാർക്കറ്റുകളിൽ കൈത്തറി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഫലപ്രദമായ ഇടപെടൽ ഉണ്ടാകണം.

### ചെങ്കല്ല് :-

1. പ്രാദേശികമായി കൊത്തിയെടുക്കുന്ന കല്ലിന്റെ അളവും ഗുണവും വർധിപ്പിക്കുക. പുതിയ സ്ഥലങ്ങൾ കണ്ടെത്തുക.
2. ഇറക്കുമതി കല്ലിന്റെ കടന്നുവരവിൽ നിയന്ത്രണവുമേർപ്പെടുത്തുക.

## കളിമൺ :-

1. വ്യവസായത്തെ ആധുനികവൽക്കരിച്ച് കൗതുകവസ്തുക്കൾ, ശീതീകരണികൾ, പൂച്ചട്ടികൾ എന്നിവ നിർമ്മിക്കുന്നതിന് പരിശീലനവും പ്രോൽസാഹനവും നൽകുക.
2. ആരോഗ്യരംഗത്ത് മൺപാത്രങ്ങളുടെ പ്രസക്തിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

## ഖാദി :-

1. ഖാദിമേഖല കാലോചിതമായി പരിഷ്കരിക്കണം.
2. പിലാത്തറ, ചെറുതാഴം എന്നീ നൂൽനൂൽപ് കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടാക്കുകയോ സൗകര്യപ്രദമായ വാടകകെട്ടിടം കണ്ടെത്തുകയോ ചെയ്യുക.
3. തൊഴിലാളികൾക്ക് ആരോഗ്യപരിശോധനാ സൗകര്യം ഏർപ്പെടുത്തുക.
4. ഖാദിനെയ്ത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചന്ദനത്തിരി, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ ഉൽപാദനം ഖാദി കേന്ദ്രങ്ങളിൽ ആരംഭിക്കുകയും ചെയ്യുക.
5. വേതനനിരക്ക് കാലോചിതമായി പരിഷ്കരിക്കുക.

## കള്ളുചെത്ത് :-

1. പഞ്ചായത്തിലെ പുറമ്പോക്കുകളിൽ തെങ്ങ് വെച്ച്പിടിപ്പിച്ചു ചെത്തിന് സൗകര്യമുണ്ടാക്കുക.

## തുകൽവ്യവസായം :-

1. ഈ മേഖലയിൽ നിലവിലുള്ള സഹകരണസംഘത്തെ ശക്തിപ്പെടുത്തുക.
2. ചെരിപ്പുനിർമ്മാണത്തിന് പുറമെ ലതർ ബേഗുകൾ, വാച്ച് സ്ട്രാപ്പ്, പേഴ്സ്, അരപ്പട്ട തുടങ്ങിയ രംഗങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുക.
3. കുടിൽവ്യവസായത്തിന്റെ സാധ്യത കണ്ടറിഞ്ഞു പ്രോൽസാഹിപ്പിക്കുക.
4. വർക്ക് ഷോപ്പ് കെട്ടിടം പ്രവർത്തനക്ഷമമാക്കുക.
5. തുകൽവ്യവസായ പരിശീലനകേന്ദ്രം സ്ഥാപിക്കുക.

## സാധ്യതകൾ :-

1. ചെറുതാഴം പഞ്ചായത്തിലെ പുത്തൂർമൊട്ട വിശാലവും സൗകര്യപ്രദവുമായ ഒരു ഭൂപ്രദേശമാണ്. 300-400 ഏക്രയിൽ പരന്ന്കിടക്കുന്ന ഇവിടം ഒരു വ്യവസായ വികസനകേന്ദ്രമാക്കി മാറ്റിയെടുക്കുന്നതിന് നമ്മുടെ കഴിവും സ്വാധീനവും ഉപയോഗപ്പെടുത്തേണ്ടതാണ്. നാഷണൽ ഹൈവേയും പയ്യന്നൂർ, പഴയങ്ങാടി, ഏഴിമല റെയിൽവേസ്റ്റേഷനും നിർദ്ദിഷ്ട മാടായിപ്പാറ വിമാനത്താവളവും നല്ല ജലലഭ്യതയും ഒരു വൻകിട വ്യവസായ കേന്ദ്രമാക്കി ഇതിനെ മാറ്റിയെടുക്കുന്നതിനുള്ള അനുകൂലഘടകങ്ങളാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും വൻകിട വ്യവസായികളുടെയും ശ്രമം ആകർഷിക്കുന്നതിന് ബോധപൂർവ്വമായ ശ്രമം നടത്തണം.
2. നല്ല സാധ്യതകളുള്ള ഓട്ടോമൊബൈൽ വ്യവസായവുമായി ബന്ധപ്പെട്ട് വർക്ക്ഷോപ്പ്, ഷീറ്റ് മെറ്റൽ വർക്ക്, ടയർ റിസോളിംഗ്, സ്പെയർ പാർട്സ് വിൽപനകേന്ദ്രം തുടങ്ങിയവയെല്ലാം ഉൾപ്പെടുന്ന ഒരു ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് സഹകരണമേഖലയിൽ ആരംഭിക്കാവുന്നതാണ്.
3. വനിതാ തൊഴിൽരംഗത്ത് ഫലപ്രദമായ ഒരു മേഖല എന്നനിലയിൽ ഗാർമെനറ് മേക്കിംഗ് യൂണിറ്റ് ആരംഭിക്കാവുന്നതാണ്. വിദഗ്ധ തൊഴിലാളികളായി, തയ്യൽ-എംബ്രോയിഡറിയിൽ 250 തൊഴിലാളികളെയെങ്കിലും ഒന്നിച്ചിരുത്തി ജോലിചെയ്യിക്കാൻ സാധിക്കും. ഈ രംഗത്തും ഒരു വൻകിട സഹകരണ സ്ഥാപനത്തിനുള്ള സാധ്യതകളുണ്ട്. കയറ്റുമതി സാധ്യതയുള്ള ഈ വ്യവസായ അനുബന്ധമേഖലകളിലും തൊഴിൽ സംഭാവനചെയ്യാൻ കഴിയുന്നതാണ്.
4. കളിമൺ മേഖലയിൽ ആധുനിക മൺപാത്രനിർമ്മാണത്തെതക്കുറിച്ച് ബോധവൽക്കരണംനടത്തി പുതുതായി യുവാക്കളെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിനും പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സാധിക്കണം.
5. പായനെയ്ത്ത്, കൊട്ടനിർമ്മാണം എന്നിവ പ്രോൽസാഹിപ്പിക്കുകയും ഇതിനായി കൈതകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്താൽ, പൊതുതോടുകളുടെ കരയിടിച്ചിൽ ഒഴിവാക്കുന്നതിനും സാധിക്കും.
6. പ്രതിമാസം 50 ലക്ഷം ടൺ കാലിത്തീറ്റ വിറ്റഴിക്കപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ ചെറുതാഴം ക്ഷീരവ്യവസായ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണകേന്ദ്രം ആരംഭിക്കുന്നതിനെ

ക്കുറിച്ച് സജീവമായി പരിഗണിക്കണം. മൃഗസംരക്ഷണവകുപ്പിന്റെ സാങ്കേതികസഹായം സ്വീകരിക്കാവുന്നതുമാണ്.

7. പെയിന്റ് നിർമ്മാണകേന്ദ്രം തുടങ്ങാവുന്നതാണ്.
8. ഏഴിലോട് കാർപെന്ററി സഹകരണസംഘം പ്രവർത്തനം വിപുലപ്പെടുത്തുകയും ഗൃഹോപകരണങ്ങൾ, വിവാഹഅറകൾ, ഓഫീസ് കൗണ്ടറുകൾ എന്നിവ നിർമ്മിക്കാൻ കഴിയുന്ന ഒരു നല്ല സ്ഥാപനമാക്കി മാറ്റി എടുക്കുക.
9. റബ്ബർ അസംസ്കൃത വസ്തുവായി ചെറുകിട ഉൽപാദനയൂണിറ്റ് ആരംഭിക്കുക.
10. നമ്മുടെ പഞ്ചായത്തിൽ നല്ല തോതിൽ ലഭിക്കുന്ന ചക്ക, മാങ്ങ, കശുമാങ്ങ തുടങ്ങിയ സീസണൽ ഫ്രൂട്ട്സ് ഉപയോഗിച്ച് ഒരു പഴസംസ്കരണ ഫാക്ടറി സ്ഥാപിക്കുക.
11. തെങ്ങ് തടി ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മാണകേന്ദ്രം തുടങ്ങുക.
12. പരമ്പരാഗത വ്യവസായങ്ങളിലൊന്നായ ഓട്ടുപാത്രനിർമ്മാണ രംഗത്തെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.
13. കശുണ്ടി സംസ്കരണയൂണിറ്റ് ആരംഭിക്കുക.
14. കെട്ടിടനിർമ്മാണരംഗത്തെ ആവശ്യങ്ങൾക്കനുസൃതമായി സിമന്റ് ഉൽപന്നങ്ങൾ (സിമന്റ്, കട്ട, ജനൽ.... തുടങ്ങിയവ) നിർമ്മിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങുക.
15. വലിയമുതൽമുടക്ക് ആവശ്യമില്ലാത്ത വെളിച്ചെണ്ണ ഫിൽട്ടറിംഗ് യൂണിറ്റ് സ്ഥാപിച്ച് ബോട്ട്ലിംഗ് നടത്തി മാർക്കറ്റ് കണ്ടുപിടിക്കുക.
16. പഞ്ചായത്തിന്റെ മുൻകയ്യോടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കാവുന്നതാണ്.
17. പുതിയ വ്യവസായസംരംഭകരെ ഉദ്ദേശിച്ചു പഞ്ചായത്ത് കേന്ദ്രമാക്കി ഒരു എംപ്ലോയ്മെൻറ് ഗൈഡൻസ് സെൻറർ സ്ഥാപിക്കുക.
18. ജില്ലാ ആസ്ഥാനത്ത് ഒരു ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് തൊഴിലാളികൾക്ക് പരിശീലനസൗകര്യം ഏർപ്പെടുത്തുക.


പരമ്പരാഗത തൊഴിലിലേർപ്പെട്ടവരുടെ പട്ടിക

| ക്രമനമ്പർ | തൊഴിലിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | മരപ്പണി | 217 |
| 2. | ഇരുമ്പ് | 45 |
| 3. | സ്വർണ്ണപ്പണി | 40 |
| 4. | നെയ്ത്ത് | 122 |
| 5. | കളിമൺ | 26 |
| 6. | ബീഡി | 12 |
| 7. | മത്സ്യം | 56 |
| 8. | കൺസ്ട്രക്ഷൻ | 1001 |
| 9. | ബാംബു | 12 |

(അവലംബം - സമഗ്ര സർവ്വേ)

സംഘടിത വ്യവസായ മേഖല

| ക്രമനമ്പർ | വ്യവസായത്തിന്റെ പേര് | ആകെ തൊഴിൽ ചെയ്യുന്നവർ | പുരു. | സ്ത്രീ. |
|---|---|---|---|---|
| 1 | കൈത്തറി | 225 | 144 | 81 |
| 2 | തീപ്പെട്ടി | 64 | 11 | 53 |
| 3 | ചെങ്കല്ല് | 110 | 79 | 31 |
| 4 | കള്ള് ചെത്ത് | 62 | 62 | - |
| 5 | തടി വ്യവസായം | 87 | 48 | 39 |
| 6 | ഖാദി. | 67 | 1 | 66 |
| 7 | ബ്രിക്സ് & ബ്ലോക്ക് | 45 | 19 | 26 |
| | ആകെ | 660 | 364 | 296 |





# വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യാസം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. അതിനുമുന്നേ വിദ്യാഭ്യാസത്തിൽ താൽപര്യവും കഴിവുമുള്ള രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ എഴുത്താശ്ശാന്മാരുടെ അടുത്തേക്ക് അയക്കുകയായിരുന്നു പതിവ്. സംസാരി എഴുത്തച്ചൻ, നൂഞ്ഞീൽ മഠത്തിൽ രാവർ ഉണിത്തിരി, കേപ്പു ഉണിത്തിരി എന്നിവർ അക്കാലത്തെ പ്രഗത്ഭരായ എഴുത്തച്ഛന്മാരിൽ ചിലരാണ്. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെ ഭാഗമായി നടന്ന സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾ, വയോജനവിദ്യാഭ്യാസ ക്ലാസുകൾ എന്നിവയും ഈ രംഗത്ത് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് എലിമെൻററി സ്കൂളുകളെ ആദ്യം ഉണ്ടായിരുന്നുള്ളു. ഹയർ എലിമെൻററി സ്കൂൾ തൊട്ടടുത്ത മാടായി പഞ്ചായത്തിലുണ്ടായിരുന്നു. ഉണിത്തിരി മാസ്റ്ററും മാവിലാ കൃഷ്ണൻ നമ്പ്യാരും ചേർന്നാണ് അത് സ്ഥാപിച്ചത്. ശക്തമായ കാറ്റിൽ നിലംപതിച്ച പ്രസ്തുത വിദ്യാലയം കൃഷ്ണൻ നമ്പ്യാരുടെ മകനും പിൽക്കാലത്ത് സംസ്ഥാന അവാർഡും ദേശീയ അവാർഡും നേടിയ ഈ പഞ്ചായത്തുകാരൻകൂടിയായ പരേതനായ എം.കെ.ഗോവിന്ദൻ നമ്പ്യാർ പുനഃസ്ഥാപിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം നേടണമെങ്കിൽ അക്കാലത്ത് ചെറുകുന്നിലോ, തളിപ്പറമ്പിലോ പയ്യന്നൂരിലോ പോകേണ്ടിയിരുന്നു. താങ്ങാനാവാത്ത ഫീസും യാത്രാസൗകര്യക്കുറവും കാരണം ചുരുക്കം ചിലർ മാത്രമെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പോയിരുന്നുള്ളു. (ഡിസ്ട്രിക്ട് ബോർഡിന്റെ ആവിർഭാവത്തോടെ) പി.ടി.ഭാസ്കരപണിക്കരുടെ നേതൃത്വത്തിൽ വന്ന നാട്ടുകാരുടെ കമ്മിറ്റി) മാടായി ഹയർ എലിമെൻററി സ്കൂൾ എം.കെ.ഗോവിന്ദൻ നമ്പ്യാരോട് വിലക്കുവാങ്ങി അത് ഹൈസ്കൂളാക്കി ഉയർത്തി. അതിനുശേഷം ഗോവിന്ദൻനമ്പ്യാർ നെരുവമ്പ്രം യു.പി.സ്കൂൾ സ്ഥാപിച്ചു. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ചെറുതാഴം എലിമെൻററി സ്കൂൾ ആദ്യം പിലാത്തറയിലാണ് പ്രവർത്തനമാരംഭിച്ചത്. പിന്നിടത് പടന്നപ്രം മുക്കോലക്കൽ മുഹമ്മദിന്റെ പീടികയിൽ മാറ്റി സ്ഥാപിച്ചു. അവിടെനിന്നും ചിറക്കൽ തമ്പുരാൻ താലൂക്ക് പ്രസിഡൻറായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കാര്യസ്ഥനായിരുന്ന കുണ്ടംകുഴി ഇല്ലത്ത് നമ്പൂതിരി കെട്ടിടമുണ്ടാക്കി. ഇന്നുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു. കടന്നപ്പള്ളി പടിഞ്ഞാറെ കരയിലുണ്ടായിരുന്ന ഒരു എലിമെൻററി സ്കൂളും കുളപ്പുറം ആറോൻ കമ്പനിക്കടുത്തുണ്ടായിരുന്ന എലിമെൻററി സ്കൂളും ശ്രീസ്ഥയിലെ ചെറുതാഴം എലിമെൻററി സ്കൂളിനോട് ചേർത്തു. 1921 ൽ വാരണക്കോട്ടില്ലം സ്ഥാപിച്ച വാരണക്കോട് സ്കൂൾ കമ്പ്യൻവിട്ടിൽ ഗോപി നായർ സ്ഥാപിച്ച മണ്ടൂരിലെ സ്കൂൾ, 1925 ൽ സ്ഥാപിച്ച അറത്തിൽ വി.എം.സ്കൂൾ, ചെറുതാഴം സൗത്ത് സ്കൂൾ, ഏഴിലോട്ടുള്ള ചെറുതാഴം വെൽഫെയർ സ്കൂൾ എന്നിവയാണ് മുമ്പുണ്ടായിരുന്ന വിദ്യാലയങ്ങൾ.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വിദ്യാലയങ്ങളുടെ എണ്ണത്തിൽ വലിയ വർധനയുണ്ടായി. പിലാത്തറ യു.പി.സ്കൂൾ, അതിയടം എൽ.പി.സ്കൂൾ, ശ്രീരാമവിലാസം എൽ.പി.സ്കൂൾ, ഏകാധ്യാപക സ്കൂളായി തുടങ്ങിയ പുറച്ചേരി എൽ.പി.സ്കൂൾ, വയലപ്ര എൽ.പി.സ്കൂൾ എന്നീ വിദ്യാലയങ്ങൾ പിന്നീടുണ്ടായി. 1970 കളുടെ അവസാനത്തിൽ പുറച്ചേരി എൽ.പി.സ്കൂളും ചെറുതാഴം നോർത്ത് സ്കൂളും യു.പി. സ്കൂളു




1. ഗവ: യു.പി സ്കൂൾ പുറച്ചേരി I
2. രാജീവ് മെമ്മോറിയൽ ഹൈസ്കൂൾ II
3. അറത്തിൽ വി.എം.എൽ.പി.സ്കൂൾ III
4. പിലാത്തറ യു.പി.സ്കൂൾ IV
5. അന്ധ ബധിര മൂക വിദ്യാലയം V
6. അതിയടം-എൽ.പി.സ്കൂൾ മേലതിയടം VI
7. ഗവ: ഹൈസ്കൂൾ ചെറുതാഴം VI
8. ഗവ: എൽ.പി.സ്കൂൾ, ചെറുതാഴം സൌത്ത് VII
9. ചെറുതാഴം.എൽ.പി.സ്കൂൾ മണ്ടൂർ VIII
10. വയലപ്ര എൽ.പി.സ്.കൂൾ. VIII
11. ശ്രീരാമ വിലാസം എൽ.പി.സ്കൂൾ IX
12. വാരണക്കോട്ട് എൽ.പി.സ്കൂൾ IX
13. ഗവ: വെൽഫേർ എൽ.പി.സ്കൂൾ, ഏഴിലോട്

കളായി ഉയർത്തപ്പെട്ടു. 1980 ൽ ചെറുതാഴം നോർത്ത് യു.പി.സ്കൂൾ ഹൈസ്കൂളാക്കി. കഴിഞ്ഞവർഷം പിലാത്തറയിൽ ഒരു അൺ എയിഡഡ് ഹൈസ്കൂളും ആരംഭിച്ചിട്ടുണ്ട്. ഈ വർഷം മുതൽ വിളയാങ്കോട് ഒരു അന്ധബധിരമൂക വിദ്യാലയവും ആരംഭിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ സൗകര്യം കുറവാണ്. സമീപ പഞ്ചായത്തുകളിലെ പയ്യന്നൂർ കോളേജ്, മാടായി കോളേജ് എന്നിവയാണ് പൊതുമേഖലയിലുള്ളത്. ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്കു മാത്രമെ ഈ കോളേജുകളിൽ പ്രവേശനം ലഭിക്കുകയുള്ളു. ശരാശരിമാർക്കും കുറവുമാർക്കും ലഭിച്ചവർ പഞ്ചായത്തിൽ തന്നെയുള്ള മൂന്ന് പാരലൽ കോളേജുകളെയും സമീപപഞ്ചായത്തുകളിലുള്ള പാരലൽ കോളേജുകളെയും ആശ്രയിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന് സമീപ പഞ്ചായത്തുകളിലെ പരിയാരം ഗവ. ഹൈസ്കൂൾ, കൊട്ടില ഗവ. ഹൈസ്കൂൾ, മാടായി ഗവ. ബോയ്സ്, ഗേൾസ് ഹൈസ്കൂളുകൾ, കുഞ്ഞിമംഗലം ഗവ.ഹൈസ്കൂൾ, കടന്നപ്പള്ളി ഗവ. ഹൈസ്കൂൾ, നെരുവമ്പ്രം ടെക്നിക്കൽ ഹൈസ്കൂൾ, നെരുവമ്പ്രം യു.പി. സ്കൂൾ, വെങ്ങരപ്രിയദർശിനി യു.പി. സ്കൂൾ, വിളയാങ്കോട് എൽ.പി.സ്കൾ എന്നിവിടങ്ങളിലും നൂറുകണക്കിന് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നു.

വിദ്യാലയങ്ങളിലേക്കുള്ള പരമാവധി ദൂരം $2\frac{1}{2}$ കി. മീറ്ററാണ്. ഒന്നാടത്ത്ചാലിലും പഴിച്ചിലും എൽ.പി.സ്കൂളുകളും VIII, IX വാർഡുകളെ കേന്ദ്രീകരിച്ച് ഒരു യു.പി.സ്കൂളും പിലാത്തറയിൽ പൊതുമേഖലയിൽ ഒരു ഹൈസ്കൂളും ആരംഭിക്കണമെന്ന് നിർദ്ദേശങ്ങൾ പൊന്തിവന്നിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും കുട്ടികൾ കുറഞ്ഞുകൊണ്ടിരുന്നുഎന്നുള്ളതാണ് പൊതുസ്ഥിതി. പഞ്ചായത്തിലെ നാല് എൽ.പി.സ്കൂളുകൾ അൺഎക്കണോമിക് ആണ്. ചെറുതാഴം ഗവ. ഹൈസ്കൂളിൽ രണ്ടുമൂന്ന് വർഷമായി കുട്ടികൾ കുറുവരുന്നതിനാൽ അധ്യാപക തസ്തികകൾ കുറുകൊണ്ടിരിക്കുന്നു. ജനനനിയന്ത്രണം വ്യാപകമായി ജനങ്ങൾ സ്വീകരിച്ചത് കുട്ടികളുടെ എണ്ണക്കുറവിന് ഒരു കാരണമാണ്. എന്നാൽ ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കാനുള്ള ജനങ്ങളുടെ ഭ്രമവും ചെലവേറിയ അൺഎയിഡഡ് മേഖല കൂടുതൽ നല്ലതാണെന്നുള്ള തെറ്റായ ധാരണയും പൊതുമേഖലയുടെ ശോഷണത്തിന് കാരണമാണ്.

## പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ

1. അനാകർഷകമായ പഠനരീതികൾ
2. അധ്യാപകർക്ക് ഇൻ സർവ്വീസ് കോഴ്സുകൾ വേണ്ടത്ര കിട്ടുന്നില്ല.
3. പഠനോപകരണങ്ങളുടെ അപര്യാപ്തത.
4. സർക്കാർ സ്കൂളുകളിലെ അധ്യാപക തസ്തികകൾ നികത്തായ്ക.
5. പാഠപുസ്തകങ്ങൾ സമയത്തിന് ലഭിക്കായ്ക.
6. കെട്ടികസൗകര്യക്കുറവ്- ഹൈസ്കൂളിൽ ആവശ്യത്തിന് കെട്ടിടസൗകര്യമില്ലാത്തതിനാൽ ഷിഫ്ട് സമ്പ്രദായമാണ്.

## നിർദ്ദേശങ്ങൾ :-

1. പഠനനിലവാരം ഉയർത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെ ഗുരുകുലം പദ്ധതി ശക്തിപ്പെടുത്തുക.
2. സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടസൗകര്യം ഏർപ്പെടുത്തി ഷിഫ്റ്റ് ഒഴിവാക്കുക.
3. പഠനോപകരണങ്ങൾ ഉണ്ടാക്കുകയും ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യുക.
4. ഉച്ചക്കി ആവശ്യമുള്ള മുഴുവൻ കുട്ടികൾക്കും കൊടുക്കുക.
5. മുതിർന്ന പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ചുരുങ്ങിയ ഇൻറർവൽ സമയത്തിനുള്ളിൽ മുഴുവൻ കുട്ടികൾക്കും മൂത്രമൊഴിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളില്ലാത്തത് അവരുടെ ആരോഗ്യത്തെ പോലും ബാധിക്കുന്നതിനാൽ പെൺകുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ മൂത്രപ്പുരകളുണ്ടാക്കുക.
6. അധ്യയനയാത്രകൾ എല്ലാവർഷവും നിർബന്ധമായി നടത്തുക.
7. കലാസാംസ്കാരിക സംഘടനകളുടെ സഹായത്തോടെ കുട്ടികളുടെ കലാ കായിക കഴിവുകൾ വികസിപ്പിച്ച് പാഠ്യേതര പ്രവർത്തനം ശക്തിപ്പെടുത്തുക.

## പ്രീ പ്രൈമറി വിദ്യാഭ്യാസം:-

വിദ്യാഭ്യാസത്തിൽ പ്രീ പ്രൈമറിയുടെ പ്രാധാന്യം അടുത്തകാലംവരെ ജനങ്ങൾക്കു ബോധ്യപ്പെട്ടിരുന്നില്ല. പട്ടണപ്രദേശങ്ങളിലുള്ള സാമ്പത്തികശേഷിയുള്ള വളരെ കുറച്ചുപേർ മാത്രമാണ് എൽ.കെ.ജി.യിലും യു.കെ.ജി.യിലും കുട്ടികളെ അയച്ചിരുന്നത്. ഗ്രാമപ്രദേശങ്ങളിൽ ഗൃഹാന്തരീക്ഷത്തിൽനിന്ന് നേരെ വിദ്യാലയത്തിലെത്തുന്നതിനാൽ പുതിയ സാഹചര്യവുമായി പൊരുത്തപ്പെടുന്നതിന് നന്നെ കുറെ സമയമെടുക്കും.

1970 കളുടെ അവസാനം വികസനബ്ലോക്കുകൾ മുഖേന ആരംഭിച്ച ബാലവാടികൾ നമ്മുടെ പചായത്തിൽ അഞ്ചെണ്ണമുണ്ടായിരുന്നു. സർക്കാർ ഗ്രാൻറുപയോഗപ്പെടുത്തി ജനപങ്കാളിത്തത്തോടെ അച് ബാലവാടികൾക്കും സ്വന്തം കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞു. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിൻെറ ഗുണവും പ്രാധാന്യവും ജനങ്ങളെ ബോധ്യപ്പെടുത്താൻ ഇവ വളരെ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ ആയിരം ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന പദ്ധതിപ്രകാരം നിലവിലുള്ള അഞ്ച് ബാലവാടികളും അംഗൻവാടികളാക്കുകയും 16 എണ്ണം കൂടി പുതുതായി ആരംഭിക്കുകയും ചെയ്തു. അനുവദിച്ച ഒരു അംഗൻവാടി തുറക്കാൻ ബാക്കിയുണ്ട്. സ്വകാര്യകെട്ടിടങ്ങളിലും വായനശാലകൾപോലുള്ള പൊതുസ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലുമാണ് പുതുതായി തുടങ്ങിയ അംഗൻവാടികൾ പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ പലതിനും തീരെ സൗകര്യമില്ല. പചായത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു ശിശുമന്ദിരവും ആരംഭിച്ചിട്ടുണ്ട്. ഇതിന് നല്ല സൗകര്യത്തോടെയുള്ള കെട്ടിടവും പണിതിട്ടുണ്ട്. സ്വകാര്യകച്ചവടമേഖല ഈ രംഗത്ത് കടന്നുകയറ്റം ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 5 സ്വകാര്യ നഴ്സറി സ്കൂളുകളിൽ 4 ഉം ഇംഗ്ലീഷ് മീഡിയമാണ്. പുത്തൻ പരിഷ്കാരവും ഇംഗ്ലീഷ് ഭ്രമവും ചൂഷണംചെയ്തുകൊണ്ടാണിവയുടെ വളർച്ച.

## പ്രശ്നങ്ങൾ :-

1. പഞ്ചായത്തിൽ ആരമഭിച്ച 16 അംഗൻവാടികൾക്കും ആവശ്യമായ കെട്ടിടസൗകര്യങ്ങളില്ല.
2. കൊച്ചുകുട്ടികൾക്ക് ഉപയോഗിക്കുന്നതിന് പ്രത്യേകമായുള്ള ഫർണിച്ചറില്ല.
3. കളിക്കോപ്പുകളും കളിക്കാനുള്ള മറ്റ് സൗകര്യങ്ങളും പരിമിതമാണ്.
4. പ്രീ പ്രൈമറി മേഖലയിൽ പൊതുസിലബസ് ഇല്ല.
5. അധ്യാപികമാർക്ക് ചുരുങ്ങിയകാലത്തെ ട്രെയിനിങ്ങ് മാത്രമാണ് കൊടുക്കുന്നത്.

## നിർദ്ദേശങ്ങൾ :-

1. കെട്ടിടം സ്വന്തമായില്ലാത്ത 16 അംഗൻവാടിക്ക് കെട്ടിടമുണ്ടാക്കുക.
2. എല്ലാ അംഗൻവാടികൾക്കും ആവശ്യത്തിന് കളിക്കോപ്പുകളും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുക.
3. കുട്ടികൾക്ക് പ്രത്യേകമായുള്ള ഫർണിച്ചർ ഉണ്ടാക്കുക.
4. പ്രീ പ്രൈമറിക്ക് പൊതുസിലബസ് ഉണ്ടാക്കുക.
5. അമ്മമാർക്ക് ബോധവൽക്കരണം നടത്തുക.

കളിച്ചുവളരേണ്ട ചെറിയ കുട്ടികളെ അടിച്ചുപഠിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന സാമൂഹ്യക്രൂരത അവസാനിപ്പിക്കാൻ ജനകീയ ബോധവൽക്കരണം നടത്തുക. ബഹുജനപങ്കാളിത്തത്തോടെ ഈ മേഖലശക്തിപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്താൽ വിദ്യാഭ്യാസമേഖലക്ക് ഇത് വലിയ മുതൽക്കൂട്ടായിത്തീരുമെന്നതിന് സംശയമില്ല.

ഉന്നതവിദ്യാഭ്യാസത്തിനും തൊഴിൽവിദ്യാഭ്യാസത്തിനും പഞ്ചായത്തിൽ പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ. S.S.L.C ക്ക് ഉയർന്ന മാർക്ക് ലഭിച്ച ചുരുക്കം കുട്ടികൾക്കാണ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്നത്. ബാക്കിയുള്ള ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും പാരലൽ കോളേജുകളെയാണ് അഭയം തേടുന്നത്.

ചെറുതാഴം ഗവ. ഹൈസ്ക്കൂളിൽ ഹൈയർ സെക്കണ്ടറി ആരംഭിക്കുന്നത് ഇതിന് ചെറിയൊരളവിൽ പരിഹാരമാവും. ഏഴിലോട് പ്രവർത്തിക്കുന്ന തയ്യൽ പരിശീലനകേന്ദ്രം മാത്രമാണ് തൊഴിൽ പരിശീലനത്തിന് സർക്കാർ മേഖലയിലുള്ള സ്ഥാപനം.

നാല്ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും രണ്ടു കമ്പ്യൂട്ടർ സെൻററുകളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. കലാരംഗത്ത് പഞ്ചായത്തിൽ പിലാത്തറയിലും ഏഴിലോടും രണ്ടു സ്വകാര്യ നൃത്തവിദ്യാലയങ്ങൾ പ്രവൃത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ചെറുതാഴം ഹൈസ്ക്കൂളിൽ ഹയർ സെക്കണ്ടറി ആരംഭിക്കുക.
2. പിലാത്തറയിൽ തൊഴിൽ വിദ്യാഭ്യാസം നൽകുന്നതിന്ന് ഒരു കേന്ദ്രം സ്ഥാപിക്കുക.
3. എല്ലാ വിദ്യാലയങ്ങളിലും കലാകായിക അദ്ധ്യാപകരെ നിയമിക്കുന്ന നടപടിയുണ്ടാക്കുക.
4. പഞ്ചായത്തിൽ ഇന്നുള്ള വിശാലമായ ഗ്രൗണ്ട് ഏറ്റെടുത്ത് യുവാക്കളുടെ കായികശേഷി വർദ്ധിപ്പിക്കുന്നത് സൗകര്യം ചെയ്തുകൊടുക്കുക.

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നൂറോളം വരുന്ന കലാസംസ്കാരിക സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക.
6. ഏഴിലോട് വെൽഫെയർ സ്കൂളിന്റെ കെട്ടിടവും സ്ഥലവും സർക്കാർ ഏറ്റെടുക്കണം, യു.പി. ആക്കണം.

എസ്. എസ്. എൽ. സി. വിജയ ശതമാനം
ചെറുതാഴം ഗവ: ഹൈ സ്ക്കൂൾ

| വർഷം | പരീക്ഷക്കിരുന്ന വിദ്യാർത്ഥികൾ | ജയിച്ച വിദ്യാർത്ഥികൾ | വിജയ ശതമാനം |
|---|---|---|---|
| 1989 | 81 | 65 | 80.2 |
| 1990 | 89 | 54 | 60.6 |
| 1991 | 85 | 48 | 56.4 |
| 1992 | 101 | 56 | 55.4 |
| 1993 | 73 | 46 | 63 |
| 1994 | 113 | 46 | 40.7 |
| 1995 | 102 | 58 | 56.8 |
| 1996 | 103 | 48 | 47 |

**സ്കൂളുകളിൽ കുട്ടികളും എണ്ണം - 6 വർഷത്തെ കണക്ക്**


| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | 1996-97 |
|---|---|---|---|---|---|---|---|
| 1 | വയലപ്രഅണിക്കര L.P.S | 88 | 87 | 81 | 77 | 76 | 67 |
| 2 | ശ്രീരാമവിലാസം L.P.S | 274 | 265 | 263 | 252 | 265 | 226 |
| 3 | വാരണക്കോട് L.P.S | 60 | 57 | 52 | 53 | 51 | 52 |
| 4 | മണ്ടൂർ A.L.P.S | 231 | 228 | 233 | 234 | 239 | 240 |
| 5 | ചെറുതാഴം ഗവ. W.L.P.S | 163 | 151 | 146 | 136 | 113 | 102 |
| 6 | അറത്തിൽ L.P.S | 103 | 100 | 90 | 84 | 75 | 71 |
| 7 | ചെറുതാഴം ഗവ. S.L.P.S | | | 204 | 208 | 205 | 180 |
| 8 | അതിയടം A.L.P.S | 82 | 72 | 74 | 78 | 75 | 79 |
| 9 | പുറച്ചേരി ഗവ. U.P.S | 510 | 478 | 441 | 424 | 414 | 405 |
| 10 | പിലാത്തറ U.P.S | 534 | 550 | 535 | 527 | 519 | 479 |
| 11 | ചെറുതാഴം G.H.S | 943 | 914 | 860 | 860 | 774 | 720 |

## പഞ്ചായത്തിലെ വിദ്യാലയങ്ങളും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും വിവരങ്ങളും

| | | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| ക്രമനമ്പർ | സ്കൂളിന്റെ പേര് | പു. | സ്ത്രീ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്ര ഉള്ളതത് | വേണ്ടത്ര ഇല്ലാത്തത് | വേണ്ടത്ര ഉള്ളത് | വേണ്ടത്ര ഇല്ലാത്തത് |
| 1. | വയലപ്ര അണീക്കര L.P. സ്ക്കൂൾ | 2 | 1 | 3 | 35 | 32 | 67 | 102'×20'×11' | | ബെഞ്ച് 33, ഡെസ്ക് 8, മേശ 6, കസേര 7, അലമാറ 2, പെട്ടി 2, സ്റ്റൂൾ 2, ബ്ലാക്ക് ബോർഡ് 5 | |
| 2 | ശ്രീരാമ വിലാസം L.P. സ്ക്കൂൾ | 4 | 5 | 9 | 113 | 118 | 231 | ഉണ്ട് | | | |
| 3 | വാരണക്കോട് L.P. സ്ക്കൂൾ | 4 | | 4 | 22 | 26 | 48 | ഉണ്ട് | | | |
| 4 | ശ്രീരാമ വിലാസം L.P. സ്ക്കൂൾ | 4 | 5 | 9 | 113 | 118 | 231 | ഉണ്ട് | | | ബെഞ്ച്, ഡെസ്ക് ബോർഡ്, കസേര |
| 5 | ചെറുതാഴം ഗവ. വെൽഫേർ L.P.S | 2 | 2 | 4 | 46 | 56 | 102 | ഇല്ല | സ്റ്റാഫ്റൂം, മൂത്രപ്പുര കക്കൂസ്, കളിസ്ഥലം | ബെഞ്ച് 20, ബി.ബി. 4 (ഉപയോഗശൂന്യം) | കസേര 4, മേശ 4, ഡെസ്ക് 16, ബെഞ്ച് 20 ബി.ബി. 4, ഷെൽഫ് 1, തട്ടി 6 |
| 6 | അറത്തിൽ L.P. സ്ക്കൂൾ | 1 | 3 | 4 | 41 | 32 | 73 | ഉണ്ട് | | കസേര 5<br>മേശ 5<br>ബെഞ്ച് 26<br>ഡെസ്ക് 6<br>സ്റ്റൂൾ 1<br>ബ്ലാക്ക് ബോർഡ് 4 | 4<br>2<br>22<br>-<br>1<br>2 |
| 7 | ചെറുതാഴം ഗവ. സൌത്ത് L.P. സ്ക്കൂൾ | 2 | 4 | 6 | 104 | 76 | 180 | 2 ക്ലാസ് മുറി | 4 ക്ലാസു മുറികളും സ്റ്റാഫ് മുറിയും | 45 | 30 എണ്ണം ഡസ്കുകളായി ഉപയോഗിക്കാൻ പറ്റിയവ |
| 8 | അതിയടം A.L.P. സ്ക്കൂൾ | 1 | 3 | 4 | 43 | 37 | 80 | | | | |
| 9 | പുറച്ചേരി ഗവ. U.P. സ്ക്കൂൾ | 6 | 4 | 10 | 202 | 206 | 408 | | | | |
| 10 | പിലാത്തറ U.P. സ്ക്കൂൾ | 13 | 8 | 21 | 241 | 228 | 469 | ഉണ്ട് | ലൈബ്രറി<br>ലാബറട്ടറി<br>സൌകര്യങ്ങൾ | ബെഞ്ച് 124<br>മേശ 13<br>കസേര 7<br>ബ്ലേക്ക് ബോർഡ് 14 | കസേര 10<br>ഡെസ്ക് 20<br>അളുമാറ 2 |
| 11 | G.H.S. ചെറുതാഴം | 14 | 11 | 25 | 362 | 358 | 720 | | | | ബെഞ്ച് 75, ഡെസ്ക് 70 മേശ 5, കസേര 10 അലമാറ 3 |
| 12 | കാരുണ്യനികേതൻ അന്ധ ബധിര മൂക L.P. സ്ക്കൂൾ | 4 | 3 | 7 | 34 | 13 | 47 | | | | |
| 1 | അൺ എയിഡഡ് രാജീവ് മെമ്മോറിയൽ H.S. | 4 | 2 | 6 | 19 | 12 | 31 | ഉണ്ട് | കളിസ്ഥലം, ലാബറട്ടറി ലൈബ്രറി | | |

## പഞ്ചായത്തിലെ വിദ്യാലയങ്ങളും അവയിലെ സൌകര്യങ്ങളും

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | വയലപ്ര അണിക്കര L.P. സ്കൂൾ | 90'×20 | 12'×20 | ഇല്ല | ഇല്ല | 297 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 2 | ശ്രീരാമ വിലാസം L.P. സ്കൂൾ | 72'×14'<br>52'×14' | 14'×14' | ഇല്ല | ഇല്ല | 100 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3 | വാരണക്കോട് L.P. സ്കൂൾ | 72c<br>80'×14 1/2<br>6×14 1/2 | ഇല്ല | ഇല്ല | ഇല്ല | 250 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | മണ്ടൂർ A.L.P. സ്കൂൾ | 70c | ഉണ്ട് | ഇല്ല | ഇല്ല | 150 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5 | ചെറുതാഴം ഗവ. വെൽഫേർ L.P. സ്കൂൾ | 4c | 1 | ഇല്ല | ഇല്ല | 30 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | അറത്തിൽ L.P. സ്കൂൾ | 1.50c | 1 | ഇല്ല | ഇല്ല | 150 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | പഞ്ചായത്ത് കിണർ ഉണ്ട് |
| 7 | ചെറുതാഴം ഗവ:സൗത്ത് L.P. സ്കൂൾ | 50'×10'×10'<br>58'×13'×9'<br>26'×10 1/4-9' | 18'×10'× | ഇല്ല | ഇല്ല | 75 | 6'×4'-1 | ഇല്ല | 8'×20'×9' | ഇല്ല | 25c | ഉണ്ട് |
| 8 | അതിയടം A.L.P. സ്കൂൾ | 65c | ഉണ്ട് | ഇല്ല | ഇല്ല | 75 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 9 | പിലാത്തറ U.P. സ്കൂൾ | 1.50 c | ഉണ്ട് | ഉണ്ട് | ഇല്ല | 625 | 1 | 1 | ഇല്ല | ഇല്ല | 50c | 1 |
| 10 | പുറച്ചേരി ഗവ: U.P. സ്കൂൾ | 152.5c | 1 | ഇല്ല | ഇല്ല | 50 | 2 | 2 | ഇല്ല | ഉണ്ട് | 80c | 1 |
| 11 | G.H.S. ചെറുതാഴം | 5 ഏക്ര | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് (ഉപയോഗശൂന്യം) | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല (പഞ്ചായത്ത്കിറണുണ്ട് |
| 12 | രാജീവ് മെമ്മോറിയൽ H.S (അൺ എയിഡഡ്) | 3ഏക്ര | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |



# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ജനസംഖ്യാ വർദ്ധനവും ഭൂഗർഭജലസ്രോതസ്സുകളുടെ അശാസ്ത്രീയമായ ഉപഭോഗവും നമ്മുടെ കുടിവെള്ള ലഭ്യതക്ക് ഭീഷണിയായി മാറുകയാണ്. ആണ്ടിൽ 3 മീറ്ററിലധികം മഴലഭിക്കുന്ന കേരളത്തിൽ വേനൽക്കാലം കടുത്തവരൾച്ചയും മഴക്കാലം വെള്ളപ്പൊക്കക്കെടുതിയുംമൂലം നമ്മുടെ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയാണ് കൊല്ലംതോറും ചിലവഴിക്കേണ്ടിവരുന്നത്. ആകെ ലഭിക്കുന്ന മഴവെള്ളത്തിന്റെ മുക്കാൽപങ്കും വെള്ളപ്പൊക്കം സമ്മാനിച്ചുകൊണ്ട് കടലിൽചേരുന്നു. ഡിസംബർ മാസംതൊട്ടുതന്നെ തോടുകളും നദികളും കിണറുകളും വറ്റുന്നു. ഈ പ്രതിഭാസത്തെ നേരിടുന്നതിൽ വിജയിച്ചാലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയൂ. പെയ്തിറങ്ങുന്ന മഴവെള്ളം അതാതിടങ്ങളിൽ മണ്ണിനുള്ളിലേക്ക് ഊർന്നിറങ്ങി ഭൂഗർഭജലവിതാനം ഉയർത്തുകയും അത്വഴി നമ്മുടെ കിണറുകൾ, തോടുകൾ, നദികൾ എന്നിവയിൽ നീരുറവ ഉറപ്പ്വരുത്തുകയും ചെയ്യത്തക്ക പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രകൃതിദത്ത ജലസംഭരണികളായ വയലുകളും തോടുകളും കുളങ്ങളും നികത്തി പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്ന പ്രവർത്തനം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ചെറുതാഴം ഗ്രാമത്തിൽ കുടിവെള്ളത്തിനുവേണ്ടി പ്രധാനആശ്രയം കിണറുകളാണ്. പഞ്ചായത്തിൽ 905 കുടുംബങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ടാപ്പുകൾ ആശ്രയിക്കുന്നവർ 60% ഉം പൊതുകിണറുകൾ ആശ്രയിക്കുന്നവർ 4% ആണ്.

### കുടിവെള്ളത്തിന്റെ ലഭ്യത :-

ചെറുതാഴം ഗ്രാമത്തിൽ 3 പൊതുടാപ്പ് യൂണിറ്റുകൾ ഉണ്ട്. 28 പൊതുകിണർ, 10 കുഴൽകിണർ, 18 പൊതുകുളം എന്നിവക്ക് പുറമേ താഴെ പട്ടികയിൽ ചേർത്തവിധം സ്വകാര്യകിണറുകളും മറ്റ് ജലസ്രോതസ്സുകളും ഉണ്ട്.

| വാർഡ് | ആകെവീട് | കിണറുള്ളവർ | കിണറില്ലാത്തവർ | കുളങ്ങൾ | ഏപ്രിൽമുതൽ വെള്ളം വറ്റുന്ന കിണർ |
|---|---|---|---|---|---|
| 1 | 370 | 255 | 77 | 16 | 103 |
| 2 | 406 | 195 | 106 | 10 | 180 |
| 3 | 365 | 281 | 58 | 11 | 122 |
| 4 | 463 | 374 | 113 | 10 | 176 |
| 5 | 459 | 376 | 116 | 3 | 239 |
| 6 | 552 | 366 | 186 | 21 | 184 |
| 7 | 424 | 297 | 159 | 14 | 96 |
| 8 | 605 | 394 | 111 | 11 | 187 |
| 9 | 383 | 300 | 83 | 15 | 260 |
| 10 | 241 | 150 | 96 | --- | 103 |

(അവലംബം സാമ്പത്തിക സർവ്വേ)

ചെറുതാഴം ഗ്രാമപഞ്ചായത്തിൽ എല്ലാകാലത്തും കുടിവെള്ളം ലഭിക്കാത്ത ഒരു പ്രദേശമാണ് ഒമ്പതാം വാർഡിലെ ആരുംഭാഗം അവിടങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ളമാണ്. കിലോമീറ്ററുകൾ നടന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. മാർച്ച്, ഏപ്രിൽ മാസത്തോടെ പഞ്ചായത്തിലെ 50% വീടുകളിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്.

## പ്രശ്നങ്ങൾ :-

1. ഒന്നും രണ്ടും വാർഡുകളിൽ പ്രവർത്തിക്കുന്ന ജലവിതരണ (ടാപ്പ്) പ്രവർത്തനം കാര്യക്ഷമമല്ല.
2. 10-ാം വാർഡിലെ ചക്ലിയ കോളനിയിലെ ജലവിതരണസംവിധാനം തൃപ്തികരമല്ല.
3. 8-ാം വാർഡിലെ ഹരിജൻ കോളനിയിലെ ജലവിതരണം ഉപയോഗരഹിതമായി കിടക്കുന്നു.
4. നാലാം വാർഡിൽ പിലാത്തറയിലുള്ള കുഴൽകിണർ വരൾച്ചക്കാലം ദുർവിനിയോഗം കുറക്കേണ്ടതാണ്.
5. പാലയാട് ഭാഗത്തുള്ള കുഴൽകിണറിന്റെ ഇരുമ്പ് പൈപ്പ് മാറ്റി പി.വി.സി. പൈപ്പിട്ട് വെള്ളംകുടിക്കാൻ ഉപയുക്തമാക്കണം.
6. ചെറുതാഴം ഹൈസ്കൂളിനടുത്തുള്ള കുഴൽകിണർ ഇരുമ്പ് തുരുമ്പെടുത്തതിനാൽ വെള്ളംകുടിക്കാൻ കൊള്ളാത്തതാണ്.

## സാധ്യതകൾ :-

1. മീൻകുഴി അണക്കെട്ടിന് സമീപം കിണർകുഴിച്ച് പടികപ്പാറയിൽ ടാങ്ക് നിർമ്മിച്ച് ചെറുതാഴം പഞ്ചായത്തിലാകെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.
2. ഒന്ന്, രണ്ട്, പത്ത് വാർഡുകളിലായി നിലവിലുള്ള ജലവിതരണപദ്ധതിയുടെ ശേഷിവർധിപ്പിച്ച്ഒരു മുഴുവൻ സമയജീവനക്കാരന്റെ സേവനം ഉറപ്പുവരുത്തി 1,2,10 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

3. മൂന്നാംവാർഡിൽ താമരക്കാട്ട്കുളം ഉപയോഗപ്പെടുത്തി കോട്ടക്കുന്ന്മുതൽ പയിച്ചിവരെ കുടിവെള്ളം എത്തിക്കാം.
4. അറുപൊതിപ്പാട്ടിലെ കുളം നവീകരിച്ചാൽ കുടിവെള്ളം ലഭ്യമാകും.
5. സി.എം.നഗറിൽ ഇപ്പോഴുള്ള കുളം നവീകരിച്ച് സി.എം.നഗർ, എസ്.എം.നഗർ പ്രദേശങ്ങളിലെ 140 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്.
6. മണ്ണൂർ, കോക്കാട്സ്റ്റോപ്പ്, പഞ്ചായത്താഫീസ്, ആശുപത്രി, വിളയാങ്കോട്, ഒറന്നിടത്ത്ചാൽ, മംഗലംപറമ്പ്, ഉളിയത്ത് തെക്കേകരയിൽ തുടങ്ങിയ പൊതുകിണറുകൾ ആഴംകൂട്ടി ജലലഭ്യത ഉറപ്പുവരുത്തുക.
7. പിലാത്തറ ബസ്സ്റ്റാൻറിലുള്ള കിണർ കുടിവെള്ളത്തിന് ഉപയോഗിക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം. തൊട്ടടുത്ത മൂത്രപ്പുരയും കക്കൂസും പ്രശ്നമാണ്.
8. നാലാംവാർഡിൽ ശിലക്കാട്ടില്ലംതാഴെ കുളം ആഴംകൂട്ടി തൊട്ടടുത്ത കുന്നിൽ ടാങ്ക് നിർമ്മിച്ച് വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
9. ഒറന്നിടത്ത്ചാൽ, വിളയാങ്കോട്, കുളപ്പുറം റോഡ്, കുളപ്പുറം ഈസ്റ്റ്, പെരിയാട്ട് ലക്ഷംവീട്കോളനി, വെള്ളിയാർമൊട്ട (ശ്രീസ്ഥ), മേലെ അതിയടംവായനശാലക്ക് സമീപം, പടന്നപ്പുറംനോർത്ത്, തലക്കേടത്ത്, കുളപ്പുറം ക്രിസ്ത്യൻകോളനി, കുന്നംപുറം, ചുമട്താങ്ങി പടിഞ്ഞാറെഭാഗം, കുന്നുപുറം പടിഞ്ഞാറെഭാഗം, പുത്തൂർ, കക്കോണി, പിരക്കാംതടം, ചാലിൽ തോട്ടുംകര, അറത്തിപ്പറമ്പ് എന്നിവിടങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുക. കിണറുകൾ സ്ഥാപിക്കുന്നതിന് സ്ഥലം സംഭാവന നൽകാൻ പല സ്ഥലങ്ങളിലും ജനങ്ങൾ തയ്യാറാണെന്ന് ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
10. പുത്തരിക്കാവിന്സമീപം കിണർകുഴിച്ച് കൊട്ടുത്തലച്ചികുന്നിൽ ടാങ്ക് നിർമ്മിച്ച് ആറാംവാർഡിൽ മുഴുവനായി കുടിവെള്ളം എത്തിക്കാം.
11. എഗ്ഡിതാഴെകുളം, മേപ്പള്ളിതാഴെകുളം, കൃഷ്ണൻ മതിലകംകുളം, മുണ്ടയാട്ട് കുളം എന്നിവ പരിഷ്കരിച്ച് കുടിവെള്ള യോഗ്യമാക്കാവുന്നതാണ്.
12. വിരഞ്ഞിറയിൽ കിണർ സ്ഥാപിച്ച് നെരുവമ്പ്രത്ത് ടാങ്ക് നിർമ്മിച്ച് ഏഴാംവാർഡിൽ മുഴുവനായി കുടിവെള്ളം എത്തിക്കാം.
13. ഉറവയുള്ള നടക്കൽകുളം ഉപയോഗപ്പെടുത്തി കുന്നിൻമതിലകത്തിന് സമീപം ടാങ്ക് നിർമ്മിച്ച് 8,9 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
14. ഒമ്പതാംവാർഡിലെ അരുംഭാഗത്തുള്ളവർക്ക് എല്ലാകാലത്തും കുടിവെള്ളം കിട്ടാക്കനിയാണ്. അകലെ കിണർകുഴിച്ച് പൈപ്പ്വഴിയോ മേൽനിർദ്ദേശിച്ച നടക്കൽകുളം പദ്ധതി ഉപയോഗപ്പെടുത്തിയോ ഇവിടുത്തെ ജലക്ഷാമം പരിഹരിക്കേണ്ടതാണ്.
15. പരമ്പരാഗത ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് നിയമങ്ങൾ ആവിഷ്കരിച്ച് കർശനമായി നടപ്പിലാക്കുകയും ചെയ്യുക.
16. നിലവിലുള്ള പൈപ്പുകളുടെയും പൊതുകിണർ, കുളങ്ങൾ എന്നിവയുടെ വിനിയോഗവും പരിചരണവും കാര്യക്ഷമമാവാൻ ഗുണഭോക്തൃക്കളുടെ സമിതികൾ രൂപീകരിച്ച് ചുമതലകൾ ഏൽപിക്കുക.
17. തെറ്റായ സമീപനത്തിന്റെ ഫലമായി കുറഞ്ഞുകൊണ്ടിരിക്കുന്ന ഭൂഗർഭജലസ്രോതസ് ഉയർത്തിക്കൊണ്ട് വരുന്നതിന് ജനങ്ങളിൽ അറിവ് പകരുന്നതിന് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
18. നിർദ്ദിഷ്ട കാക്കടവ് പദ്ധതിയുടെ നിർമ്മാണപ്രവർത്തി ത്വരിതപ്പെടുത്തുക.

## ആരോഗ്യം

രണ്ടായിരമാണ്ടിൽ ഭാരതം മൊത്തത്തിൽ കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്ന ആരോഗ്യരംഗത്തെ ലക്ഷ്യം വർഷങ്ങൾക്ക് മുമ്പേ കൈവരിച്ച സംസ്ഥാനമാണ് കേരളം. ആരോഗ്യമുള്ള ജനത ആ രാജ്യത്തിന്റെ സമ്പത്താണ്. ആരോഗ്യരംഗത്തുള്ള പൊതുസ്ഥാപനങ്ങൾ നോക്കുകുത്തികളാവുകയും ഈ രംഗത്തെ സ്വകാര്യസ്ഥാപനങ്ങൾ രംഗം കിഴടക്കുകയും ചെയ്ത അവസ്ഥയാണ് ഇന്ന്. ഈ സാഹചര്യത്തിൽ ആരോഗ്യസേവനരംഗത്ത് പൊതുഉടമയിലുള്ള സ്ഥാപനങ്ങളെ ഉയർത്തി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള ബാധ്യത പഞ്ചായത്തുകൾക്കാണ്.

ആരോഗ്യരംഗത്തെ നേട്ടങ്ങൾ ഉയർത്തിക്കാട്ടുമ്പോൾതന്നെ നാം വേരുപിഴുതെടുത്ത പല പകർച്ചവ്യാധികളും തിരിച്ചുവന്ന് നമ്മെ കൊഞ്ഞനംകുത്തുന്നതും വിസ്മരിച്ചുകൂടാ. മലമ്പനി, ക്ഷയം, കുഷ്ഠം, മന്ത്

എന്നിവയൊക്കെ ഈ രംഗത്തെ ഭീഷണികളാണ്. ഈ നൂറ്റാണ്ടിലെ മഹാമാരിയായ എയ്ഡ്സ് മറ്റൊരു വൻ ഭീഷണിയായി മുന്നിലുണ്ട്.

ആരോഗ്യരംഗത്തെ പ്രവർത്തനം ചർച്ചചെയ്യുമ്പോൾ ചെറുതാഴംഗ്രാമത്തിന്റെ ഭൂതകാലത്ത് നടന്ന ആരോഗ്യപ്രവർത്തനരംഗം വിചിന്തനം ചെയ്യേണ്ടതുണ്ട്. പാരമ്പര്യ - നാടൻ ചികിൽസകൾക്ക് ചെറുതാഴം ഗ്രാമത്തിന് പേരും പെരുമയും ഉണ്ടായിരുന്നു. ചെറുതാഴം പഞ്ചായത്ത് ഭരണസമിതിയുടെ നേതൃതവത്തിൽ അമ്പതുകളിൽ നാട്ടുവൈദ്യന്മാർ മരുന്ന് നിർമ്മിച്ച് പാവപ്പെട്ടവർക്ക് സൗജന്യമായി നൽകിയിരുന്നു. അക്കാലത്തെ ഭരണസമിതിയിൽതന്നെ പേരുംപെരുമയുമുള്ള നാലോളം നാട്ടുവൈദ്യന്മാർ മെമ്പർമാരായിരുന്നു എന്നതും പ്രത്യേകതതന്നെ.

പാറമ്മൽ കൃഷ്ണൻവൈദ്യർ, കുഞ്ഞിമംഗലം തമ്പാൻവൈദ്യർ, അച്ചുതൻ വൈദ്യർ, മൂലയിൽ കമ്മാരൻ വൈദ്യർ, പാറമ്മൽ കോരൻവൈദ്യർ, തളാപ്പൻ വൈദ്യർ, ഗോവിന്ദൻവൈദ്യർ, അഞ്ചാംപുരവൈദ്യർ, ചന്തുപ്പെരുമലയൻ എന്നിവരുടെ സേവനം ഈ രംഗത്ത് എന്നും സ്മരിക്കപ്പെടേണ്ടതാണ്. ഒടിവിനും ചതവിനും രാമപുരത്തെ ചന്തൻവൈദ്യരുടെ സേവനം പ്രശസ്തമാണ്. ഇത്രയൊക്കെ സമ്പുഷ്ടമായ നാടൻചികിൽസകരുടെ സങ്കേതമുണ്ടായിട്ടും തലമുറകളിലേക്ക് പകരുന്നതിന് കഴിയാതെപോയത് ദുഃഖകരമാണ്.

കാലവും ആളുകളും മാറിവന്നതോടെ ചികിൽസാരീതിയും സംവിധാനവും മാറി. ജനവാസവും ഭൂവിനിയോഗവും നമ്മുടെ പല നാട്ടുമരുന്നുകളുടെയും വേരറുത്തു. 1945 ൽ നമ്മുടെ നാട്ടിൽ പടർന്നുപിടിച്ച കോളറ എത്രയോ പേരുടെ ജീവൻ അപഹരിച്ചു. കോളറയെത്തുടർന്ന് മരിച്ചവരെ മറവ് ചെയ്യാൻ അന്നത്തെ പുരോഗമനപ്രസ്ഥാനം യുവജനങ്ങളുടെ സംഘമുണ്ടാക്കി സേവനനിരതമായ ചരിത്രവും നമുക്കുണ്ട്. അതുപോലെ അക്കാലത്ത് ജനങ്ങളെയാടെ കിടിലംകൊള്ളിച്ച രോഗമായിരുന്നു വസൂരി. രോഗംവന്നൽ രോഗിയെ വീട്ടിൽ ഉപേക്ഷിച്ച് കുടിയൊഴിഞ്ഞുപോവുകയായിരുന്നു പതിവ്. വേറെചിലർ വീട്ടിന്നകലെ കുടിൽകെട്ടി രോഗിയെ മാറ്റിത്താമസിപ്പിക്കും. പരിചരണമോ ഭക്ഷണമോ കിട്ടാതെ നിരവധി രോഗികൾ മരണമടയുക പതിവായിരുന്നു. ഇതൊക്കെ ചില തെറ്റായ വിശ്വാസങ്ങളുടെ ഫലമായാണ് നടന്നത്.

19 ൽ ചെറുതാഴം പഞ്ചായത്താഫീസ് ചേർന്നുള്ള കമ്മ്യൂണിറ്റിഹാളിൽ പ്രവർത്തനമാരംഭിച്ച ഗ്രാമീണ റൂറൽ ഡിസ്പൻസറിയാണ് നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ ആതുരശുശ്രൂഷാകേന്ദ്രം. ഇതിനുമുമ്പ് പരിയാരം ടി.ബി. സാനിറ്റോറിയം, പഴയങ്ങാടി ആശുപത്രി, പയ്യന്നൂർ ധർമ്മാശുപത്രി എന്നിവയായിരുന്നു അവലംബം. പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ ആരംഭിച്ച ഡിസ്പൻസറി പിലാത്തറ വികാരിയായിരുന്ന റവ: ഫാദർ തഫറേൽ പിലാത്തറ നാഷനൽ ഹൈവേക്കരികെ നൽകിയ സ്ഥലത്ത് നാട്ടുകാരുടെ നേതൃത്വത്തിൽ പണിതകെട്ടിടത്തിൽ 1982 ൽ പ്രവർത്തനമാരംഭിച്ചു. പിന്നീട് 1992 ൽ ജനങ്ങളുടെ സഹകരണത്തോടെ പണിത 10 കിടക്ക വാർഡ് ഉദ്ഘാടനം നടന്നുവെങ്കിലും നാളിത്വരെയായി ആശുപത്രിയുടെ പൂർണ്ണഅർത്ഥത്തിൽ കിടത്തി ചികിൽസ നടക്കുന്നില്ല. വേണ്ടത്ര ജീവനക്കാരില്ലായ്മ, ജലവിതരണസംവിധാനത്തിന്റെ കുറവ്, ഭക്ഷണംപാകംചെയ്യാനുള്ള കെട്ടിടമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ കിടത്തി ചികിൽസ തടസ്സമായി നിൽക്കുന്നു.

പിലാത്തറയിൽ പ്രവർത്തിക്കുന്ന P.H.C, ശ്രീസ്ഥയിലെയും പുറച്ചേരിയിലെയും കുടുംബക്ഷേമകേന്ദ്രങ്ങൾ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യസംവിധാനം. ചെറുതാഴം (8,9 വാർഡുകളിൽ) ഒരു കുടുംബക്ഷേമകേന്ദ്രം അനുവദിച്ചിട്ട് വർഷങ്ങളായെങ്കിലും കെട്ടിടമില്ലാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പി.എച്ച്.സി. യുടെ അവസ്ഥ മേൽസൂചിപ്പിച്ചിട്ടുണ്ട്. ശ്രീസ്ഥ സെന്ററിൽ വെളിച്ചമില്ല. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടക്കാറില്ല. പുറച്ചേരി സബ്സെന്റർ വാടകകെട്ടിടത്തിലാണ്. പ്രവർത്തനം കാര്യക്ഷമമല്ല. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ 21 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പിലാത്തറയിൽ അനുവദിച്ച അംഗൻവാടി പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

ഇതുകൂടാതെ സ്വകാര്യമേഖലയിൽ രാമപുരം, പിലാത്തറ, മണ്ടൂർ, ഏഴിലോട് എന്നിവിടങ്ങളിൽ ആയുർവേദക്ലിനിക്കുകളും ഏഴിലോട്, പിലാത്തറ എന്നിവിടങ്ങളിൽ അലോപ്പതിചികിൽസാ കേന്ദ്രവും പിലാത്തറയിൽ ദന്തരോഗക്ലിനിക്കും മണ്ടൂർ, പിലാത്തറ, ഏഴിലോട് ഹോമിയോ ചികിൽസാകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ PHC യിൽ ഒ.പി. വിഭാഗത്തിൽ കഴിഞ്ഞ 4 വർഷമായി ചികിൽസ തേടിയവർ.

| കൊല്ലം | രോഗികളുടെ എണ്ണം |
|---|---|
| 1992 - 93 | 6932 |
| 1993 - 94 | 6046 |
| 1994 - 95 | 7213 |
| 1995 - 96 | 7817 |

ചികിൽസക്കെത്തുന്ന രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായി കാണാം. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ചികിൽസ നേടിയവരിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. കുട്ടികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

PHC യിലെ രേഖകൾപ്രകാരം പഞ്ചായത്തിലെ ശരാശരി ജനനനിരക്ക് 17% ഉം (സംസ്ഥാനം 17), മരണനിരക്ക് 9% ഉം (സംസ്ഥാനം 5.9).

PHC രേഖകൾപ്രകാരം 1993 മുതൽ 96 വരെയുണ്ടായ ജലജന്യ - വായുജന്യ - പ്രാണിജന്യ രോഗികളുടെ വിവരം ചുവടെ ചേർക്കുന്നു.

അവലംബം - P.H.C. രേഖകൾ

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം |
|---|---|---|---|
| 1993 - 94 | 58 | 48 | 9 |
| 1994 - 95 | 66 | 39 | 8 |
| 1995 - 96 | 102 | 46 | 8 |

ജലജന്യരോഗങ്ങൾ കൂടിവരികയും വായുജന്യ പ്രാണിജന്യരോഗങ്ങൾ കുറഞ്ഞുവരുന്നതായും കാണുന്നു.


ചെറുതാഴം പഞ്ചായത്തിലെ ജനനമരണവിവരങ്ങൾ
അവലംബം - P.H.C രേഖകൾ

| വർഷം | ജനനം | മരണം | ചാപിള്ളജനനം |
|---|---|---|---|
| 1993 - 94 | 263 | 107 | 1 |
| 1994 - 95 | 259 | 104 | 1 |
| 1995 - 96 | 252 | 98 | 4 |

ജനനമരണനിരക്ക് കുറയുമ്പോൾ, ചാപിള്ളാ ജനനം കൂടുന്നത് ആരോഗ്യരംഗത്ത് ശ്രദ്ധിക്കേണ്ടതിന്റെ സൂചനയാണ്.

# ചെറുതാഴം പഞ്ചായത്ത്

## ആരോഗ്യം



PHC യിലെ വികലാംഗ സർവ്വേ അടിസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിലെ അന്ധർ, ബധിരർ, മൂകർ, വികലാംഗർ എന്നിവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അന്ധർ | – | 7 |
| ബധിരർ | – | 13 |
| മൂകർ | – | 7 |
| ബധിരമൂകർ | – | 5 |
| ചലനവൈകല്യം | – | 55 |
| ആകെ | – | 87 |

ഈ വിഭാഗത്തിൽപെടുന്നവർക്ക് സ്വയംതൊഴിൽ നേടാനും ചെയ്യാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്തിൽ ചില പോക്കറ്റുകളിൽ കുഷ്ഠരോഗികൾ ഉണ്ട്. അത്തരക്കാർക്ക് PHC യിൽ പ്രത്യേക ചികിൽസാ സൗകര്യം ഉണ്ട്. ചിക്കൻപോക്സ്, മലമ്പനി, ടൈഫോയിഡ്, തൊക്കരോഗങ്ങൾ എന്നിവ പഞ്ചായത്തിലെ ചില പ്രദേശങ്ങളിലുണ്ട്. ഇത്തരം രോഗങ്ങളുടെ വ്യാപനത്തിനെതിരെ ആരോഗ്യ-പൊതുപ്രവർത്തകർ ശ്രദ്ധിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങളും സാധ്യതകളും

1. PHC യോടനുബന്ധിച്ചുള്ള 10 കിടക്ക വാർഡിൽ അടിയന്തിരമായും കിടത്തി ചികിൽസ ആരംഭിക്കേണ്ടതുണ്ട്. ഇതിന്നാവശ്യമായ സ്റ്റാഫ്, ആശുപത്രി ഉപകരണങ്ങൾ, ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഭക്ഷണത്തിനാവശ്യമായ സംവിധാനം എന്നിവ ആവശ്യമാണ്.
2. പഞ്ചായത്തിൽ നിലവിലുള്ള കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ആവശ്യമായ നടപടികൾ ഉണ്ടാകണം.
3. ആരോഗ്യവകുപ്പിലെ ഫീൽഡ്സ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.
4. 1, 5, 7, 8, 9, 10 വാർഡുകളിൽ കുടുംബക്ഷേമകേന്ദ്രം സ്ഥാപിക്കണം. ആവശ്യമായ കെട്ടിടങ്ങളും സ്റ്റാഫും ഉണ്ടാകണം.
5. ചെറുതാഴം പഞ്ചായത്തിൽ പൊതുമേഖലയിൽ ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ ഇല്ല. ഇവ ആവശ്യമാണ്.
6. ചെറുതാഴം പഞ്ചായത്തിൽ വീടുകളാണ് ഉള്ളത്. വീടുകളിൽ മാത്രമെ കക്കൂസുകൾ ഉള്ളൂ. ബാക്കി വീടുകളിൽ കക്കൂസുകൾ ഇല്ല. എല്ലാ വീട്ടിലും കക്കൂസ് ഉണ്ടാവുക എന്നതായിരിക്കണം ഒമ്പതാം പഞ്ചവൽസരപദ്ധതിയുടെ ഈ രംഗത്തെ ലക്ഷ്യം.
7. ആരോഗ്യരംഗത്തെ ഭീഷണിയായി ഉയർന്നുനിൽക്കുന്ന കൊതുക്ശല്യം ഒഴിവാക്കുന്നതിന് പദ്ധതികൾ വേണം.
8. PHC യിൽ സ്ത്രീകളേയും കുട്ടികളേയും പരിശോധിക്കുന്ന പ്രത്യേക ഡോക്ടർമാരുടെ സേവനം വേണം.
9. എല്ലാ അത്യാവശ്യമരുന്നുകളും PHC യിൽ ഉറപ്പ്വരുത്തണം.
10. പഞ്ചായത്തിനകത്തെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്ന സംവിധാനം ഇപ്പോൾ ഇല്ല. പരിഹാരംവേണം.
11. പേവിഷബാധ തടയുന്നതിനാവശ്യമായ നടപടികൾ വേണം. PHC യിൽ കുത്തിവെപ്പിനുള്ള മരുന്നുണ്ടാകണം.
12. ആരോഗ്യബോധവൽക്കരണ ക്യാമ്പുകളുടെ ആവശ്യം നിലവിലുണ്ട്.
13. പിലാത്തറ ബസ്സ്റ്റാൻറ്, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ചപ്പുചവറുകൾ നീക്കം ചെയ്യാനും സംസ്കരിക്കാനുമുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കണം.
14. നിലവിലുള്ളതും സൗകര്യപ്രദവുമല്ലാത്ത പൊതുശ്മശാനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

## പട്ടിക

## പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാർ | സ്ഥാപിച്ചവർഷം | കെട്ടിടം |
|---|---|---|---|---|---|
| 1 | PHC | 4 | 15 | 1974 | സ്വന്തം |
| 2 | കുടുംബക്ഷേമകേന്ദ്രം | 6 | 1 | 1969 | " |
| 3 | " | 2 | 1 | 1980 | വാടക |

## പട്ടിക

## പഞ്ചായത്തിൽ കക്കൂസുള്ളതും ഇല്ലാത്തതുമായ വീടുകളുടെ എണ്ണം

| വാർഡ് | കക്കൂസുള്ളവർ | കക്കൂസില്ലാത്തവർ |
|---|---|---|
| 1 | 284 | 86 |
| 2 | 251 | 155 |
| 3 | 250 | 113 |
| 4 | 374 | 80 |
| 5 | 335 | 124 |
| 6 | 345 | 207 |
| 7 | 251 | 173 |
| 8 | 467 | 138 |
| 9 | 318 | 78 |
| 10 | 168 | 73 |

അവലംബം - സാമ്പത്തിക കുടുംബ സർവ്വേ



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

വികസനത്തിന്റെ ഭാഗമായി കുറേവർഷങ്ങളായി കേരളത്തിലങ്ങോളമിങ്ങോളം ധാരാളം റോഡുകൾ നിർമ്മിക്കുകയുണ്ടായി. വികസനമെന്നാൽ റോഡുണ്ടാക്കുക എന്ന തെറ്റായ ഒരു ധാരണ എങ്ങിനെയോ നമ്മുടെ മനസ്സിൽ കടന്നുകൂടിയിരിക്കുന്നു. അശാസ്ത്രീയമായ റോഡ് നിർമ്മാണം കൊണ്ട് ഒഴിവാക്കാവുന്ന വൻതോതിലുള്ള ആവർത്തനചിലവുകളും, കൂടാതെ ഭൂമി നികത്തൽ, നീർകെട്ട്, കൃഷിനാശം എന്നീ വമ്പിച്ച പരിതസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ഗതാഗതം റോഡുകളിൽ മാത്രമാണെന്ന ഒരു ധാരണയും ഇതിലുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. കേരളത്തിൽ അടുത്തകാലംവരെ ഗതാഗതത്തിന്ന് പുഴകളിൽ കൂടിയുള്ള മോട്ടോർ ബോട്ട് സർവ്വീസ് ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ ഇന്നത് തീരെ ഇല്ലാതായിരിക്കയാണ്. കേരളത്തിൽ നീണ്ടുകിടക്കുന്ന റെയിൽവേ വേണ്ടത്ര ഗതാഗത സൗകര്യമുവില്ലാതെയുമിരിക്കുന്നു.

ചെറുതാഴം പഞ്ചായത്തിന്റെ സ്ഥിതിയും കേരളത്തിൽ പൊതുവായ മേൽപറഞ്ഞതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല. നമ്മുടെ പഞ്ചായത്തിൽ ജനകിയ ഭരണസമിതി രൂപം കൊണ്ടപ്പോൾ ആദ്യമായി ജനങ്ങളുടെ സൗകര്യത്തിന്നായി രണ്ടു റോഡുകളും പതിനഞ്ച് ഊടുവഴികളും നിർമ്മിക്കുവാൻ തീരുമാനിച്ചതാണ് ഇവിടത്തെ റോഡ് ഗതാഗതത്തിന്ന് തുടക്കം കുറിച്ചത്. 1950കളുടെ ആദ്യകാലത്ത് ഇന്നത്തെ നേഷണൽ ഹൈവെ ആയ താറിടാത്ത റോഡിൽ കൂടി പെരുമ്പക്കടവിൽ നിന്ന് കുപ്പം കടപ്പുറം വരെ ഒരു ബസ്സ് ഓടിയതാണ് ഈ പഞ്ചായത്തിൽ കൂടിയുള്ള ബസ്സ് സർവ്വീസിന്ന് തുടക്കമിട്ടത്. കുറച്ച് വർഷങ്ങൾക്ക്ശേഷം വണ്ണാത്തിക്കടവുമുതൽ പഴയങ്ങാടിവരെയും ഒരു ബസ്സ് ഓടിത്തുടങ്ങി. നമ്മുടെ പഞ്ചായത്തിൽ കൂടി നെടുകെയും കുറുകെയും ഓടിയിരുന്ന ആദ്യകാലത്തെ രണ്ട് ബസ്സുകളായിരുന്നു അവ.

ചെറുതാഴം പഞ്ചായത്തിന്റെ പരിസര പ്രദേശങ്ങളായ പഴയങ്ങാടിയിലും പെരുമ്പയിലും പുഴ കടക്കുവാൻ കടത്തുതോണികളാണ് ഉപയോഗിച്ചിരുന്നത്. വാഹനങ്ങൾ ചങ്ങാടത്തിൽ കയറ്റിയായിരുന്നു മറുകരയ്ക്ക് കടത്തിയിരുന്നത്. കുറച്ച് വർഷങ്ങൾക്കപ്പുറം വരെ മോട്ടോർ ബോട്ട് ഗതാഗതവും നിലവിലുണ്ടായിരുന്നു. പഴയങ്ങാടിയിൽ നിന്ന് കുപ്പത്തേക്കും പെരുമ്പ പുഴയിൽ കൂടിയും വളപട്ടണത്ത് നിന്ന് പറശ്ശിനിക്കടവ് വഴി ചെങ്ങളായി വരെ ദീർഘിച്ച ദൂരം ബോട്ട് സർവ്വീസുകൾ ഉണ്ടായിരുന്നു. ചെറുതാഴസമീപ പ്രദേശങ്ങളിലെ നദീജല ഗതാഗതമായിരുന്നു അവ. റോഡ് ഗതാഗത്തിന്റെ ആധിക്യം കാരണം പിൽക്കാലത്ത് നദീജല ഗതാഗതം ഈ പ്രദേശങ്ങളിൽ പാടെ ഇല്ലാതായി. ചെറുതാഴം പഞ്ചായത്തിൽ തന്നെ, പെരുമ്പപുഴയിൽ വള്ളുവൻ കടവ്, നട്ടിക്കടവ് എന്നിങ്ങനെ രണ്ട് സ്ഥലങ്ങളിൽ പുഴകടക്കാൻ കടത്തുകളുണ്ടായിരുന്നു.

മോട്ടോർ ബോട്ടുകളും നാടൻ തോണികളും നദീജല ഗതാഗതത്തിൽ നിന്ന് പൂർണ്ണമായും പിൻവലിഞ്ഞപ്പോൾ റോഡു ഗതാഗതം പതിന്മടങ്ങ് വർദ്ധിക്കുകയുണ്ടായി. നേഷണൽ ഹൈവേയിൽ കൂടി നൂറ് കണക്കിന് ബസ്സുകളും മറ്റ് വാഹനങ്ങളും രാപകലായി ഓടുന്നുണ്ട്. ചെറുതാഴം പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മിക്കവാറും എല്ലാ പ്രധാന റോഡുകളിൽ കൂടിയും ബസ്സ് സർവ്വീസുകൾ നടക്കുന്നുണ്ട്. നൂറ് കണക്കിന് ബസ്സുകളും ടാക്സികളും ഓട്ടോറിക്ഷകളും ഇന്ന് നിലവിലുണ്ട്. എന്നിരുന്നാലും ജനങ്ങൾക്ക് യാത്രാസൗകര്യം അപര്യാപ്തമാണെന്നാണ് അനുഭവം. യാത്രാസൗകര്യം ഇനിയും വർദ്ധിക്കേണ്ടിരിക്കുന്നു. എന്നാൽ ഇനിയും ബസ്സുകളും മറ്റ് വാഹനങ്ങളും ഓടുവാൻ നമ്മുടെ റോഡുകൾ പര്യാപ്തമാണോ എന്ന് പരിശോധിക്കേണ്ടിയുമിരിക്കുന്നു. ഇന്ന് ജനങ്ങൾ അധികാരവും യാത്ര ചെയ്യുന്നതും സാധനങ്ങൾ കൊണ്ടുപോകുന്നതും റോഡ്മാർഗ്ഗമാണെന്നിരിക്കെ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ചും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. റോഡപകടങ്ങൾ പെരുകിവരുന്നുവെന്നത് റോഡ് ഗതാഗത സംവിധാനത്തിന്നേറ്റുകൊണ്ടിരുക്കുന്ന കനത്ത പ്രഹരമാണ്. ഇതിന്റെ കാരണങ്ങൾ പ്രധാനമായും വാഹനങ്ങളുടെ അമിത വേഗതയിലുള്ള ഓട്ടവും ഇതുൾക്കൊള്ളാനുള്ള റോഡുകളുടെ അപര്യാപ്തതയുമാണ്. വേഗതയിൽ ഓടുന്ന വാഹനങ്ങളുടെ "ഫിറ്റ്സ്നസ്സ്" ഒരു പ്രധാന പ്രശ്നമാണ്. അതുപോലെതന്നെ, വാഹനങ്ങൾ ഓടിക്കുന്നവരുടെ യോഗ്യതക്കുറവും, സൈകര്യമില്ലാത്ത ഭാഗങ്ങളിൽ പോലും "ഓവർടേക്ക്" ചെയ്യാനുള്ള വ്യഗ്രതയും അപകടങ്ങൾ പെരുകുന്നതിന്റെ കാരണങ്ങളിൽപെടുന്നു. അംഗീകൃത ബസ്സ് സ്റ്റോപ്പുകളിൽ നിറുത്താതെ ബസ്സുകൾ ഓടിച്ചുപോകുന്നതും യാത്രക്കാർക്ക് അപകടവും ദുരിതവും വരുത്തിതീർക്കുന്നു.


ചെറുതാഴം പഞ്ചായത്തിൽ ആകെ 113 കി.മീ. റോഡുകളുണ്ട്. ഇടനാടുമുതൽ വിളയാങ്കോട്വരെ 4 കി.മീ. ദൂരം നേഷണൽ ഹൈവെ ഈ പഞ്ചായത്തിൽ പടിഞ്ഞാറ് കിഴക്കായി കിടക്കുന്നു. $18^{1}/_{2}$ കി.മീ. P.W.D റോഡുകളും 16 കി.മി. ബ്ലോക്കു പഞ്ചായത്തിന്റെ റോഡുകളും ഉണ്ട്. പഞ്ചായത്ത് റോഡുകൾ ഏകദേശം 74 കി.മീ. നീളത്തിലുണ്ട്. 2 കി. 800 മീ. നീളത്തിൽ നടവഴികളും ഈ പഞ്ചായത്തിന്റെ വകയായുണ്ട്.

### പഞ്ചായത്തിലെ റോഡുകളുടെ വിവരം

പട്ടിക - 1

| ക്രമ നമ്പർ | റോഡുകളുടെ വിവിരം | നീളം |
|---|---|---|
| 1 | നേഷണൽ ഹൈവെ - 17 | 4.00 കി.മീ |
| 2 | PWD റോഡുകൾ | |
| | രാമപുരം പാലം - പീരക്കാംതടം | 4.00 ,, |
| | ചുമടുതാങ്ങി - നരീക്കാംപള്ളി | 3.500 ,, |
| | കൊവ്വപ്പുറം - കാപ്പുംഗൽ | 8.000 ,, |
| | ചക്ലിയ കോളനി റോഡ് | 1.000 ,, |
| | കൊവ്വപ്പുറം - ചെമ്പല്ലിക്കുണ്ട് | 2.000 ,, |
| 3 | ബ്ലോക്ക് റോടുകൾ | |
| | മുച്ചിലോട്ട് കാവ് - കൈവേലിക്കൽ | 2.000 ,, |
| | ഏഴിലോട് - കോട്ടക്കുന്ന് - നരീക്കാം വള്ളി ($4^{1}/_{2}$ കി.മീ താറിട്ടത്) | 6.000 ,, |
| | മേലതിയടം - കുമുവ | 6.000 ,, |
| | ചെന്നക്കുഴി - ചെറുതാഴം ഹൈസ്ക്കൂൾ | 6.000 ,, |
| | നരീക്കാംവള്ളി-അറത്തിലമ്പലം-ഏഴിലോട് | 1.000 ,, |
| | കുളപ്പുറം കമ്പനി - CRC | 3.000 ,, |
| 4 | പഞ്ചായത്ത് റോഡുകൾ ആകെ | 73.895 ,, |
| 5 | നടവഴി | |
| | തലക്കോടത്ത് - പടന്നപ്പുറം | 1.200 ,, |
| | ഹനുമാരമ്പലം ജംഗഷൻ-കോഴിത്താഴ | 0.600 ,, |
| | നടക്കൽ - വയലപ്ര | 1.000 ,, |

# ചെറുതാഴം പഞ്ചായത്ത് ഭൂപടം. - നോട്ടീസ്



പട്ടിക-2 നിലവിലുള്ള പഞ്ചായത്ത് റോഡുകൾ (തുടർച്ച)

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം (കി.മീ) |
|---|---|---|
| 1 | ഏഴിലോട് ഹരിജൻ കോളനി റോഡ് | 2.000 |
| 2 | കമ്പനിപ്പറമ്പ് - കല്ലംപള്ളി റോഡ് | 0.500 |
| 3 | ഏഴിലോട് - കാരാട്ട് വയൽ - കാക്കോണി റോഡ് | 2.000 |
| 4 | തേണംതട്ട വയൽ റോഡ് | 1.000 |
| 5 | ഒറ്റത്തെ റോഡ് | 1.000 |
| 6 | പുറച്ചേരി - നട്ടിക്കടവ് റോഡ് | 1.000 |
| 7 | പിലാത്തറ ഭാരത് മെറ്റൽസ് - അറത്തിലമ്പലം റോഡ് | 2.000 |
| 8 | പീരിക്കാംതടം - അറത്തിലമ്പലം | 1.500 |
| 9 | മേനോക്കി റോഡ് | 1.000 |
| 10 | പുറച്ചേരി വായനശാല - അറത്തിൽ റോഡ് | 0.700 |
| 11 | കോട്ടക്കുന്ന് എ.കെ.ജി. വായനശാല - നട്ടിക്കടവ് | 1.000 |
| 12 | വള്ളുവൻ കടവ് റോഡ് | 1.000 |
| 13 | എൽ.പി. സ്കൂൾ - അറത്തിൽ വയൽ റോഡ് | 0.600 |
| 14 | അറത്തിൽ റൈസ്മിൽ - വയൽ റോഡ് | 0.500 |
| 15 | കോട്ടക്കുന്ന് - മൂലക്കടവ് റോഡ് | 0.300 |
| 16 | മണ്ടൂർ - തലക്കോടത്ത് റോഡ് | 1.500 |
| 17 | മണ്ടൂർ - ഒറന്നിടത്ത് ചാൽ റോഡ് | 2.000 |
| 18 | ചുമടുതാങ്ങി - പെരിയാട്ട് ശ്രീകൃഷ്ണ ക്ഷേത്രം റോഡ് | 1.000 |
| 19 | ചുട് താങ്ങി - പെരിയാട്ട് വയൽ റോഡ് | 1.000 |
| 20 | പിലാത്തറ - പെരിയാട്ട് വിഷ്ണു ക്ഷേത്രം റോഡ് | 1.500 |
| 21 | പിലാത്തറ - സി.യം. നഗർ റോഡ് | 2.000 |
| 22 | പഴിച്ചിയിൽ - സി.യം. കോളനി റോഡ് | 2.000 |
| 23 | വിളയാങ്കോട്ട് - കുളപ്പുറം കാവ് റോഡ് (ഒറന്നിടത്തുചാൽ) | 2.000 |
| 24 | കുളപ്പുറം മൊട്ട - ഒറന്നിടത്തുചാൽ റോഡ് | 1.345 |
| 25 | വിളയാങ്കോട് മൊട്ട - കുളപ്പുറം (ക്രിസ്ത്യൻ പള്ളി മുൻവശം) റോഡ് | 0.540 |
| 26 | വിളയാങ്കോട് - ജി.എച്ച്.എസ്സ് റോഡ് (1.കിമീ. താറിട്ടത്) | 2.525 |
| 27 | കുറുവ - കുളപ്പുറം കമ്പനി റോഡ് | 1.075 |
| 28 | പഞ്ചായത്ത് കളിസ്ഥലം (N.H) വീരാണ്ടിക്കുളം റോഡ് | 1.500 |
| 29 | പാലയാട് അംബേദ്കർ കോളനി-കുറുവ റോഡ് | 1.000 |
| 30 | ലക്ഷംവീട് കോളനി റോഡ് | 0.075 |
| 31 | സാനിറ്റോറിയം - നെരുവമ്പ്രം റോഡ് | 4.000 |
| 32 | കുറുവ - പൂവം റോഡ് | 1.000 |
| 33 | കാപ്പുങ്കൽ - കൊട്ടില റോഡ് | 0.600 |
| 34 | കുളങ്ങരത്തിട - ശ്രീസ്ഥ റോഡ് | 0.565 |
| 35 | പടന്നപ്പുറം - കുളപ്പുറം CRC റോഡ് | 1.000 |
| 36 | ശ്രീസ്ഥ - വടക്കെചാൽ | 0.300 |
| 37 | ചെറുതാഴം ഹൈസ്ക്കൂൾ - വടക്കിനകം റോഡ് | 0.800 |
| 38 | അയ്യപ്പൻ കാവ് റോഡ് | 0.500 |
| 39 | സാനറ്റോറിയം - കുറുവ റോഡ് (ചെറുപാറവഴി) (300 മീ. താറിട്ടത്) | 1.100 |
| 40 | കുളപ്പുറം - നടക്കൽ താഴെ ശ്രീസ്ഥ റോഡ് | 1.000 |
| 41 | പടന്നപ്പുറം - പുതുക്കുളം - കുണ്ടും കുഴിറോഡ് | 1.500 |
| 42 | വീരഞ്ചിറ - വീരഞ്ചിറ മൊട്ട റോഡ് (കോളനി) | 0.525 |

പട്ടിക-2
നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

| | | |
|---|---|---|
| 43 | ആനപ്പള്ളി - ഉണിത്തിരിച്ചാൽ | 0.500 |
| 44 | അതിയടം - മുച്ചിലോട്ട് കാവ് - കൈവേലി റോഡ് (കാപ്പുംഗൽ, - കാവുംചാൽ റോഡ്) 800 മീ. താറിട്ടത്. | 1.925 |
| 45 | വീരഞ്ചിറ - കാപ്പുങ്കൽ റോഡ് (1. കി.മീ. താറിട്ടത്) | 2.500 |
| 46 | വീരഞ്ചിറ - ഏ.കെ.ജി. വായനശാല - ആനപ്പള്ളി ഇടവഴി - നെരുവമ്പ്രം റോഡ് | 1.000 |
| 47 | രാമപുരം - കുണ്ടും റോഡ് | 1.000 |
| 48 | അവിഞ്ഞി കോളനി റോഡ് | 0.500 |
| 49 | രാമപുരം - വയലപ്ര ചെമ്പല്ലിക്കുണ്ട് റോഡ് | 2.000 |
| 50 | ഹനുമാരമ്പലം ജംഗഷൻ - ചെമ്പല്ലിക്കുണ്ട് | 0.800 |
| 51 | കൊവ്വൽ കളരി - നടക്കൽ റോഡ് | 0.500 |
| 52 | മണ്ടൂർ - വാരണക്കോട് റോഡ് | 1.600 |
| 53 | ചുമട് താങ്ങി - കോക്കാട് - പാണച്ചിറ റോഡ് | 2.300 |
| 54 | കൊവ്വൽ - പാണച്ചിറ റോഡ് | 2.000 |
| 55 | പീരക്കാംതടം കക്കോണി റോഡ് | 1.500 |
| 56 | പീരക്കാം തടം - പുത്തൂർ റോഡ് | 2.000 |
| 57 | ചുമട് താങ്ങി ബസ്സ് ഷെൽട്ടർ മുതൽ കോക്കാട് വായനശാല, വൈരജാൻ ക്ഷേത്രം അയ്യപ്പൻ അമ്പലം വരെ | 1.000 |
| 58 | കക്കോണി - പുത്തൂർ അമ്പലം റോഡ് | 1.000 |
| 59 | കോക്കാട് - കാരക്കുനി മറാഡ് | 0.500 |
| 60 | ചുമട് താങ്ങി - കാക്കോം ചാൽ റോഡ് | 0.220 |
| 61 | ഏഴിലോട് - ചാലിൽ തോട് കരവഴി പുറച്ചേരി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | 1.000 |

റോഡിന്നിരുവശവും ഓടകളില്ലാത്തതിനാൽ മഴക്കാലത്തും ഒഴുകിവരുന്ന വെള്ളവും അതോടൊപ്പം വരുന്ന ചരലും, മണ്ണും, മറ്റും റോഡിൽ വന്നു വീഴുകയും റോഡിൽ കേടവരുത്തുകയും ചെയ്യുന്നു. കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടക്കാത്തതും റോഡിന്റെ തകർച്ചക്ക് മറ്റൊരു കാരണമാണ്. റോഡരികിൽ കെട്ടിടനിർമ്മാണത്തിന്റെ അനുബന്ധ പണികൾ നടത്തുന്നതും റോഡുകളുടെ തകർച്ചക്ക് കാരണമാകുന്നുണ്ട്. മേൽ പറഞ്ഞിട്ടുള്ളവ വളരെ കാര്യമായിതന്നെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ റോഡുകൾക്ക് എവിടെയും നടപ്പാതകളില്ല. കാൽനടയാത്രക്കാർക്ക് ഇതുവളരെ വൈഷമ്യമുണ്ടാക്കുകയും അപകടങ്ങൾ സൃഷ്ഠിക്കുകയും ചെയ്യുന്നു.

സന്നദ്ധ സംഘടനകളുടെ വകയായും സ്വകാര്യ വ്യക്തികളുടെ വകയായും പഞ്ചായത്തിലെ പല ബസ്സ്റ്റോപ്പുകളിലും ബസ്സ് ഷെൽട്ടറുകളുണ്ട്. ഇല്ലാത്ത സ്റ്റോപ്പുകളിൽ ഷെൽട്ടറുകൾ നിർമ്മിക്കുയാണെങ്കിൽ ബസ്സ് യാത്രക്കാർക്ക് ഉപകാരപ്രദമായിരിക്കും. പഞ്ചായത്തിന്റെ വക പിലാത്തറയിൽ ഒരു വലിയ ബസ്സ് സ്റ്റാൻറും ഷോപ്പിംഗ് കോംപ്ലക്സുമുണ്ട് സാമ്പത്തിക വൈഷമ്യം കാരണം കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടക്കായ്കയാൽ ബസ്സ് സ്റ്റാൻറിന്റെ ഉൾഭാഗത്ത് പലയിടത്തും കേടുപാടുകളുണ്ട്. യാത്രക്കാർക്ക് ഇതുമൂലം ബുദ്ധിമുട്ടുണ്ടാകുന്നു. സ്റ്റാൻറിനകത്ത് വെള്ളം കെട്ടി നില്ക്കാതിരിക്കുവാനും മൂത്രപ്പുര വൃത്തിയിൽ സൂക്ഷിക്കുവാനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. മൂത്രപ്പുരയും കക്കൂസും "പെ ആൻറ് യൂസ്" എന്ന തരത്തിലാക്കുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനമാർഗ്ഗവുമാണ്. രാവിലെ 7 മണിവരെയും വൈകുന്നേരം $6\frac{1}{2}$ മണിക്ക് ശേഷവും ബസ്സുകൾ സ്റ്റാൻറിനകത്ത് പ്രവേശിക്കുന്നില്ല. ഇതുകാരണം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. കോംപ്ലക്സിന്നുള്ളിലെ കച്ചവടക്കാർക്ക് വരുമാനവും കുറയുന്നതായി പരാതിയുണ്ട്. ഇപ്പോൾ സ്റ്റാൻറിനകത്ത് ഗതാഗതക്കുരുക്ക് ഇല്ലെങ്കിലും ഭാവിയിൽ ഉണ്ടാകാമെന്നതിനാൽ അതൊഴിവാക്കാനുള്ള തക്ക നടപടികൾ ഇപ്പോഴെ എടുക്കേണ്ടതുണ്ട്. ഇപ്പോൾ മാതമംഗലം, പഴയങ്ങാടി എന്നീ ഭാഗങ്ങളിലേക്ക് പോകുന്ന ബസ്സുകൾ സ്റ്റാൻറിനകത്ത് ദീർഘനേരം നിറുത്തിയിടുന്ന പതിവുണ്ട്. ഇതു കാരണം അല്പം ഗതാഗത കുരുക്ക് ഇപ്പോൾ തന്നെ അനുഭവപ്പെടുന്നുണ്ട്. ബസ്സ് സ്റ്റാൻറിൽ നിന്ന് വിടേണ്ട സമയമായാൽ ഒട്ടും വൈകാതെ ബസ്സുകൾ സ്റ്റാൻറ് വിടേണ്ടതാണ്. ഇത് കർശ്ശനമായി പാലിക്കുവാനുള്ള നിർദ്ദേശവും ആവശ്യമാണ്.

പഞ്ചായത്തിലെ രണ്ട് പ്രധാന കേന്ദ്രങ്ങളായ പിലാത്തറയിലും ഏഴിലോടും ധാരാളം ഓട്ടോറിക്ഷകൾ

ഓടുന്നുണ്ട് അവ ഇപ്പോൾ നിർത്തിയിടുന്നത് കച്ചവട സ്ഥാപനങ്ങളുടേയും പീടികകളുടേയും മുന്നിലാണ്. അതുമൂലം കച്ചവടക്കാർക്ക് അസൌകര്യങ്ങളുള്ളതായി പരാതിയുണ്ട്. യാത്രക്കാർക്കും സൌകര്യക്കുറവുണ്ട്. ആകയാൽ ഈ സ്ഥലങ്ങളിൽ ഓട്ടോറിക്ഷാ സ്റ്റാൻറുകൾ നിർമ്മിക്കുന്നതും ആശ്യമാണ്. ഒരു ചെറിയ തുക സ്റ്റാൻറ് വാടകയായി വസൂലാക്കുകയും ചെയ്യാം. സൌകര്യപ്രദവും അപകട സാദ്ധ്യത കുറഞ്ഞതുമായ ഗതാഗത സംവിധാനം ഉണ്ടാവണമെന്നത് ഈ പഞ്ചായത്തിൻെറ ലക്ഷ്യമാണ്.

## പ്രശ്നങ്ങൾ

1. റോഡുകൾ മിക്കതും ഗാതാഗതയോഗ്യമല്ല.
2. റോഡിന്നിരുവശവും ഓടകളില്ലാത്തതിനാൽ മഴക്കാലത്ത് വെള്ളവും, ചരലും മണ്ണും മറ്റ് വസ്തുക്കളും റോഡിൽ വന്ന് വീഴുകയാൽ റോഡിന്ന് വ്യാപകായി കേടുണ്ടാവുന്നു.
3. കാൽനട നാഷ്ടക്കാരുടെ സുരക്ഷിതത്തിന്നായി റോഡരികിൽ നടപ്പാതകളില്ല.
4. റോഡ്പകടം പെരുകിവരുന്നു
5. റോഡിന്നാവശ്യമായ അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല്
6. റോഡിന്നരികിൽ നിന്ന് മണ്ണെടുക്കുകയാൽ മഴക്കാലത്ത് വെള്ളം കെട്ടി നില്ക്കുന്നു.
7. എല്ലാ അംഗീകൃത ബസ്സ് സ്റ്റോപ്പുകളിൽ ബസ്സുകൾ നിർത്തുന്നില്ല.
8. പിലാത്തറ ബസ്സ് സ്റ്റാൻറിൽ ബസ്സുകൾ അധികനേരം നിർത്തിയിടുന്നതാൽ ഗതാഗതകുരുക്ക് ഉണ്ടാകുന്നു.
9. പിലാത്തറ ബസ്സ് സ്റ്റാൻറിൽ രാവിലെ 7 മണിവരെയും വൈകുന്നേരം $6^1/_2$ മണിക്ക് ശേഷവും ബസ്സുകൾ പ്രവേശിക്കുന്നില്ല.
10. പിലാത്തറ ബസ്സ് സ്റ്റാൻറിൽ വേണ്ടത്ര വിളക്കുകൾ ഇല്ല.
11. പിലാത്തറ ബസ്സ് സ്റ്റാൻറ് ശോച്യാവസ്ഥയിലാണ്

## സാദ്ധ്യതകൾ:

1. പുതിയ ഏറെ റോഡുകൾ നിർമ്മിക്കുന്നതിന്നായി ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻഗണനാക്രമമനുസരിച്ച് അത്തരം റോഡുകൾ നിർമ്മിച്ചുകൊണ്ട് പഞ്ചായത്തിലെ ഗതാഗത സൌകര്യം മെച്ചപ്പെടുത്തുക.
2. പുതിയ റോഡുകൾ നിർമ്മിക്കുന്നതിന്നും വികസിപ്പിക്കുന്നതിന്നും സന്നദ്ധ സംഘടനകളുടേയും മനുഷ്യ വിഭവത്തിൻേറയും സഹായം തേടാം.
3. റോഡുകൾ, കലുങ്കുകൾ എന്നിവയുടെ പണികൾ കോൺട്രാക്ടർമാരെ ഒഴിവാക്കിക്കൊണ്ട് ഗ്രാമസഭകളുടെ നേതൃത്വത്തിൽ തന്നെ നടത്താം.
4. വയലുകൾ നികത്തി റോഡുകൾ നിർമ്മിക്കാതിരിക്കുക.
5. ഓവുചാലുകളിൽ തടസ്സം സൃഷ്ടിക്കുന്ന വിധത്തിലുള്ള സ്വകാര്യ വ്യക്തികളുടെ പണികൾ നിരോധിക്കുക.
6. എല്ലാ റോഡുകൾക്കിരുവശവും ഓവുചാലുകൾ ഉണ്ടാക്കുക വഴി റോഡുകൾ കേടുവരുന്നത് ഒഴിവാക്കുവാനും റിപ്പേർ ചിലവുകൾ കുറക്കുവാനും കഴിയും.
7. റോഡുകൾക്കിരുവശവും നടപ്പാതകൾ നിർമ്മിക്കണം.
8. ബസ്സ് യാത്രക്കാരുടെ സുരക്ഷിതത്വത്തെ മാനിച്ച് വാഹനങ്ങൾ അമിത വേഗതയിൽ ഓടിക്കാതിരിക്കുവാനുള്ള കർശ്ശന നടപടികൾ കൈക്കൊള്ളുക.
9. ബസ്സ് ഡ്രൈവർമാർ പരിചയ സമ്പന്നരായിരിക്കണമെന്ന് ിഷ്കർഷിക്കുക.
10. പിലാത്തറ ബസ്സ് സ്റ്റാൻറിൽ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന്നായി ബസ്സുകൾ കൂടുതൽ സമയം നിർത്തുന്നത് തടയുക.
11. അംഗീകൃത ബസ്സ് സ്റ്റോപ്പുകളിൽ ബസ്സ് നിർത്തി യാത്രക്കാരെ കയറ്റണം.
12. പിലാത്തറയിലും ഏഴിലോടും ഓട്ടോറിക്ഷാ സ്റ്റാൻറുകൾ പണിത് വാടകയായി ഒരു നിശ്ചിത സംഖ്യ ഈടാക്കാവുന്നതാണ്.
13. പിലാത്തറ ബസ്സ് സ്റ്റാൻറിൽ സോഡിയം വേപർ ലാമ്പ് സ്ഥാപിക്കുക.
14. ബസ്സുകൾ എല്ലാ സമയത്തും പിലാത്തറ ബസ്സ് സ്റ്റാൻറിൽ കയറുവാൻ കർശ്ശന നിർദ്ദേശങ്ങൾ ഉണ്ടാവണം
15. ബസ്സ് സ്റ്റോപ്പുകളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഷെൽട്ടർ നിർമ്മിക്കാം.
16. കണ്ണൂർ-പഴയങ്ങാടി വഴി - പയ്യന്നൂർ ദേശവൽകൃത റൂട്ടിൽ ഓടിക്കുന്ന KSRTC ബസ്സുകളിൽ നിരവധി ബസ്സുകൾ ഇപ്പോൾ ഓടുന്നില്ല. ഇവ വീണ്ടും റൂട്ടിൽ ഓടിക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ●



# ഊർജ്ജം

ശിലായുഗത്തിൽ കല്ലുകൾ തമ്മിൽ ഉരസിയപ്പോൾ തീയുണ്ടായത്. മുതൽ ഊർജ്ജം സ്രോതസ്സുകൾ തേടി മനുഷ്യൻ പരീക്ഷണങ്ങൾ നടത്തുകയായിരുന്നു. ഇന്ന് നാം കാറ്റിൽ നിന്നും. ചാണകത്തിൽ നിന്നും സൂര്യവെളിച്ചത്തിൽ നിന്നും ഊർജ്ജം ശേഖരിക്കുന്നിടംവരെയെത്തി. ഒരു കാലത്ത് സുലഭമായി കിട്ടിക്കൊണ്ടിരുന്നതും ഏറ്റവും വിലകുറഞ്ഞതുമായ ജലവൈദ്യുതിക്ക് ഇന്ന് സാദ്ധ്യത കുറയുകയാണ്. ജലദൌർല്ലഭ്യം ഇന്ന് നാം നേരിടുന്ന ഒരു വലിയ വിപത്താണ്. ഇന്ത്യയിൽ കേരളത്തിലൊഴികെ മിക്കവാറും സംസ്ഥാനങ്ങളിൽ ഊർജ്ജത്തിന്ന് വേണ്ടി താപനിലയങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. കേരളത്തിൽ സംസ്ഥാനത്തിന്റെ അടിയന്തിരമായ ഇപ്പോഴത്തെ അവസ്ഥയിൽ താപനിലയം സ്ഥാപിക്കുവാൻ വേണ്ടി നടപടികൾ എടുത്തു കഴിഞ്ഞു.


ഒരു കാലത്ത് ജലവൈദ്യുതിയിൽ കേരളം സുഭിക്ഷമായിരുന്നു. അയൽ സംസ്ഥാനങ്ങൾക്ക് ഇവിടെ നിന്ന് വൈദ്യുതി കൊടുത്തിരുന്നു. എന്നാൽ സ്ഥിതി പാടെ മാറിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയും മറിച്ചല്ല. ഓലയും, മടലും, കുലച്ചിലും, പാണും, ചകിരിയും ചിരട്ടയും ഭക്ഷണം പാകം ചെയ്യുവാൻ നാം കാലാകാലമായി ഉപയോഗിച്ചിരുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിലെ ഓണംകേറാമൂലകളിൽ പോലും പാചക ഗ്യാസും, മണ്ണെണ്ണ സ്റ്റൗവും, ഇലക്ട്രിക്ക് ഹീറ്ററും എത്തിക്കഴിഞ്ഞു. ചാണക വരടി നല്ല ഒരു ഇന്ധനമായി ഉപയോഗിച്ചിരുന്ന നമ്മൾ ഗോബർ ഗ്യാസും ഉപയോഗിക്കാൻ പഠിച്ചു. അങ്ങിനെ

പട്ടിക

വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം - മാർസ്സുകൾ തിരിച്ചുള്ളത്

| വാർഡ് നമ്പർ | ആകെ വീടുകൾ | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാനുള്ളത് | വൈദ്യുതീകരിച്ച വീടുകളുടെ ശതമാനം |
|---|---|---|---|---|
| I | 370 | 304 | 90 | 82% |
| II | 419 | 224 | 195 | 53.5% |
| III | 363 | 229 | 134 | 63% |
| IV | 443 | 287 | 159 | 64.75% |
| V | 459 | 305 | 154 | 66.45% |
| VI | 552 | 242 | 310 | 44% |
| VII | 424 | 187 | 237 | 44% |
| VIII | 605 | 354 | 151 | 58.50% |
| IX | 383 | 281 | 102 | 73% |
| X | 241 | 136 | 105 | 56% |
| ആകെ | 4259 | 2559 | 1637 | 60% |

പഞ്ചായത്തിലെ നിലവിലുള്ള
ട്രാൻസ്ഫോർമറുകൾ



എത്രയെത്ര പരിക്ഷണങ്ങൾ, എത്ര എത്ര ഊർജ്ജ സ്രോതസ്സുകൾ നാം കണ്ടെത്തി.

കാക്കോൽ 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നാണ് ചെറുതാഴം പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ട്രാൻസ്ഫോർമറുകളും വളരെ വർഷങ്ങൾക്കപ്പുറം സ്ഥാപിച്ചവയാണ്. അതിൽ പിന്നെ നിരവധി വീടുകൾ പുതുതായി ഉണ്ടായി. നിരവധി വീടുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുകയും ചെയ്തു. സമഗ്ര സർവ്വെ കണക്കുകളിൽ നിന്ന് കാണുന്നത്, ഏകദേശം 60% വീടുകൾ ഈ പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുണ്ടെന്നാണ്. (പട്ടിക കാണുക) ഇന്ന് ഈ വീടുകളിലെ അനുഭവം സന്ധ്യസമയം മുതൽ രാത്രി 10 മണിവരെയെങ്കിലും വൈദ്യുതി പ്രകാശം തിരെയില്ലെന്നുള്ളതാണ്. ഇതിന് ഉപഭോക്താക്കളിൽ നിന്നും ഇടാക്കുന്ന ചാർജ്ജ് അവർക്ക് ലഭിക്കുന്ന വൈദ്യുതിയുടെ മൂല്യവുമായി യാതൊരു താരതമ്യവുമില്ല. "സ്ലാബ് സിസ്റ്റം" വഴി, നൽകാത്ത വൈദ്യുതിക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് ഇനിയും തുടരുന്നത് ശരിയാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. സർവ്വെയിൽ കാണുന്ന മറ്റൊരു വിവരം, വളരെ കുറച്ച് വീടുകളിൽ മാത്രമാണ് ഫ്രിഡ്ജ്, ടീവി. വി.സി.പി. പോലുള്ള ആധുനിക സാമഗ്രികൾ ഉപയോഗിക്കുന്നുള്ളുവെന്നതാണ്. വോൾട്ടേജ് ക്ഷാമം ഇവ വാങ്ങാതിരിക്കാനുള്ള ഒരു പ്രധാന കാരണവുമാണ്. കച്ചവട സ്ഥാപനങ്ങളിൽ "സ്റ്റെപ്പ് അപ്പ്" ഉപയോഗിക്കുന്നത് കാരണം മറ്റ് ഉപഭോക്താക്കളെ സാരമായി ബാധിക്കുന്നുണ്ട് സാധാരണ സമയങ്ങളിൽപോലും വൈദ്യുതി മുടങ്ങുക എന്നതും അല്പം കാറ്റോ, മഴയോ ഉണ്ടായാൽ ഉടനെ തന്നെ വൈദ്യുതി നിലയ്ക്കുന്നതും സർവ്വസാധാരണമാണിപ്പോൾ. വൈദ്യുതി കട്ട് കാരണം ഫാക്ടറികളിലും മറ്റും ഉൽപാദനക്കുറവ് വന്നിച്ചതാണ്. ഈ വർഷത്തെ വൈദ്യുതി കട്ട് മൂലം ഏകദേശം 1000 കോടി രൂപയുടെ ഉൽപാദന നഷ്ടം സംസ്ഥാനത്തുണ്ടായിട്ടുണ്ട് എന്നാണ് കണക്ക് ഫാക്ടറികളിൽ, വൈദ്യുതികട്ട് കാരണം തൊഴിലാളികളെ ലേ ഓഫ് ചെയ്യേണ്ടിവരുന്നു. തൊഴിലാളികൾക്ക് വന്നിച്ച വേതനക്കുറവ് ഉണ്ടാകുന്നു. സാമ്പത്തികോല്പാദനത്തിൽ വന്നിച്ച ഇടിവ് സംഭവിക്കുന്നുണ്ടെന്നത് വളരെ ഗൌരവമായി കാണേണ്ട ഒരു സംഗതിയാണ്. ഇതിനെല്ലാം പ്രതിവിധി കാണേണ്ടിയിരിക്കുന്നു.

നമ്മുടെ നാടിന്റെ മുഖമുദ്ര മാറ്റുന്നതിന്നായി നടത്തുന്ന ജനകീയാസൂത്രണത്തിൽ കൃഷിക്കും ജലസേചനത്തിനും പ്രാമുഖ്യം കൊടുക്കുമ്പോൾ ജലസേചനത്തിന് അത്യാവശ്യമായ ഊർജ്ജം നമുക്ക് അന്യമാണ്. വൈദ്യുതി നമ്മുടെ വികസനത്തിന്റെ ഒരു പ്രധാനഘടകമാണ്. വൈദ്യുതി പമ്പ്സെറ്റിന്നു പകരം മണ്ണെണ്ണ പമ്പ്സെറ്റ് ഉപയോഗിക്കാമെന്ന്വെച്ചാൽ ആവശ്യമായ മണ്ണെണ്ണയും ലഭ്യമല്ല. അതുകൊണ്ട് തന്നെ എല്ലാ വിധ ഊർജ്ജവും സജ്ജീകരിക്കുക എന്നത് അനിവാര്യമാണ്. ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുവാൻ വേണ്ടുന്ന എല്ലാ നടപടികളും കൈക്കൊള്ളേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ആവശ്യത്തിന്നുള്ള വിറക് ലഭിക്കുന്നില്ല.
2. വിറകിന്റെ അമിതമായ വില
3. രൂക്ഷമായ വോൾട്ടേജ് ക്ഷാമം
4. അപ്രഖ്യാപിത പവർകട്ട്
5. ഇടക്കിടെയുള്ള വൈദ്യുതി മുടക്കം
6. പഴക്കം ചെന്ന ട്രാൻസ്ഫോർമറുകൾ
7. ട്രാൻസ്ഫോർമറുകളിലുള്ള അധികഭാരം
8. കണക്ഷൻ കൊടുക്കുന്നതിലുള്ള അശാസ്ത്രീയത.
9. തെരുവ് വിളക്കുകൾ ഉള്ളത് തന്നെ കാര്യക്ഷമമായി പ്രവൃത്തിക്കുന്നില്ല.

## സാദ്ധ്യതകൾ

1. വീടുകളിൽ പുകയില്ലാത്തതും ചിലവ് കുറഞ്ഞതുമായ അടുപ്പുകൾ സ്ഥാപിക്കുക വഴി ഇന്ധനച്ചിലവ് കുറയ്ക്കാം.
2. വ്യാപകമായി വനവൽക്കരണം നടത്തുക വഴി വിറക് ക്ഷാമം പരിഹരിക്കാം.
3. ബയോഗ്യാസുല്പാദനം വഴി വീടുകളിൽ പാചകത്തിന്നും വിളക്കുകൾക്കും പമ്പ്സെറ്റിന്നും വൈദ്യുതി ഉപയോഗം കുറയ്ക്കാം.
4. വീടുകളിൽ ഇന്ധനച്ചിലവ് കുറയ്ക്കാൻ പ്രഷർകുക്കർ മുതലായ പാചക ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കാം.
5. ഘർഷണ രഹിത ഫൂട്ട്വാൾവുകൾ പമ്പ്സെറ്റുകൾക്ക് ഉപയോഗിക്കുക.
6. നിലവിലുള്ള 'സിംഗിൾ ഫേസ്' ലൈനുകളെല്ലാം 'ത്രീ ഫേസ്' ലൈനുകളാക്കുക.
7. വൈദ്യുതി ലൈനുകൾക്ക് മേലുള്ള 'ടച്ചിംഗ്സ്' ഇടക്കിടെ നീക്കം ചെയ്യുക.
8. വൈദ്യുതി ലൈനുകളിലും ട്രാൻസ്ഫോർമറുകളിലും ആവശ്യമായ അറ്റകുറ്റ പണികൾ യഥാസമയം നടത്തുക.
9. കൂടുതൽ ട്രാൻസ്ഫോറമറുകൾ സ്ഥാപിക്കുക മൂലം അവയിലുള്ള അധിക ഭാരം കുറയ്ക്കാം.

10. പ്രേഷണ-വിതരണ നഷ്ടം ഒഴിവാക്കുവാൻ വേണ്ടതായ നടപടികൾ കൈക്കൊള്ളുക.
11. 'അനർട്ട്' പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ സൌരോർജ്ജം വൈദ്യുതിക്ക് പകരം ഉപയോഗിക്കുവാൻ വേണ്ടതായ പ്രചരണവും സഹായവും നൽകുക.
12. സോളാർ കുക്കർ പ്രചരിപ്പിക്കുക.
13. സോളാർ പമ്പുസെറ്റുകൾ ഉപയോഗിക്കുക
14. തെരുവ് വിളക്കുകൾ കാര്യക്ഷമമായി പ്രവർത്തിച്ചാൽ അനാവശ്യമായ നഷ്ടം ഒഴിവാക്കാം.
15. വൈദ്യുതിയുടെ ഉപയോഗം കുറച്ച്, കൂടുതൽ പ്രകാശം നൽകുന്ന 'കോംപ്കാട് ഫ്ളൂറസെൻറ് ലാമ്പ്' പ്രചരിപ്പിക്കുക
16. പിലാത്തറയിൽ ഒരു പാചക വാതക ഏജൻസി ആവശ്യമാണ്.

## പട്ടിക - 2. പഞ്ചായത്ത് തല ഊർജ്ജ ആസൂത്രണം

### പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| | | | | |
|---|---|---|---|---|
| I | നിലവിലുള്ള ഉപഭോക്താക്കൾ: | | | |
| | 1) ഗാർഹികം | .... | 2369 | |
| | 2) വ്യാപാരം | ... | 444 | |
| | 3) വ്യാവസായികം | ... | 41 | |
| | 4) കാർഷികം | ... | 200 | |
| II | കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ വിവരം: | | | |
| | 1) ഓർഡിനറി | ... | 14-11-'91 | മുതൽ |
| | 2) ഒ.ടി.പി. | ... | 27-11-'94 | ,, |
| | 3) ഒ.വൈ.ഇ.സി. | ... | 12-9-'95 | ,, |
| III | വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ: | | | |
| | 1) പുറച്ചേരി കോളനി | ... | 28 | വീടുകൾ |
| | 2) ചക്ളിയ കോളനി | ... | 15 | ,, |
| | 3) അവിഞ്ഞി കോളനി | ... | 25 | ,, |
| IV | നിലവിലുള്ള തെരുവ് വിളക്കുകൾ: | | | |
| | 1) ഫ്ളൂറൻറ് ട്യൂബ് | ... | 2 | |
| | 2) ബൾബ് | ... | 189 | |
| V | നിലവിലുള്ള ട്രാൻസ്ഫോർമറുകൾ: | | | |
| | 1. പുറച്ചേരി | ... | 100 | കെ.വി |
| | 2. സി.യം. നഗർ | ... | 100 | ,, |
| | 3. പി.വി. ക്രഷർ | ... | 100 | ,, |
| | 4. അറത്തിൽ | ... | 100 | ,, |
| | 5. പിലാത്തറ | ... | 250 | ,, |
| | 6. ഭാരത് മെഷീൻ | ... | 160 | ,, |
| | 7. ഏഴിലോട് സോമിൽ | ... | 100 | ,, |
| | 8. ബി.ബി. വുഡ്ഡ് | ... | 100 | ,, |
| | 9. വിളയാംങ്കോട് | ... | 100 | ,, |
| | 10. കുളപ്പുറം | ... | 100 | ,, |
| | 11. മണ്ടൂർ | ... | 100 | ,, |
| | 12. ചെറുതാഴം | ... | 100 | ,, |
| | 13. ശ്രീസ്ഥ | ... | 100 | ,, |
| | 14. കിംഗ് വുഡ്ഡ് | ... | 100 | ,, |
| | 15. നരീക്കാം വള്ളി | ... | 100 | ,, |
| | 16. ചെമ്പല്ലിക്കുണ്ട് | ... | 100 | ,, |
| | 17. കൊവ്വപ്രം | ... | 100 | ,, |
| | 18. അടുത്തില | ... | 100 | ,, |
| | 19. നെരുവമ്പ്രം | ... | 100 | ,, |



# മാർക്കറ്റ്

നാംഉൽപാദിപ്പിക്കുന്ന വസ്തുക്കൾ സ്വന്താവശ്യം കഴിച്ച് ബാക്കി വിറ്റഴിക്കുവാൻ മാർക്കറ്റിനെ ആശ്രയിക്കുന്നു. ഗ്രാമതല ഉൽപാദനം കുറഞ്ഞതോടെ ഗ്രാമചന്തകളും ഇല്ലാതായിത്തുടങ്ങി. ദുർലഭം ചിലയിടങ്ങളിൽ മാത്രം ഇപ്പോഴും ആഴ്ച ചന്തകൾ നിലനിന്നു കാണുന്നുണ്ട്.

മുൻകാലങ്ങളിൽ ആഴ്ച ചന്തകളും ഉത്സവപറമ്പിലെ ചന്തകളും നമ്മെ സംബന്ധിച്ചേടത്തോളം ഉത്സവത്തിന്ന് തുല്യമായിരുന്നു. കുട്ടികളുടെ പട്ടുകോണകം മുതൽ പഴയകാലത്തെ പുടവകളും മൺപാത്രങ്ങളും മലയോര പ്രദേശങ്ങളിൽ മാരതം സുലഭമായി ഉൽപാദിപ്പിച്ചിരുന്ന ചാമ, മുത്താറി, തുവര, ചോളം മുതലായ ധാന്യങ്ങളും മറ്റും ഈ ചന്തകളിൽ ലഭിച്ചിരുന്നു. പരമ്പരാഗത തൊഴിലിന്റെ ഉല്പന്നങ്ങളായ പായ, കൂട്ട എന്നിവയും നിറപ്പകിട്ടാർന്ന പുൽപായകളും കൽച്ചട്ടികളും മറ്റും ഈ ചന്തകളിൽ ലഭിച്ചിരുന്നു. മറ്റ് കടകളിൽ കിട്ടാത്ത പല വസ്തുക്കളും ഈ ചന്തകളിൽ വില്പനയ്ക്ക വന്നതായി കാണാം. ഇന്ന് ഉത്സവ പറമ്പ് ചന്തകൾ കുട്ടികളുടേയും സ്ത്രീകളുടേയും പങ്കാളിത്തം കൊണ്ട് സജീവമായി നിലനിൽക്കുന്നു. ചെറുതാഴം പഞ്ചായത്തിൽ ഏഴിലോടിൽ വളരെക്കാലമായി ഒരു ആഴ്ച ചന്ത ഉണ്ട്. എല്ലാ ശനിയാഴ്ചയും അവിടെ ചന്ത നടക്കുന്നു. ഇന്ന് അത് വേണ്ടത്ര സജീവമല്ല.

ജനകീയാസൂത്രണത്തിൽ കൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് പദ്ധതിക്ക് രൂപം കൊടുക്കുകയാണല്ലൊ. സ്വാഭാവികമായും കാർഷികോല്പന്നങ്ങൾ ധാരാളം ഉൽപാദിപ്പിക്കുന്നതാകയാൽ ഇവകൾ വിൽക്കുവാൻ ഗ്രാമതലത്തിൽ തന്നെ മാർക്കറ്റും ഉണ്ടാകേണ്ടതാണ്. ആഴ്ച ചന്തകൾ വികസിപ്പിക്കുന്നതോടൊപ്പം ഒരു കേന്ദ്രമായ സ്ഥലത്ത് ഒരു പൊതു മാർക്കറ്റ് ഉണ്ടാകുന്നത് നല്ലതായിരിക്കും. ഇത് സഹകരണ അടിസ്ഥാനത്തിൽ തന്നെ നടത്താവുന്നതുമാണ്. ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. പരിയാരം മെഡിക്കൽ കോളേജിന്ന് സമീപം പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാൻ നടപടിയെടു ക്കേണ്ടതാണ്. ●



# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

സ്വാതന്ത്ര്യത്തിന് മുമ്പ് നമ്മുടെ പഞ്ചായത്തിൽ വീടുകളുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. മൺകട്ട (ഉറുട്ടുകട്ട) കൊണ്ടുള്ള ചുമരുകളും, ഓലയും, പുൽപ്പുല്ലും കൊണ്ടുള്ള വീടുകളാണ് സാധാരണക്കാർ അധികവും ഉപയോഗിച്ചിരുന്നത്. ജന്മിമാരും അവരുടെ തൊട്ടുതാഴെയുള്ള ഇടത്തരക്കാർക്കുമായിരുന്നു ഓടുമേഞ്ഞ വീടുണ്ടാകയിരുന്നത്. കൃഷിക്ക് ഉപയുക്തമല്ലാത്ത സ്ഥലങ്ങൾ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് വീടുവെക്കാനും ഉഭയങ്ങളുണ്ടാക്കാനും, പുറപ്പാടു നിശ്ചയിച്ചു പതിച്ചുകൊടുത്തിരുന്നു. അത്തരം ഭൂമികളിലാണ് മൺകട്ടയും, ഓലയും ഉപയോഗിച്ചുള്ള വീടുകൾ അധികവും ഉണ്ടായിരുന്നത്.

ഐക്യകേരള പിറവിക്കുശേഷം ഈ സ്ഥിതിക്ക് മാറ്റമുണ്ടാകാൻ തുടങ്ങി. 1957ലെ ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസിനെ തുടർന്ന് ഒഴിപ്പിക്കരെ അവസാനിക്കുകയും, തങ്ങളുടെ സ്ഥലത്ത് നിർഭയം താമസിക്കുന്നതിനുള്ള അവസരം ലഭിക്കുകയും ചെയ്തു.

നമ്പൂതിരി ഇല്ലങ്ങൾ പൊതുവെ നാലുകെട്ടും നടുമുറ്റത്തോടും കൂടിയ ഇരുനിലയുള്ളവയായിരുന്നു. കേരളത്തിന്റെ തനതായ വാസ്തുശില്പങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു ഇവരുടെ ഭവനങ്ങൾ. ഇന്ന് നിലവിലുള്ളതിൽ വാരണക്കോട് ഇല്ലം ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്.

വയൽകര പ്രദേശങ്ങളിൽ യഥേഷ്ടം ശുദ്ധജലവും, കാറ്റും ലഭിക്കുന്ന ഫലഭൂയിഷ്ഠമായ സ്ഥലങ്ങളിലായിരുന്നു ഇത്തരം ഭവനങ്ങൾ നിർമ്മിച്ചിരുന്നത് എന്ന് കാണാൻ കഴിയും. എന്നാൽ മുറികൾ താരതമ്യേന വലുപ്പം കുറഞ്ഞതും വേണ്ടത്ര വെളിച്ചം കടക്കാൻ സൗകര്യമില്ലാത്തവയുമായിരുന്നു. ഇടത്തരക്കാരുടെ വീടുകൾ സാമാന്യം ഭേദപ്പെട്ട ഇരുനില വീടുകളായിരുന്നു. അകത്തിറയം, കൊട്ടിലകം, ചടിഞ്ഞാറ്റ, വടക്കിന എന്നിങ്ങനെയായിരുന്നു വീടിന്റെ ഘടന. ഇവയ്ക്കും വേണ്ടത്ര കാറ്റും വെളിച്ചവും കടക്കുന്നതിനുള്ള സൗകര്യങ്ങളോ, വിശാലമായ മുറികളോ ഉണ്ടായിരുന്നില്ല. ഭൂരിഭാഗം ജനങ്ങളും യാതൊരു സൗകര്യവുമില്ലാത്ത കുടിലുകളിലായിരുന്നു താമസിച്ചിരുന്നത്.

മരുമക്കത്തായ സമ്പ്രദായത്തിനുപകരം മക്കത്തായ സമ്പ്രദായം ആരംഭിച്ചതോടുകൂടി തറവാടു ഭാഗിച്ചു കിട്ടിയ സ്ഥലങ്ങളിൽ സ്വന്തമായി അന്നത്തെ ഫേഷൻ അനുസരിച്ച് ഓടുമേഞ്ഞ വീടുകൾ ഉയർന്നുവരാൻ തുടങ്ങി.

ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനഫലമായി ഇതേ കാലഘട്ടത്തിലാണ്. നമ്മുടെ പഞ്ചായത്തിൽ കോളനി അടിസ്ഥാനത്തിൽ വീടുകൾ ഉയർന്നുവരാൻ തുടങ്ങിയത്. ഇപ്പോൾ പഞ്ചായത്തിന്റെ പല ഭാഗ

ങ്ങളിലും ഇത്തരം ഹൗസിംഗ് കോളനികൾ കാണാൻ കഴിയും.

1975നു ശേഷം ഗൾഫ് പണത്തിന്റെ സ്വാധീനം വ്യാപകമായതോടുകൂടി വീടിനെകുറിച്ചുള്ള സങ്കല്പം ആകെ മാറി ചെറിയ മുറികളുള്ള വീടുകൾക്കു പകരം, വിശാലമായ മുറികളും, കാറ്റും വെളിച്ചവും യഥേഷ്ടം ലഭിക്കുന്നതിനുവേണ്ട വലിയ ജനലുകളുമുള്ള കോൺക്രീറ്റു കെട്ടിടങ്ങൾ ഉയർന്നുവരാൻ തുടങ്ങി. ഗൾഫിലെ സമ്പാദ്യത്തിന്റെ ഭൂരിഭാഗവും വീടുകളുടെ നിർമ്മാണത്തിനു ചിലവഴിക്കുന്ന അവസ്ഥയാണ് ഇന്നു കാണാൻ കഴിയുന്നത്. ഈ ആധുനിക കാലഘട്ടത്തിൽ വീടുനിർമ്മാണം പ്രൗഢിയുടെ പ്രതീകമായി മാറിയിരിക്കുകയാണ്. കിട്ടാവുന്ന മേഖലകളിൽ നിന്നെല്ലാം പരമാവധി വായ്പ വാങ്ങി തൊട്ടടുത്തുള്ളതിനേക്കാൾ വലിയ വീട് എങ്ങിനെ നിർമ്മിക്കാമെന്ന ചിന്ത ചിലരിൽ കടന്നു കൂടിയിരിക്കുന്നു. വീടുകളുടെ നിർമ്മാണം പാശ്ചാത്യ അനുകരണമായി മാറിയിരിക്കുകയാണ്. ലക്ഷങ്ങൾ ചിലവിട്ട് നിർമ്മിക്കുന്ന വീടുകൾ നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിയും. ഗൾഫ് പണത്തിന്റെ സ്വാധീനമാണ് ഇതിനു പ്രധാന കാരണം.

നമ്മുടെ ഗ്രാമത്തിൽ ലോഡ്ജുകൾ ഇല്ലെങ്കിലും പിലാത്തറ, വിളയാംകോട് എന്നിവിടങ്ങളിലായി, രണ്ടു വർക്കിംഗ് വിമൺസ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഏതാണ്ട് 300 പേർ താമസിച്ചു വരുന്നുണ്ട്.

ഹഡ്കോയുടെ സഹായത്തോടെ ചെറുതാഴം സർവ്വീസ് ബേങ്ക് മുഖേന ചെറിയ വീടുകൾ ഉണ്ടാക്കുന്നതിനുവേണ്ടി 83 കുടുംബങ്ങൾക്ക് വായ്പ നല്കുകയും, അതുവഴി നമ്മുടെ പഞ്ചായത്തിലെ ഓലപ്പുരകളുടെ എണ്ണം ഗണ്യമായി കുറക്കാനും കഴിഞ്ഞിട്ടുണ്ട്.

കാർഷിക ഭൂപണയ ബാങ്ക് വഴി ഭവനവായ്പയായി 11 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ വഴിയും പഞ്ചായത്തുവകയും ഇതുവരെയായി ദുർബ്ബലവിഭാഗങ്ങൾക്ക് 81 വീടുകൾ അനുവദിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ വായ്പാ സംഘം വഴി നിവരധി വീടുകൾക്ക് നമ്മുടെ പഞ്ചായത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ബേങ്ക്, മാടായി കോ:ഓപ്പറേറ്റീവ് ബേങ്ക് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എന്നിവ മുഖേന നിരവധി വീടുകൾക്ക് വായ്പ ലഭ്യമായിട്ടുണ്ട്.


ഈ കാലഘട്ടത്തിൽ ഭവനനിർമ്മാണരംഗത്ത് ഗവൺമെണ്ടു കൊണ്ടുവന്ന പല പദ്ധതികളും ഓല മേഞ്ഞ കുടിലുകൾ മാറ്റി ഓടുമേഞ്ഞ വിടുകളാക്കാൻ സഹായിച്ചിട്ടുണ്ട്. ലക്ഷംവീടു കോളനികളും, രാജീവ് ദശലക്ഷം ഭവനപദ്ധതിയും ഇതിനുദാഹരണമാണ്. ലക്ഷം വീടുകൾ തുടക്കത്തിൽ ഇരട്ട വീടുകളായാണ് നിർമ്മിച്ചത് എന്നത് വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ചെറുതാഴം പഞ്ചായത്തിൽ ഓലമേഞ്ഞ വീടുകൾ ഇപ്പോൾ വളരെ കുറവാണ്.

### ചെറുതാഴം പഞ്ചായത്തിലെ വീടുകൾ

| വാർഡ് നമ്പർ | കുടിൽ | ഓല മേഞ്ഞത് | ഓടു | കോൺ ക്രീറ്റ് | വീടില്ലാത്തവർ | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | ആകെ വീട് |
|---|---|---|---|---|---|---|---|---|
| I | 5 | 9 | 232 | 101 | 14 | 304 | 90 | 370 |
| II | 19 | 3 | 295 | 89 | 14 | 224 | 195 | 406 |
| III | 13 | 4 | 281 | 65 | – | 229 | 134 | 363 |
| IV | 13 | 3 | 302 | 145 | 9 | 331 | 122 | 463 |
| V | 7 | 6 | 330 | 116 | 7 | 174 | 147 | 459 |
| VI | 5 | – | 491 | 56 | – | 242 | 310 | 552 |
| VII | 14 | 24 | 295 | 91 | – | 187 | 237 | 424 |
| VIII | 5 | – | 462 | 143 | 18 | 354 | 151 | 605 |
| IX | 8 | 10 | 285 | 80 | – | 281 | 102 | 383 |
| X | 3 | 2 | 189 | 47 | – | 136 | 105 | 242 |
| ആകെ | 92 | 61 | 3162 | 933 | 62 | 2462 | 1593 | 4267 |

ചില വാർഡുകളിൽ താമസയോഗ്യമല്ലാത്ത വീടുകൾ കാണാൻ കഴിയും. അവിഞ്ഞിയിൽ, പുറച്ചേരി, പാലയാട്, അംബേദ്കർ എന്നിവിടങ്ങളിൽ ഹരിജൻ കോളനികളും പിലാത്തറ, ഏഴിലോട് എന്നിവിടങ്ങളിൽ ചക്ലിയ കോളനികളും പിലാത്തറ, കുളപ്രം, മേലതിയടം, ശ്രീസ്ഥ, കാപ്പുങ്ങൾ, ചെറുതാഴം, കൊവ്വപ്പുറം, വീരഞ്ചിറ, കോടിത്തായൽ എന്നിവിടങ്ങളിൽ ക്രിസ്ത്യൻ മിഷിനറിമാരുടെ നിയന്ത്രണത്തിലുള്ള ഹൗസിംഗ് കോളനികളുമുണ്ട്. കോളനികളുടെ പശ്ചാത്തലസൗകര്യം തൃപ്തികരമല്ല. വെള്ളവും, വെളിച്ചവും മറ്റു പ്രാഥമിക സൗകര്യങ്ങളും നിലവിലില്ല.

നാഗരിക സംസ്കാരം ചെറുതാഴം പഞ്ചായത്തിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ക്വാർട്ടേർസുകൾ നിർമ്മിച്ച് വാടകക്കു കൊടുക്കുന്ന പ്രവണത കാണാൻ കഴിയും. ഏഴിലോട്, സാനട്ടോറിയം, മണ്ടൂർ, പിലാത്തറ, ചുമടുതാങ്ങി എന്നിവിടങ്ങളിലാണ് ഇതു കൂടുതലുള്ളത്.




2700 ഓടുമേഞ്ഞത്

61 ഓലമേഞ്ഞത്

790 കോൺക്രീറ്റ്

87 കൂടിൽ

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സർവ്വേ പ്രകാരം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തികരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 68 | 36 | 31 | 5 | 32 |
| II | 52 | 10 | 8 | 2 | 42 |
| III | 36 | 18 | 15 | 3 | 18 |
| IV | 29 | 5 | 1 | 4 | 24 |
| V | 47 | 12 | 9 | 3 | 35 |
| VI | 59 | 5 | 5 | - | 54 |
| VII | 38 | 2 | 2 | - | 36 |
| VIII | 47 | 12 | 11 | 1 | 35 |
| IX | 29 | 1 | - | 1 | 28 |

(വാർഡ് IX പ്രകാരമുള്ള സർവ്വെ കണക്ക്)

അനുവദിച്ച ആകെ വീടുകളിൽ 9 എണ്ണം മറ്റു സമുദായക്കാർക്കും ബാക്കി മുഴുവൻ വീടുകൾ പട്ടികജാതിയിൽ പെട്ടവർക്കു മാണു

വീടുനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ മിക്കവയും മറ്റു പ്രദേശങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. കൂരാർ അടിസ്ഥാനത്തിലും, ദിവസകൂലിക്കും തൊഴിലാളികൾ ജോലി ചെയ്യുന്നു. പൊതുവെ ഉയർന്ന കൂലി ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഒരു കാലത്ത് വീടുനിർമ്മിക്കുന്നതിനാവശ്യമായ ചെങ്കല്ല് സുലഭമായി ലഭിച്ചിരുന്ന സ്ഥലമാണ് നമ്മുടെ പഞ്ചായത്ത് മാടായി, മാട്ടൂൽ, ചെറുകുന്ന് കുഞ്ഞിമംഗലം തുടങ്ങിയ സമീപ പഞ്ചായത്തുകളിലേക്ക് ഇവിടെ നിന്നാണ് കല്ലുകൊണ്ടുപോയിരുന്നത് ഇന്ന് കല്ല് കൊത്തിന് ആവശ്യമായ സ്ഥലം കുറഞ്ഞുവന്നിരിക്കുന്നു.

2. വീടുനിർമ്മിക്കാനാവശ്യമായ മരം യഥേഷ്ടം കിട്ടുന്നില്ല. വീടുപണിക്കാവശ്യമായ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നു.
3. ഭവന നിർമ്മാണത്തിന് വായ്പ കിട്ടുന്നതു സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് ഒരു വ്യക്തതയുമില്ല. ഈ രംഗത്തെ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും വ്യവസ്ഥകൾ ലഘൂകരിക്കുകയും വേണം.
4. ധ്രുതഗതിയിൽ നടക്കുന്ന നഗരവല്ക്കരണവും, സമീപപ്രദേശങ്ങളിലെ വികസനവും നമ്മുടെ പഞ്ചായത്തിൽ പാർപ്പിടപ്രശ്നം രൂക്ഷമാകുന്നു.

## നിർദ്ദേശങ്ങൾ

1. ഭൂരഹിതരും, ഭവനരഹിതരുമായിട്ടുള്ള ആളുകൾക്ക് വീടുനിർമ്മിച്ചുകൊടുക്കാൻ ഭൂമി പഞ്ചായത്ത് എകായർ ചെയ്ത് ഭവനനിർമ്മാണ ബോർഡും പഞ്ചായത്തും സംയുക്തമായിചേർന്ന് വീടുനിർമ്മിച്ച് വിലനിശ്ചയിച്ചുകൊടുക്കണം.
2. വലിയ മുതൽ മുടക്കുള്ള വീടുകളുടെ നിർമ്മാണം തടയാൻ ആവശ്യമായ നികുതി സമ്പ്രദായം പഞ്ചായത്തിൽ നടപ്പിൽ വരുത്തണം.
3. ചിലവു കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം. പഞ്ചായത്ത് നിർമ്മിക്കുന്ന വീടുകൾ ഇത്തരത്തിൽ നിർമ്മിച്ച് മാതൃകയാകണം. ചിലവു കുറഞ്ഞു വീടുകൾക്ക് പ്രത്യേകം നികുതിയിളവ് അനുവദിക്കണം.
4. ലേബർ കോൺട്രാക്ട് സൊസൈറ്റി പഞ്ചായത്തിൽ സ്ഥാപിക്കുക.
5. ചെറുതാഴം പഞ്ചായത്തുകൂടി പ്രവർത്തനപരിധിയുള്ള പഴയങ്ങാടി ബിൽഡിംഗ് സൊസൈറ്റി പ്രവർത്തനം കുറെകൂടി കാര്യക്ഷമമാക്കുകയും, ആവശ്യക്കാർക്ക് വായ്പ വിതരണം ചെയ്യുവാൻ സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.
6. പഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം സ്ഥാപിക്കുക.

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരം 1996 വരെ

| വാർഡ് | ഓടിട്ടത് | വാർപ്പ് | കുടിൽ | മറ്റുള്ളവ ഷെഡ്/ആല പമ്പ്ഹൗസ് | ആകെ |
|---|---|---|---|---|---|
| 1 | 509 | 276 | 6 | 39 | 830 |
| 2 | 391 | 250 | 6 | 32 | 679 |
| 3 | 518 | 368 | 2 | 73 | 963 |
| 4 | 398 | 271 | 6 | 31 | 706 |
| 5 | 604 | 201 | 9 | 80 | 894 |
| 6 | 549 | 108 | 9 | 36 | 702 |
| 7 | 444 | 65 | 5 | 36 | 550 |
| 8 | 433 | 271 | 7 | 30 | 741 |
| 9 | 341 | 202 | 5 | 35 | 583 |
| 10 | 341 | 202 | 5 | 35 | 583 |

അവലംബം - പഞ്ചായത്ത് രേഖകൾ



# സാമൂഹ്യക്ഷേമം


നമ്മുടെ സമൂഹത്തിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. പണ്ട് ജാതിവ്യവസ്ഥയും ജന്മിനാടുവാഴിത്ത വ്യവസ്ഥയും കൊടികുത്തിവാണപ്പോഴും അതിനുശേഷം സ്വതന്ത്രഭാരതത്തിലും ദുരിതത്തിന്റെ നുകം പേറാൻ സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കമുള്ളവരായിരുന്നു.

തൊഴിലില്ലായ്മ ഗുരുതരമായികൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ദരിദ്രരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രയാസങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത് അഗതികൾ, വിധവകൾ, വികലാംഗർ, മാറാവ്യാധി ബാധിച്ചവർ എന്നിവരാണ് 1952ൽ വികസന ബ്ലോലക്കുകൾ നിലവിൽ വന്നതോടുകൂടി ദാരിദ്രരേഖക്ക് താഴെയുള്ളവരുടെ ഉന്നതിക്കുവേണ്ടിയുള്ള ചില പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

1960കളിൽ നമ്മുടെ സംസ്ഥാനത്ത് ക്ഷേമപദ്ധതികൾ ആരംഭിച്ചു. ഗ്രാമവികസനവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ എന്നിവ വഴിയാണ് ഈ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത്, വിവിധവികസന ബ്ലോക്കുകൾക്ക് കീഴിലായി ഓരോ ഗ്രാമ പഞ്ചായത്തിലും പ്രവർത്തിക്കുന്ന ഗ്രാമസേവകൻ എന്ന പേരിൽ അറിയപ്പെടുന്ന വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ മുഖേനയാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. IRDP സർവ്വേസഹായം ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനുള്ള സർവ്വെയാണ്. ഈ സർവ്വെയിൽ കണ്ടെത്തിയ അർഹരായവർക്ക് ബ്ലോക്കുകളിൽ നിന്നു വിവിധ ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. 1993-94ൽ നടത്തിയ സർവ്വേ പ്രകാരം കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കുടുംബങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

**സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ, ലഭിച്ച സഹായം**
**(9 വാർഡുകൾ ഉള്ളപ്പോഴുള്ളത്)**

| വാർഡ് നമ്പർ | കുടുംബങ്ങൾ | SC | ST | കക്കൂസ്സ് ഇല്ലാത്ത വീടുകളുടെ എണ്ണം | അനുവദിച്ചത് | പൂർത്തിയാക്കിയത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|---|---|---|---|
| I | 239 | 5 | Nill | 159 | 12 | 8 | 147 |
| II | 206 | 5 | - | 145 | 3 | 1 | 142 |
| III | 154 | - | 1 | 113 | 4 | 4 | 107 |
| IV | 90 | 2 | 1 | 49 | 6 | 4 | 43 |
| V | 160 | 3 | 1 | 108 | 4 | 4 | 104 |
| VI | 206 | - | - | 139 | 9 | 8 | 130 |
| VII | 149 | - | 1 | 127 | 5 | 5 | 122 |
| VIII | 191 | 1 | 1 | 144 | 13 | 11 | 131 |
| IX | 160 | - | - | 63 | 5 | 5 | 58 |




| | | | | | |
|---|---|---|---|---|---|
| 1. ഏഴിലോട് അംഗനവാടി | I | ഗ്രന്ഥശാലയുടെ | 12. പടന്നപ്രം അംഗനവാടി | VI | No. 115 |
| 2. പുറച്ചേരി അംഗനവാടി | II | No. 124 | 13. ഗ്രീസ്ഥ അംഗനവാടി | VI | No. 116 |
| 3. കോട്ടക്കുന്ന് അംഗനവാടി | III | No. 285 | 14. മേലതിയടം അംഗനവാടി | VI | No. 289 |
| 4. അറത്തിൽ അംഗനവാടി. | III | No. 122 | 15. വിരഞ്ഞിറ അംഗനവാടി | VII | No. 115 |
| 5. നരിക്കാംവള്ളി അംഗനവാടി | III | No. 121 | 16. കാവുഞ്ചാൽ അംഗനവാടി | VII | No. 114 |
| 6. സി.എംനഗർ അംഗനവാടി | IV | No. 123 | 17. രാമപുരം അംഗനവാടി | VIII | No. 119 |
| 7. പഞ്ചായത്ത്ശിശുമന്ദിരം | IV | പഞ്ചായത്ത് | 18. ചെറുതാഴം സെൻറർ " | VIII | No. 130 |
| 8. മണ്ടൂർ അംഗനവാടി EAST | IV | No. 128 | 19. കൊവ്വൽ അംഗനവാടി | VIII | No. 129 |
| 9. ഒന്നിടഞ്ഞാൽ അംഗനവാടി | V | No. 120 | 20. മണ്ടൂർ അംഗനവാടി WEST | IX | No. 127 |
| 10. കൂളിപ്രം അംഗനവാടി | V | No. 117 | 21. ചെറുതാഴം അംഗനവാടി | IX | No. 131 |
| 11. പാലയാട് അംഗനവാടി | V | No. 132 | 22. കുന്നുപ്രം അംഗനവാടി | IX | No. 126 |
| CHANDRAN | | | 23. ചക്കിയകോളനി അംഗനവാടി | IX | No. 125 |

ചെറുതാഴം ഗ്രാമപഞ്ചായത്ത്
പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാകാര/ സാഹിത്യ | കായിക താര പെൻഷൻ | ക്ഷയ രോഗ പെൻഷൻ | കുഷ്ഠ രോഗ പെൻഷൻ | കാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | വികലാംഗ പെൻഷൻ | തൊഴിലി ല്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1992 | | 7 | 5 | – | | 2 | 2 | | | 7 | 187 |
| 1993 | | 12 | 4 | – | | 1 | – | | | – | 206 |
| 1994 | | 3 | 2 | 1 | | 1 | 1 | | | | 212 |
| 1995 | | 3 | 2 | – | | 2 | 2 | | | 1 | 204 |
| 1996 | | 4 | 5 | | | 1 | 1 | | | 2 | 189 |

വിവിധയിനം ക്ഷേമനിധികളും അതിൽ അംഗമായവരും

| കർഷക | കൺസ്ട്ര | ചെത്ത് | തയ്യൽ | മറ്റ്ക്ഷേമനിധി | മത്സ്യം | കൈത്തറി |
|---|---|---|---|---|---|---|
| 1646 | 476 | 40 | 40 | 31 | 37 | 85 |

DWCRA-ഐ.ആർ.ഡി.പി.യുടെ ഘടകപദ്ധതിയാണിത്. വനിത-ശിശുക്ഷേമ പദ്ധതി പ്രകാരം ചെറുതാഴം പഞ്ചായത്തിൽ രണ്ടു യൂനിറ്റുകൾ പ്രവർത്തിക്കുന്നു. ശ്രീസ്ഥയിലുള്ള സോപ്പു യൂനിറ്റും, ഡയറിയൂനിറ്റും, ഇതിൽ സോപ്പു യൂനിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ല.

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പദ്ധതി (RAP) 93-94-95-96

| വാർഡ് നമ്പർ | IRDP സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴി ലാളികളുടെ എണ്ണം | സഹായം ലഭിച്ചവരു ടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| I | 2 | 3 | 4 |
| II | 29 | 17 | 12 |
| III | 12 | 6 | 6 |
| IV | 11 | 5 | 6 |
| V | 14 | 7 | 7 |
| VI | 21 | 18 | 3 |
| VII | 9 | 5 | 4 |
| VIII | 13 | 2 | 11 |
| IX | 13 | 5 | 8 |
| X | 15 | 8 | 7 |

1992ലെ സർവ്വെ സമയത്ത് 9 വാർഡുകളാണ് അപ്രകാരമുള്ള വിവരങ്ങളാണ് കൊടുത്തത്

ടൂൾ കിറ്റ് (RAP (റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം) അനുസരിച്ച് ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നു. സർവ്വെപ്രകാരം 139 കുടുംബങ്ങൾക്ക് സഹായത്തിന് അർഹതയുണ്ട്. 1996 വരെ 76 പേർക്ക് സഹായം ലഭിച്ചു.

CRSP കക്കൂസ് ഈ പദ്ധതിപ്രകാരം 1992നു ശേഷം 61 പേർക്ക് കക്കൂസ് അനുവദിച്ചു. എന്നാൽ 50 കക്കൂസുകൾ മാത്രമാണ് പൂർത്തിയാക്കിയത്.

| ക്രമ നമ്പർ | അംഗൻവാടികളുടെ പേർ | നമ്പർ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | കെട്ടിടം ഉണ്ട്/ഇല്ല | പാനോപക രണങ്ങൾ ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|---|
| 1 | കാവുംചാൽ | 114 | 10 | 15 | 25 | ഇല്ല | ഇല്ല |
| 2 | വീരൻചിറ | 115 | 28 | 20 | 48 | ഇല്ല | ഇല്ല |
| 3 | ശ്രീസ്ഥ | 116 | 18 | 19 | 37 | ഉണ്ട് | ഉണ്ട് |
| 4 | കുളപ്പുറം | 117 | 31 | 25 | 56 | ഉണ്ട് | ഉണ്ട് |
| 5 | പടന്നപ്പുറം | 118 | 35 | 31 | 66 | ഉണ്ട് | ഉണ്ട് |
| 6 | രാമപുരം | 119 | 10 | 17 | 27 | ഉണ്ട് | ഉണ്ട് |
| 7 | ഒറന്നിടത്തുചാൽ | 120 | 17 | 16 | 33 | ഇല്ല | ഇല്ല |
| 8 | നിരിക്കാംപള്ളി | 121 | 15 | 22 | 37 | ഇല്ല | ഇല്ല |
| 9 | അറത്തിൽ | 122 | 30 | 35 | 65 | ഇല്ല | ഇല്ല |
| 10 | കാർലോ മറിയ നഗർ | 123 | 16 | 15 | 31 | ഇല്ല | ഇല്ല |
| 11 | പുറച്ചേരി | 124 | 31 | 34 | 65 | ഇല്ല | ഇല്ല |
| 12 | ചക്ളിയ കോളനി | 125 | 16 | 28 | 44 | ഇല്ല | ഇല്ല |
| 13 | കുന്നുംപുറം | 126 | 38 | 48 | 86 | ഉണ്ട് | ഉണ്ട് |
| 14 | മണ്ടൂർ | 127 | 28 | 25 | 53 | ഇല്ല | ഇല്ല |
| 15 | മണ്ടൂർ (iv-ാംവർഡ്) | 128 | 35 | 36 | 71 | ഇല്ല | ഇല്ല |
| 16 | ചെറുതാഴം (കൊവ്വൽ) | 129 | 16 | 8 | 24 | ഇല്ല | ഇല്ല |
| 17 | ചെറുതാഴം (സെൻറർ) | 130 | 33 | 34 | 67 | ഇല്ല | ഇല്ല |
| 18 | ഹനുമാരമ്പലത്തിനുസമീപം | 131 | 30 | 30 | 60 | ഇല്ല | ഇല്ല |
| 19 | പാലയാട് | 132 | 17 | 23 | 40 | ഇല്ല | ഇല്ല |
| 20 | കോട്ടക്കുന്ന് | 285 | 9 | 8 | 17 | ഇല്ല | ഇല്ല |
| 21 | മേലതിയടം | 289 | 12 | 14 | 26 | ഇല്ല | ഇല്ല |

അംഗൻവാടികൾ-21 അംഗൻവാടികൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മിക്ക അംഗൻവാടികൾക്കും കെട്ടിടമില്ല. പരമാവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ അംഗൻവാടിമുഖേന നടപ്പിലാക്കുന്നു

## പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി. പദ്ധതയിൽ സഹായത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ വരുമാനപരിധി അല്പം ഉയർത്തണം
2. ധനസഹായം ആവശ്യമായ ഗുണഭോക്താക്കൾ ധൈര്യപൂർവ്വം മുന്നോട്ടു വരുന്നില്ല.
3. മിക്ക പദ്ധതികൾക്കും അനുവദിക്കുന്ന തുക തീരെ അപര്യാപ്തമാണ്.
4. DWCRA പദ്ധതിപ്രകാരം ഒരു യൂനിറ്റിൽ 10 വനിതകൾ വേണം എണ്ണകൂടുതൽ ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റുകണ്ടെത്താൻ പ്രയാസപ്പെടുന്നു.
5. നിലവിലുള്ള അംഗൻ വാടികളുടെ സൗകര്യം കുറെകൂടി മെച്ചപ്പെടുത്തണം.
6. അംഗൻവാടി ഹെൽപ്പർ, വർക്കർ എന്നിവരുടെ സേവനവേതനഘടന കൂറെകൂടി മെച്ചപ്പെടുത്തണം.
7. വിവിധതരം പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
8. അനർഹരായവർ പെൻഷൻ വാങ്ങുന്ന അവസ്ഥകളുണ്ട്

പട്ടിക-കഴിഞ്ഞ അഞ്ച്വർഷത്തെ തൊഴിലില്ലായ്മ വേതന വിതരണ വിവരം

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 187 | 206 | 212 | 204 | 189 |

അവലംബം - ജില്ലാ എംപ്ലോയ് ഓഫീസ് രേഖകൾ

ട്രൈസം - പദ്ധതി പ്രകാരം യുവതീ-യുവാക്കളായ 61 പേർക്ക് പരിശീലനം ലഭിച്ചു. ഇതിൽ 18 പേർ സ്വയം തൊഴിൽ കണ്ടെത്തി 43 പേർ മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നവരാണ്.

**ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| വാർഡ് | പരിശീലനം വിഷയത്തിന്റെ പേര് | സ്വയംതൊഴിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം | തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ഫർണിച്ചർ വർക്കിന് | 3 | 1 | 2 | |
| | പ്രിൻറിംഗ്, കംപോസിങ്ങ് | 2 | 2 | - | |
| | വെൽഡിംഗ് | 1 | - | 1 | |
| | ടെയിലറിംഗ് | 3 | 3 | - | |
| II | ഫർണിച്ചർ വർക്സ് | 1 | 1 | - | |
| III | വാച്ച് റിപ്പേർ | 2 | - | 2 | |
| | റേഡിയോ റിപ്പേർ | 1 | - | 1 | |
| | ടൈപ്പ് റൈറ്റിംഗ് | 1 | - | 1 | |
| IV | പ്രിൻറിംഗ് ആൻറ് കംപോസിംഗ് | 2 | 2 | - | |
| | ടൈലറിംഗ് | 1 | - | 1 | |
| V | പ്രിൻറിംഗ് ആൻറ് കംപോസിംഗ് | 2 | 2 | - | |
| | റേഡിയോ റിപ്പേർ | 1 | - | 1 | |
| | ടൈലറിംഗ് ആൻറ് ഗാർമെൻറ്സ് | 1 | - | 1 | |
| VI | ടൈലറിംഗ് | 3 | 3 | - | |
| | ഇലക്ട്രിക്കൽ വയറിംഗ് | 1 | 1 | - | |
| | ലെയ്ത്ത് വർക്ക്സ് | 1 | - | 1 | |
| | റഫ്രിജറേഷൻ | 1 | - | 1 | |
| | റേഡിയോ റിപ്പേർ | 1 | - | 1 | |
| | ബഡ് ആൻറ് പില്ലോ മേക്കിംഗ് | 20 | - | 20 | |
| VII | | | | | |
| VIII | പ്ലംബിംഗ് | 2 | - | 2 | |
| | പ്രിൻറിംഗ് ആൻറ് കംപോസിംഗ് | 10 | 3 | 7 | |
| IX | ബുക്ക് ബൈൻറിംഗ് | 1 | - | 1 | |

## നിർദ്ദേശങ്ങൾ

1. ദാരിദ്രനിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പദ്ധതികളെ സംബന്ധിച്ച ആ വിഭാഗത്തിന്റെ ഇടയിൽ ബോധവൽക്കരണം നടത്തണം.
2. അനുവദിക്കുന്ന തുകയിൽ കാലോചിതമായി ന്യായമായ വർദ്ധനവുണ്ടാവണം
3. DWCRA യൂണിറ്റു തുടങ്ങുന്നതിന് സ്ത്രീകളെ പ്രോത്സാഹിപ്പിക്കാൻ പുരുഷന്മാർ മുൻകൈയെടുക്കണം.
4. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്ന മുഴുവൻ ആളുകൾക്കും സ്വയംതൊഴിൽ കണ്ടെത്തുവാനുള്ള സഹായം ലഭ്യമാക്കണം. കൂടുതൽ യുവതീയുവാക്കളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കണം.
5. മഹിളാ സമാജങ്ങൾ കാര്യക്ഷമമാക്കുകയും, ഇതിന്റെ സഹായത്തോടെ കൂടുതൽ വനിതകൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സംരംഭങ്ങൾ തുടങ്ങുകയും വേണം. ഇതിന്ന് ബ്ലോക്ക് പഞ്ചായത്തുകൾ മുൻകൈയെടുക്കണം.
6. DWCRA യൂണിറ്റുകളിലും, മറ്റും സ്വയം തൊഴിൽ മേഖലകളിലും ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റു കണ്ടെത്തുന്നതിന് സർക്കാർ മുൻകൈയെടുക്കണം. പഞ്ചായത്ത് തലത്തിൽ വിപണനമേളകൾ സംഘടിപ്പിക്കണം.
7. ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങളുണ്ടാക്കാൻ കൂടുതൽ ഉദാരമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.
8. നിലവിലുള്ള അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണം.



# സംസ്കാരം

**ചെ**റുതാഴം സാംസ്കാരിക പാരമ്പര്യത്തിന്റെ സമസ്തവുമാവാഹിച്ച സുവർണ്ണ ഭൂമിയാണ്. കലയുടെയും സംസ്കാരത്തിന്റെയും കനകച്ചിലങ്കകളുടെ ധ്വനിസാന്ദ്രമായ ചരിത്രം ഇവിടെ അരങ്ങ് തകർത്തിരുന്നു. ഏകദേശം പന്ത്രണ്ട് നൂറ്റാണ്ടുകളുടെ ലിഖിത ചരിത്രം ഈഹരിതാഭമായ ഗ്രാമം ഉൾക്കൊള്ളുന്നു. എട്ടാം നൂറ്റാണ്ടിന്റെ അവസാനവർഷങ്ങളിൽ ചിറക്കൽ വാണ ഉദയവർമ്മൻ കോലത്തിരി ഗോകർണ്ണത്ത്നിന്നും 237 വൈജ്ഞാനിക ബ്രാഹ്മണ കുടുംബങ്ങളെ ചെറുതാഴത്തും പരിസരപ്രദേശങ്ങളിലും കുടിയിരുത്തിയെന്നും "ശ്രീരാഘവപുരേശസഭായോഗം" എന്നറിയപ്പെട്ടിരുന്ന പ്രസ്തുത സംഘത്തിന്റെ ആരാധനക്കായി പരശുരാമനാൽ പ്രതിഷ്ഠിതമായ ശ്രീരാഘവപുരം ക്ഷേത്രം ദാനം ചെയ്തുവെന്നും "ജംബുദ്വീപോല്പത്തി" എന്ന പ്രാചീന ഗ്രന്ഥം പ്രതിപാദിക്കുന്നു.

ക്ഷേത്രങ്ങളും കാവുകളും കേന്ദ്രമാക്കി വളർന്നു വന്ന ക്ലാസിക്കൽ കലകളുടെയും നാടൻ കലാരൂപങ്ങളുടെയും വർണ്ണവൈവിദ്ധ്യമുള്ള ഒരു ചരിത്രം ഈ മണ്ണിനുണ്ട്. തെയ്യത്തിന്റേറയും തിയ്യാടി കൂത്തിന്റെയും കോതാമൂരിയുടെയും ആടി വേഷത്തിന്റെയും ഉത്തരകേരളത്തിന്റെ പട്ടത്താനമായ പൂരക്കളിയുടെയും നാടാണിത്.

ബാലഗോപാലം, ദ്രൗപതീകീചകം, രുഗ്മിണി സ്വയംവരം, നൈഷധം, ദേവയാനിചരിതം തുടങ്ങിയ നാടകങ്ങൾ ജനഹൃദയങ്ങളിൽ നിറദീപം കൊളുത്തി രംഗവൽക്കരിച്ചിട്ടുണ്ട്. ചെറുകാടിന്റെ നമ്മൊളൊന്ന് കെ. ദാമോദരന്റെ പാട്ടബാക്കി, തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, പൊൻകുന്നം വർക്കിയുടെ കതിർകാണാക്കിളി, തുടങ്ങിയ നാടകങ്ങൾ - സഹൃദയ മനോഭൂമികയിൽ വിപ്ലവവീര്യം പകർന്നിട്ടുണ്ട്.

ധാരാളം കലാകാരന്മാരാലും അനുഗ്രഹീതരായ എഴുത്തുകാരാലും പ്രശോഭിതമാണ് നമ്മുടെ ഗ്രാമം. കഥകളിയുടെ വിശ്വവശ്യത ഈ ഭൂമിയോളം ഉയർത്തിക്കാട്ടിയ കലാമണ്ഡലം കൃഷ്ണൻ നായർ തെയ്യം കലയിൽ പുകൾപെറ്റ അതിയടം കണ്ണപ്പെരുവണ്ണാൻ നാടൻ കലാരൂപങ്ങളെ ജനകീയവൽക്കരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച് ഡോ. എ. കെ. നമ്പ്യാർ പ്രഗത്ഭ സാഹിത്യപണ്ഡിതനും പുരോഗമന സാഹിത്യകാരനുമായ ഡോ. എൻ.വി.പി. ഉണിത്തിരി, കേന്ദ്ര സാഹിത്യ അവാർഡ് നേടിയ മണ്ടൂർ സുകുമാരൻ എന്നിവർ ചെറുതാഴത്തിന്റെ പുത്രന്മാരാണ്.

ജനങ്ങളിൽ ഹിന്ദു മുസ്ലിം കൃസ്ത്യൻ വിഭാഗങ്ങളിൽപെട്ടവരുണ്ടെങ്കിലും ഭൂരിഭാഗവും ഹിന്ദുക്കളാണ്. ഹിന്ദുക്കളുടെ ആരാധനാലയങ്ങൾ ക്ഷേത്രങ്ങളും കാവുകളുമാണ്. ഹനുമാരമ്പലം എന്നറിയപ്പെടുന്ന ശ്രീ രാഘവപുരം ക്ഷേത്രം ഏറെ പ്രസിദ്ധമാണ്. ഇവിടെ നാലു തിടമ്പുകൾ ഒന്നിച്ചുള്ള നൃത്തവും അവിൽ നിവേദ്യവും പ്രസിദ്ധമാണ്. ഉദയപുരം ശ്രീകൃഷ്ണക്ഷേത്രം പുത്തൂർ മഹാവിഷ്ണുക്ഷേത്രം, ശ്രീകൃഷ്ണപുരം, ശ്രീഭൂതനാഥപുരം, ഉച്ചൂളികുന്നിൻ മുകളിലുള്ള കുന്നിൻ മതിലകം, രാമപുരം ശ്രീ വിഷ്ണുക്ഷേത്രം അണിയിക്കര പൂമാല ഭഗവതിക്ഷേത്രം, അതിയടം പാലോട്ട്കാവ്, അറത്തിൽ ഭഗവതിക്ഷേത്രം വിളയാംങ്കോട് ശിവക്ഷേത്രം, കുളപ്രത്ത്കാവ്, കോക്കാട്, അതിയടം മുച്ചിലോട്ട് കാവുകൾ തുടങ്ങിയ അമ്പതിലധികം ക്ഷേത്രങ്ങളും

100 പരം തറവാട്ട് ആരൂഢങ്ങളും ഇവിടെയുണ്ട്.

മണ്ടൂർ, ചുമട്താങ്ങി, പിലാത്തറ, ചെറുതാഴം, വിളയാംങ്കോട്, നെരുവമ്പ്രം എന്നിവിടങ്ങളിൽ മുസ്ലിം ആരാധനാലയങ്ങളും കുളപ്രം പിലാത്തറ കൃസ്ത്യൻ ദേവാലയങ്ങളുമുണ്ട്.

എല്ലാ വിഭാഗക്കാരുടെയും മതപരമായ ആഘോഷങ്ങൾ ജനങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിനോ സഹവർത്തിത്തനോ ഒരിക്കലും തടസ്സമായിട്ടില്ലാ എന്നത് മതമൈത്രിയുടെയും പുരോഗമന ചായ്വിന്റെയും മകുടോദാഹരണമാണ്. ദേവാലയ നവീകരണങ്ങൾ മണ്ഡല പൂജകൾ, മതപ്രഭാഷണങ്ങൾ, ശോഭായാത്രകൾ ഉറൂസുകൾ ഇവയെല്ലാം വിശ്വാസി സമൂഹത്തിൽ ചടങ്ങുകളാണ്.

## ഗ്രന്ഥാലയങ്ങൾ-വായനശാലകൾ

കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധത ഉയർത്തിക്കാട്ടുന്നതിൽ ഏറെ പങ്കുവഹിച്ച ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ വിപുലമായ പ്രവർത്തനം നടന്ന പഞ്ചായത്താണ്-ചെറുതാഴം. ഗ്രാമത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന് ഗ്രന്ഥാലയപ്രവർത്തനം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

പട്ടിക-1

അംഗീകൃത ഗ്രന്ഥശാലകൾ (ഗ്രന്ഥശാല സംഘം അംഗീകരിച്ചത്)

| ക്രമ നമ്പർ | വാർഡ് | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | കെട്ടിടം ഉണ്ട്/ ഇല്ല | പുസ്തകങ്ങളുടെ എണ്ണം | ടി.വി ഉണ്ട്/ ഇല്ല | റേഡിയോ ഉണ്ട്/ ഇല്ല | അനുബന്ധ പ്രവർത്തനം |
|---|---|---|---|---|---|---|---|---|---|
| 1 | 8 | മണ്ടൂർ പൊതുജന വായനശാല, മണ്ടൂർ | 1944 | D | ഉണ്ട് | 2152 | ഉണ്ട് | ഉണ്ട് | - |
| 2 | 1 | വിദ്യാപോഷിണി വായനശാല, ഏഴിലോട് | | D | ഉണ്ട് | 2454 | ഇല്ല | ഉണ്ട് | - |
| 3 | 8 | രാമപുരം വായനശാല | 1959 | D | ഉണ്ട് | 2863 | ഉണ്ട് | ഉണ്ട് | - |
| 4 | 5 | കുളപ്രം ഗ്രന്ഥാലയം | | D | ഉണ്ട് | 2458 | ഉണ്ട് | ഉണ്ട് | കെട്ടിടം വിപുലീകരണ പ്രവർത്തനം നടക്കുന്നു |
| 5. | 1 | ഏഴിലോട് AKG സ്മാരക വായനശാല & ഗ്രന്ഥാലയം, | | E | ഉണ്ട് | 2302 | ഇല്ല | ഉണ്ട് | ബാലകൈരളി നഴ്സറി സ്ക്കൂൾ നടത്തുന്നു. |
| 6. | 9 | നേതാജി വായനശാല & ഗ്രന്ഥാലയം, ചെറുതാഴം | 1953 | | ഉണ്ട് | | | | കെട്ടിടം പുനർനിർമ്മാണപ്രവർത്തനം നടക്കുന്നു |
| 7. | 6 | ശ്രീസ്ഥ ഗ്രാമീണ വായനശാല & ഗ്രന്ഥാലയം | 1951 | E | ഉണ്ട് | 1274 | ഉണ്ട് | ഇല്ല | - |
| 8. | 6 | പടന്നപ്രം പൊതുജന വായനശാല & ഗ്രന്ഥാലയം | 1946 | E | ഉണ്ട് | 1539 | ഉണ്ട് | ഇല്ല | |
| 9. | 4 | ചെറുതാഴം പഞ്ചായത്ത് ലൈബ്രറി | | | | | | | |

## മറ്റ് വായനശാലകൾ - ഗ്രന്ഥാലയങ്ങൾ

1 നരീക്കാംവള്ളി വായനശാല
2 കോട്ടക്കുന്ന് വായനശാല
3 അറത്തിൽ ഗ്രാമോദ്ധാരണ വായനശാല
4 മാടക്ക സ്മാരക വായനശാല-പെരിയാട്ട്
5 വായനശാല & ഗ്രന്ഥാലയം - മേലതിയടം
6 ചെറുതാഴം പഞ്ചായത്ത് സാംസ്കാരിക നിലയം - പടന്നപ്രം

| | |
|---|---|
| 7 | നവജ്യോതി വായനശാല & ഗ്രന്ഥാലയം - കാപ്പൂങ്ങൽ |
| 8 | സി.എച്ച്.മുഹമ്മദ് കോയ സ്മാരകവായനശാല, മണ്ടൂർ |
| 9 | എ.കെ.ജി. വായനശാല വിരഞ്ഞിറ |
| 10 | വയലപ്ര കൃഷ്ണപിള്ള സ്മാരക വായനശാല, വയലപ്ര |
| 11 | കോക്കാട് ഗ്രാമീണ വായനശാല, കോക്കാട് |
| 12 | കാവുചാൽ വായനശാല |
| 13 | മൂലക്കാരൻ സ്മാരക വായനശാല, കോടിത്താഴെ |
| 14 | വി.വി.കെ. സ്മാരക വായനശാല, ഒറത്തിടത്ത്ചാൽ |
| 15 | കുളപ്രം ഈസ്റ്റ് വായനശാല |
| 16 | ബി.ടി.ആർ. സ്മാരക വായനശാല ശ്രീസ്ഥ വെസ്റ്റ് |
| 17 | പെരിയാട്ട് കിഴക്ക് വായനശാല |
| 18 | കുന്നുമ്പ്രം വായനശാല |
| 19 | പട്ടക്കാരൻ സ്മാരക വായനശാല, കൊവ്വൽ |
| 20 | അവിഞ്ഞിയിൽ ഹരിജൻ കോളനി വായനശാല |
| 21 | പുറച്ചേരി വായനശാല |
| 22 | കക്കോണി വായനശാല |
| 23 | ഏഴിലോട് ചക്ലിയ കോളനി വായനശാല |
| 24 | ഇന്ദിരാജി സ്മാരകവായനശാല, പഴച്ചി |

## ചെറുതാഴം പഞ്ചായത്ത് ലൈബ്രറിയിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി പുസ്തകവിതരണത്തിന്റെ വിശദവിവരം

| നമ്പർ | വർഷം | വിതരണം ചെയ്ത പുസ്തകങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1991-92 | 405 |
| 2 | 1992-93 | 382 |
| 3 | 1993-94 | 411 |
| 4 | 1994-95 | 366 |
| 5 | 1995-96 | 299 |

ഗ്രന്ഥശാലകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഗുണപരമായ മാറ്റങ്ങൾ കാണുന്നില്ല. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന വ്യാപകമായിട്ടുണ്ടെങ്കിലും പുസ്തക വായന കുറഞ്ഞ് വരികയാണ്.

ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ തുടങ്ങിയ ദിനപത്രങ്ങാളണ് പഞ്ചാത്തിൽ ഏറെ പ്രചാരം. കൂടാതെ വാരികകൾ, മാസികകൾ, ബാലമാസികകൾ എന്നിവയും പ്രചാരത്തിലുണ്ട്. സായാഹ്ന പത്രങ്ങളുടെ പ്രചാരവും സ്വാധീനവും അടുത്ത കാലത്തായി വർദ്ധിച്ച്വരുന്നുണ്ട്.

## കലാസമിതികൾ - ക്ലബ്ബുകൾ

സാംസ്കാരിക രംഗത്ത് ഇന്നും സജ്ജീവമായ പ്രവർത്തിച്ച്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്കൊണ്ട് ചെറുതാഴം സമ്പന്നമാണ് 33 വായനശാലകൾ 47 കലാസമിതികൾ ഒരു ഫൈനാർട്ട്സ് സൊസൈറ്റി കൂടാതെ തിളക്കം നഷ്ടപ്പെട്ട് ഉറക്കത്തിലായ വേറെയും കലാസമിതികൾ നാടിന്റെ സാംസ്കാരിക ജീവിതത്തിന്റെ ഊർജ്ജ സ്രോതസ്സുകളായി മാറാൻ ആദ്യകാലഘട്ടങ്ങളിൽ കലാസമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ കലാസാംസ്കാരി സംഘങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു

| നമ്പർ | പേര് |
|---|---|
| 1 | യുവശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് - പുറച്ചേരി |
| 2 | കാരാട്ട് റെഡ്സ്റ്റാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കാരാട്ട് |
| 3 | ഉദയാ സ്പോർട്ട്സ് ക്ലബ്, കാരാട്ട് |
| 4 | യുവശക്തി ക്ലബ്ബ്, പുറച്ചേരി |
| 5 | റെഡ്സ്റ്റാർ - അറത്തിപ്പറമ്പ് |
| 6 | ദീപം രംഗവേദി - പുറച്ചേരി |
| 7 | ഡൈനാമിക് സെൻറർ അറത്തിൽ |
| 8 | മാജിക് ഗ്രൂപ്പ് അറത്തിൽ |
| 9 | നരിക്കാംവള്ളി ഭാവന തിയറ്റേർസ് |
| 10 | കുന്നുമ്പ്രം ദേശീയ കലാസമിതി |
| 11 | ടൌൺ സ്പോർട്ട്സ് ക്ലബ്ബ് - പിലാത്തറ |
| 12 | സംഘം കലാവേദി പെരിയാട്ട് |
| 13 | ജൂംബോ, സി.എം. നഗർ |
| 14 | വിളയാംങ്കോട്ട് ഫുട്ട്ബോൾ ക്ലബ്ബ് |
| 15 | കുളപ്രം സാംസ്കാരിക കേന്ദ്രം |
| 16 | സഹൃദയ കലാവേദി, കുളപ്രം |
| 17 | ഹരിശ്രീ നാടകവേദി, വിളയാംങ്കോട് |
| 18 | പ്രിയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, വിളയാംങ്കോട്ട് |
| 19 | മേലതിയടം സാംസ്കാരികവേദി |
| 20 | കാപ്പുങ്ങൽ സ്പോർട്സ് ക്ലബ്ബ് |
| 21 | ശ്രീസ്ഥഗ്രാമീണ കലാസമിതി |
| 22 | യുവശക്തി സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ്, ശ്രീസ്ഥ |
| 23 | റെഡ് സ്റ്റാർ സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ്, പടന്നപ്രം |
| 24 | മാതൃഭൂമി സ്റ്റഡി സർക്കിൾ, മേലതിയടം |
| 25 | സാംസ്കാരിക വേദി, അതിയടം |
| 26 | എ.കെ.ജി. വായനാശല & കലാസമിതി, വിരഞ്ചിറ |
| 27 | നവജ്യോതി ബാലവേദി, അതിയടം |
| 28 | ഫ്രൻസ് ക്ലബ്ബ് - അതിയടം |
| 29 | യുവഭാരത് - ചെറുതാഴം |
| 30 | ജനവിദ്യാകേന്ദ്രം - ചെറുതാഴം |

| | |
|---|---|
| 31 | യുവമൈത്രി - ചെറുതാഴം |
| 32 | റെഡ്സ്റ്റാർ-കൊവ്വൽ |
| 33 | ലക്കി ബ്രദേർസ് - ചെറുതാഴം |
| 34 | സംഘവേദി - അമ്പലം റോഡ് |
| 35 | യുവധാര - രാമപുരം |
| 36 | അഴീക്കോടൻ സ്മാരക കലാകേന്ദ്രം - മണ്ടൂർ |
| 37 | ഭരതൻ സ്മാരക കലാസമിതി - അറിഞ്ഞിയിൽ |
| 38 | ആർട്ട്സ് സെൻറർ - വയലപ്ര |
| 39 | യുവജന കലാസമിതി - കുന്നുമ്പ്രം |
| 40 | യുവമാനസ - ചെറുതാഴം |
| 41 | യുവജന കലാഭവൻ - ചുമടുതാങ്ങി |
| 42 | ആജ്ഞനേയ വാദ്യ സംഘം - ചെറുതാഴം |
| 43 | ചെറുതാഴം വാദ്യ സംഘം |
| 44 | ധന്യ തിയറ്റേർസ് - ചെറുതാഴം |
| 45 | സപ്ന തിയറ്റേർസ് - ചെറുതാഴം |
| 46 | നേതാജി സ്പോർട്ട്സ് ആർട്ട്സ് ക്ലബ്ബ്, ഏഴിലോട് |
| 47 | ടെമ്പിൾ ബ്രദേർസ്, സ്പോർട്ട്സ് ക്ലബ്ബ്, പിലാത്തോട്ടം |

ഏറെ പ്രസിദ്ധിപെറ്റ ശ്രീസ്ഥാഗ്രാമിണ കലാസമിതി നരിക്കാംപള്ളി ഭാവന തിയറ്റേർസ്, മണ്ടൂർ അഴീക്കോടൻ സ്മാരക കലാകേന്ദ്രം, ഏഴിലോട് നേതാജി സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ് എന്നിവയുടെ പ്രവർത്തനം ജില്ലക്കകത്തും പുറത്തും പ്രശോഭിതമായതാണ്. കേരളശാസ്ത്രസാഹിത്യപരിഷത്ത്, പുരോഗമന കലാസാഹിത്യസംഘം എന്നിവയുടെ പ്രവർത്തനവും ഗണിക്കപ്പെടേണ്ടതാണ്. പിലാത്തറ ലാസ്യ, ഏഴിലോട് വർണ്ണം, മൂകാംബിക തുടങ്ങിയ കലാപരിശീലന കേന്ദ്രങ്ങളുണ്ട്. പിലാത്തറ ഫാസിന്റെ പ്രവർത്തനവും നല്ല നിലയിൽ നടക്കുന്നു.

ടെലിവിഷൻ ഇന്ന് 5% വീടുകളിലും ഉണ്ട് പ്രേക്ഷകന്റെ മാനസികാവസ്ഥ, സ്വഭാവം, ഉൾക്കാഴ്ച ഇവയിലൊക്കെ ദൃശ്യമാധ്യമങ്ങൾക്ക് ഏറെ സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ട്. കുട്ടികൾപോലും ഈ മാധ്യമങ്ങളുടെ സ്വാധീനത്താൽ പഠന വിമുഖരും അലസന്മാരും ആകുന്നു. കുറ്റ കൃത്യങ്ങൾക്കും സ്ത്രീ പീഡനങ്ങൾക്കും പ്രേക്ഷകന്റെ ലൈംഗീകാസ്വാദനത്തിന്റെ പ്രേരണകൾ ഉണ്ട് ഇത്തരം ദൃശ്യവിപത്തുകളെ തിരിച്ചറിയാതെ പോകുന്നത് അഭികാമ്യമല്ല.

പഞ്ചായത്തിലെ കായികരംഗം മങ്ങലേറ്റ്കൊണ്ടിരിക്കുകയാണ്. പൊതു കളിസ്ഥലം കുറവാണ്. പഞ്ചായത്ത് വസ രണ്ട് കളിസ്ഥലമുണ്ടെങ്കിലും വേണ്ടത്ര സൗകര്യപ്രദമല്ല. വിദ്യാലയങ്ങളുമായി ബന്ധപ്പെടും സൗകര്യമുള്ള കളിസ്ഥലങ്ങൾ വിരളമാണ്. കേരളോത്സവും, ഓണം സ്പോർട്ട്സുകളും മാത്രമാണ് കായിക മത്സരങ്ങളുടെ വേദി. നാടൻ കായിക വിനോദങ്ങൾ കുട്ടികളിൽ പ്രചാരത്തിലുണ്ട്. ഫുട്ബോൾ - വോളിബോൾ ടൂർണ്ണമെൻറുകൾ പഞ്ചായത്തിൽ അങ്ങിങ്ങായി നടക്കാറുണ്ട്.

## കലാസാംസ്കാരിക-കായിക രംഗത്തെ പ്രശ്നങ്ങൾ

ഗ്രാമോത്സവങ്ങളാകാറുള്ള വായനശാലാവാർഷികങ്ങൾ കുറഞ്ഞു വരുന്നു. ആഘോഷങ്ങളുടെ കമ്പോളവൽക്കരണവും സാമ്പത്തികവുമാണ് പ്രധാന കാരണങ്ങൾ.

ഗ്രന്ഥശാലാ പ്രവർത്തകരുടെ എണ്ണം കുറഞ്ഞ്വരുന്നു. കെട്ടിടങ്ങളുടെയും ഫർണിച്ചറുകളുടെയും അപര്യാപ്തത ഒരു പ്രശ്നമാണ്. സ്ഥിരമായി ലൈബ്രേറിയന്മാർ മിക്ക വായനശാലകളിലും ഇല്ല. റഫറൻസ് ഗ്രന്ഥങ്ങളുടെ അഭാവം ന്യൂനതയാണ്. മിതിയായ ഗ്രാൻറ് തുകയില്ലാത്തത്കാരണം പുസ്തകങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. ടി.വി. ചില വായനശാലകളിലുണ്ടെങ്കിലും കാണികളിൽ ശരിയായ ദിശാബോധം വളർത്തിയെടുക്കാൻ കഴിയുന്നില്ല.

## കലാസമിതികൾ നേരിടുന്ന പ്രശ്നങ്ങൾ

1. നാടകാവതരണത്തിന്ന് വേണ്ടിവരുന്ന ഭാരിച്ച ചിലവുകൾ, കണ്ടെത്താനുള്ള കലാസമിതികളുടെ പ്രയാസം
2. കലാസമിതികളിൽ സജീവ പ്രവർത്തകരുടെ അഭാവം
3. നടികൾ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവരുടെ ദൗർലഭ്യവും - കച്ചവട സ്വഭാവവും.
4. കലയുടെ കച്ചവട വത്ക്കരണവും സമസ്ത മേഖലയിലുള്ള സങ്കുചിത മനോഭാവവും.
5. നല്ല നാടകകൃതികളുടെ ദൗർലഭ്യം

## സാധ്യതകൾ

1. ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റു ചെയ്യാത്ത ഗ്രന്ഥാലയങ്ങളെ അഫിലിയേറ്റ് ചെയ്യാനും ഗ്രാൻറ് അനുവദിക്കാനുമുള്ള സൗകര്യം ഉണ്ടാക്കണം.
2. പുസ്തക വിലയിൽ ഉണ്ടായ വർദ്ധനവ് പണിഗണിച്ച് ഗ്രാൻറ് തുക വർദ്ധിപ്പിക്കണം
3. ലൈബ്രേറിയന്മാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താവുന്നതാണ്.
4. കെട്ടിടങ്ങളും ഫർണിച്ചറുകളും നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ തക്കസമയത്ത് ലഭ്യമാക്കണം.
5. പ്രചാരമുള്ള എല്ലാ പത്രങ്ങും വാരികകളും ലഭ്യമാക്കാൻ നടപടിവേണം
6. വായനാശീലം വളർത്താൻ വീടുകൾതോറും പുസ്തകവിതരണപരിപാടി വേണം.
7. വായനശാലകൾ പൊതുസാംസ്കാരിക കേന്ദ്രമെന്ന നിലയിൽ ചർച്ചകൾ സംവാദങ്ങൾ, കൈയ്യെഴുത്ത് മാസികാ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം.
8. ടി.വി. വാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുക
9. പിലാത്തറയിൽ കേന്ദ്ര ഗ്രന്ഥാലയം എന്ന നിലയിൽ പബ്ലിക്ക് ലൈബ്രറി സ്ഥാപിക്കുക
10. ഗ്രന്ഥാലയങ്ങളെ വൈദ്യുതിചാർജ്ജിൽ നിന്ന് ഒഴിവാക്കുക
11. പഞ്ചായത്തിലെ കലാസമിതികൾ - ഗ്രന്ഥാലയങ്ങൾ എന്നിവയുടെ കോ:ഓർഡിനേഷൻ എന്ന നിലയിൽ കേന്ദ്ര കലാസമിതികളും കേന്ദ്ര ഗ്രന്ഥാലയവും സംഘടിപ്പിക്കുക.
12. കേരളോത്സവംപോലുള്ള പരിപാടികൾക്ക് ജനപിന്തുണ ഉറപ്പ് വരുത്താൻ പദ്ധതികൾ വേണം.
13. എല്ലാ വാർഡുകളിലും കളിസ്ഥലവും ഓരോ സാംസ്കാരിക നിലയവും സ്ഥാപിക്കുക.
14. പിലാത്തറയിൽ സ്റ്റേഡിയം കം ഷോപപിംഗ് കോംപ്ലക്സ് ഓഡിറ്റോറിയം സ്ഥാപിക്കുക.
15. നിർദ്ദേശിക്കപ്പെട്ട കേന്ദ്ര കലാസമിതിക്ക് - കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ തയ്യാറാക്കുക.
16. സ്ക്രിപ്റ്റുകൾ ശേഖരിക്കുന്നതിനും കൈമാറുന്നതിനും സ്ക്രിപ്റ്റ് ബാങ്കുകൾ രൂപീകരിക്കുക.
17. സ്ത്രീകളെ കലാരംഗത്തേക്ക് ബോധപൂർവ്വം കൊണ്ടുവരാൻ പദ്ധതി വേണം.
18. കലാസമിതികൾക്ക് ഗ്രാൻറ് ലഭ്യമാക്കാൻ നടപടികൾ ലഘൂകരിക്കുക
19. സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ അനുവദിക്കുകയും കോച്ചിംഗ് കേമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
20. സ്കൂളുകളിൽ കളിസ്ഥലങ്ങൾ ഉറപ്പ്വരുത്തി - കായിക പരിശീലനം നിർബ്ബന്ധമാക്കുക.
21. നാടൻ കലാ അക്കാദമിയുടെ ആസ്ഥാനം സ്ഥാപിക്കുക.
22. അവശ കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുക.
23. വയലപ്ര പറപ്പ് - ഉച്ചുളികുന്ന് - ചെമ്പല്ലിക്കുണ്ട് - ഹനുമാരമ്പലം - അണിയിക്കര ക്ഷേത്രം, - കുന്നിൻ മതിലകം ഇവ ബന്ധപ്പെടുത്തി വിനോദ സഞ്ചാര കേന്ദ്രം സ്ഥാപിക്കുക.
24. ചിത്രകലകളെയും കരകൗശല കലകളേയും പ്രോത്സാഹിപ്പിക്കാൻ പദ്ധതി വേണം.
25. നരീക്കാം വള്ളിയിലെ പഞ്ചായത്ത് മിനി സ്റ്റേഡിയം വിപുലീകരിക്കണം - സൗകര്യം മെച്ചപ്പെടുത്തണം.
26. വിവിധ മതങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ "ആർട്ട്സ്ഫെസ്റ്റ്" നടത്തി മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കുന്ന പ്രവർത്തനവുമാക്കാവുന്നതാണ്. ●



# വനിതാക്ഷേമം

ചെറുതാഴം പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 51 ശതമാനംവരുന്ന സ്ത്രീകളാണ് ഉള്ളത്. (പട്ടിക 1 കാണുക). ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് തന്നെ നമ്മുടെ പഞ്ചായത്തിൽ പൊതുപ്രവർത്തനത്തിൽ സ്ത്രീകളുടെ പങ്കാളിത്തമുണ്ടായിരുന്നു. ജന്മിത്വത്തിനെതിരെയും, പട്ടിണിക്കെതിരെയും നടന്ന പ്രക്ഷോഭങ്ങളിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ പങ്കെടുത്തിരുന്നു. ചെറുതാഴം അധികാരിക്കെതിരെ നടന്ന പ്രമാദമായ അഴിമതി അന്വേഷണത്തിൽ നടക്കൽ കുഞ്ഞാക്കവും, പാറമ്മൽ ലക്ഷ്മിയും നൽകിയ മൊഴികൾ പ്രസിദ്ധമാണ്. അധികാരിയുടെ അഴിമതി-ജനദ്രോഹ നടപടികൾക്ക് എതിരെ ശ്രീ.കെ.എ.കേരളീയൻ എഴുതിയ പാട്ടുകൾ മലബാറിലെങ്ങും പ്രസിദ്ധമാണ്. നമ്മുടെ വയലേലകളിൽ ഈ പാട്ടിന്റെ ഈരടികൾ ആവേശം പകർന്നിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ നേതാക്കളെയും പ്രവർത്തകരെയും ഒറ്റുകാരിൽനിന്നും, പൊലീസിൽനിന്നും രക്ഷിക്കുന്നതിന് നമ്മുടെ ഗ്രാമത്തിലെ സ്ത്രീകൾ അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങൾ വലുതായിരുന്നു. ജനകീയ ഭരണരംഗത്ത് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരുന്നതിനും, നമ്മുടെ ശ്രമം വലുതായിരുന്നു. 1963 ൽ ഒന്നും, 1979 ലും 1987 ലും രണ്ട് വീതവും 1995 ൽ നാലും സ്ത്രീകളെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഇപ്പോഴത്തെ വൈ. പ്രസിഡൻറും, സ്റ്റാൻറിങ് കമ്മിറ്റി ചെയർമാനും വനിതകളാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന സാംസ്കാരിക-സാമൂഹ്യ-രാഷ്ട്രീയ രംഗത്തെ മാറ്റം പല അനാചാരങ്ങളും, സാമൂഹ്യ അനീതികളും മാറ്റി മറിക്കുന്നതിന് സഹായകമായിട്ടുണ്ട്. മരുമക്കത്തായം പോലുള്ള നിയമസംവിധാനം മാറിവന്നത് നമ്മുടെ കുടുംബങ്ങൾക്ക് സ്വാതന്ത്ര്യവും, സുരക്ഷിതത്വവും കൈവരിക്കാൻ ഇടയാക്കി. വിദ്യാഭ്യാസരംഗത്ത് പിൻപന്തിയിലായത് കൊണ്ടുതന്നെ, സ്ത്രീകളുടെ സാമൂഹ്യപരമായ ചൂഷണവും വ്യാപകമായിരുന്നു. പണ്ട്കാലത്ത് ജന്മി-നാടുവാഴിമാരുടെ കൽപനകൾക്ക് വഴങ്ങാതിരുന്നാൽ കുടുംബങ്ങൾക്ക് എതിരെ ഭ്രഷ്ട് കൽപിക്കുക, വണ്ണാത്തി മാറ്റ് വിലക്കുക തുടങ്ങിയ നടപടികൾ പതിവായിരുന്നു. സവർണ്ണ വിഭാഗങ്ങളിൽമാത്രം നിലനിന്നിരുന്ന സ്ത്രീധനസമ്പ്രദായം ഇതരവിഭാഗങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നന അവസ്ഥയാണിന്ന്. ഇതിനെതിരെ വ്യാപകമായ അവബോധം അത്യാവശ്യമാണ്.

കാർഷികമേഖലയായിരുന്നു മുൻകാലങ്ങളിൽ സ്ത്രീകളുടെ പ്രധാന തൊഴിൽരംഗം. കാർഷികരംഗത്തെ മുരടിപ്പിന്റെ ഫലമായി സ്ത്രീകൾ മറ്റ് തൊഴിൽമേഖലകളെ ആശ്രയിക്കുകയാണിപ്പോൾ. കെട്ടിടനിർമ്മാണം, ഖാദി, കൈത്തറി എന്നിവയാണീ പുതിയ മേഖലകൾ. ഈ പചായത്തിലെ ചെങ്കൽമേഖലയിൽ നൂറ് കണക്കിന് സ്ത്രീ തൊഴിലാളികൾ ജോലി എടുക്കുകയും മാന്യമായ കൂലി നേടിയെടുക്കുകയും ചെയ്തിരുന്നു. പാറയുടെ അഭാവം ഈ മേഖലയിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുന്നുണ്ട്. ഗൾഫിൽനിന്ന് കൂടുതൽ ആളുകൾ തിരിച്ചുവന്നതോടെ സ്ത്രീകളുടെ തൊഴിൽസാധ്യതക്ക് മങ്ങലേൽക്കുകയാണ്.

സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് IRDP പദ്ധതി ഉപയോഗിച്ച് ട്രൈസം (TRYSM) പരിശീലനവും വ്യവസായ യൂണിറ്റ് നിർമ്മാണത്തിന് വേണ്ടിയുള്ള പ്രവർത്തനവും ആരംഭിച്ചിരുന്നുവെങ്കിലും മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. 20 സ്ത്രീകൾക്ക് കിടക്ക യൂണിറ്റിലും 10 പേർക്ക് അച്ചടിയിലും 4 പേർക്ക് പാലുൽപന്നങ്ങൾ ഉണ്ടാക്കുന്നതിലും പരിശീലനം നൽകിയിരുന്നു. ഈ വ്യവസായ യൂണിറ്റുകളും ശൈശവത്തിൽതന്നെ ഇല്ലാതായി. ഖാദിമേഖലയിൽ 4, 7, 9 വാർഡുകളിലായി സ്ത്രീകൾക്ക് തൊഴിൽ നൽകുന്നുണ്ട്. ശ്രീസ്ഥയിൽ 12 സ്ത്രീകൾക്ക് വേണ്ടി ഒരു സോപ്പ് യൂണിറ്റ് സ്ഥാപിച്ചുവെങ്കിലും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിപണന രംഗത്തെ പ്രശ്നവും കാരണം അതിന്റെ പ്രവർത്തനവും നിലച്ചു. മണ്ടൂരിലെ മൾട്ടി സൊസൈറ്റിയും പ്രവർത്തനക്ഷമമല്ല.

പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളായ കുളപ്പുറം മസ്ക്കോട്ട് ഫാബ്രിക്സ്, വിളയാങ്കോടുള്ള തീപ്പെട്ടി കമ്പനികൾ, വിളയാങ്കോട് തന്നെയുള്ള കേനനൂർ ബ്രിക്സ് ആൻറ് ബ്ലോക്സ്, മണ്ടൂരിലെ ഗാർമെൻറ് യൂണിറ്റ് എന്നിവയിൽ ഏകദേശം 175 ഓളം സ്ത്രീതൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. തീപ്പെട്ടി വ്യവസായത്തിലും ഖാദിയിലും സേവനവേതന വ്യവസ്ഥകൾ തൃപ്തികരമല്ല. കൈത്തറിവ്യവസായത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം മെച്ചപ്പെട്ടുവരുന്നു. ഖാദിയിലും കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കാൻ കഴിയും.

കൃഷി വികസനത്തോടുകൂടി കർഷകതൊഴിലാളികൾക്ക്, മൃഗപരിപാലനം, പുഷ്പകൃഷി, പച്ചക്കറി കൃഷി, കൂൺകൃഷി എന്നിവയിൽ പുതിയ തൊഴിൽ സാധ്യത കാണുന്നു.

സ്ത്രീ വിദ്യാഭ്യാസം, പുരുഷന്മാരെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ കുറവാണ്. സർക്കാർ അർദ്ധസർക്കാർ മേഖലയിലും സ്ത്രീകൾ തൊഴിലെടുക്കുന്നത് കുറവുതന്നെ. സ്ത്രീകളുടെ തൊഴിലില്ലായ്മ മാറ്റിയെടുക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. സ്കൂളുകളിലും കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസരംഗത്തും പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് കുറവാണ്. (പട്ടിക - II കാണുക).

ഈ പഞ്ചായത്തിൽ മഹിളാ സംഘടനകളും സമാജങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും വനിതകൾ സജീവമായി പൊതുരംഗത്തേക്ക് വരുവാൻ താൽപര്യം കാണിക്കുന്നില്ല. തങ്ങളുടെ പുരുഷന്മാരുടെ സഹകരണമില്ലായ്മയും കുടുംബഭാരവും കാരണമാണ് സജീവമായി പൊതുരംഗത്തേക്ക് വരുവാൻ സാധിക്കാത്തത് എന്ന് ഗ്രാമസഭകളിൽ അഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ സാമൂഹ്യസ്ഥിതിയും സാമ്പത്തികസ്ഥിതിയും സ്ത്രീകളെ പൊതുരംഗത്ത് നിന്ന് പിൻവലിയാൻ നിർബന്ധിക്കുന്നുണ്ട് എന്നുള്ളതിൽ സംശയമില്ല. ഈ പ്രവണത മാറ്റുവാൻ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാധ്യതയും പുരുഷന്മാരിൽ നിന്ന് വേണ്ടത്ര സഹകരണവും ഉണ്ടാവുകയാണെങ്കിൽ നല്ലതാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ അതിരൂക്ഷമായ തൊഴിലില്ലായ്മ.
2. സ്ത്രീകൾക്ക് തൊഴിൽമേഖലയിൽ വേണ്ടത്ര അവസരം ലഭിക്കായ്ക.
3. കാർഷികമേഖലയിൽ സ്ത്രീകളുടെ കുറഞ്ഞ പങ്കാളിത്തം.
4. സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനനിരക്ക്.
5. സ്ത്രീകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്.
6. വീട്ടമ്മമാരുടെ ഗാർഹികപ്രശ്നങ്ങൾ.
7. പൊതുസ്ഥലങ്ങളിലുംസ്കൂളുകളിലും വ്യവസായ സ്ഥാപനങ്ങളിലും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യക്കുറവ്.
8. സ്ത്രീകൾക്ക് വിവിധ വ്യവസായസംരംഭങ്ങൾക്കുള്ള പരിശീലനമില്ലായ്മ.
9. വീടുകളിൽ വേണ്ടത്ര ഊർജ്ജം ലഭിക്കായ്ക.
10. സ്ത്രീധനം നൽകേണ്ടിവരുന്നതിനാൽ ഉണ്ടാവുന്ന പ്രയാസങ്ങൾ.
11. സ്ത്രീകൾക്ക് തൊഴിൽ സംവരണം ഇല്ലായ്മ.

## സാധ്യതകൾ

1. സ്ത്രീകളുടെ നേതൃത്വത്തിൽ കോഴി, ആട്, പന്നി, മുയൽ എന്നിവയുടെ ഫാമുകൾ സ്ഥാപിക്കുക.
2. സഹകരണമേഖലയിൽ ചെറുകിടവ്യവസായങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താം.
3. വിവിധ പ്രദേശങ്ങളിൽ പച്ചക്കറി, പുഷ്പകൃഷി, കൂൺകൃഷി എന്നിവ യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തുക.
4. സഹകരണമേഖലയിൽ ഹോട്ടൽ, ഗാർമെൻറ്സ്, പ്രസ്സ്, മൽസ്യസംസ്കരണം എന്നിവ ഉണ്ടാക്കാം.

5. പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും സ്ത്രീകൾക്കായി സൗകര്യപ്രദമായ മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക.
6. സ്ത്രീകൾക്ക് സർക്കാർ, അർദ്ധസർക്കാർ ജോലിയിൽ 50 ശതമാനം സംവരണം ഉണ്ടാവണം.
7. അർഹരായ മുഴുവൻ സ്ത്രീകൾക്കും വിധവ, വികലാംഗ, വാർധക്യകാല പെൻഷൻ നൽകുക.
8. മുഴുവൻ സ്ത്രീകൾക്കും ഇൻഷൂറൻസ് സംവിധാനം ഏർപ്പെടുത്തുക.
9. നിർദ്ധനരായ സ്ത്രീകൾക്കും അമ്മമാർക്കും ആരോഗ്യസംരക്ഷണത്തിനാവശ്യമായ പദ്ധതികൾ ഉണ്ടാക്കുക.
10. സ്ത്രീപീഡനത്തിന്നെതിരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംരക്ഷണസമിതി ഏർപ്പെടുത്തുക.
11. ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിൽ കുടുംബകോടതികൾ ഏർപ്പെടുത്തുക.
12. സ്ത്രീകളുടെ കായിക, സാംസ്കാരിക വികസനത്തിന് പഞ്ചായത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.
13. വർഷത്തിലൊരിക്കൽ കായിക, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക.
14. സ്ത്രീകൾക്ക് വായനാശീലം വർധിപ്പിക്കുന്നതിനായി പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്നതിന് ഗ്രന്ഥാലയങ്ങളിൽ സംവിധാനമുണ്ടാക്കുക.

## പട്ടിക -I

## വാർഡുതല ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം ഒരു താരതമ്യപഠനം

| വാർഡ് നമ്പർ | ജനസംഖ്യ | | | ശതമാനം | |
|---|---|---|---|---|---|
| | ആകെ | പുരുഷന്മാർ | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീകൾ |
| I | 1955 | 991 | 964 | 50.7 | 49.30 |
| II | 2286 | 1135 | 1151 | 49.65 | 50.35 |
| III | 2056 | 994 | 1062 | 48.35 | 51.65 |
| IV | 2543 | 1199 | 1344 | 47.15 | 52.85 |
| V | 2569 | 1290 | 1279 | 50.20 | 49.80 |
| VI | 2631 | 1238 | 1393 | 47.00 | 53.00 |
| VII | 2266 | 1116 | 1150 | 49.25 | 50.75 |
| VIII | 3338 | 1709 | 1629 | 51.20 | 48.80 |
| IX | 2028 | 931 | 1097 | 46.00 | 54.00 |
| X | 1345 | 654 | 691 | 48.60 | 51.40 |
| ആകെ | 23017 | 11257 | 11760 | 49 | 51 |

## പട്ടിക - II

## പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം ഒരു താരതമ്യപഠനം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | | | ശതമാനം | |
|---|---|---|---|---|---|---|
| | | ആകെ | ആൺ | പെൺ | ആൺ | പെൺ |
| 1 | വയലപ്രഅണിക്കര L.P.S. | 67 | 35 | 32 | 52.25 | 47.75 |
| 2 | ശ്രീരാമവിലാസം L.P.S. | 231 | 113 | 118 | 49.00 | 51.00 |
| 3 | വാരണക്കോട് L.P.S. | 48 | 22 | 26 | 45.85 | 54.15 |
| 4 | മണ്ടൂർ A.L.P.S. | 240 | 127 | 113 | 53.00 | 47.00 |
| 5 | ചെറുതാഴം ഗവ. W.L.P.S. | 102 | 46 | 56 | 45.00 | 55.00 |
| 6 | അറത്തിൽ L.P.S. | 73 | 41 | 32 | 56.15 | 43.85 |
| 7 | ചെറുതാഴം സൗത്ത് ഗവ. L.P.S. | 180 | 104 | 76 | 57.80 | 42.20 |
| 8 | അതിയടം A.L.P.S | 80 | 43 | 37 | 53.75 | 46.25 |
| 9 | പുറച്ചേരി ഗവ. U.P.S. | 408 | 202 | 206 | 49.50 | 50.50 |
| 10 | പിലാത്തറ U.P.S. | 469 | 241 | 228 | 51.40 | 48.60 |
| 11 | ചെറുതാഴം ഗവ. H.S. | 719 | 362 | 357 | 50.35 | 49.65 |
| 12 | രാജീവ് മെമ്മോറിയൽ H.S. | 31 | 19 | 12 | 61.30 | 38.70 |
| | ആകെ | 2648 | 1355 | 1293 | 51.20 | 48.80 |

---

**ജനസമുദായത്തിൽ**
**പകുതിഭാഗവും**
**അടുക്കളയിലെ അടിമച്ചങ്ങലയിൽ**
**ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ**
**ഒരു രാഷ്ട്രത്തിന്**
**സ്വതന്ത്രമാകാൻ സാധ്യമല്ല.**

**വി.ഐ. ലെനിൻ**

---



# സഹകരണം

സഹകരണപ്രസ്ഥാനത്തിന് സാമാന്യം വേരോട്ടമുള്ള പ്രദേശമാണ് ചെറുതാഴം പഞ്ചായത്ത്. ഹുണ്ടികക്കാരുടേയും പലിശ ഇടപാടുകാരുടെയും പിടിയിലമർന്ന കൃഷിക്കാർക്ക് ആശ്വാസമേകുന്നതിന് സർക്കാർ നേരിട്ട് നൽകിയിരുന്ന തക്കാവി വായ്പ അപര്യാപ്തവും കൃഷിക്കാർക്ക് കൂടുതൽ പ്രയാസങ്ങളുമുണ്ടാക്കുന്നതുമായിരുന്നു. സഹകരണ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ കൃഷിക്കാർക്ക് കുറച്ച് ആശ്വാസമുണ്ടായി. 26-12-1926 ന് രജിസ്റ്റർ ചെയ്ത് 11-3-1927 ന് പ്രവർത്തനമാരംഭിച്ച ചെറുതാഴം വിവിധോദ്ദേശ ഐക്യനാണയസംഘമാണ് ഈ പഞ്ചായത്തിലുണ്ടായ ആദ്യത്തെ സഹകരണസ്ഥാപനം. 15 മെമ്പർമാർ 5 രൂപപ്രകാരം ഓഹരിയെടുത്ത് ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ആദ്യപ്രസിഡന്റ് കൊവ്വൽ കമ്പ്യൻവളപ്പിൽ കണ്ണൻ നായരായിരുന്നു. 50 രൂ, 100 രൂ തോതിൽ നാമമാത്രമായ തുക മാത്രമെ അന്ന് വായ്പ കൊടുത്തിരുന്നുള്ളു. സംഘത്തിന് പ്രത്യേക ഓഫീസില്ലാത്തതിനാൽ പ്രസിഡന്റിന്റെ വീട്ടിൽതന്നെയാണ് ഓഫീസ് പ്രവർത്തനം നടത്തിയിരുന്നത്. ആദ്യകാല കോൺഗ്രസ് നേതാവായിരുന്ന ടി.വി. ചാത്തുക്കുട്ടിനായർ, വാരണക്കോട്ട് സുബ്രഹ്മണ്യൻ നമ്പൂതിരി, കെ.എം.ശങ്കരൻ നമ്പൂതിരി, കെ.വി. ഗോവിന്ദൻനായർ, കെ.സുകുമാരൻ നമ്പ്യർ, ടി.വി. നാരായണൻ നായർ, പി.വി.അപ്പക്കുട്ടി, പയ്യരട്ട രാമൻ എന്നിവരൊക്കെ ഈ സ്ഥാപനത്തിന്റെ പഴയകാല പ്രസിഡന്റുമായിരുന്നു.

നാട്ടിൽ ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടപ്പോൾ രണ്ടാംലോകമഹായുദ്ധകാലത്താണ് ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് പി.സി.സി. സൊസൈറ്റികൾ രൂപീകൃതമായത്. നമ്മുടെ പ്രദേശം മാടായി പി.സി.സി.യിൽ ഉൾപ്പെട്ടതായിരുന്നു. മാടായി പി.സി.സി. യാണ് പിൽക്കാലത്ത് മാടായി കോ-ഓപ്. റൂറൽ ബേങ്കായത്.

ചെത്തുകാരെ കേന്ദ്രീകരിപ്പിച്ചുണ്ടാക്കിയ ചക്കര സൊസൈറ്റിയും അക്കാലത്ത് നല്ല നിലയിൽ നടന്നിരുന്ന സഹകരണസ്ഥാപനമാണ്. ചെത്തുകാർ മധുരക്കള്ളുപയോഗിച്ച് ചക്കരയുണ്ടാക്കുകയും ആ ചക്കര സൊസൈറ്റിയിൽ കൊടുക്കുകയും സൊസൈറ്റി ചക്കരവിൽപന നടത്തുകയുമായിരുന്നു അതിന്റെ പ്രവർത്തനം. സഹകരണപ്രസ്ഥാനം ശക്തിപ്രാപിക്കുകയും ജീവിതത്തിന്റെ നാനാതുറകളിൽ അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്ത പിൽക്കാലത്ത് നമ്മുടെ പഞ്ചായത്തിലും ധാരാളം സഹകരണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും അതിൽ ചിലതൊക്കെ നന്നായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പ്രവർത്തനം ആരംഭിച്ച് പിന്നീട് നിന്നുപോയതും തീരെ പ്രവർത്തിക്കാത്തതുമായ കുറേ സംഘങ്ങളും പേരിനുമാത്രമുണ്ട്.

### ചെറുതാഴം പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ

1. ചെറുതാഴം സർവ്വീസ് കോ. ഓപ്. ബേങ്ക്.
2. ചെറുതാഴം ക്ഷീരോൽപാദക സഹകരണസംഘം.
3. പിലാത്തറ കോ-ഓപ് സ്റ്റോർ.
4. ഏഴിലോട് ലെതർ വർക്കേർസ് കോട്ടേജ് ഇൻഡസ്ട്രിയൽ സൊസൈറ്റി.

5. പ്രിയദർശിനി പ്രിൻറിംഗ് ആൻറ് പബ്ലിഷിങ്ങ് സൊസൈറ്റി.
6. പിലാത്തറ വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ സൊസൈറ്റി.
7. മാതാ വിമൻസ് ഗാർമെൻറ് ഇൻഡസ്ട്രിയൽ സൊസൈറ്റി.
8. കുളപ്പുറം വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി.
9. ഏഴിലോട് കാർപെൻററി വർക്കേഴ്സ് കോ-ഓപ്. സൊസൈറ്റി.
10. ചെറുതാഴം ബ്രിക്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി.
11. സെറി കൾച്ചർ കോ-ഓപ് സൊസൈറ്റി.

## സംഘങ്ങളും അവയുടെ പ്രവർത്തനവും

### 1. ചെറുതാഴം സർവ്വീസ് കോ-ഓപ് ബേങ്ക് :-

1926 ൽ രജിസ്റ്റർ ചെയ്ത് 11-3-1927 ന് പ്രവർത്തനമാരംഭിച്ച ചെറുതാഴം വിവിധോദ്ദേശ ഐക്യനാണയസംഘം 1964 ൽ സർവ്വീസ് സഹകരണസംഘമായി മാറ്റപ്പെട്ടു. വളരെക്കാലത്തെ പാരമ്പര്യം അവകാശപ്പെടാമെങ്കിലും 1975 വരെ പ്രവർത്തനം നാമമാത്രമായിരുന്നു. സമീപ പഞ്ചായത്തുകളിലെ മാടായി, കുഞ്ഞിമംഗലം, കടന്നപ്പള്ളി, പാണപ്പുഴ, പരിയാരം, ഏഴോം സർവ്വീസ് സംഘങ്ങളെല്ലാം ബേങ്കുകളായി വളർന്നപ്പോഴും നിക്ഷേപമൊന്നുമില്ലാതെ അവധി തെറ്റിയ കടങ്ങളിലും നഷ്ടത്തിലും മുങ്ങി നിർജ്ജീവാവസ്ഥയിലായിരുന്നു. 1976 ൽ സർക്കാർതലത്തിൽ ആരംഭിച്ച നിക്ഷേപസമാഹരണപ്രവർത്തനം ചെറുതാഴം സർവ്വീസ് സഹകരണസംഘത്തെ സംബന്ധിച്ച് അതിൻെറ പുരോഗതിയിൽ ഒരു നാഴികക്കല്ലാണ്. ജനങ്ങൾക്ക് വിശ്വാസമില്ലാത്ത ഒരു സംഘത്തിന് നിക്ഷേപമുണ്ടാക്കുക എന്നത് എളുപ്പമുള്ള കാര്യമായിരുന്നില്ല. 10 രൂപ SB നിക്ഷേപം 100 രൂപ സ്ഥിരനിക്ഷേപം എന്നിങ്ങനെ ചുരുങ്ങിയ തുക കൂടുതൽ ആളുകളിൽനിന്ന് 60,000 രൂ സ്വരൂപിക്കുകയും അതേതുടർന്ന് 1977 ൽ സംഘത്തെ ഒരു ബേങ്കായി വളർത്താനും സാധിച്ചു. പിന്നീട് പുരോഗതിയിലേക്ക് കുതിച്ചുചാട്ടംതന്നെയാണ്. ഇപ്പോൾ 5 ബ്രാഞ്ചുകളും ഒരു ഗൃഹോപകരണ ഷോറൂമും നന്നായി പ്രവർത്തിക്കുന്നു. 8500 ഓളം A ക്ലാസ് മെമ്പർമാരും 24 സ്ഥിരം ജീവനക്കാരും കമ്മീഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന 15 പേരും ബേങ്കിലുണ്ട്. $6\frac{3}{4}$ കോടി രൂപയുടെ നിക്ഷേപവും 6 കോടിയിലധികം വായ്പയുമുണ്ട്.

### മാടായി കോ-ഓപ്. റൂറൽബേങ്ക്

പത്തിരുപത് വർഷംമുമ്പുവരെ നമ്മുടെ പ്രദേശത്തുള്ള ജനങ്ങളുടെ ബേങ്കിങ്ങ് ആവശ്യങ്ങൾ നിർവ്വഹിക്കാൻ ആകെയുണ്ടായിരുന്നത് മാടായി കോ-ഓപ്. റൂറൽ ബേങ്കാണ്. പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ബേങ്കുകളായി മാറുകയും ആവശ്യമായ സ്ഥലങ്ങളിൽ ശാഖകൾ തുറക്കുകയും ചെയ്തതോടെ ഈ രംഗത്ത് നല്ല മൽസരം നിലനിൽക്കുന്നു. ചെറുതാഴം പഞ്ചായത്തിൽനിന്ന് 5700 പേർ മാടായി റൂറൽ ബേങ്കിൽ അംഗങ്ങളാണ്. ബേങ്കിൻെറ ഒരു ശാഖ ഇപ്പോൾ പിലാത്തറയിൽ പ്രവർത്തിക്കുന്നു.

### കണ്ണൂർ കാർഷികബേങ്ക് :-

കാർഷികാവശ്യത്തിന് ദീർഘകാലവായ്പകൾ കൊടുക്കുന്ന കണ്ണൂർ സഹകരണ കാർഷിക ബേങ്കിനും പഞ്ചായത്തിൽ മെമ്പർമാരും പ്രവർത്തനവുമുണ്ട്. ബേങ്കിൻെറ ഒരു സബ് ഡിപ്പോയും പിലാത്തറയിൽ പ്രവർത്തിക്കുന്നു.

### വായ്പാരംഗത്തെ പ്രശ്നങ്ങൾ:-

1. വായ്പാരംഗത്തെ വർദ്ധിച്ചുവരുന്ന കുടിശ്ശിക പ്രവർത്തനത്തിന് വലിയ തടസ്സമാണ്.
2. കാർഷികവായ്പ കൊടുക്കാൻ ധനകാര്യസ്ഥാപനങ്ങൾക്കുള്ള വിമുഖത.
3. വായ്പകളുടെ ദുരുപയോഗം.
4. വ്യത്യസ്തതരത്തിലുള്ള വായ്പകൾക്ക് പലസ്ഥാപനത്തിലും പോകേണ്ടിവരുന്നു.
5. വർധിച്ചുവരുന്ന പലിശ.

### നിർദ്ദേശങ്ങൾ :-

1. നാടിൻെറ പുരോഗതിയും മെമ്പർമാരുടെ ക്ഷേമവും കണക്കിലെടുത്ത് പുതിയ പദ്ധതി വായ്പകൾ കൊടുക്കുക.
2. കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിന് ശക്തമായ നടപടികളെടുക്കുകയും മെമ്പർമാർക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുക.

3. പലിശ പരമാവധി കുറച്ചുകൊടുക്കുക.
4. എല്ലാ വായ്പകളും ഒരു സ്ഥാപനത്തിൽനിന്ന് ലഭ്യമാക്കുക.
5. കാർഷികപുരോഗതി ലക്ഷ്യമാക്കി നിക്ഷേപത്തിന്റെ നിശ്ചിതശതമാനം കാർഷികവായ്പ കൊടുക്കുക.
6. വ്യാവസായികവായ്പ - ഗ്രാമീണതൊഴിലവസരം വർധിപ്പിക്കുന്ന വിധത്തിൽ കൊടുക്കുക.
7. ദുർബ്ബലവിഭാഗത്തിൽപെട്ടവർക്ക് സ്വയംതൊഴിൽ വായ്പ കൊടുക്കുക.
8. രജിസ്റ്റർ ചെയ്തതും നന്നായി പ്രവർത്തിക്കുന്നതുമായ പാടശേഖരസമിതികൾക്ക് കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് നിയമഭേദഗതി നടത്തി വായ്പകൊടുക്കുക.
9. പരമാവധി നിക്ഷേപം ആകർഷിച്ച് പഞ്ചായത്തിലെ മുഴുവനാളുകളുടേയും ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കാൻ കഴിയുകയും പഞ്ചായത്തിന്റെ പുരോഗതിക്ക് കാര്യമായ സംഭാവനചെയ്യാൻ കെൽപുള്ള ഒരു വിഭവകേന്ദ്രമായി മാറുകയും ചെയ്യുക.

## ക്ഷീരോൽപാദക സഹകരണസംഘം :-

കൃഷിയുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട തൊഴിലാണ് കന്നുകാലി വളർത്തൽ. കാലിവളർത്തൽ പ്രോൽസാഹിപ്പിക്കാനും കാലിവളർത്തൽ കൃഷിക്കാരുടെ ക്ഷേമത്തിനുംവേണ്ടിയാണ് പാൽ സൊസൈറ്റികൾ രൂപീകൃതമായത്. 1960 കളിൽ ആരംഭിച്ച പരിയാരം പാൽ സൊസൈറ്റിയിൽ ചെറുതാഴത്തെ ക്ഷീരകർഷകർ അംഗങ്ങളായിരുന്നു. പിന്നീട് കണ്ണോത്ത് പ്രവർത്തനമാരംഭിച്ച ഏഴോം പാൽ സൊസൈറ്റിയിലും ചെറുതാഴത്തെ കർഷകർ പങ്കാളികളായി. 1973 ലാണ് ചെറുതാഴം പഞ്ചായത്തിൽ മാത്രമായി ഒരു പാൽസൊസൈറ്റി സ്ഥാപിച്ചത്. ശ്രീ. ലക്ഷ്മണഭക്തർ ചീഫ് പ്രമോട്ടറായി ആരംഭിച്ച ചെറുതാഴം ക്ഷീരോൽപാദക സഹകരണസംഘത്തിന്റെ ആദ്യത്തെ പ്രസിഡൻറ് കെ.ലക്ഷ്മണഭക്തരായിരുന്നു. ഇപ്പോൾ 20,000 ലിറ്ററിലധികം പാൽ പ്രതിമാസം സംഭരിക്കുകയും അതിന്റെ 80% ഓളം ഈ പഞ്ചായത്തിൽതന്നെ വിൽപന നടത്തുകയും ചെയ്യുന്നു. 20 ടണ്ണിലധികം കാലിത്തീറ്റയുടെ വ്യാപാരവും മാസത്തിൽ നടക്കുന്നുണ്ട്. 370 അംഗങ്ങളുള്ള ഈ സംഘത്തിൽ 4 സ്ഥിരം ജീവനക്കാരും 3 താൽക്കാലിക ജീവനക്കാരും പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടവും പുല്ല് സൂക്ഷിക്കാനുള്ള ഗോഡൗണും ഉണ്ട്. 1994 നവംബർ 30 ന് സംഘം കെട്ടിടം തീവെച്ച് നശിപ്പിക്കപ്പെട്ടതിന്റെ ഫലമായി കെട്ടിടം റെക്കോർഡുകൾ, കാലിത്തീറ്റ എന്നിവ കത്തിനശിച്ച് 8 ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ടായി. മണ്ടൂർ, ഏഴിലോട്, ശ്രീസ്ഥ, നരിക്കാംവള്ളി എന്നിവിടങ്ങളിൽ ബ്രാചുകളും പ്രവർത്തിക്കുന്നുവെങ്കിലും കൃഷിക്കാരുടെ മുഴുവൻ പാലും സംഭരിക്കുന്നതിന് ചെറുതാഴം പാൽസൊസൈറ്റിക്ക് കഴിയാത്തതിനാൽ പരിയാരം ഏഴോം പാൽ സൊസൈറ്റികളിൽ ഇപ്പോഴും കുറേ പേർ തുടരുന്നു. ചെറുതാഴത്തെ ജനങ്ങളുടെ പാലിന്റെ ആവശ്യകതയുടെ അടുത്തൊന്നും ഇവിടുത്തെ പാലുൽപാദനം എത്തുന്നില്ലെന്നുള്ള കാര്യവും പരിഗണിക്കപ്പെടേണ്ടതാണ്. പാലയാട് പ്രദേശത്ത് ഒരു ചാരിറ്റബിൾ സൊസൈറ്റിയും പ്രവർത്തിക്കുന്നു. പിലാത്തറ, വിളയാങ്കോട്, സാനിറ്റോറിയം എന്നിവിടങ്ങളിൽ മിൽമയുടെ ഓരോ ബൂത്തും പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ :-

1. ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കാൻ പാൽ സൊസൈറ്റിക്ക് കഴിയുന്നില്ല.
2. സംഭരിക്കുന്ന മുഴുവൻ പാലും വിറ്റഴിക്കാൻ പ്രയാസപ്പെടുന്നു. സ്വകാര്യകച്ചവടക്കാരുമായി മൽസരിക്കേണ്ടിവരുന്നു.
3. പാലിന്റെ ഗുണനിലവാരം നിലനിർത്താൻ കഴിയുന്നില്ല.
4. ആവശ്യക്കാർക്ക് മുഴുവൻ പാലും പാലുൽപന്നങ്ങളും കൊടുക്കാൻ കഴിയുന്നില്ല.
5. കാലിത്തീറ്റയുടെ അടിക്കടിയുള്ള വിലവർധന.

## നിർദ്ദേശങ്ങൾ :-

1. ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കാൻ ഏർപ്പാടുണ്ടാക്കുക.
2. രണ്ടോ മൂന്നോ സംഘങ്ങൾ ചേർന്ന് ഗുണനിലവാരമുള്ള കാലിത്തീറ്റയുണ്ടാക്കി നിയന്ത്രിതവിലക്ക് കൊടുക്കുക.
3. പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.
4. ഉൽപാദനച്ചെലവിനാനുപാതികമായി പാലിന് വില വർധിപ്പിച്ചുകൊടുക്കുക.
5. പറ്റാവുന്ന കേന്ദ്രങ്ങളിൽ തീറ്റപുൽകൃഷി ചെയ്യുന്നതിന് സൗകര്യമുണ്ടാക്കിക്കൊടുക്കുക.

ADMINISTRATIVE 4329

## പിലാത്തറ കോ-ഓപ്. കൺസ്യൂമർ സ്റ്റോർ :-

1974 ൽ എൻ.എം.കെ. ഉണ്ണിത്തിരി ചീഫ് പ്രമോട്ടറായി ആരംഭിച്ച പിലാത്തറ കൺസ്യൂമർ സ്റ്റോറിന്റെ പ്രഥമ പ്രസിഡന്റ് കെ. ലക്ഷ്മണഭക്തരായിരുന്നു. സ്വകാര്യ കച്ചവടക്കാരുമായുള്ള മൽസരത്തിൽ പല കൺസ്യൂമർ സ്റ്റോറുകളും അന്ത്യശ്വാസം വലിച്ചപ്പോഴും പിലാത്തറ കൺസ്യൂമർ സ്റ്റോർ പിടിച്ചുനിൽക്കുകയും സാമാന്യം ഭേദപ്പെട്ട നിലയിൽ വ്യാപാരം നടത്തുകയുമുണ്ടായി. ഇപ്പോൾ ഒരു മാവേലി സ്റ്റോറും ഒരു മെഡിക്കൽ സ്റ്റോറുമുൾപ്പെടെ അഞ്ച് ഡിപ്പോകൾ പ്രവർത്തിക്കുന്നു. 690 മെമ്പർമാരുണ്ട്.

### പ്രശ്നങ്ങൾ :-

1. സ്വകാര്യ മേഖലയുമായി നേരിട്ടു മൽസരിക്കേണ്ടി വരുന്നു.
2. കൃത്യമായി കണക്കെഴുതി ടാക്സ് കൊടുക്കുന്ന കൺസ്യൂമർ സ്റ്റോറുകൾക്ക് ശരിയായ കണക്കെഴുതാതെ നാമമാത്രമായ ടാക്സ് കൊടുക്കുന്ന സ്വകാര്യകച്ചവടക്കാരോട് മൽസരിച്ച് വിലകുറച്ചുകൊടുക്കാൻ കഴിയുന്നില്ല.
3. സാധനങ്ങൾ ഉൽപാദനമേഖലയിൽനിന്ന് നേരിട്ട് സംഭരിച്ച് സ്റ്റോറുകൾക്ക് കുറഞ്ഞവിലക്ക് കിട്ടത്തക്കവിധത്തിൽ അപ്പെക്സ് സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

### നിർദ്ദേശങ്ങൾ :-

1. കഴിവുള്ള സ്റ്റോറുകൾക്ക് സാധനങ്ങൾ ഉൽപാദനമേഖലയിൽനിന്ന് നേരിട്ട് സംഭരിക്കാൻ സൗകര്യം കൊടുക്കുക.
2. ടേൺ ഓവർ ടാക്സ്, ഭാരിച്ച ഓഡിറ്റ് ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കുക.
3. സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
4. അപ്പെക്സ് സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
5. സ്റ്റോറുകൾക്ക് ആവശ്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുന്നതിന് സർക്കാർ സഹായം നൽകുക.

## പ്രിയദർശിനി പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കോ-ഓപ്. സൊസൈറ്റി:-

1992 ൽ ആരംഭിച്ച സംഘത്തിൽ 359 മെമ്പർമാരും 4 ജീവനക്കാരുമുണ്ട്. അച്ചടിജോലികൾ വർധിച്ചുവരുന്ന ഇക്കാലത്ത് ഇതിന് നല്ല സാധ്യതയുണ്ട്. 1994 ൽ തീവെച്ച് നശിപ്പിക്കപ്പെട്ടതിനാൽ $1\frac{1}{4}$ ലക്ഷത്തോളം രൂപയുടെ നഷ്ടമുണ്ടായി.

### പ്രശ്നങ്ങൾ:-

സംഘത്തിന്റെ നിലനിൽപിനാവശ്യമായ പ്രവർത്തനം കിട്ടുന്നില്ല.

### നിർദ്ദേശങ്ങൾ:-

സർക്കാർ, അർദ്ധസർക്കാർ മേഖലയിലുള്ള അച്ചടിജോലികൾ സഹകരണ പ്രസ്സുകളെ ഏൽപിക്കുക.

## മാതാ വിമൻസ് ഗാർമെൻറ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി :-

സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും അവരുടെ ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സംഘത്തിന് 15 തയ്യൽ മെഷീനുണ്ട്. ഇതുപയോഗിച്ചച് ഉടുപ്പുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് വീടുകളിൽ എത്തിച്ചു കൊടുക്കുകയാണ് ഇവരുടെ പ്രവർത്തനം.

### പ്രശ്നങ്ങൾ :-

ഉണ്ടാക്കുന്ന സാധനങ്ങൾ മാർക്ക് ഉണ്ടാക്കലാണ് പ്രധാന പ്രശ്നം.

### നിർദ്ദേശം :-

ഉണ്ടാക്കുന്ന സാധനങ്ങൾ പ്രധാന പട്ടണങ്ങളിലുള്ള സഹകരണ മൊത്തവ്യാപാര സ്റ്റോറുകളിൽ എടുക്കുന്നതിന് സൗകര്യമുണ്ടാക്കുക.

## ഏഴിലോട് കാർപെൻററി വർക്കേർസ് കോ-ഓപ്. സൊസൈറ്റി:-

കുറേക്കാലം നല്ലനിലയിൽ നടന്ന ഒരു സ്ഥാപനമാണ്. ഇപ്പോൾ പ്രവർത്തനം തീരെ നടക്കുന്നില്ല. സ്വന്തമായി ഓഫീസുണ്ട്.

**പ്രശ്നങ്ങൾ :-** മരത്തിൻെറ വിലക്കയറ്റവും മരംകിട്ടാനില്ലാത്തതും പ്രശ്നം.

**നിർദ്ദേശം :-**

ഇൻസ്റ്റാൾമെൻറ് വ്യവസ്ഥയിൽ സാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നത് ഓർഡർ സമ്പാദിക്കുകയും സാധനങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാർ കൂപ്പിൽനിന്ന് മരം കാട്ട അനുവദിക്കുകയും ചെയ്താൽ നല്ല പ്രവർത്തനത്തിന് സാധ്യതയുണ്ട്.

## ഏഴിലോട് ലെതർ വർക്കേർസ് കോട്ടേജ് ഇൻറസ്ട്രിയൽ സൊസൈറ്റി :-

തുകൽപണിയെടുക്കുന്ന ചക്ലിയ വിഭാഗത്തിൽപെട്ടവർക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും കച്ചവടക്കാരുടെ ചൂഷണത്തിൽനിന്ന് രക്ഷപ്പെടുത്താനുംവേണ്ടി ഉണ്ടാക്കിയ സൊസൈറ്റി 1963 ൽ സ്ഥാപിച്ചതാണ്. തുകൽ ഊറക്കിടുന്നതിനും പണിയെടുക്കുന്നതിനും വർക്ക്ഷെഡ് ഉണ്ടെങ്കിലും പ്രയോജനപ്പെടുത്തുന്നില്ല. ഇപ്പോൾ പയ്യന്നൂരിലുള്ള സെയിൽസ് റിപ്പയറിങ്ങ് യൂണിറ്റ് മാത്രമെ പ്രവർത്തിക്കുന്നുള്ളു. ഒരു സ്ഥിരം ജീവനക്കാരനും കമ്മീഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന 3 പേരും ഉണ്ട്.

**പ്രശ്നങ്ങൾ :-**

നല്ല ജോലിക്കാരെ കിട്ടാത്തതും ഉണ്ടാക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റിൽ സ്വകാര്യകച്ചവടക്കാരോട് മൽസരിക്കേണ്ടി വരുന്നതുമാണ് പ്രശ്നങ്ങൾ.

**നിർദ്ദേശങ്ങൾ :-**

ഗുണമേന്മയുള്ള സാധനങ്ങൾ നിർമ്മിച്ച് പട്ടണപ്രദേശങ്ങളിലുള്ള സൊസൈറ്റികളുമായി ബന്ധപ്പെട്ട മാർക്കറ്റ് കണ്ടെത്തുക.

സ്കൂൾ ബാഗുകളുണ്ടാക്കി സ്കൂൾ സ്റ്റോറുകൾ മുഖേന വിൽപന നടത്തുന്നതിന് ഏർപ്പാടുണ്ടാക്കുക.

## പിലാത്തറ വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി:-

സ്ത്രീകളുടെ ക്ഷേമത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി 1981 ൽ സ്ഥാപിച്ച ഈ സൊസൈറ്റിയിൽ 153 മെമ്പർമാരുണ്ട്. തയ്യൽപരിശീലനം, പ്ലാസ്റ്റിക് വയർകൊണ്ട് കസേരമടയൽ എന്നീ പ്രവർത്തനങ്ങൾ മാത്രമെ നടക്കുന്നുള്ളു. ഇടക്കാലത്ത് ബേക്കറി യൂണിറ്റ് ആരംഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ മുടങ്ങിക്കിടക്കുന്നതുകാരണം പതിനായിരക്കണക്കിന് രൂപയുടെ മെഷിനറികൾ തുരുമ്പിക്കുന്നു. മെഷിനറി ഉപയോഗിച്ച് വളരെ കൂടുതൽ സാധനങ്ങൾ ഓരോ ദിവസവും ഉണ്ടാക്കാനുള്ള ശേഷിയുണ്ടെങ്കിലും സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താനുള്ള പ്രയാസമാണ് തടസ്സമായി നിൽക്കുന്നത്.

**നിർദ്ദേശങ്ങൾ :-**

1. എല്ലാ കാര്യങ്ങൾക്കും മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നതിന് സ്ത്രീകൾക്ക് ബോധവൽക്കരണം നടത്തുക.
2. തയ്യൽപരിശീലനം കൊടുത്ത യുവതികളെ ഓരോ ഗ്രൂപ്പായി ജോലി ചെയ്യിക്കുന്നതിന് ഏർപ്പാട് ചെയ്തുകൊടുക്കുക.
3. റെഡിമെയ്ഡ് ഉടുപ്പുകളുണ്ടാക്കുകയും ഉണ്ടാക്കുന്ന ഉടുപ്പുകൾ വീടുകൾകയറി വിൽപന നടത്തുന്നതിന് ഏർപ്പാടുണ്ടാക്കുകയും ചെയ്യുക.
4. ബേക്കറി യൂണിറ്റ് പ്രവർത്തനം പുനരാരംഭിച്ച് വലിയ സർക്കാർ ആശുപത്രികളിൽ സാധനം വിതരണം നടത്തുന്നതിന് സർക്കാറുമായി, ബന്ധപ്പെട്ട് കരാർ ഉണ്ടാക്കുക.

## കുളപ്പുറം വീവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്. സൊസൈറ്റി :-

രണ്ടുമൂന്ന് വർഷത്തിനുള്ളിൽ പ്രവർത്തനമാരംഭിച്ച ഈ സൊസൈറ്റിയിൽ അമ്പതോളം മെമ്പർമാരെ ഉള്ളു. ചുരുങ്ങിയകാലംകൊണ്ടുതന്നെ ഗ്രൂപ്പ് വഴക്കിലും അഴിമതിയിലും മുങ്ങിയ ഈ സ്ഥാപനത്തിന് നാമമാത്രമായ പ്രവർത്തനം മാത്രമേയുള്ളു. നല്ലനിലയിൽ നടത്തിയാൽ വലിയ വികസന സാധ്യതയുള്ള ഒരു സംഘമാണ്.

## നിർദ്ദേശങ്ങൾ :-

1. കൂടുതൽ മെമ്പർമാരെ ചേർത്ത് ഓഹരി മൂലധനം വർധിപ്പിക്കുക.
2. പ്രവർത്തനം വിപുലപ്പെടുത്താൻ സ്വന്തം കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തുകയും സർക്കാർ ഗ്രാൻറും ഷെയറും ലഭിക്കുന്നതിനർഹത നേടുക.

## സെറി കൾച്ചർ കോ-ഓപ്. സൊസൈറ്റി:-

തോട്ടങ്ങളിൽ ഇടവിളയായി മൾബറി കൃഷിചെയ്ത് പട്ടുനൂൽ ഉൽപാദനത്തിലൂടെ നല്ല വരുമാനമുണ്ടാക്കാനുള്ള അവസരം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഈ സൊസൈറ്റി രൂപീകരിച്ചത്. പട്ടുനൂലിൻെറ വില പെട്ടെന്ന് ഇടിഞ്ഞതിനാലും വിൽപനക്കുള്ള മാർക്കറ്റ് അടുത്തൊന്നും ഇല്ലാത്തതിനാലും ഈ കൃഷി മുന്നോട്ട് കൊണ്ടുപോകാൻ കൃഷിക്കാർക്ക് സാധിക്കാത്തതിനാൽ സൊസൈറ്റിയുടെ പ്രവർത്തനവും തുടങ്ങിയിട്ടില്ല.

1. പട്ടുനൂൽകൃഷി വികസിപ്പിക്കാൻ സർക്കാർ സഹായം നൽകുക.
2. കൊക്കൂൺ ശേഖരിക്കുന്നതിന് മാർക്കറ്റ് ഏർപ്പെടുത്തുക.
3. കൊക്കൂണിന് വില നിശ്ചയിക്കുക.

## കാൻറിൻ സൊസൈറ്റി:-

പ്രവർത്തനം തുടങ്ങിയിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചെറുതാഴം ബ്രിക്സ് കോട്ടേജ് ഇൻഡസ്ട്രിയൽ സൊസൈറ്റിയും പ്രവർത്തനമാരംഭിച്ചിട്ടില്ല.

## ചെറുതാഴം ചക്കര സൊസൈറ്റി :-

വളരെക്കാലം പ്രവർത്തിച്ചതാണെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചക്കരക്കള്ളുൽപാദനം ഇപ്പോൾ നടക്കാത്തതിനാൽ ഇതിൻെറ പ്രവർത്തനം സാധ്യതയുള്ള മറ്റേതെങ്കിലും മേഖലയിലേക്ക് മാറ്റാവുന്നതാണ്.

## സാദ്ധ്യത :-

പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി ഒരു മാർക്കറ്റിംഗ് സൊസൈറ്റി എന്നിവക്ക് സാദ്ധ്യതയുണ്ട്.

പട്ടിക - 1
ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപുരോഗതി

| വകവിവരം | 30-6-70 | 30-6-80 | 30-6-90 | 30-6-96 |
|---|---|---|---|---|
| അംഗങ്ങൾ A | 755 | 2599 | 5893 | 8429 |
| ഓഹരി സംഖ്യ | 27548 | 127608 | 761403 | 2115460 |
| നിക്ഷേപം | 1562 | 759480 | 19481153 | 66713358 |
| അംഗങ്ങൾക്ക് വായ്പ | 58795 | 894195 | 20268637 | 60611099 |
| പ്രവർത്തന മൂലധനം | 80803 | 1131995 | 22272106 | 69393699 |

അവലംബം - ബാങ്ക് രേഖകൾ

പട്ടിക-2
പിലാത്തറ കോ:ഓപ്പറേറ്റീവ് സ്റ്റോർ പ്രവർത്തന പുരോഗതി

| വർഷം | മെമ്പർമാർ | വിറ്റ്വരവ് | ലാഭം/നഷ്ടം |
|---|---|---|---|
| 1979-80 | 388 | 3,12,852.62 | നഷ്ടം - 2602.20 |
| 1989-90 | 638 | 23,06,34.74 | ലാഭം - 43,661.35 |
| 1995-96 | 692 | 35,64,984.16 | ലാഭം - 46,634.20 |

പട്ടിക-3
ചെറുതാഴം ക്ഷീരവ്യവസായ സഹകരണ സംഘം പ്രവർത്തന പുരോഗതി

| വർഷം | മെമ്പർമാർ | പാൽസംഭരണം | കാലിതീറ്റ വില്പന |
|---|---|---|---|
| 1995 | 364 | 84,000 ലി. | 4,92,074 രൂ. |
| 1996 | 370 | 2,88,000 ലി. | 17,00,502 രൂ. |

രേഖകൾ കത്തിനശിച്ചതിനാൽ മുൻകാല വിവരങ്ങൾ ലഭ്യമല്ല



# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

സ്വാതന്ത്ര്യത്തിന് മുമ്പ് പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിന്റെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. തനി അടിമത്തരീതി. മേലാളന്മാരുടെ ചവിട്ടും കുത്തും ഏറ്റ് ജീവിച്ചിരുന്ന കാലം. സായ്പന്മാരുടെ കീഴിലെ കോയ്മകളുടെ ദുർഭരണം. നിരവധി യാതനകളും വേദനകളും സഹിക്കേണ്ടി വന്നിരുന്നകാലം. അതായിരുന്നു സ്വാതന്ത്ര്യത്തിന് മുമ്പ് നമ്മുടെ പഞ്ചായത്തിലും സ്ഥിതി.

സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി ദേശീയനേതാക്കൾ പട്ടികജാതി വിഭാഗത്തിന്റെ പ്രശ്നങ്ങൾ കണ്ടറിയുകയും ഏറ്റെടുക്കുകയും ചെയ്തു. നിരവധി ത്യാഗപൂർണ്ണമായ സമരങ്ങൾ നടത്തി. അതിൽ എടുത്തുപറയാവുന്നത് ശ്രീമാന്മാർ എം.കെ.ഗോപാലൻ, കെ.എ.കേരളീയൻ എന്നിവരുടെ നേതൃത്വത്തിൽ അയിത്തത്തിനും അനാചാരങ്ങൾക്കും പട്ടിണിക്കുമെതിരെ നടത്തിയ പ്രചരണങ്ങളാണ്. പട്ടികജാതി വിഭാഗത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ച ശ്രീമാന്മാർ കടയപ്രത്ത് കുഞ്ഞിരാമൻ നമ്പ്യാരുടേയും സ്വാമി ആനന്ദതീർത്ഥന്റേയും സേവനം മറന്നുകൂടാത്തതാണ്.

സ്വാതന്ത്ര്യത്തിനുശേഷം ഗവൺമെന്റിന്റെ സഹായത്തോടെ സന്നദ്ധസംഘങ്ങളുടെ നേതൃത്വത്തിൽ അവശജനവിഭാഗങ്ങളെ, പ്രത്യേകിച്ചും പട്ടികജാതിക്കാരെ സഹായിക്കുവാൻ പദ്ധതികളാവിഷ്കരിച്ചു. നിരവധി സന്നദ്ധപ്രവർത്തകർ അതിന്നായി മുന്നോട്ടുവന്നു. ദേശീയപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി ഈ പ്രവർത്തനം സാർവത്രികമായി. എന്താണ് സ്വാതന്ത്ര്യമെന്നും അതിൽ ജനങ്ങളുടെ പങ്കെന്താണെന്നും അവർ ജനങ്ങളെ പഠിപ്പിക്കുവാൻ തുടങ്ങിയതോടെ അവകാശബോധമുണ്ടാവുകയും അതുവഴി അവകാശസമരങ്ങൾ നടക്കുകയും ചെയ്തു. അത്തരം സമരങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തെകൂടി പങ്കെടുപ്പിക്കാനുള്ള ശ്രമങ്ങൾ (ബോധവൽക്കരണം) നടന്നുകൊണ്ടിരുന്നു. തൽഫലമായി മാറ്റങ്ങളേറെയുണ്ടായി.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏകദേശം 176 പട്ടികജാതി കുടുംബങ്ങളുണ്ട്. പട്ടികജാതിവിഭാഗം ഇന്നും ഇതരവിഭാഗത്തെ അപേക്ഷിച്ച് എല്ലാംകൊണ്ടും പിന്നിൽതന്നെയാണ്. നിരന്തരമായ രാഷ്ട്രീയ ഇടപെടൽ ഗുണം ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിൽ പുറച്ചേരി, ഏഴിലോട്, പാലയാട്, അവിഞ്ഞിയിൽ, ചക്ലിയകോളനി, പിലാത്തറ എന്നീ പ്രദേശങ്ങളിൽ കോളനികളായും മറ്റിടങ്ങളിൽ ഒറ്റപ്പെട്ടും പട്ടികജാതിക്കാർ താമസിച്ചുവരുന്നു. പൊതുവെ സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നിൽതന്നെയാണ്. നീറുന്ന വിഷമപ്രതിസന്ധിയിൽനിന്ന് സമുദായത്തെ രക്ഷിക്കാൻ ഉയർന്നുവരുന്ന പ്രവർത്തകരുടെ എണ്ണം തുലോംകുറവാണ്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. ഇതരസമുദായത്തിൽ പെട്ടവർ കല്ല്യാണാഘോഷങ്ങളിലും മറ്റും പങ്കെടുത്തു വരുന്നുണ്ട്. കൃഷി, വ്യവസായം, കെട്ടിടനിർമ്മാണം, മൽസ്യം, ഗതാഗതം, ഊർജ്ജം, ചെരിപ്പ് നിർമ്മാണം എന്നീ മേഖലകളിൽ ജോലിചെയ്തുവരുന്നു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നു താമസിക്കുന്ന പട്ടികജാതിക്കാരും പഞ്ചായത്തിലുണ്ട്. അലഞ്ഞുനടക്കുന്ന വരായി ആരുംതന്നെ കാണപ്പെടുന്നില്ല. കുട്ടികളെ മുഴുവനുമായി വിദ്യാലയങ്ങളിൽ എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. സോദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്ന കോളനികളിലൊക്കെ മാറ്റങ്ങൾ കണ്ടുവരുന്നുണ്ട്. കൂട്ടുകുടുംബരീതിയിൽ താമസിച്ചുവരുന്നവരാണ് ചക്ലിയ കോളനിയിൽ മിക്കതും. കൂട്ടായ്മയ്ക്ക് ഗുണഫലമെത്തിക്കുവാൻ ഇവിടങ്ങളിൽ ഏറെ ബുദ്ധിമുട്ടേണ്ടിവരില്ല.

## പ്രശ്നങ്ങൾ:

1. മുഴുവൻ കുടുംബങ്ങൾക്കും വീടില്ല.
2. ഭാഗികമായേ വൈദ്യുതീകരിച്ചിട്ടുള്ളു.
3. കുടിവെള്ളവിഷമം ഗുരുതരമാണ്.
4. നിരക്ഷരർ ഉണ്ട്.
5. സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടി നടക്കുന്നില്ല - ബോധവൽക്കരണവും.
6. കുട്ടികൾ പഠിത്തം ഇടക്കുവെച്ച് നിർത്തുന്നു.
7. തൊഴിലില്ലായ്മയുണ്ട്. പട്ടിണികിടക്കുന്ന അവസ്ഥ ഉണ്ടായതായി അറിവില്ല.
8. പാരമ്പര്യതൊഴിൽ തകർച്ച നേരിടുന്നു.
9. കോളനികൾ മിക്കതും വൃത്തിഹീനമാണ്.
10. സ്കൂളുകൾ വേണ്ടത്ര അടുത്തില്ല.
11. സ്കൂളുകളിൽ ഉപകരണങ്ങളില്ല.
12. ശാസ്ത്രീയമായ അടുപ്പുകൾ ഇല്ല.
13. കക്കൂസ് ഇല്ലാത്ത വീടുകളുണ്ട്.
14. തൊഴിൽപരിശീലനകേന്ദ്രങ്ങൾ അടുത്തില്ല.
15. മദ്യപാനാസക്തി ചിലരിലൊക്കെയുണ്ട്.
16. യാത്രാസൗകര്യം എല്ലായിടത്തുമില്ല.
17. കൂട്ടായ്മയുടെ ഗുണപാഠങ്ങൾ അറിയുന്നില്ല.
18. കൃഷി ചെയ്യാനിടമില്ല.
19. സർക്കാർ സഹായങ്ങൾ കൃത്യസമയത്ത് വേണ്ടത്ര കിട്ടുന്നില്ല.

## സാധ്യതകൾ:

1. വിദ്യാഭ്യാസരീതി നവീകരിക്കണം.
2. എല്ലാ കാര്യങ്ങളിലും ബോധവൽക്കരണം നടക്കണം.
3. സാക്ഷരതാ തുടർപരിപാടി വേണം.
4. ഗുരുകുലം പദ്ധതി വിജയിപ്പിക്കണം.
5. ഭവനരഹിതർക്ക് ഭവനം നിർമ്മിച്ചുകൊടുക്കണം.
6. വീടുകൾ വൈദ്യുതീകരിക്കണം, തെരുവ്വിളക്കുകൾ വേണം.
7. കക്കൂസ് വേണം.
8. കുടിവെള്ളക്ഷാമം തീർക്കണം.
9. യാത്രാസൗകര്യം വേണം.
10. പാരമ്പര്യതൊഴിൽ സാധ്യതകൾ വർധിപ്പിക്കണം.
11. യന്ത്രവൽക്കരണം വരുമ്പോഴുള്ള തൊഴിലില്ലായ്മ പരിഹരിക്കണം.
12. നാടൻ കലാരൂപങ്ങളെ പ്രോൽസാഹിപ്പിക്കാൻ സഹായമെത്തിക്കണം.
13. കൃഷി, മൃഗസംരക്ഷണം, മൽസ്യം വളർത്തൽ, കോഴി-താറാവ് കൃഷി എന്നിവക്ക് സൗകര്യം ചെയ്തുകൊടുക്കണം.
14. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണം.
15. മുഴുവൻ കുട്ടികളെയും വിദ്യാലയങ്ങളിൽ എത്തിക്കാനും കൊഴിഞ്ഞുപോക്ക് തടഞ്ഞ് തുടർവിദ്യാഭ്യാസ സൗകര്യം ഏർപ്പാട് ചെയ്യണം.
16. കൃഷിഭൂമി സംഘടിപ്പിച്ച് കൂട്ടായ്മയിലൂടെ കാർഷികവൃത്തിയിൽ താൽപര്യമുണ്ടാക്കണം.
17. വായനശാല സ്ഥാപിച്ച് മാധ്യമങ്ങൾ (പത്രം, മാസിക, ഗ്രന്ഥങ്ങൾ, റേഡിയോ, ടി.വി) വഴി അറിവ് വർധിപ്പിക്കണം.
18. വർക്ക്ഷോപ്പുകൾ സ്ഥാപിച്ച് പാരമ്പര്യത്തൊഴിലും അതോടൊപ്പം മറ്റ് തൊഴിലും പഠിക്കാനും

വ്യാപരിക്കാനും സഹായിക്കണം.


19. പട്ടികജാതിക്കാർക്ക് പ്രത്യേകമായി കായികകലാമൽസരങ്ങൾ സംഘടിപ്പിച്ച് പ്രോൽസാഹിപ്പിക്കണം.
20. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
21. മദ്യപാനത്തിനെതിരെ പ്രചരണപ്രവർത്തനം നടക്കണം.
22. ശാസ്ത്രീയമായ അടുപ്പ് നിർമ്മിച്ചുകൊടുക്കണം.

## പട്ടിക

### ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി 93-94 to 95-96

| വാർഡ് നമ്പർ | IRDPസർവ്വേപ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 29 | 17 | 12 | |
| II | 12 | 6 | 6 | 1992-ലെ സർവ്വേ സമയത്ത് 9 വാർഡുകളാണ്. അതുപ്രകാരമുള്ള വിവരങ്ങളാണ് കൊടുത്തത്. |
| III | 11 | 5 | 6 | |
| IV | 14 | 7 | 7 | |
| V | 21 | 18 | 3 | |
| VI | 9 | 5 | 4 | |
| VII | 13 | 2 | 11 | |
| VIII | 13 | 5 | 8 | |
| IX | 15 | 8 | 7 | |
| X | -- | -- | -- | |

അവലംബം - വികസന വകുപ്പ് രേഖകൾ





എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും

– ഗാന്ധിജി

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് വരുമാനത്തിൽ പിന്നോക്കം നില്ക്കുന്നതാണ്. കെട്ടിടനികുതിയും തൊഴിൽ നികുതിയുമാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. ലൈസൻസ് ഫീസുകൾ, റവന്യൂ നികുതിയുടെ 94%, വസ്തു കൈമാറ്റഫീസിന്റെ വിഹിതം, വിവിധ കാലയളവിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ലഭിക്കുന്ന വാടക, 2 സിനിമാശാലകളിൽ നിന്നും ലഭിക്കുന്ന വിനോദ നികുതി, ബസ്റ്റാന്റ് ചുങ്കം, പുറമ്പോക്ക് ഭൂമിയിൽ നിന്നും അനുഭവങ്ങളുടെ ലേലം വക ലഭിക്കുന്ന തുക എന്നിവയാണ് മറ്റ് വരുമാനമാർഗ്ഗങ്ങൾ, റവന്യൂ നികുതിയുടെ 94%വും, രജിസ്ട്രേഷൻ ഫീസിന്റെ 25%വും സർക്കാരിൽ നിന്ന് പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ആവശ്യവുമായി തട്ടിച്ച് നോക്കുമ്പോൾ വരുമാനം വളരെ തുച്ഛമാണ്.

വരവ് - ചെലവ് പട്ടിക

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1986-87 | 5.43,825.86 | 4,19,019.29 |
| 1987--88 | 5.40,297.90 | 3,50,456.42 |
| 1988-89 | 5,68,776.41 | 7,26,072.80 |
| 1989-90 | 8,96,962.80 | 7,53,393.15 |
| 1990-91 | 9,07,792.40 | 12,05,796.55 |
| 1991-92 | 12,65,502.80 | 10,92,119.10 |
| 1992-93 | 14,90,658.03 | 14,07,921.80 |
| 1993-94 | 16,62,568.65 | 14,49,652.55 |
| 1994-95 | 16,24,235.70 | 17,92,204.00 |
| 1995-96 | 22,20,328.30 | 20,78,947.40 |

### 1995-96 ചെലവ്

| | |
|---|---|
| ഭരണം | 4,09,905.10 |
| പൊതുമരാമത്ത് | 5,20,294.10 |
| വിദ്യാഭ്യാസം | 32,796.20 |
| ജലവിതരണം, ഓടകൾ, ആരോഗ്യം | 31,767.00 |
| തെരുവ് വിളക്കിന് | 26,436.00 |
| മറ്റുള്ളവ<br>(കടം തിരിച്ചടവ്, ഡപ്പോസിറ്റ് തിരിച്ചടവ്) | 10,87,749.00 |
| ആകെ | 20,78,947.00 |

### 1995-96 വരവ്

| | |
|---|---|
| കെട്ടിട നികുതി | 2,88,381.15 |
| തൊഴിൽ നികുതി | 1,10,203.00 |
| വിനോദനികുതി | 46,487.55 |
| അഡീഷനൽ വിനോദനികുതി | 28,285.35 |
| പ്രദർശന നികുതി | 5,800.00 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 1,450.00 |
| ചന്തവരവ് | 1,800.00 |
| ലൈസൻസ് ഫീസ് | 26,007.75 |
| വസ്തു കൈമാറ്റ നികുതി 75% | 1,82,362.00 |
| വസ്തു കൈമാറ്റ നികുതി 25% | 72,571.00 |
| ഗ്രാൻറ് ഒഴികെയുള്ള വരവുകൾ | 6,80,811.65 |
| ഡപ്പോസിറ്റ് | 77,248.85 |
| ഗ്രാൻറ് | 6,98,920.00 |
| ആകെ | 22,20,328.30 |

## കെട്ടിടനികുതി

വരുമാനം വർദ്ധിപ്പിക്കാൻ കെട്ടിടനികുതി ചുമത്തുന്ന ഇന്നത്തെ രീതിയിൽ മാറ്റം വരുത്താൻ കഴിയണം. പുതിയ നിയമപ്രകാരം കെട്ടിടങ്ങളും വീടുകളും പണിയുമ്പോൾ പഞ്ചായത്തിന്റെ അനുമതി വാങ്ങിച്ചിരിക്കണം എന്ന നിബന്ധന കർശനമായി നടപ്പിലാക്കണം. ഗവൺമെൻറ് നിയമമനുസരിച്ച് നികുതി ഈടാക്കാൻ ശ്രമിക്കണം. കൂടുതൽ തുക ചെലവഴിച്ച് കെട്ടിടങ്ങൾ പണിയുന്നവരിൽ നിന്ന് പ്രത്യേക ഫീസ് ഈടാക്കണം.

## തൊഴിൽ നികുതി

തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കണം. സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പുതുതായി ആരംഭിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം തൊഴിൽ നികുതി ഈടാക്കാൻ കഴിയണം.

## ഷോപ്പിംഗ് കോംപ്ലക്സ്

ഗ്രാമവികസന വകുപ്പിന്റെ സഹായത്തോടെ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് ഇന്ന് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാണ്. പിലാത്തറയുടെ മുഖച്ഛായ തന്നെ മാറ്റാൻ സാധിച്ച ഷോപ്പിംഗ് കോംപ്ലക്സും ബസ്സ്റ്റാൻറും ഇനിയും വികസിപ്പിക്കാൻ കഴിയും. ബസ്സ്റ്റാൻറിന് പുറമേ ഒരു ഓട്ടോ-ടാക്സി സ്റ്റാൻറ് കൂടി ഏർപ്പെടുത്താൻ കഴിഞ്ഞാൽ ഇന്നത്തെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. 500 ലധികം ആളുകൾക്ക് ഇരിക്കാൻ പറ്റുന്ന ഒരു ഹാൾ നമ്മുടെ പഞ്ചായത്തിനകത്ത് ഇന്നില്ല. അതുകൊണ്ട് തന്നെ ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു കമ്മ്യൂണിറ്റി ഹാളിനും കല്ല്യാണമണ്ഡപത്തിനും നല്ല സാധ്യതയുണ്ട്. വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഇതുവഴി ഉണ്ടാക്കാം. ബസ് സ്റ്റാൻറിലെ കക്കൂസ് പേയിംഗ് കക്കൂസാക്കി മാറ്റിയാൽ ശുചീകരണം ഉറപ്പുവരുത്തുകയും ചെയ്യാം. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ലേലം ചെയ്ത മുറികൾ വ്യക്തികൾ തമ്മിൽ കൈമാറുന്ന സ്ഥിതി മാറേണ്ടതുണ്ട്.

## ധനകാര്യസ്ഥാപനങ്ങൾ

ബാങ്കുകളുടെ നിക്ഷേപങ്ങളുടെയും വായ്പകളുടെയും തോത് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ വായ്പകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി കാണുന്നില്ല. പഞ്ചായത്തിന്റെ വികസനത്തിന് നിക്ഷേപങ്ങളും, വായ്പകളും ഉപയോഗപ്പെടുത്തണം. ബാങ്കുകൾ വിവിധ വികസന പദ്ധതികൾ ആവിഷ്ക്കരിക്കണം. സ്കീമുകളെക്കുറിച്ച് ജനങ്ങൾക്ക് വിശദീകരണം നൽകിയാൽ വായ്പ ഉചിതമായി പ്രയോചനപ്പെടുത്താം.

പട്ടിക
ചെറുതാഴം പഞ്ചായത്തിലെ രണ്ട് വർഷത്തെ നിക്ഷേപങ്ങളുടെയും
ലോൺ വിതരണം ചെയ്തുമായ വിവരങ്ങൾ

| ബാങ്ക് | ഇനം | 1994-95 | 1995-96 |
|---|---|---|---|
| മാടായി കോ-ഓപ്പറേറ്റീവ് ബാങ്ക് | നിക്ഷേപങ്ങൾ | 42,00,000 | 62,00,000 |
| | കടം കൊടുത്തത് | 24,52,000 | 60,00,000 |
| ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് | നിക്ഷേപങ്ങൾ | 5,40,123,66 | 6,67,13,358.38 |
| | കടം കൊടുത്തത് | 6,67,133,58 | 6,06,10,100.23 |
| നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് | നിക്ഷേപങ്ങൾ | 31,00,000 | 43,00,000 |
| | കടം കൊടുത്തത് | 52,00,000 | 84,00,000 |

## മനുഷ്യാദ്ധ്വാനം

ഏതൊരു പഞ്ചായത്തിന്റെയും ഏറ്റവും നല്ല സമ്പത്ത് ജനങ്ങളുടെ അദ്ധ്വാനശേഷി ആണ്. ഭൂരിഭാഗം വരുന്ന കാർഷികമേഖലയിലും മറ്റ് വികസന പ്രവർത്തനങ്ങളിലും മനുഷ്യാദ്ധ്വാനം സംഭാവനയായി സ്വകീരിച്ചാൽ പ്രകടമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. അതിനനുസരിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ നമുക്ക് കഴിയണം.

## പുതിയ സാദ്ധ്യതകൾ

സമഗ്ര കുടുംബ സർവ്വേ പ്രകാരം 822 ആളുകൾ ഗൾഫിൽ ജോലി ചെയ്യുന്നുണ്ട്. ലക്ഷക്കണക്കിന് രൂപ ഓരോ മാസവും ഗൾഫിൽ നിന്ന് നമ്മുടെ നാട്ടിൽ എത്തുന്നു. ഈ തുകയിൽ കൂടുതലും കെട്ടിടങ്ങൾക്ക് വേണ്ടിയാണ് ഇന്ന് ചെലവിടുന്നത്. ഗൾഫ് പണം പുതിയ മേഖലകളിലേക്ക് ഉപയോഗപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടത്തണം. മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ധാരാളം ആളുകൾ പഞ്ചായത്തിലുണ്ട്. ഇവരുടെ സമ്പത്തും കഴിവും ഉപയോഗപ്പെടുത്താനുള്ള പ്രവർത്തനങ്ങളും നമുക്ക് സംഘടിപ്പിക്കുവാൻ കഴിയും.

## പുറമ്പോക്ക് ഭൂമി

പഞ്ചായത്തിന്റെ കൈവശമുള്ള 39.8 ഹെക്ടർ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തണം. പുറ

മ്പോക്ക് ഭൂമിയിൽ നിന്നുള്ള ഇന്നത്തെ വരുമനം വളരെ കുറവാണ്. ഉള്ള അനുഭവങ്ങൾ ലേലം ചെയ്യുക എന്ന സമീപനം മാറ്റി പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കണം. അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. മനുഷ്യാദ്ധ്വാനം സംഭാവനയായി സ്വീകരിച്ച് പുറമ്പോക്ക് ഭൂമിയിൽ ഏറെ മാറ്റങ്ങൾ ഉണ്ടാക്കാം.

## ടൂറിസം

ഇതുവരെ പഞ്ചായത്തിന്റെ ആലോചനയിൽ വരാത്ത കാര്യമാണ് ഇത്. വയലപ്രപരപ്പ്, ഉച്ചൂളിക്കുന്നിന്റെ പടിഞ്ഞാറ് ഭാഗം, കുന്നുമ്പ്രം കോട്ടേക്കുന്ന്, കോട്ട എന്നീ സ്ഥലങ്ങൾ മിനി ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാൻ അനുയോജ്യമായ പ്രദേങ്ങളാണ്. വയലപ്രപരപ്പ് വളരെ എളുപ്പത്തിൽ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ അനുയോജ്യമായ സ്ഥലമാണ്. മിനി ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

★ പഞ്ചായത്തിന്റെ ആവശ്യങ്ങൾ കൂടുന്നതനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.

★ സർക്കാർ ഗ്രാൻറുകൾ വേണ്ടത്ര ലഭ്യമല്ല. അർഹമായ വിഹിതം യഥാസമയം കിട്ടുന്നില്ല.

★ ധനകാര്യസ്ഥാപനങ്ങൾ വികസനപദ്ധതികൾക്ക് ഫണ്ട് ഉപയോഗിക്കുന്നില്ല.

★ വ്യവസായ സ്ഥാപനങ്ങൾ കുറവാണ്.

## നിർദ്ദേശങ്ങൾ:

1. നികുതി വരുമാനം വർദ്ധിപ്പിക്കുക. അഞ്ച്ലക്ഷം രൂപയിൽ കൂടുതൽ ചെലവ് ചെയ്ത് നിർമ്മിക്കുന്ന കെട്ടിടങ്ങളിൽനിന്ന് 2 ശതമാനം ഫീസ് ഈടാക്കുക.
2. ഗ്രാൻറുകൾ യഥാസമയം ലഭ്യമാക്കാൻ വേണ്ടത് ചെയ്യുക.
3. പുറമ്പോക്ക് ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
4. ഗൾഫ് മലയാളികളുടെ സമ്പാദ്യം ഉപയോഗപ്പെടുത്തുന്നവിധത്തിൽ പുതിയ പദ്ധതികൾ തയ്യാറാക്കുക.
5. ഷോപ്പിംഗ് കോംപ്ലക്സ് വിപുലീകരിക്കുക. കമ്മ്യൂണിറ്റി ഹാൾ പണിയുക.
6. മരാമത്ത് പണികൾ ജനകീയ സമിതികളെ ഏല്പിക്കുക. സാമൂഹ്യ ഇടപെടൽ ഉറപ്പാക്കുക
7. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വ്യക്തികൾക്ക് കൈമാറുന്ന ഇന്നത്തെ രീതി അവസാനിപ്പിച്ച് അതാത് സമയം പഞ്ചായത്ത്തന്നെ ലേലം ചെയ്യുക.
8. പഞ്ചായത്തിലെ മത്സ്യബന്ധനത്തിന് അനുയോജ്യമായ സ്ഥലങ്ങൾ പഞ്ചായത്ത്തന്നെ പാട്ടത്തിന് നൽകുക. പുറമ്പോക്ക് സ്ഥലങ്ങളിൽ മത്സ്യകൃഷി ആരംഭിക്കുക.
9. ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക. (വയലപ്രപരപ്പ്, ഉച്ചൂളിക്കുന്ന്, കോട്ടക്കുന്ന് ഇവ അനുയോജ്യമായ പ്രദേശങ്ങളാണ്)
10. മനുഷ്യ അധ്വാനശേഷി ഉപയോഗപ്പെടുത്താൻ പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുക.
11. ഏഴിലോട് മാർക്കറ്റ് വിപുലപ്പെടുത്തുക
12. പിലാത്തറയിലും ഏഴിലോടും മത്സ്യമാംസ മാർക്കറ്റ് ആരംഭിക്കുക.

## വിഭവസമാഹരണം

### ചെറുതാഴം ഗ്രാമ പഞ്ചായത്ത്, മനുഷ്യ വിഭവ സർവ്വേ

| വാർഡ് നമ്പർ | ആകെ ജനസംഖ്യ | പുരുഷന്മാർ | സ്ത്രീകൾ | 1 വയസ്സു വരെയുള്ളവർ | 2 വയസ്സുമുതൽ 5 വയസ്സുവരെയുള്ളവർ | 6 മുതൽ 15 വയസ്സുവരെയുള്ളവർ | 16 മുതൽ 40 വയസ്സുവരെയുള്ളവർ | 41 മുതൽ 70 വയസ്സുവരെയുള്ളവർ | 70 വയസ്സിന് മുകളിലുള്ളവർ |
|---|---|---|---|---|---|---|---|---|---|
| I | 1955 | 991 | 964 | 25 | 105 | 325 | 952 | 496 | 52 |
| II | 2286 | 1135 | 1151 | 15 | 138 | 501 | 1062 | 513 | 57 |
| III | 2056 | 994 | 1062 | 02 | 104 | 410 | 973 | 483 | 84 |
| IV | 2543 | 1199 | 1344 | 16 | 159 | 625 | 1032 | 569 | 92 |
| V | 2569 | 1290 | 1279 | 35 | 194 | 465 | 1150 | 664 | 61 |
| VI | 2631 | 1238 | 1393 | 17 | 153 | 474 | 1160 | 710 | 117 |
| VII | 2266 | 1116 | 1150 | 45 | 143 | 374 | 984 | 620 | 100 |
| VIII | 3338 | 1709 | 1629 | 32 | 213 | 623 | 1520 | 824 | 126 |
| IX | 2028 | 931 | 1097 | 203 | 385 | 390 | 410 | 450 | 190 |
| X | 1345 | 654 | 691 | 06 | 44 | 231 | 678 | 355 | 41 |
| ആകെ | 23017 | 11257 | 11760 | 396 | 1638 | 4418 | 9921 | 5684 | 920 |

അവലംബം - സമഗ്ര സർവ്വേ

# ഉപസംഹാരം

**1995** ഒക്ടോബർ 2-ാം തീയ്യതിയാണ് ഇന്നത്തെ പഞ്ചായത്ത് കമ്മിറ്റി അധികാരത്തിൽ വന്നത്. വളരെ അവികസിതവും സാമ്പത്തീകശേഷി ഇല്ലാത്തതുമാണ് നമ്മുടെ പഞ്ചായത്തെന്ന് പ്രത്യേകം പറയാതെതന്നെ എല്ലാവർക്കും അറിയാം. ഗതാഗത സൗകര്യം തീരെ ഇല്ല. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷം. ഉപ്പ് വെള്ളത്തിന്റെ ആക്രമണം പഞ്ചായത്തിൽ വലിയ പ്രദേശങ്ങളെ വല്ലാതെ അലട്ടുന്നു. "റോഡു നിർമ്മാണമല്ല വികസനം" എന്ന് പറയുന്നത് ശരിയായിരിക്കാമെങ്കിലും നമ്മുടേതുപോലുള്ള പഞ്ചായത്തിൽ യാത്രാസൗകര്യമുണ്ടാക്കുകയെന്നത് മുന്തിയ പരിഗണന നൽകേണ്ടതുണ്ടെന്ന വിഷയമാണിപ്പോൾ.

പഞ്ചായത്ത് അധികാരത്തിൽ വന്നശേഷം കാര്യമായ സാമ്പത്തീക സഹായമൊന്നും സർക്കാരിൽ നിന്ന് പഞ്ചായത്തിന് കിട്ടിയിട്ടില്ല. ഒരു മാസം മുമ്പ് 9,71,000/- രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ടെന്ന കാര്യം വളരെ ആശ്വാസകരമാണെന്ന് ഇവിടെ പറയാതിരിക്കാൻ കഴിയില്ല.

മുമ്പത്തെ പഞ്ചായത്തിന്റെ കാലത്ത് പ്രവൃത്തി നടന്നുകൊണ്ടിരുന്ന ചെറുതാഴം കൊവ്വൽ-പാണച്ചിറ റോഡ് ടാർ ചെയ്യുന്നതും, പടന്നപ്പുറം - കുണ്ടംകുഴി റോഡ് നിർമ്മാണ പ്രവർത്തി തീർക്കുകയും, പടന്നപ്പുറം റോഡിന് 40,000/ രൂപയുടെ എസ്റ്റിമേറ്റിൽ പൈപ്പ് ഇട്ട് ഓവുചാൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നെരുവമ്പ്രം - കൈവേലിക്കൽ റോഡ്, പള്ളി-കോട്ടക്കുന്ന് റോഡ്, സാനിട്ടോറിയം - ചെറുപ്പാറ - അതിയടം വായനശാലറോഡ് എന്നിവ ഏതാനും ഭാഗം ടാറിടുന്ന പ്രവൃത്തി നടന്നത് ഈ കാലത്താണ്.

വളരെ ശോചനീയമായ റോഡുകളിൽ ചെറിയതോതിൽ റിപ്പേർ പ്രവൃത്തിയെങ്കിലും നടത്തണമെന്ന ധാരണയിൽ 29-11-95-ാം തീയ്യതി ചേർന്ന പഞ്ചായത്ത് യോഗം എല്ലാ വാർഡുകളിലും രണ്ട് വീതം റോഡുകളിൽ 5,000/- രൂപ വീതം ചെലവ് വരുന്ന പ്രവൃത്തി നടത്തണമെന്ന് തീരുമാനിച്ചു. 1,00,000/- രൂപ ചെലവ് വരുന്ന ഈ പ്രവൃത്തികൾ നടത്തിയശേഷം വീണ്ടും ചില റോഡുകളിൽ റിപ്പേർ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഹനുമാരമ്പലം റോഡ്, ചുമട്താങ്ങി - കാക്കോംചാൽ റോഡ്, കോട്ടക്കുന്ന് വള്ളുവൻ കടവ് റോഡ്, ഹരിജൻ കോളനി പുറച്ചേരി റോഡ്, എന്നിവ അങ്ങിനെ പ്രവൃത്തി നടത്തിയവയാണ്. VII-ാം വാർഡിൽപ്പെട്ട കുണ്ടം-വയലപ്ര റോഡ് നിർമ്മാണം. വളരെകാലമായി ആവശ്യപ്പെടുന്നതാണ്. 40,000/- രൂപ ചെലവ് ചെയ്ത് ഇതിന്റെ പ്രധാന ഭാഗം റോഡും, പൈപ്പ് ഇടലും ഈ കാലത്ത് ചെയ്തിട്ടുണ്ട്.

ഏഴിലോട് ഹരിജൻ കോളനി റോഡ് താറിടൽ പ്രവൃത്തികരാർ കൊടുത്തുവെങ്കിലും റോഡ് റോളർ കിട്ടാത്തതിനാൽ താറിടൽ നടന്നില്ല. ഇപ്പോൾ ഉടനെ ആ പ്രവൃത്തി നടത്തുന്നതാണ്.

സാനിറ്റോറിയം - നെരുവമ്പ്രം റോഡ് 750 മീറ്റർ റീടാറിംഗ് ജോലി നടന്നുവെങ്കിലും ഏഴിലോട് - പുറച്ചേരി റോഡ് റീടാറിംഗ് ജോലിയും, ബസ്സ് സ്റ്റാൻഡ് ടാറിംഗും നടത്താൻ കഴിഞ്ഞില്ല. ആയതിന് കാരണവും റോഡ് റോളർ മഴയ്ക്ക് മുമ്പെ കിട്ടാത്തതാണ്. അങ്ങിനെ അന്ന് തീർക്കാൻ കഴിയാത്ത പല പണികളും ഇപ്പോൾ ചെയ്യേണ്ടതായിട്ടുണ്ട്.

ഏഴിലോട് നിർമ്മാണം ആരമഭിച്ച പഞ്ചായത്ത് മാർക്കറ്റ് കെട്ടിടം പണി പൂർത്തിയാക്കി. വയറിംഗ് കഴിച്ച് പുതുവർഷത്തോടെ അത് വാടകയ്ക്ക് കൊടുക്കുന്നതാണ്.

കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന് സൂചന വന്നപ്പോൾതന്നെ പഞ്ചായത്തിലെ കിണറുകൾ ചെളിയെടുത്ത് വൃത്തിയാക്കിയും, ആഴം കൂട്ടിയും ഉപയോഗിക്കാനുള്ള ശ്രമം ആരംഭിച്ചു. ആഴം കൂട്ടിയ പല കിണറുകളിലും വെള്ളം കിട്ടുകയുണ്ടായി. ഏറ്റവും കൂടുതൽ കിണർ ആഴം കൂട്ടിയത് ഈ പഞ്ചായത്തിലാണ്. ഒരു ലക്ഷത്തിലധികം രൂപം ഇതിനുവേണ്ടി ചെലവഴിക്കുകയും, എഴുപത്തിരണ്ടായിരം രൂപ സർക്കാരിൽ നിന്ന് കിട്ടുകയുമുണ്ടായിട്ടുണ്ട്. കുടിയേറ്റ മേഖലയായ കാർലോ മറിയം കോളനിയിലെ ഒരു കുളം ആഴം കൂട്ടി വെള്ളം ലഭ്യമാക്കുന്ന ജോലി ബ്ലോക്കിന്റെ സഹായത്തോടെ ചെയ്തിട്ടുണ്ട്.

ഇക്കഴിഞ്ഞ വേനൽക്കാലം മുമ്പ് എങ്ങുമില്ലാത്ത കുടിവെള്ളക്ഷാമമാണ് ഉണ്ടായത്. സർക്കാരിൽ നിന്ന് കിട്ടിയ രണ്ട് ടാങ്കർ ലോറികളും പുറമെനിന്ന് കിട്ടുന്ന വാഹനങ്ങളും ഉപയോഗിച്ച് വെള്ളം കൊടുക്കുന്നതിനുള്ള തീവ്രയത്നം തന്നെ നടന്നു. ജൂൺ 10 വരെ വെള്ളം വിതരണം ചെയ്യേണ്ടിവന്നിരുന്നു. ഇത് കഴിഞ്ഞ കൊല്ലത്തെ മാത്രം പ്രത്യേകതയാണ്.

കഴിഞ്ഞ കൊല്ലം പഞ്ചായത്തിൽ എട്ട് ലക്ഷം രൂപയോളം വികസന പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചിട്ടുണ്ട്. ഇക്കൊല്ലം അതിന്റെ ഇരട്ടി തുക ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാർ

പണം ലഭിക്കാൻ കാലതാമസം വന്നതിനാൽ നിശ്ചിതകാലത്തിനിടയിൽ പ്രവൃത്തി ചെയ്ത് തീർക്കാൻ പ്രായോഗിക വിഷമം ഉണ്ടാകാൻ ഇടയുണ്ട്.

പിലാത്തറ ബസ്സ്റ്റാൻഡും പരിസരവും കൂടുതൽ സൗകര്യപ്രദമാക്കണമെന്നും, വൃത്തിയാക്കി വെക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. എല്ലാവരുടേയും സഹായ സഹകരണങ്ങൾ ഉണ്ടായാൽ അത് നടക്കുമെന്നാശിക്കുന്നു.

കൃഷി രക്ഷിക്കാനും, കുടിവെള്ളം ചീത്തയാകാതിരിക്കാനും കഴിയത്തക്കവണ്ണം, കോട്ടയിലും, രാമപുരം പുഴയിലും, കെവ്വപ്പുറം ചെമ്പല്ലിക്കുണ്ട് പ്രദേശങ്ങളിലും ആവശ്യമായ സംരക്ഷണപ്രവർത്തനങ്ങൾ നടത്താമെന്ന് ചെറുകിട ജലസേചന വകുപ്പ് സമ്മതിച്ചിട്ടുണ്ട്.

പച്ചക്കറി കൃഷി പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കൂടുതൽ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള പരിശ്രമമം ആരംഭിക്കുകയും നല്ലയിനം വിത്തുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

നാഷണൽ ഹൈവേക്ക് ഇരുവശവുമായി കിടക്കുന്ന പ്രകൃതിരമണീയവും സൗകര്യപ്രദവുമായ സ്ഥലമാണെങ്കിലും, വ്യാവസായികമായി ഇപ്പോഴും പിന്നിൽ നിൽക്കുന്ന പഞ്ചായത്താണ്. ഗവൺമ്മെണ്ട് സഹായത്തോടെ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാനും, വ്യവസായികളെ ആകർഷിക്കാനും പരിശ്രമിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ കീഴിൽ രണ്ട് ലോവർ പ്രൈമറി വിദ്യാലയങ്ങൾ ഉള്ളത് സ്വകാര്യ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സൗകര്യങ്ങളൊക്കെ പരിമിതമാണ്. ആവശ്യമായ ഫർണ്ണിച്ചർ നൽകാനും കുടിവെള്ളം ലഭ്യമാക്കാനും പഞ്ചായത്ത് സഹായിക്കേണ്ടതുണ്ട്. പഞ്ചായത്തിൻകീഴിലുള്ള നേഴ്സറി സ്കൂളിൽ ഈ അദ്ധ്യയനവർഷം മുതൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാൻ തുടങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 27 വായനശാലകൾക്ക് ഒരു ദിനപത്രം കൊടുക്കുന്നുണ്ട്. ആയതിന് 2750 രൂപ മാസംതോറും പഞ്ചായത്തിന് ചെലവാകുന്നുണ്ട്. ടെലിവിഷൻ ലഭിക്കുന്നതിന് വേണ്ടി പല വായനശാലകളും ആവശ്യപ്പെടുന്നുണ്ടെങ്കിലും ഈ കാലത്ത് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല.

പ്രൈമറി ഹെൽത്ത് സെൻററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമൊന്നും ഇതുവരെയായിട്ടില്ല. ആശുപത്രി മതിൽ കെട്ടാനും ചില സൗകര്യങ്ങൾ ഉണ്ടാക്കാനും പാർലമെൻറ് മെമ്പറുടെ ഫണ്ട് 2 ലക്ഷം രൂപ ഇക്കൊല്ലം അനുവദിച്ചിട്ടുണ്ട്. വാർഡുകളിൽ പ്രവർത്തിക്കുന്ന സബ്സ് സെൻററുകളിൽ ശ്രീസ്ഥയിൽ മാത്രമെ സ്വന്തം കെട്ടിടമുള്ളൂ. വാടക കെട്ടിടം ലഭിക്കാത്തതിനാൽ മറ്റു വാർഡുകളിൽ സബ്സ് സെൻററുകളുടെ പ്രവർത്തനം വേണ്ടപോലെ നടക്കുന്നില്ല. പഞ്ചായത്തിൽ മൃഗാശുപത്രി പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലല്ല. സ്ഥലം സൗജന്യമായി കൊടുത്താൽ കെട്ടിടം സ്വന്തമായി നിർമ്മിക്കുന്ന ഒരു പദ്ധതി ഗവൺമെണ്ടിന് ഉണ്ട്. അത് ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

അഞ്ച് ബ്രാഞ്ചുകളോടുകൂടി നല്ല നിലയിൽ പ്രവർത്തിക്കുന്ന ചെറുതാഴം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഒരു ക്ലാസ്സ് I ബാങ്കാണ്. സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരവ്യവസായസഹകരണസംഘം, പിലാത്തറ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ഏഴിലോട് ലതർ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയും ഇവിടെയുണ്ട്. ഇതിന് പുറമേ നാമമാത്രമായ മറ്റ് കുറേ സഹകരണസംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചിരിക്കയാണ്. കഴിഞ്ഞ എട്ട് പദ്ധതികൾക്കും ഇല്ലാതിരുന്ന സവിശേഷതയാണ് ഇത്. കഴിഞ്ഞ ഗ്രാമസഭകളിലൂടെ മാന്യവോട്ടർമാരുടെ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും ക്രോഡീകരിച്ചുകൊണ്ടാണ് ഈ വികസന റിപ്പോർട്ട് നിങ്ങളുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്.


12 വിഷയ-ഗ്രൂപ്പുകളിലായി ചർച്ച ചെയ്യുന്നതിന് വേണ്ടി നമുക്ക് കഴിയും. ആവശ്യമായത് കൂട്ടിചേർക്കാനും സൗകര്യമുണ്ട്. വരുന്ന ഒമ്പതാം പഞ്ചവൽസര പദ്ധതിയിലൂടെ ചെറുതാഴം ഗ്രാമത്തിന്റെ മുഖഛായമാറ്റാൻ ഉപയുക്തമായ ചർച്ചകളും നിർദ്ദേശങ്ങളുമുണ്ടാകട്ടെയെന്ന് ആശിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുകയാണ്.

എന്ന്

(ഒപ്പ്)


ചെറുതാഴം
4/12/96

**പി.വി. അപ്പക്കുട്ടി**
(പ്രസിഡണ്ട്, ചെറുതാഴം ഗ്രാമപഞ്ചായത്ത്)




ചെറുതാഴം ഗ്രാമപഞ്ചായത്ത്

10. വാർഡുകൾ




ചെറുതാഴം ഗ്രാമ പഞ്ചായത്ത്
റോഡുകൾ, തോടുകൾ

PRINTED AT BRB OFFSET PRINTERS, KANNUR. PH : 69995, 504021